2024 DECEMBER 28

emalayalee.com

# The Weekly

WEEKLY NEWSPAPER

Contact : editor@emalayalee.com | Phone: 917 324 4907, 917 662 1122



# യുഗാന്ത്യം

**മൻമോഹൻ സിംഗ്**

1932 - 2024

രാഷ്ട്രത്തിന്റെ പ്രണാമം

**എം.ടി. വാസുദേവൻ നായർ**

1933 - 2024

കാലം ഇവിടെ അവസാനിക്കുന്നില്ല


emalayalee.com
മൂന്നു പതിറ്റാണ്ടിന്റെ
മാധ്യമ പാരമ്പര്യവുമായി
അമേരിക്കയിൽ നിന്ന്
ഇ-മലയാളി ഇന്ത്യയിലേക്ക്
INDIA LAUNCH
& Honors Night
ഇ-മലയാളിയുടെ
ഇന്ത്യാ പ്രവർത്തനോൽഘാടനവും
അംഗീകാര രാവും
Saturday, Jan.11th, 2025 - 5 pm
Gokulam Convention Center
Kaloor, Kochi, India
CHIEF GUEST
MK Raghavan MP
More info:
George Joseph 1-917-324-4907
eMail editor@emalayalee.com
Subodh Manikoth 91 999 561 1116
Sudheesh Mathew 91720 455 6553

# മുൻ പ്രധാനമന്ത്രി മൻമോഹൻ സിംഗ് ഓർമ്മയായി; വേർപാടിൽ ഇന്ത്യ



## ദുഖിക്കുന്നുവെന്നു പ്രധാനമന്ത്രി നരേന്ദ്ര മോദി

**രഞ്ജിനി രാമചന്ദ്രൻ**

മുൻ പ്രധാനമന്ത്രി മൻമോഹൻ സിംഗ് ഓർമ്മയായി. ഡൽഹിയിൽ എയിംസിൽ ശ്വാസകോശ സംബന്ധമായ അസുഖത്തെ തുടർന്ന് ചികിത്സയിലിരിക്കെയായിരുന്നു മൻമോഹൻസിംഗിന്റെ അന്ത്യം. കോൺഗ്രസ് മുതിർന്ന നേതാക്കളുൾപ്പെടെയുള്ളവർ ആശുപത്രിയിലെത്തിയിരുന്നു. അവിഭക്ത ഇന്ത്യയിൽ പാക്ക് പഞ്ചാബ് പ്രവിശ്യയിൽ ഗഹ് വില്ലേജിൽ ഗുരുമുഖ് സിങ്ങിന്റെയും അമൃത് കൗറിന്റെയും മകനായി 1932 സെപ്റ്റംബർ 26നാണു മൻമോഹന്റെ ജനനം.

പഞ്ചാബ് സർവകലാശാലയിൽനിന്ന് ധനതത്വശാസ്ത്രത്തിൽ ബിരുദാനന്തരബിരുദം നേടി. കേംബ്രിജ്, ഓക്സ്ഫഡ് സർവകലാശാലകളിൽ ഉപരിപഠനം. 1966 വരെ പഞ്ചാബ് സർവകലാശാലയിലും പിന്നീട് ഡൽഹി സർവകലാശാലയിലും അധ്യാപകൻ. ഇതിനിടെ 3 വർഷം യുനൈറ്റഡ് നേഷൻസ് കോൺഫറൻസ് ഓൺ ട്രേഡ് ആൻഡ് ഡവലപ്മെന്റിന്റെ സാമ്പത്തിക വിദഗ്ധനായി.


1991ൽ നരസിംഹറാവു പ്രധാനമന്ത്രി ആയപ്പോഴാണ് റിസർവ് ബാങ്ക് ഗവർണറായിരുന്ന മൻമോഹനെ ധനമന്ത്രിയാക്കിയത്. ഇന്ത്യൻ സാമ്പത്തികരംഗം തകർച്ചയിലേക്കു താഴ്ന്നുകൊണ്ടിരിക്കുകയായിരുന്നു അപ്പോൾ. മൻമോഹൻ നടപ്പിലാക്കിയ സാമ്പത്തിക പരിഷ്കരണ നടപടികൾ രാജ്യത്തെ മുന്നോട്ടു നയിച്ചു.

2004 മുതൽ 2014 വരെ പ്രധാനമന്ത്രിയായിരുന്ന സിംഗ് 2024ൽ 33 വർഷം നീണ്ട രാഷ്ട്രീയജീവിതം അവസാനിപ്പിച്ച് രാജ്യസഭയിൽ നിന്ന് വിരമിച്ചിരുന്നു. പി വി നരസിംഹ റാവുവിന്റെ നേതൃത്വത്തിലുള്ള സർക്കാരിൽ 1991 ജൂണിൽ ധനമന്ത്രിയായി. രാജ്യസഭയിലേക്കുള്ള അദ്ദേഹത്തിന്റെ രംഗപ്രവേശവും 1991ലായിരുന്നു. ഉപരിസഭയിൽ അദ്ദേഹം അഞ്ച് തവണ അസമിനെ പ്രതിനിധീകരിച്ച് എത്തിയിരുന്നു. 2019ൽ രാജസ്ഥാനിലേക്ക് മാറി. നോട്ട് നിരോധനത്തിനെതിരായായിരുന്നു അദ്ദേഹത്തിന്റെ അവസാന ഇടപെടൽ. 'സംഘടിതവും നിയമവിധേയമാക്കപ്പെട്ടതുമായ കൊള്ള' എന്നായിരുന്നു അദ്ദേഹം നോട്ട് നിരോധനത്തിന് നൽകിയ വിശേഷണം. ഇന്ത്യയുടെ പതിമൂന്നാമത്തെയും, പതിനാലാമത്തെയും പ്രധാനമന്ത്രിയും, രാജ്യാന്തരതലത്തിൽ ശ്രദ്ധേയനായ സാമ്പത്തിക ശാസ്ത്രജ്ഞനുമായിരുന്നു ഡോ. മൻമോഹൻ സിംഗ് ഈ വർഷം ആദ്യം രാജ്യസഭയിൽ നിന്ന് വിരമിച്ചിരുന്നു.

മൻമോഹൻ സിംഗിന്റെ വേർപാടിൽ ഇന്ത്യ ദുഃഖിക്കുന്നുവെന്നാണ് പ്രധാനമന്ത്രി നരേന്ദ്ര മോദി കുറിച്ചത്. ഇന്ത്യയുടെ പ്രധാനമന്ത്രിയെന്ന നിലയിൽ ജനങ്ങളുടെ ജീവിതം മെച്ചപ്പെടുത്താനായി അദ്ദേഹം വിപുലമായ ശ്രമങ്ങൾ നടത്തിയെന്നും പ്രധാനമന്ത്രി കുറിക്കുകയുണ്ടായി . നിങ്ങളുടെ വിവേകവും വിനയവും ഈ രാജ്യത്തിനായി ചെയ്തതൊക്കെയും എന്നെന്നും ഓർമിക്കപ്പെടും,' എന്നാണ് മുൻ പ്രധാനമന്ത്രി മൻമോഹൻ സിംഗിന്റെ വിയോഗത്തിൽ അനുശോചിച്ചുകൊണ്ട് മമ്മൂട്ടി കുറിച്ചത്.



# എം.ടിക്ക് വിട; മലയാളത്തിന്റെ അക്ഷരപുണ്യം വിടവാങ്ങി



കോഴിക്കോട്: സാഹിത്യ ലോകത്തെ ദീപ്തമാക്കിയ എം.ടി. വിട പറഞ്ഞു. സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലായിരുന്ന എം.ടി. വാസുദേവൻ നായർ (91) ബുധനാഴ്ച രാത്രി പത്ത് മണിയോടെയായിരുന്നു വിടപറഞ്ഞത്. സംസ്കാരം വ്യാഴാഴ്ച കോഴിക്കോട് മാവൂർ റോഡ് ശ്മശാനത്തിൽ നടത്തി.

സാഹിത്യവും സിനിമയും പത്രപ്രവർത്തനവുമടക്കം വിവിധ രംഗങ്ങളിൽ മികവ് കാട്ടിയ പ്രതിഭ മലയാളത്തിന്റെ അക്ഷരപുണ്യമായിരുന്നു. നൃത്താധ്യാപിക കലാമണ്ഡലം സരസ്വതിയാണ് ഭാര്യ. യു.എസിൽ ബിസിനസ് എക്സിക്യൂട്ടീവായ സിതാര, നർത്തകിയും സംവിധായികയുമായ അശ്വതി എന്നിവർ മക്കളാണ്. മരുമക്കൾ: സഞ്ജയ് ഗിർമേ, ശ്രീകാന്ത് നടരാജൻ. അധ്യാപികയും വിവർത്തകയുമായിരുന്ന പരേതയായ പ്രമീള നായർ ആദ്യഭാര്യ.

1933 ജൂലായ് 15-ന് പൊന്നാനി താലൂക്കിലെ കൂടല്ലൂരിലായിരുന്നു എം.ടിയുടെ ജനനം. പുന്നയൂർക്കുളം ടി. നാരായണൻ നായരും അമ്മാളുഅമ്മയുമാണ് മാതാപിതാക്കൾ. നാല് ആൺമക്കളിൽ ഇളയ മകൻ. മലമക്കാവ് എലിമെന്ററി സ്കൂൾ, കുമരനെല്ലൂർ ഹൈസ്കൂൾ എന്നിവിടങ്ങളിലെ പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം പാലക്കാട് വിക്ടോറിയ കോളേജിൽനിന്ന് 1953-ൽ രസതന്ത്രത്തിൽ ബിരുദം നേടി. കുറച്ചുകാലം അധ്യാപകൻ. തുടർന്ന് 1956-ൽ മാതൃഭൂമിയിൽ സബ് എഡിറ്ററായി ദീർഘകാലത്തെ ഔദ്യോഗിക സേവനത്തിനു തുടക്കം.

ആദ്യകഥ വിക്ടോറിയ കോളജിലെ പഠനകാലത്ത് പ്രസിദ്ധീകരിച്ച 'രക്തം പുരണ്ട മൺതരികൾ'. 1953-ൽ ന്യൂയോർക്ക് ഹെറാൾഡ് ട്രിബ്യൂൺ സംഘടിപ്പിച്ച ലോകചെറുകഥാ മത്സരത്തിന്റെ ഭാഗമായി കേരളത്തിൽ മാതൃഭൂമി നടത്തിയ കഥാമത്സരത്തിൽ 'വളർത്തുമൃഗങ്ങൾ' എന്ന കഥ ഒന്നാം സ്ഥാനം നേടി. ഇക്കാലത്ത് 'പാതിരാവും പകൽവെളിച്ചവും' എന്ന ആദ്യനോവൽ മാതൃഭൂമി ആഴ്ചപ്പതിപ്പിലൂടെ ഖണ്ഡശയായി പുറത്തുവന്നു. 1958-ൽ പ്രസിദ്ധീകരിച്ച 'നാലുകെട്ട്' ആണ് ആദ്യം പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചത്. അത് 1959-ലെ കേരള സാഹിത്യ അക്കാദമി പുരസ്കാരം നേടി.

1968-ൽ മാതൃഭൂമി ആഴ്ചപ്പതിപ്പിന്റെ പത്രാധിപരായി. 1981-ൽ ആ സ്ഥാനം രാജിവെച്ചു. 1989-ൽ പീരിയോഡിക്കൽസ് എഡിറ്റർ പദവിയിൽ തിരികെ മാതൃഭൂമിയിലെത്തി. 1999-ൽ മാതൃഭൂമിയിൽനിന്ന് വിരമിച്ചശേഷം കേരള സാഹിത്യ അക്കാദമി അധ്യക്ഷനായി. നിലവിൽ തുഞ്ചൻ സ്മാരക സമിതിയുടെ അധ്യക്ഷനാണ്.

മരുമക്കത്തായ വ്യവസ്ഥയും നായർ തറവാടുകളും അവിടത്തെ നിസ്സഹായരായ മനുഷ്യരുമാണ് എം.ടിയുടെ ആദ്യകാല രചനകളുടെ പശ്ചാത്തലം. 'കാലം', 'അസുരവിത്ത്, 'വിലാപയാത്ര', 'മഞ്ഞ്, എൻ.പി. മുഹമ്മദുമായി ചേർന്നെഴുതിയ 'അറബിപ്പൊന്ന്', 'രണ്ടാമൂഴം', 'വാരാണസി' തുടങ്ങിയ നോവലുകൾ. കൂടാതെ ഒട്ടനവധി ചെറുകഥകളും നോവലെറ്റുകളും. 1984-ലാണ് 'രണ്ടാമൂഴം' പുറത്തുവരുന്നത്. ഭീമനെ കേന്ദ്രകഥാപാത്രമാക്കി, മഹാഭാരതത്തെ ഭീമന്റെ വീക്ഷണത്തിൽ കാണുന്ന 'രണ്ടാമൂഴം' എം.ടിയുടെ മാസ്റ്റർപീസായി വിലയിരുത്തപ്പെടുന്നു.

സ്വന്തം കൃതിയായ 'മുറപ്പെണ്ണി'ന് തിരക്കഥയെഴുതിയാണ് ചലച്ചിത്രലോകത്ത് പ്രവേശിക്കുന്നത്. തുടർന്ന് തിരക്കഥാകൃത്ത്, സംവിധായകൻ എന്നിങ്ങനെ മലയാള ചലച്ചിത്ര ചരിത്രത്തിലെ നാഴികക്കല്ലുകളായി മാറിയ അൻപതിലേറെ ചലച്ചിത്രങ്ങളുടെ പിന്നണിയിൽ അദ്ദേഹമുണ്ടായിരുന്നു. നിർമ്മാല്യം(1973), ബന്ധനം (1978), മഞ്ഞ്(1982), വാരിക്കുഴി(1982), കടവ് (1991), ഒരു ചെറുപുഞ്ചിരി(2000) എന്നീ ചിത്രങ്ങൾ സംവിധാനം ചെയ്തു.

2005-ൽ രാജ്യം എം.ടിയെ പത്മഭൂഷൺ നൽകി ആദരിച്ചു. സാഹിത്യരംഗത്ത് ഭാരതത്തിൽ നൽകപ്പെടുന്ന ഏറ്റവും ഉയർന്ന പുരസ്കാരമായ ജ്ഞാനപീഠം 1995-ൽ ലഭിച്ചു. കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് (കാലം), കേരള സാഹിത്യ അക്കാദമി അവാർഡ് (നാലുകെട്ട്), വയലാർ അവാർഡ് (രണ്ടാമൂഴം), മാതൃഭൂമി പുരസ്കാരം, ഓടക്കുഴൽ അവാർഡ്, മുട്ടത്തുവർക്കി അവാർഡ്, പത്മരാജൻ പുരസ്കാരം എന്നിങ്ങനെ വിവിധ ബഹുമതികൾ. മലയാളസാഹിത്യത്തിന് നൽകിയ അമൂല്യസംഭാവനകൾ കണക്കിലെടുത്ത് കോഴിക്കോട് സർവകലാശാലയും മഹാത്മ ഗാന്ധി സർവകലാശാലയും ഡി.ലിറ്റ്. നൽകി ആദരിച്ചു. എം.ടി. ആദ്യമായി സംവിധാനം ചെയ്ത ചിത്രമായ 'നിർമ്മാല്യം' 1973-ലെ ഏറ്റവും നല്ല ചലച്ചിത്രത്തിനുള്ള ദേശീയ പുരസ്കാരം നേടി. ഇതിനുപുറമേ മുപ്പതിലേറെ ദേശീയ, സംസ്ഥാന അവാർഡുകൾ അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്.

# INDIA LAUNCH & Honors Night

## Chief Guest



MK Raghavan MP

## Invited Guests



Gururathnam Jnjanathpasvi



Mohan Kumar KV IAS



Rekha K



Dr. Deepa Nishanth



Sajimon Antorny
President, FOKANA



Baby Manakkunnel
President, FOMAA



Sunil Thymattam
Advisory Board Chairman, India Press Club of North America



Varkey Abraham
Director Hanover Bank, CEO, Pravasi Channel USA




**യു.എ.നസീർ**

നമ്മുടെ കാലഘട്ടത്തിലെ അക്ഷരങ്ങളുടെ തമ്പുരാനും തുഞ്ചത്ത് എഴുത്തച്ഛന്റെ കാവലാളും ആയിരുന്നു എന്ന കാര്യത്തിൽ ആർക്കും സംശയമില്ല. എം ടി വാസുദേവൻ നായർ എന്ന സാഹിത്യത്തിലും പത്രാധിപരംഗത്തും സാംസ്കാരിക , ചലചിത്ര മേഖലകളിലെല്ലാം ചരിത്രം കുറിച്ച ഒരു മഹദ് വ്യക്തിയുടെ കാലഘട്ടത്തിൽ ജീവിച്ചു എന്നത് തന്നെ മലയാളികളായ നമുക്കെല്ലാവർക്കും അഭിമാനികരമാണ്.

മറ്റു ചില ബഹുമുഖ പ്രതിഭകളെ പ്പോലെ തന്നെ പുറമേക്ക് മൗനിയും , മിതഭാഷയും, ഗൗരവപ്രകൃതക്കാരനുമാണെങ്കിലും അടുത്തറിയുവന്നവർക്ക് അദ്ദേഹം സ്നേഹ സ്പർശം നൽകിയ പ്രിയപ്പെട്ട 'വാസ്വോട്ട ' നായിരുന്നു.

പതിറ്റാണ്ടുകൾക്ക് മുമ്പ് പത്താം ക്ലാസ്സിൽ പഠിക്കുന്ന കാലഘട്ടത്തിലാണ് ' നാലു കെട്ടും' എം.ടി എന്ന നോവലിസ്റ്റും ശ്രദ്ധിക്കപ്പെടാൻ ഇടയായത്. അതിന് മുമ്പ് തന്നെ അക്കാലത്തെ ചന്ദ്രിക, മാതൃഭൂമി ആഴ്ചപ്പതിപ്പുകളിൽ ഈ പേരും പതിഞ്ഞിരുന്നു. ചന്ദ്രിക പത്രാധിപന്മാർ ആയിരുന്ന സി.എച്ച് മുഹമ്മദ് കോയ , എൻറെ പിതാവ് യു എ ബീരാൻ എന്നിവരുമായി അക്കാലം മുതലേ എം ടി അടുപ്പമുണ്ടായിരുന്നു എന്നെല്ലാം പിന്നീടാണ് മനസ്സിലായത്.

അമേരിക്കയിൽ പോകുന്നതിനും മുമ്പ് കുടുംബ സുഹൃത്ത് അച്ചുവേട്ടന്റ (അച്ചു ഉള്ളാട്ടിൽ) കൂടെ അവരുടെ വള്ളത്തോളിലെ റിസോർട്ടിലെ ഒരു ചടങ്ങിൽ ഒരു പകൽ മുഴുവൻ എം.ടി യോടൊത്ത് ചിലവഴിക്കാൻ കഴിഞ്ഞത് അപൂർവ്വ ഭാഗ്യമായി കരുതുന്നു. പിന്നീട് അവിചാരിതമായി പ്രവാസി ആയ ഉടനെ ഒരു ദിവസം ന്യൂയോർക്കിലെ കേരള സെന്ററിൽ എം.ടി വരുന്നുണ്ടെന്നു അക്ഷര സ്നേഹിയായ ഒരു സുഹൃത്ത് അവസാന നിമിഷം വിളിച്ചു പറഞ്ഞപ്പോൾ അന്ന് പൊതു പ്രവർത്തന രംഗത്ത് സജീവമല്ലായിരുന്നെങ്കിലും കേരള സെന്റർ ഭാരവാഹി സ്റ്റീഫനുമായുള്ള അടുപ്പത്തിൽ എം.ടി യുടെ മനോഹരമായ ഒരു പ്രഭാഷണം കേൾക്കാൻ സാധിച്ചത് ഇന്നും ഓർമ്മിക്കുകയാണ്.

'വായനകൾ പ്രിന്റ് എഡിഷനിൽ നിന്നും ഓൺലൈനിലേക്ക് വഴിമാറിക്കൊണ്ടിരിക്കുകയാണെങ്കിലും, വെളുത്ത തോ മഞ്ഞയോ ആയ കടലാസ്സുകളിൽ കറുത്ത അക്ഷരങ്ങൾ വായിക്കുമ്പോൾ നേരെ നമ്മുടെ മനസ്സിലും ഹൃദയത്തിലും ആവരികൾ പതിയുകയാണെന്നും , കമ്പ്യൂട്ടറിൽ വായിക്കുമ്പോൾ ആ സുഖവും, സൗകര്യവും, ഓർമ്മയിൽ നിൽക്കലും ഉണ്ടാവില്ല' എന്ന് എം.ടി പറഞ്ഞത് 25 വർഷങ്ങൾക്ക് മുൻപാണ് എന്ന് കൂടി നാം ഓർക്കണം. അന്നും ഭക്ഷണ ശേഷം കുറച്ചു നേരം അദ്ദേഹത്തിന്റെ വാചാലമായ മൗനവും പുറമെക്ക് കാണിക്കാത്ത സ്നേഹവും അനുഭവിക്കാൻ സാധിച്ചു. എം.ടി യുടെ വളരെ അടുത്ത സുഹൃത്തും, പ്രമുഖ സാഹിത്യകാരനുമായ പുനത്തിൽ കുഞ്ഞബ്ദുള്ള രണ്ടു മൂന്നാഴ്ചകൾ ന്യൂയോർക്കിൽ എന്റെ കൂടെ താമസിച്ചിരുന്നു. മിക്കവാറും ദിവസങ്ങളിൽ ഇവർ തമ്മിൽ ഫോണിൽ സംസാരിക്കാറുണ്ടായിരുന്നു. അതിനിടക്ക് ഒന്നു രണ്ടു തവണ എന്നെക്കൊണ്ടും സംസാരിപ്പിക്കും.

പിന്നീട് എന്റെ മകളുടെ കല്യാണത്തിനു ക്ഷണിക്കാമെന്നു കരുതി ഫോണിൽ വിളിച്ചപ്പോൾ വരാൻ കഴിയില്ല എന്ന് ഒറ്റയടിക്ക് മറുപടിയും കിട്ടിയിട്ടുണ്ട്. പതിനഞ്ചു വർഷം മുമ്പ് കോട്ടക്കൽ ആര്യവൈദ്യ ശാലയിൽ വാത സംബന്ധമായ ചികിത്സക്ക് യശ ശരീരനായ ഡോക്ടർ പി.കെ വാര്യർ പതിനാല് ദിവസം അഡ്മിറ്റ് ആകാൻ പറഞ്ഞപ്പോൾ എനിക്ക് ആദ്യം അനുവദിച്ചത് മൂന്നാം നിലയിൽ ഒരു മുറിയിലാണ്. തൊട്ടടുത്ത മുറിയിൽ എം.ടി ഉണ്ടെന്ന് ആര്യ വൈദ്യ ശാലയിലെ സുഹൃത്തുക്കൾ പറഞ്ഞിരുന്നെങ്കിലും, ഏറെ വില പിടിച്ച അഥിതിയെ ഇപ്പോൾ ശല്യപ്പെടുത്തണ്ട എന്ന് കരുതി കാണാൻ നിന്നില്ല. എല്ലാ വർഷവും എം.ടി ആര്യ വൈദ്യശാലയിൽ കുറച്ചു ദിവസങ്ങൾ ഉണ്ടാകും. എം.ടി യുടെ എല്ലാ കാര്യങ്ങളും നോക്കിയിരുന്നത് അദ്ദേഹത്തിന്റെ ബന്ധുവും ഞങ്ങളുടെയൊക്കെ സുഹൃത്തുമായ ആര്യ വൈദ്യ ശാലയിലെ തന്നെ എം.ടി രാമകൃഷ്ണനാണ്.

നാട്ടുകാരായ സന്ദർശകർ വരുന്നത് കാരണവും , മറ്റു സൗകര്യങ്ങളും നോക്കി അഡ്മിറ്റ് ആയ ദിവസം വൈകുന്നേരം തന്നെ ഞാൻ താഴെ നിലയിലെ ഒരു മുറിയിലേക്ക് മാറി. രണ്ടാം ദിവസം എന്നെ കാണാൻ അന്നത്തെ മലപ്പുറം എം.എൽ.എ കൂടിയായ ഡോക്ടർ എം.കെ.മുനീർ വന്നപ്പോൾ നമുക്ക് എം.ടി.യെ കാണാൻ പോകാം എന്ന് പറഞ്ഞു കൊണ്ടിരിക്കുന്നതിന്നടയിൽ ഡോക്ടർ പുനത്തിൽ കുഞ്ഞബ്ദുള്ളയും വന്നു.

പിന്നീട് ഞങ്ങൾ മൂന്നു പേരും കൂടി എം.ടിയെ കാണാൻ ചെന്നപ്പോൾ നസീറും ഇവിടെ താഴെ അഡ്മിറ്റ് ആയിരിക്കുകയാണെന്നു പുനത്തിൽ പറഞ്ഞു. ഇത് കേട്ട ഉടനെ 'അവൻ മിനിയാന്നു ഇവിടെ നേരെ എതിർ വശത്തെ മുറിയിലായിരുന്നു പക്ഷെ അവന് റൂം വലിപ്പം പോരാത്ത കാരണം താഴെക്ക് മാറിയതാണ്' സ്വതസിദ്ധമായ ഗൗരവത്തിൽ വാസ്വോട്ടന്റെ മറുപടി കേട്ട് വല്ലാതായിപ്പോയി . ഉഴിച്ചിൽ കാർ ആരോ വിവരങ്ങൾ അദ്ദേഹത്തോട് പറഞ്ഞതാണ്. ഏതായാലും അദ്ദേഹം മനസ്സു തുറന്നു സംസാരിക്കുന്നത് കുറെ കേൾക്കാൻ സാധിച്ചു.

അഞ്ചു വർഷം മുൻപ് എം.ടി യുടെ അയൽവാസിയും പ്രിയ സഹപ്രവർത്തകനുമായ സമദ് പൊന്നേരി യുടെ ആവശ്യ പ്രകാരം അമേരിക്കയിലെ ' നന്മ' എന്ന സംഘടനയുടെ പ്രസിഡണ്ട് എന്ന നിലയിൽ പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി നിളാ നദിക്കരയിൽ അർഹതപ്പെട്ടവർക്ക് വീടുകളും , സ്വയം തൊഴിൽ കണ്ടെത്താൻ പശുക്കളെയും മറ്റും വിതരണം ചെയ്യാൻ കൂടല്ലൂർ എന്ന വിശ്വ വിഖ്യാതമായ ഗ്രാമത്തിൽ പോയപ്പോൾ വാസ്വോ ട്ടന്റെ ബന്ധുക്കളെയും , ലോക പ്രശസ്തരായ ചില കഥാ പാത്രങ്ങളെയും കാണുവാനും കുറെ സമയം സംസാരിക്കാനും സാധിച്ചത് മറ്റൊരു പുണ്യ കർമ്മമായ ഭാഗ്യമായി കരുതുന്നു.

അത്യാസന്ന നിലയിലാണ് എന്ന് അറിഞ്ഞപ്പോൾ ബേബി മെമ്മോറിയൽ ഹോസ്പിറ്റലിൽ പോയി കുറച്ചു നേരം പുറത്ത് നിൽക്കണമെന്ന് ആഗ്രഹിച്ചതായിരുന്നു. അതിനു സാധിച്ചില്ല. സാഹിത്യ കുല പതിക്ക് പ്രണാമം.



India Press Club of North America
MADHYAMASREE
MADHYAMARATNA
MEDIA EXCELLENCE
Awards
Jan 10th, 2025
PLATINUM EVENT SPONSOR
SAJ GROUP
HOTELS & RESORTS
SAJAN & MINI SAJAN
GOKULAM PARK
Convention Center
KOCHI
India Press Club of North America
IPCNA
മാധ്യമശ്രീ
മാധ്യമരത്ന
മീഡിയ
എക്സലൻസ്
പുരസ്കാര സന്ധ്യ
ജനുവരി 10ന്
കൊച്ചിയിൽ
സാമൂഹിക-
സാംസ്കാരിക-രാഷ്ട്രീയ-
മാധ്യമ രംഗത്തെ പ്രമുഖർ
പങ്കെടുക്കുന്ന സമ്മേളനം!
Sunil Tristar (Samuel Easo) National President
Shijo Poulose National Secretary
Vishakh Cherian National Treasurer
Anil Kumar Aranmula National Vice President
Asha Mathew Joint Secretary
Roy Mulakunnam Joint Treasurer
Sunil Thymattam Advisory Board Chairman
Raju Pallath President Elect 2026-27
Sunil Tristar 1-917-662-1122
Shijo Poulose 1-201-238-9654
Vishakh Cherian 1-757-756-7374
www.indiapressclub.org
eMail: indiapressclubofna@gmail.com

# ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ മാധ്യമശ്രീ പുരസ്കാരവേദിയിൽ 'പയനിയർ' പുരസ്കാരങ്ങൾ നൽകി മുതിർന്ന മാധ്യമപ്രവർത്തകരെ ആദരിക്കുന്നു






George Joseph

ന്യൂ യോർക്ക്: ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ (IPCNA) മാധ്യമശ്രീ, മാധ്യമരത്ന, മീഡിയ എക്സലൻസ് പുരസ്കാര ചടങ്ങു ജനുവരി 10 വെള്ളിയാഴ്ച അഞ്ചു മണിക്ക് കൊച്ചിയിലെ ഗോകുലം പാർക്ക് കൺവൻഷൻ സെന്ററിൽ വെച്ച് നടക്കുമ്പോൾ മൂന്നു പതിറ്റാണ്ടിലേറെയായി മാധ്യമരംഗത്തു തങ്ങളുടേതായ വലിയ സംഭാവനകൾ നൽകിയവരെയും ഇപ്പോഴും ഈ രംഗത്ത് തുടരുന്ന മാധ്യമ പ്രതിഭകളെയും മാധ്യമ സ്ഥാപനങ്ങൾക്ക് പിന്നിൽ പ്രവർത്തിക്കുന്നവരെയും 'പയനിയർ' പുരസ്കാരം നൽകി ആദരിക്കും. ഇത്തരത്തിലുള്ള ഒരു ആദരം ആദ്യമായാണ് നൽകുന്നത്.

കഴിഞ്ഞ പുരസ്കാര വേദിയിൽ 'ഗുരുവന്ദനം' നൽകി ആദരിച്ചവരുടെ മറുപടിപ്രസംഗം ഹൃദയത്തിൽ തട്ടുന്നതായിരുന്നു. 'ഞങ്ങളെ പോലെ പൂർണസമയ മാധ്യമ പ്രവർത്തനത്തിൽ നിന്നും, അല്ലെങ്കിൽ മാധ്യമ രംഗത്ത് നിന്ന് തന്നെ പൂർണമായി വിരമിച്ചവരെ തേടിപ്പിടിച്ചു ആദരിക്കാൻ ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്ക കാണിച്ച മനസ്കതയെ' 'ഗുരുവന്ദനം' ലഭിച്ചവർ വാനോളം പുകഴ്ത്തുകയുണ്ടതായി.

'ഗുരുവന്ദനം' ഇന്ത്യ പ്രസ് ക്ളബ് നോർത്ത് അമേരിക്കയുടെ ചരിത്രത്തിന്റെ ഏടുകളിൽ തങ്കലിപികളിൽ കുറിക്കപ്പെട്ടതായിരുന്നു. കൊച്ചിയിലെ ബോൾഗാട്ടി പാലസിൽ വെച്ച് നടന്ന ഈ ചടങ്ങു മാധ്യമരംഗത്തെ ഏറ്റവും അപൂർവ്വമായ നിമിഷം തന്നെയായിരുന്നു. മാധ്യമപ്രവർത്തക കുടുംബത്തിലെ കാരണവമാർ ആയ ടി.ജെ.എസ്.ജോർജ്, ബി ആർ പി ഭാസ്കർ , പി.രാജൻ , കെ മോഹനൻ എന്നിവരെ 'ഗുരുവന്ദനം' എന്ന ചടങ്ങിലൂടെ ആദരിച്ചു.

മലയാള മനോരമ എഡിറ്റോറിയൽ ഡയറക്ടർ തോമസ് ജേക്കബും, ഏഷ്യാനെറ്റ് ന്യൂസ് മുൻ എഡിറ്റർ എം. ജി രാധാകൃഷ്ണൻ , മനോരമ ന്യൂസ് മേധാവി ജോണി ലൂക്കോസ്, അങ്ങനെ പ്രമുഖരായ എല്ലാവരും വേദിയിലേക്ക് എത്തി. ആരോഗ്യ പ്രശ്നങ്ങളെ തുടർന്ന് കൊച്ചിയിലേക്ക് എത്താൻ സാധിക്കാതിരുന്ന ഗുരുതുല്യരായ മുതിർന്ന മാധ്യമ പ്രവർത്തകർ ടി ജെ സ് ജോർജിനും ബിആർപി ഭാസ്കറിനും വീട്ടിലെത്തി ഗുരുവന്ദനം പുരസ്കാരം കൈമാറുകയും ചെയ്തു. ഇന്ത്യ പ്രസ് ക്ളബ് ഓഫ് നോർത്ത് അമേരിക്കയുടെ ചരിത്രത്തിൽ ഒരിക്കലും വിസ്മരിക്കാനാകാത്ത ചടങ്ങുതന്നെയായി

2025 ജനുവരി 10-നു നടക്കുന്ന ചടങ്ങു എന്ത് കൊണ്ടും അവിസ്മരണീയമായി മാറും എന്ന് പ്രസിഡന്റ് സാമുവൽ ഈശോ (സുനിൽ ട്രൈസ്റ്റാർ), സെക്രട്ടറി ഷിജോ പൗലോസ് , ട്രഷറർ വിശാഖ് ചെറിയാൻ, അഡ്വൈസറി ബോർഡ് ചെയർമാൻ സുനിൽ തൈമറ്റം, 2026-27 നിയുക്ത പ്രസിഡന്റ് രാജു പള്ളത്തു എന്നിവർ അറിയിച്ചു.

മന്ത്രിമാരായ കെ. രാജൻ, കെ.ബി. ഗണേഷ് കുമാർ, പി. രാജീവ്, റോഷി അഗസ്റ്റിൻ, പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ എന്നിവരടക്കം രാഷ്ട്രീയ-സാമൂഹിക-സാംസ്കാരിക രംഗത്തെയും, മാധ്യമരംഗത്തെയും വിശിഷ്ട വ്യക്തികൾ പങ്കെടുക്കുന്ന വർണാഭമായ ചടങ്ങിലാണ് മാധ്യമശ്രീ പുരസ്കാരം സമ്മാനിക്കുക. അമേരിക്കയിൽ നിന്നുള്ളവർ അടക്കമുള്ള നിരവധി പേർ ഈ പുരസ്കാരവേദിയിൽ ഉണ്ടാകും എന്ന് വൈസ് പ്രസിഡന്റ് അനിൽകുമാർ ആറന്മുള, ജോയിന്റ് സെക്രട്ടറി ആശ മാത്യു, ജോയിന്റ് ട്രെഷറർ റോയ് മുള കുന്നം എന്നിവർ പത്രക്കുറിപ്പിൽ അറിയിച്ചു,

ജനുവരി ആദ്യം കൊച്ചിയിൽ നടത്തുന്ന പത്രസമ്മേളനത്തിൽ അവാർഡ് വിജയികളെ പ്രഖ്യാപിക്കുമെന് പ്രസിഡന്റ് സാമുവൽ ഈശോ (സുനിൽ ട്രൈസ്റ്റാർ) പറഞ്ഞു. കേരളത്തിൽ ഇതിന്റെ കാര്യങ്ങൾ സമന്വയിപ്പിക്കുന്നത് ഇന്ത്യ പ്രസ് ക്ലബ്ബിന്റെ ഏറ്റവും അടുത്ത സുഹൃത്തും മാധ്യമപ്രവർത്തകനുമായ പ്രതാപ് നായരാണ്.

എൻ പി രാജേന്ദ്രൻ, ഡി വിജയമോഹൻ, ടി എൻ ഗോപകുമാർ, ജോണി ലൂക്കോസ്, എം ജി രാധാകൃഷ്ണൻ, ജോൺ ബ്രിട്ടാസ്, വീണാ ജോർജ്, ജോസി ജോസഫ്, ഉണ്ണി ബാലകൃഷ്ണൻ, പ്രശാന്ത് രഘുവംശം, നിഷാ പുരുഷോത്തമൻ, വി.ബി. പരമേശ്വരൻ, ആർ, രാജഗോപാൽ എന്നിവരാണ് മുൻപ് മാധ്യമശ്രീ- മാധ്യമർത്ന പുരസ്കാരങ്ങൾക്ക് അർഹരായ മാധ്യമ പ്രവർത്തകർ.

കൂടുതൽ വിവരങ്ങൾക്ക്: സുനിൽ ട്രൈസ്റ്റാർ 1 917 662 1122, ഷിജോ പൗലോസ് 1 201 238 9654 പ്രതാപ് നായർ 91 984 721 0447 indiapressclubofna@gmail.com


India Press Club of North America
MADHYAMASREE
MADHYAMARATNA
MEDIA EXCELLENCE
Awards
Jan 10th
2025
GOKULAM
PARK
Convention Center
KOCHI
PLATINUM
EVENT SPONSOR
SAJ GROUP
HOTELS & RESORTS
SAJAN &
MINI SAJAN
ELITE
SPONSORS
India Press Club of North America
IPCNA
BABY URALIL
VARKEY ABRHAAM
JOHN TITUS
JOY NEDIYAKALAYIL
മാധ്യമശ്രീ
മാധ്യമരത്ന
മീഡിയ
എക്സലൻസ്
പുരസ്കാര സന്ധ്യ
ജനുവരി 10ന്
കൊച്ചിയിൽ
മാധ്യമശ്രീ
മാധ്യമരത്ന
സാമൂഹിക-
സാംസ്കാരിക-രാഷ്ട്രീയ-
മാധ്യമ രംഗത്തെ പ്രമുഖർ
പങ്കെടുക്കുന്ന സമ്മേളനം!
Sunil Tristar (Samuel Easo) National President
Shijo Poulose National Secretary
Vishakh Cherian National Treasurer
Anil Kumar Aranmula National Vice President
Asha Mathew Joint Secretary
Roy Mulakunnam Joint Treasurer
Sunil Thymattam Advisory Board Chairman
Raju Pallath President Elect 2026-27
Sunil Tristar 1-917-662-1122
Shijo Poulose 1-201-238-9654
Vishakh Cherian 1-757-756-7374
www.indiapressclub.org
eMail: indiapressclubofna@gmail.com


India Press Club of North America
India Press Club of North America IPCNA
Jan 10th
2025,
5.30pm
MADHYAMASREE
MADHYAMARATNA
MEDIA EXCELLENCE
Awards
GOKULAM
PARK
Convention Center
KOCHI
PLATINUM
EVENT SPONSOR
SAJ GROUP
HOTELS & RESORTS
SAJAN &
MINI SAJAN
SAJAN &
MINI SAJAN



# മൻമോഹൻ സിംഗ്: അധികം സംസാരിക്കാത്ത ഉദാരവത്കരണത്തിന്റെ ശില്പി, സാമ്പത്തികതന്ത്രജ്ഞൻ

ന്യൂഡൽഹി: സംസാരത്തിൽ മിതത്വം,സാമ്പത്തിക രംഗത്ത് ഇന്ത്യയെ കൈപിടിച്ചുയർത്തിയ തന്ത്രജ്ഞൻ. അന്തരിച്ച മുൻ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിങ് രാജ്യത്തിന്റെ സമ്പദ്വ്യവസ്ഥയെ ഉടച്ചു വാർത്ത പുത്തൻ സാമ്പത്തിക നയം രൂപവത്കരിക്കുന്നതിലും ഇന്ത്യയെ ആധുനിക സാമ്പത്തിക ക്രമത്തിലേക്ക് കൈപിടിച്ചുയർത്തുന്നതിലും നിർണായക പങ്കുവഹിച്ചു. 1991ൽ നരസിംഹ റാവു മന്ത്രിസഭയിൽ ധനമന്ത്രിയായി സ്ഥാനമേറ്റതിനു പിന്നാലെയായിരുന്നു രാജ്യത്തെ സാമ്പത്തിക രംഗത്തിന് കുതിപ്പേകുന്ന ഉദാരവത്കരണ നയം സ്വീകരിച്ചതും വിദേശ നിക്ഷേപങ്ങളുടെ വരവോടെ വൻ സാമ്പത്തിക പ്രതിസന്ധിയിൽനിന്ന് രാജ്യം കരകയറിയതും.

ധനമന്ത്രിയെന്ന നിലയിൽ അദ്ദേഹത്തിന്റെ ഈ പരിഷ്കാരങ്ങൾ രാജ്യത്തിന്റെ വ്യവസായവൽക്കരണം, വിദേശ നിക്ഷേപം, സാങ്കേതിക പുരോഗതി എന്നിവ ത്വരിതപ്പെടുത്തി. ഇന്ത്യയെ സാമ്പത്തിക വികസനത്തിന്റെയും അഭിവൃദ്ധിയുടെയും പുതിയ ഘട്ടത്തിലേക്ക് നയിക്കുന്നതായിരുന്നു പുത്തൻ സാമ്പത്തിക നയം.

1932 സെപ്റ്റംബർ 26ന് ബ്രിട്ടീഷ് ഇന്ത്യയിലെ (ഇപ്പോൾ പാകിസ്താനിൽ) ഗാഹിലാണ് മൻമോഹൻ സിങ് ജനിച്ചത്. പഞ്ചാബ് സർവ്വകലാശാലയിൽ നിന്ന് സാമ്പത്തിക ശാസ്ത്രത്തിൽ ബിരുദവും



**ഇന്ത്യയുടെ യശസ്സ് അന്താരാഷ്ട്ര തലത്തിൽ ഉയർത്താനും രാജ്യങ്ങൾക്കിടയിൽ സഹകരണം പ്രോത്സാഹിപ്പിക്കാനും ഉദ്ദേശിച്ചുള്ള ഉറച്ച വിദേശനയ ശൈലിയാണ് മൻമോഹൻ സിങ്ങിന്റെ ഭരണകാലത്ത് ഇന്ത്യ സ്വീകരിച്ചത്. തീവ്രവാദ വിരുദ്ധത, കാലാവസ്ഥാ വ്യതിയാനം തുടങ്ങിയ ആഗോള വിഷയങ്ങളിൽ കൂടുതൽ ഫലപ്രദമായി ഇടപെട്ട അദ്ദേഹം, പ്രധാന സഖ്യകക്ഷികളുമായും അയൽക്കാരുമായും ഇന്ത്യയുടെ ബന്ധം ശക്തിപ്പെടുത്തുന്നതിൽ അദ്ദേഹം സുപ്രധാന പങ്കുവഹിച്ചു. ഇന്ത്യ -യു.എസ് ആണവ ബന്ധത്തിലും നിർണായകമായത് മൻമോഹൻ സിങ്ങിന്റെ ഇടപെടലുകളായിരുന്നു.**



ബിരുദാനന്തര ബിരുദവും നേടി. ഓക്സ്ഫോഡ് സർവകലാശാലയിൽനിന്ന് സാമ്പത്തിക ശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടി. ഇന്ത്യയിലേക്ക് മടങ്ങിയ ശേഷം, പഞ്ചാബ് യൂണിവേഴ്സിറ്റി, ഡൽഹി സ്കൂൾ ഓഫ് ഇക്കണോമിക്സ്, ഡൽഹി യൂണിവേഴ്സിറ്റി തുടങ്ങിയ പ്രശസ്തമായ കോളേജുകളിലും യൂണിവേഴ്സിറ്റികളിലും സാമ്പത്തിക ശാസ്ത്രം പഠിപ്പിച്ച് വിജയകരമായ അധ്യാപന ജീവിതം ആരംഭിച്ചു.

അക്കാദമിക പ്രയത്നങ്ങൾ ആഗോള തലത്തിൽ അദ്ദേഹത്തിന് അംഗീകാരം നേടിക്കൊടുത്തു, സാമ്പത്തികശാസ്ത്ര വിഷയത്തിൽ ഒരു പ്രമുഖ വിദഗ്ദ്ധനെന്ന നിലയിൽ പ്രസിദ്ധനായി.

1982 മുതൽ 1985 വരെ റിസർവ് ബാങ്ക് ഗവർണറായിരിക്കെ അദ്ദേഹത്തിന്റെ നയരൂപീകരണവും സാമ്പത്തിക സ്ഥിരതയോടുള്ള അർപ്പണബോധവും ഇന്ത്യയുടെ സാമ്പത്തിക നയങ്ങൾ രൂപീകരിക്കാനുള്ള നിയോഗവും വന്നുചേർന്നു. 1991ൽ നരസിംഹ റാവു മന്ത്രിസഭയിൽ ധനമന്ത്രിയായി സ്ഥാനമേറ്റു.

2004 മുതൽ 2014 വരെ ഇന്ത്യയുടെ പ്രധാനമന്ത്രിയായ മൻമോഹൻ സിങ്, രാജ്യം അഭിമുഖീകരിക്കുന്ന നിരവധി പ്രശ്നങ്ങൾ പരിഹരിക്കാൻ നിർണായക ഇടപെലുകളാണ് നടത്തിയത്. അവഗണിക്കപ്പെട്ട പ്രദേശങ്ങളുടെയും അധഃസ്ഥിത ജനവിഭാഗങ്ങളുടെയും ആവശ്യങ്ങൾക്ക് മുൻഗണന നൽകുന്ന പുരോഗമന അജണ്ടക്ക് അദ്ദേഹം പ്രാധാന്യം നൽകി. അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണം, ഗ്രാമീണ വികസനം, ദാരിദ്ര്യ നിർമാർജനം എന്നിവയിൽ കേന്ദ്രീകരിച്ചായിരുന്നു ഈ അജണ്ട. മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി ഉൾപ്പെടെ നിരവധി വലിയ പദ്ധതികൾ അദ്ദേഹത്തിന്റെ ഭരണകാലത്ത് നടപ്പാക്കപ്പെട്ടു.

ദശലക്ഷക്കണക്കിന് ഗ്രാമീണ കുടുംബങ്ങൾക്ക് സാമ്പത്തിക സ്ഥിരതയും തൊഴിലവസരവും ഉറപ്പുനൽകിയ പദ്ധതിയായിരുന്നു ഇത്.

ഇന്ത്യയുടെ യശസ്സ് അന്താരാഷ്ട്ര തലത്തിൽഉയർത്താനുംരാജ്യങ്ങൾക്കിടയിൽ സഹകരണം പ്രോത്സാഹിപ്പിക്കാനും ഉദ്ദേശിച്ചുള്ള ഉറച്ച വിദേശനയ ശൈലിയാണ് മൻമോഹൻ സിങ്ങിന്റെ ഭരണകാലത്ത് ഇന്ത്യ സ്വീകരിച്ചത്. തീവ്രവാദ വിരുദ്ധത, കാലാവസ്ഥാ വ്യതിയാനം തുടങ്ങിയ ആഗോള വിഷയങ്ങളിൽ കൂടുതൽ ഫലപ്രദമായി ഇടപെട്ട അദ്ദേഹം, പ്രധാന സഖ്യകക്ഷികളുമായും അയൽക്കാരുമായും ഇന്ത്യയുടെ ബന്ധം ശക്തിപ്പെടുത്തുന്നതിൽ അദ്ദേഹം സുപ്രധാന പങ്കുവഹിച്ചു. ഇന്ത്യ -യു.എസ് ആണവ ബന്ധത്തിലും നിർണായകമായത് മൻമോഹൻ സിങ്ങിന്റെ ഇടപെടലുകളായിരുന്നു.

വ്യാഴാഴ്ച രാത്രി വിട പറയുമ്പോഴും ഇന്ത്യൻ രാഷ്ട്രീയ, സാമ്പത്തിക രംഗത്ത് എന്നും ഓർത്തുവെക്കുന്ന പേരാകും ഡോ. മൻമോഹൻ സിങ്ങിന്റേത്. ആരോഗ്യനില വഷളായതിനെ തുടർന്ന് രാത്രി എട്ടോടെ അദ്ദേഹത്തെ ഡൽഹി എയിംസിലെ അത്യാഹിത വിഭാഗത്തിൽ പ്രവേശിപ്പിക്കുകയായിരുന്നു. 9.51നായിരുന്നു അന്ത്യം.

ഒരു ജന്മ ദിന ഓർമ്മ :

ഡോ. എം.വി. പിള്ള

# നയാഗ്രയിൽ എം ടി യുടെ ജന്മദിനം



emalayalee.com

ചിരിക്കുന്ന എം. ടിയേയും, ചിരിക്കാത്ത കെ.എസ്. ചിത്രയേയും അത്യപൂർവ്വമായേ മലയാളികൾ കണ്ടിട്ടുള്ളൂ. അവർ അങ്ങിനെയായിരിക്കുന്നതാണ് കോടാനുകോടി ആരാധർക്കും ഇഷ്ടം.

മിതഭാഷിയും, സദാ ഗൗരവക്കാരനും, പരുക്കനുമെന്ന് തോന്നിപ്പിക്കുന്ന എം.ടി 'പ്രായമാകുന്തോറും ഓരോ മനുഷ്യനും രണ്ടാം ബാല്യത്തിലേക്ക് പ്രവേശിക്കും' എന്ന ചൊല്ലിനെ അനുസ്മരിപ്പിക്കാറുണ്ട്. അടുത്തറിയുമ്പോൾ ഭാസ്കരൻ മാഷിന്റെ വിശ്രുത ഗാനം അറിയാതെ നമ്മിൽ അലയടിച്ചെത്തും. 'എല്ലാരും ചൊല്ലണു.... ഞാനൊന്നു തൊട്ടപ്പോം നീലക്കരിമ്പിന്റെ തുണ്ടാണ് കണ്ടതയ്യ...' ദീർഘയാത്രയുടെ വിരസതയകറ്റാൻ കളിയും, തമാശയും, കവിതയും, ഗാനങ്ങളും, അറിവിന്റെ നുറുങ്ങുകളും ഞങ്ങളോടൊപ്പമുണ്ടായിരുന്നു. ഒരുവസരത്തിൽ anhedonia എന്ന വാക്കിന്റെ അർത്ഥം ചർച്ചയ്ക്ക് വന്നു. ആനന്ദം മാത്രമാണ് ജീവിതോദ്ദേശമെന്ന വീക്ഷണത്തിന്റെ (hedonism) നേർ വിപരീതമാണ് anhedonia. ഒന്നിലും ആനന്ദം കണ്ടെത്താതെ ജീവിതത്തോട് മൊത്തം വിരക്തി തോന്നുന്ന അവസ്ഥ. ഒട്ടുമിക്കവർക്കും വല്ലപ്പോഴും വന്നുപോകുന്ന ഒരു ചിന്താഭ്രംശമാണിത്. നീണ്ടുനിന്നാൽ മനോരോഗമായി മാറാനിടയുള്ള ദുരവസ്ഥ.

അർത്ഥം അറിഞ്ഞതും സുഗതകുമാരി ഏറ്റെടുത്തു. 'എനിക്ക് അതുണ്ട്.' 'ആർക്കാണ് ഇല്ലാത്തത്?' എം.ടി. 'ചിലപ്പോൾ അത് സർഗ്ഗസൃഷ്ടിക്ക് സഹായിക്കാറുണ്ട്'- ഒ.എൻ.വി. എല്ലാവരും പൊട്ടിച്ചിരിച്ചു. എം.ടിയുടെ മനോഹരമായ ഒരു പുഞ്ചിരി അന്ന് ആദ്യമായി കണ്ടു.

നാട്ടിൽ ഇത്തരം ഒരവസരം ഒരിക്കലും കിട്ടാനിടയില്ല. അതുകൊണ്ടാകാം സുഗതകുമാരി പറഞ്ഞു. 'നമുക്കൊരു പഴയ പാട്ട് പാടാം'. പണ്ട് കോളജ് കാമ്പസുകളിൽ പ്രചരിച്ചിരുന്ന ഒരു പരിഭവ ഗാനം.

'വസന്തഗാനമേ മറന്നു നീ ജവാല ഹോ....

ആ പൂക്കൾ പുഞ്ചിരിച്ച കാലമോർത്ത് നാം കരഞ്ഞിടാം.'

ഈണവും ശ്രുതിയും താളവുമൊത്തുവന്നപ്പോൾ ഒ.എൻ.വി ഏറ്റുപാടി. സഹയാത്രികർക്ക് ആവേശമായി സംഘഗാനമായി അത് പടർന്നു.ഇടതു കൈയ്യിലെ പെരുവിരലിനും ചൂണ്ടുവിരലിനുമിടയിൽ മീശയുടെ അഗ്രം പിരിച്ചുകൊണ്ടിരുന്ന എം.ടി കൗതുകത്തോടെ കേട്ടുകൊണ്ടിരുന്നു. സമപ്രായത്തിന്റെ സ്വാതന്ത്ര്യം മുതലെടുത്ത് സുഗതകുമാരി നിർബന്ധിച്ചു.

'പാടൂ...എം.ടി'

സിറാക്യൂസ് മലനിരകൾക്കപ്പുറത്തുനിന്നും പാട്ടുകേൾക്കാനെന്നപോലെ

മഴമേഘങ്ങൾ ഇരച്ചുകയറി.

'വസന്തകാലമേ....' എം.ടിയും പാട്ടിന് പങ്കാളിയായി.

കൂടെയുണ്ടായിരുന്ന കലാകൗമുദി പത്രാധിപർ അന്നു രാത്രിതന്നെ കേരളകൗമുദി വാരാന്ത്യപ്പതിപ്പിലേക്ക് ലേഖനം അയച്ചു. 'ഒ.എൻ.വി പാടി...എം.ടി കൂടെപ്പാടി...' കേരളത്തിലെ സഹൃദയർ സഹർഷം ഏറ്റുവാങ്ങിയ ആ കുറിപ്പുകൾ



നിരവധി മാധ്യമങ്ങൾ കൈമാറി.

നയാഗ്രയിലെ ജന്മദിനാഘോഷം അതിഗംഭീരമായിരുന്നു. വെള്ളച്ചാട്ടത്തിനു തൊട്ടടുത്തുള്ള പാറക്കെട്ടിൽ 'പിറന്നാൾ പയ്യൻ' നമ്രശിരസ്കനായി ഇരുന്നു. ചുറ്റും ഒ.എൻ.വി, സുഗതകുമാരി, വിഷ്ണുനാരായണൻ നമ്പൂതിരി, സഹയാത്രികരായി എത്തിയ ഞങ്ങൾ കുറച്ചു പേരും.

മേഘവിസ്ഫോടനത്തെ തുടർന്ന് പെട്ടെന്നുതിർന്ന മരതകപാളി പോലെ താഴേക്ക് വീഴുന്ന ജലപാളികൾ, പനിനീർ കുപ്പിയിൽ നിന്നും കുടഞ്ഞ ജലകണികകൾ സുഗന്ധ ദ്രവ്യം പോലെ ഞങ്ങൾ ഏവരും ഏറ്റുവാങ്ങി.

പാറക്കെട്ടുകൾക്കിടയിൽ നിന്നും പറിച്ചെടുത്ത മനോഹരങ്ങളായ വഴിയോര പൂക്കൾ കൊണ്ട് എംടിക്ക് പുഷ്പാഭിഷേകം. മൂന്ന് കവികൾ നിരന്നു നിന്ന് അർപ്പിച്ച കാവ്യാഞ്ജലി- ഡോ. എസ് . വേണുഗോപാൽ, ഡോ. എം.വി.പിള്ള, ഡോ. എം. ബാലചന്ദ്രൻ നായർ എന്നിവർ എം.ടിക്കൊപ്പം വിഷ്ണുനാരായണൻ നമ്പൂതിരി സംസ്കൃതത്തിലുള്ള ഓരോ മന്ത്രം ഉച്ചത്തിൽ ചൊല്ലി എംടിയുടെ ശിരസ്സിൽ തീർത്ഥം തളിച്ചു.. പൂവിതളുകൾ വർഷിച്ചു.

നയാഗ്ര ശക്തിയും സൗന്ദര്യവും ആവാഹിച്ചു മഹാതാണ്ഡവത്തിന്റെ താളവുമായി തൊട്ടരികിൽ maid of the mist എന്ന ജല ധൂമകന്യ അകലെ എവിടെയോ നിന്നു കുരവയിട്ട പ്രതീതി..

ഫോക്കാനാ ഭാരവാഹി ശ്രീമതി മധുരം ശിവരാജന്റെ പേര് ആരോ അറിഞ്ഞിട്ടത് ആയിരിക്കണം. പിറന്നാളിന്റെ മധുരം നേരത്തെ കരുതിയിരുന്നു. അതിഥികൾക്ക് എല്ലാം ഒന്നാന്തരം ശർക്കര പായസം.

കാലം കാത്തുവെച്ച ധന്യ മുഹൂർത്തങ്ങളുടെ ഓർമ്മയ്ക്ക്...

സ്നേഹപൂർവ്വം എന്നെഴുതി കൈയ്യൊപ്പിട്ട് എനിക്ക് സമ്മാനിച്ച 'എംടിയുടെ തെരഞ്ഞെടുത്ത കഥകളുടെ' സമാഹാരം മറിച്ച് നോക്കിയപ്പോഴാണ് 'ഒരു പിറന്നാളിന്റെ ഓർമ്മയ്ക്ക്' എന്ന കഥ കണ്ണിൽ പെട്ടത്. അത് ഉറക്ക വായിക്കാൻ ഇതിൽപരം ഹൃദ്യമായ ഒരു അവസരം ഇനി കിട്ടാനില്ല..

മനോഹരമായ ചെറുകഥാ സമാഹാരത്തിലെ 98 പേജിൽ ചേർത്തിരിക്കുന്ന എട്ടാമത്തെ കഥ. നയാഗ്ര ഈ കഥയ്ക്കു വേണ്ടി കാത്തിരുന്നതുപോലെ...

'നാളെ എന്റെ പിറന്നാൾ ആണ്. എനിക്ക് ഓർമ്മയുണ്ടായിരുന്നില്ല. അവളുടെ കത്തിൽ നിന്നാണ് അത് മനസ്സിലായത്. അവൾ എഴുതിയിരിക്കുന്നു... വരുന്ന വ്യാഴാഴ്ചയാണ് പിറന്നാൾ... രാവിലെ കുളിച്ചിട്ടേ വല്ലതും കഴിക്കാവൂ. വ്യാഴാഴ്ച പിറന്നാൾ വരുന്നത് നല്ലതാണ്. ഞാൻ ശിവന്റെ അമ്പലത്തിൽ ധാരയും പണ പായസവും കഴിക്കുന്നുണ്ട്.... അവിടെ അടുത്ത് അമ്പലം ഇല്ലേ... ഉണ്ടെങ്കിൽ കുളിച്ചു തൊഴണം....'

കഥ വായിച്ച് പോകവ കഥാകൃത്ത് പലതവണ കണ്ണട മാറ്റി കണ്ണുനീർ തുടയ്ക്കുന്നുണ്ടായിരുന്നു..

കർക്കിടകം പഞ്ഞമാസം ആയിരുന്ന കാലത്ത് ഉതൃട്ടാതിയിൽ എന്റെ പിറന്നാളിന് അരക്കൂട്ട് പായസം വയ്ക്കാൻ നാലടങ്ങഴി അരി ചോദിച്ച അമ്മയോട് ഇടിവെട്ടുന്ന സ്വരത്തിൽ അമ്മാവൻ അലറി.

' ആരാ പറഞ്ഞത് പായസം നേരാൻ...'

ഒരു അടി പൊട്ടുന്ന ശബ്ദം... അമ്മ പത്തായത്തിന്റെ മുകളിലേക്ക് കമിഴ്ന്നു വീണു....''

ഇല്ലായ്മകളുടെയും വല്ലായ്മകളുടെയും ആ കാലം പിന്നീട് ഇന്ന് ഇതാ ഒരു ജനതയുടെ മുഴുവൻ സ്നേഹാദരങ്ങളോടെ നയാഗ്രയുടെ സാന്നിധ്യത്തിൽ ഉജ്ജ്വലമായ ഒരു പിറന്നാൾ- അര നൂറ്റാണ്ടിന് ശേഷം!

1992-ലെ ജൂലൈ 15ന് നയാഗ്രയുടെ അനുഗ്രഹാസുകൾ ഏറ്റുവാങ്ങിയ ശേഷം അദ്ദേഹത്തിന് പുരസ്കാരങ്ങളുടെയും ബഹുമതികളുടെയും പെരുമഴക്കാലമായിരുന്നു... ജ്ഞാനപീഠവും പത്മഭൂഷണം, എഴുത്തച്ഛൻ പുരസ്കാരം, കേരള ജ്യോതിയും അങ്ങനെ എണ്ണമറ്റ ദേശീയ, അന്തർദേശീയ ചലച്ചിത്ര പുരസ്കാരങ്ങളും അണി അണിയായി ഒഴുകി വന്നു. Midas touch എന്ന ഗ്രീക്ക് സങ്കല്പത്തിന്റെ മലയാള പരിഭാഷ ഒന്നുകൂടി മെച്ചമാണ്.

മായാ ദാസന്റെ സ്പർശം. തൊട്ടതെല്ലാം പൊന്നാക്കിയ ഈ മായാ ദാസന്റെ സ്പർശമേറ്റ് സാഹിത്യം, ചലച്ചിത്രം, മാതൃഭൂമി മാധ്യമങ്ങൾ, തുഞ്ചൻപറമ്പ്, മലയാള സർവ്വകലാശാല എന്നിവയുടെ പട്ടികയിൽ ഫൊക്കാനയിലൂടെ അമേരിക്കൻ മലയാളികൾ നിലനിർത്തിയ ''ഭാഷയ്ക്ക് ഒരു ഡോളറിനും'' പത്തരമാറ്റിന്റെ തിളക്കം.

ഉപബോധ മനസ്സിൽ എംടി അമേരിക്കയുടെ ആരാധകനായിരുന്നോ? ന്യൂയോർക്ക് ഹെറാൾഡ് നടത്തിയ ലോക ചെറുകഥ മത്സരത്തിൽ ''വളർത്തു മൃഗങ്ങൾ'' ഒന്നാം സമ്മാനം അർഹമായതോടെ ആണ് സാഹിത്യ ലോകത്ത് അദ്ദേഹം ശ്രദ്ധേയനായത്. ഹെമ്മിംഗ് വേയുടെ ആരാധകനായിരുന്നു എംടി. അദ്ദേഹം എഴുതിയ' 'ഹെമ്മിംഗ് ഒരു മുഖവുര'' എഴുത്തിന്റെ ലോകത്തെ നവാഗതർക്ക് ഇന്നും മാർഗ്ഗരേഖയായി തുടരുന്നു.

അമേരിക്കൻ സന്ദർശനത്തെ കുറച്ച് എഴുതിയ ''ആൾക്കൂട്ടത്തിൽ തനിയെ'' സാമ്പ്രദായിക യാത്ര വിവരണങ്ങളിൽ നിന്നും വ്യത്യസ്തമായ സാഹിത്യസൃഷ്ടിയായി തീർന്നു.

എം.ടിയുടെ തിരക്കഥകൾ ദൃശ്യ നോവലുകളുടെ സ്ഥാനം പിടിച്ചു പറ്റിയതിൽ


മികച്ച ഹോളിവുഡ് തിരക്കഥകളുടെ സ്വാധീനം കാണാം. വാർദ്ധക്യത്തിനും The New Yorker, Washington Post, New York Times എന്നിവയിലെ വാരാന്ത്യ സാഹിത്യ എഡിഷനുകൾ ഒക്കെ അദ്ദേഹം കൗതുകത്തോടെ പിന്തുടർന്നു.

2022 നവംബർ ഒന്നിന് തിരൂർ തുഞ്ചൻപറമ്പിൽ കേരളപ്പിറവി ദിനാഘോഷത്തിന് ആണ് അദ്ദേഹത്തെ അടുത്തു കണ്ടത്. ഡോക്ടറും രോഗിയും തമ്മിലുള്ള ബന്ധം വഷളായി വരുന്ന ഈ കാലത്ത് മാതൃഭാഷയായ മലയാളത്തിലൂടെയുള്ള സംവേദനം കൂടുതൽ മെച്ചപ്പെട്ട തൊഴിൽ ബന്ധങ്ങളും വളർത്താൻ ഉതകും എന്ന തത്വത്തിൽ നിന്നുരുത്തിരിഞ്ഞതാണ് കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസ്, മലയാള സർവകലാശാലയുമായി ചേർന്ന് സംയുക്തമായി നവംബർ രണ്ടാം തീയതി അവതരിപ്പിച്ച പ്രത്യേക പരിപാടി. എം.ടി ആയിരുന്നു മുഖ്യാതിഥി. നവംബർ ഒന്നിന് എംടിക്ക് കേരള ജ്യോതി പുരസ്കാരം ലഭിച്ചതിന് തുഞ്ചൻപറമ്പിൽ അരങ്ങേറിയ അനുമോദന സമ്മേളനം.

രണ്ടു ദിവസവും അദ്ദേഹത്തോടൊപ്പം പ്രകൃതിരമണീയമായ തുഞ്ചൻപറമ്പിൽ കഴിയാൻ ഇടയായി. എന്റെ സഹപാഠികളും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സാഹിത്യ സേവനമനുഷ്ഠിച്ചു പുകപെറ്റ രണ്ടു സർജന്മാരും (ഡോക്ടർ എസ്. വേണുഗോപാൽ, ഡോക്ടർ ബാലചന്ദ്രൻ നായർ) എംടിയെ കാണാനുള്ള അവസരം പാഴാക്കിയില്ല. മൂന്നുപേർക്കും ''രണ്ടാമൂഴ'' ത്തിന്റെ പുതിയ പതിപ്പ് കയ്യൊപ്പോടു കൂടി അദ്ദേഹം സമ്മാനിച്ചു.

മടക്കയാത്രയുടെ തലേദിവസം മഹാമൗനിയുടെ ചുണ്ടുകളിൽ നിന്നും സ്നേഹാന്വേഷണത്തോടെ ഒരു നിർദ്ദേശം, തിരൂരിലെ ആലത്തിയൂർ ഹനുമാൻകാവ് ക്ഷേത്രം സന്ദർശിച്ചോ? മൂവായിരം വർഷങ്ങൾക്കു മുമ്പ് വസിഷ്ഠ മഹർഷി പ്രതിഷ്ഠ നടത്തി എന്ന് വിശ്വസിക്കുന്ന ഈ വിഗ്രഹം ചരിത്രത്തിലും പുരാണങ്ങളിലും സ്ഥാനം പിടിച്ചിട്ടുണ്ട്. ഹനുമാൻ ക്ഷേത്രം എന്നാണ് പേരെങ്കിലും പ്രധാന ആരാധനാമൂർത്തി ശ്രീരാമൻ ആണ്. ഉപനടയിൽ മാത്രമാണ് ഹനുമാന്റെ വിഗ്രഹം. ഭക്തർക്കിടയിൽ ഏറ്റവും ശക്തിയുള്ള മൂർത്തി ഹനുമാൻ ആണെന്ന് വിശ്വാസം. ഉപനടയിൽ താഴെ തല ചെരിച്ച് ഭഗവാന്റെ വാക്കുകൾക്ക് കാതോർത്ത് നിൽക്കുന്ന പോലെയാണ് ബിംബം. ഇവിടെ നിന്നും സീതാന്വേഷണത്തിൽ ലങ്കയിലേക്ക് കുതിക്കുന്നതിനു മുൻപ് സീതയ്ക്ക് നൽകാനുള്ള രഹസ്യസന്ദേശം ശ്രീരാമനിൽ നിന്നും ഏറ്റുവാങ്ങുകയാണത്രേ ഹനുമാൻ. ഉപനടയിൽ പൂജ ഇല്ല... നിവേദ്യം മാത്രം.

ഇത്രയും ശക്തിയുള്ള ഈ ആഞ്ജനേയ വിഗ്രഹം പൂജ ലഭിക്കാതെ ഉപനടയിലേക്ക് മാറ്റിയതിൽ എം ടി അസ്വസ്ഥൻ ആണോ?



പ്രാന്തവൽക്കരിക്കപ്പെട്ടവരുടെ അവഗണിത മുഖങ്ങൾ അദ്ദേഹത്തെ ഇപ്പോഴും അലട്ടുന്നുണ്ടോ?

നാലുകെട്ടിലും, അസുരവിത്തിലും, കാലത്തിലും മഞ്ഞിലും തുടങ്ങി അപ്പുണ്ണിയിലും, ഗോവിന്ദൻകുട്ടിയിലും, സേതുവിലും കൂടി വളർന്നു രാജാവാകാൻ അവസരം ഉണ്ടായിട്ടും പെറ്റമ്മയുടെ നാവിൽ നിന്നും കേട്ട ''ചങ്ങലയഴിഞ്ഞ ചണ്ഡമാരുതനെ പോലെ പേരറിയാത്ത ഒരു കാട്ടാളന്റെ പുത്രൻ'' എന്ന് ആക്ഷേപവും പേറി നിൽക്കുന്ന ഭീമസേനനിൽ എത്തിനിൽക്കുന്നു ആ അമർഷം.

''സംതൃപ്തനായ ഒറ്റ മനുഷ്യനും എംടിയുടെ അനുഭവമണ്ഡലത്തിൽ ഇല്ലേ?'' എന്ന ചോദ്യത്തിന് ഒരു അഭിമുഖത്തിൽ അദ്ദേഹം നൽകിയ മറുപടി ശ്രദ്ധിക്കുക:

''സംതൃപ്തർ എന്ന് തോന്നിപ്പിക്കുന്ന മനുഷ്യർ എന്നിൽ ഒരു ചലനവും ഉണ്ടാക്കുകയില്ല... അസംതൃപ്തിയോ ദുഃഖമോ അമർഷമോ മാത്രമേ എന്നെ സ്പർശിക്കുന്നുള്ളൂ....''

ആതിര നാളിൽ ചിപ്പിയിൽ വീഴുന്ന മഴത്തുള്ളിയാണ് അകത്തു ഉറങ്ങുന്ന മണൽത്തരിയെ മുത്തായി മാറ്റുന്നതെന്നൊരു കവി സങ്കൽപം ഉണ്ട്. എം.ടിയുടെ സർഗാത്മകതയുടെ ചിപ്പിയ്ക്കുളിൽ ഇനിയും മണൽ തരികൾ കാത്തിരിക്കുന്നു. അത് ഹനുമാൻ ആകാം. ഏതോ പെരുമഴക്കാലത്ത് മലയാളത്തിന്റെ മഴത്തുള്ളികൾ ഏറ്റുവാങ്ങി അതു മുത്തായി തീരാം.

കർക്കിടകത്തിലെ ഉത്രട്ടാതിയിൽ അദ്ദേഹത്തിന് തൊണ്ണൂറാം ജന്മദിനാശംസകൾ.


KALYAN
JEWELLERS
PRESENTS
Exclusively on
pravasi CHANNEL HD
A 24 Hr Channel Available on
All Streaming Devices and
All Smart TV's
Jingle Bells
ChoirFest
Every Day from Dec 20th, 2024 to Jan 30th, 2025
10am | 2 | 5 | 8 & 11pm US EST
India's Iconic Jewellery Brand KALYAN JEWELLERS
NOW IN NEW JERSEY
MUHURAT WEDDING COLLECTIONS
LARGEST COLLECTION IN GOLD, DIAMOND, POLKI, PRECIOUS & UNCUT JEWELLERY
SPACIOUS SHOWROOM
1339 OAK TREE ROAD, ISELIN, NJ 08830
380+ BRANCHES SPREAD ACROSS USA, INDIA & MIDDLE EAST
WWW.KALYANJEWELLERS.NET | FOLLOW US ON

# കാലത്തിന്റെ കാഥികൻ



**പി എസ് ജോസഫ്**

എം ടിയെ അവസാനമായി കാണുന്നത് ജനുവരിയിൽ കോഴിക്കോട്ടേ ഒരു സാഹിത്യവേദിയിൽ മുഖ്യമന്ത്രി പിണറായി വിജയനെതിരെ മുഖ്യമന്ത്രിയുടെ മുന്നിൽവെച്ചു വിമർശിച്ചു സംസാരിച്ച വേളയിലാണ്. വ്യക്തിപരമായ പരാമർശം ഉണ്ടായിരുന്നില്ല എങ്കിലും അധികാരത്തിൽ ഇരിക്കുന്നവർ അവതാര പുരുഷന്മാർ ആയി മാറുന്നതിനെതിരെയായിരുന്നു ആ പരാമർശം . പിണറായിയെ ദൈവ തുല്യനായി ചില അണികൾ വാഴ്ത്തുന്ന വേളയിൽ ആയിരുന്നു എം ടി വാസുദേവൻ നായരുടെ ഈ ഇടപെടൽ പൊതുവേ രാഷ്ട്രീയ ഇടപെടൽ നടത്താത്ത ഒരു വ്യക്തി തനിക്കു കിട്ടിയ സമുന്നത സ്ഥാനം വേണ്ട വിധത്തിൽ അവസരത്തിന് ഒത്തു ഉപയോഗിച്ചു എന്നത് എം ടി യുടെ ജീവിതത്തിലെ വലിയ ഒരു നാഴികക്കല്ലായി കാണാം .നോട്ടുനിരോധനത്തിനെതിരെയായിരുന്നു ഇത് പോലെ അദ്ദേഹത്തിൻറെ മറ്റൊരു ശക്തമായ പരാമർശം . രാഷ്ട്രീയ ശരി പാലിക്കാത്തവരെ അനുയായികൾ തേജോവധം ചെയ്യുന്ന നാട്ടിൽ ധാർമിക ധീരതയോടെ അദ്ദേഹത്തിന് ശബ്ദം ഉയർത്താനായി എന്നത് അദ്ദേഹം ആർജിച്ച അനുപമമായ സ്വാധീനത്തിന്റെ സൂചനയാണ് .

പത്രാധിപർ ,എഴുത്തുകാരൻ ,തിരക്കഥാ രചയിതാവ് സംവിധായകൻ എന്നി നിലകളിൽ ഏഴു പതിറ്റാണ്ട് നമ്മുടെ സാംസ്കാരിക രംഗത്ത് തിളങ്ങി നിന്ന അപൂർവ്വ പ്രതിഭയെയാണ് ഡിസംബർ 25നു രാത്രി നമുക്ക് നഷ്ടമായത് .സാധന കൊണ്ടും സിദ്ധി കൊണ്ടു നേടിയ അപൂർവ അംഗീകാരമാണ് എം ടിയെ വ്യത്യസ്തനാക്കുന്നത് .

1956 ഇൽ നാലുകെട്ടിലൂടെ മലയാള ഭാവുകത്വത്തിൽ വലിയ വ്യതിയാനം സൃഷ്ടിച്ച എം ടി യുടെ പ്രതിഭ തിളങ്ങി നിന്നത് അസുര വിത്തിലാണ് .കാലം കാലികമായ ആഖ്യാനമായി.രണ്ടാമൂഴം മറ്റൊരു ചരിത്രവും .എങ്കിലും എം ടി തിളങ്ങി നിന്നത് കഥകളിൽ ആണ് .അദ്ദേഹത്തിൻറെ രണ്ടു രണ്ടു കഥകൾ ഇന്ത്യ ടുഡേയിൽ പ്രസിദ്ധീകരിക്കാൻ എനിക്ക് ഭാഗ്യം കിട്ടി. കടുഗണ്ണാവയും ഷെർലക്കും .ഇവ അടുത്തയിടെ സിനിമയായി .എം ടി യുടെ ഏറ്റവും മികച്ച കഥ യാണ് ഷെർലക്ക് എന്ന് ഞാൻ കരുതുന്നു .ആധുനിക ഭാവുകത്വത്തിന് അനുസൃതമായി രചിച്ച ഈ കഥ എം ടി യുടെ സിദ്ധിയും സാധനയും ഉദാഹരിക്കുന്നതാണ് .

സിനിമയിൽ അദ്ദേഹം സംവിധാനം ചെയ്ത നിർമാല്യം ഇന്നും കാലത്തെ അതിജീവിച്ചു മുന്നിൽ നിൽക്കുന്നു .ഒരുകാലത്തെ സിനിമയുടെ ശക്തി കേന്ദ്രമായിരുന്നു അദ്ദേഹത്തിൻറെ തിരക്കഥകൾ .അവിടെ നിന്നാണ് നമ്മുടെ

സിനിമ വളർന്നത് .

സാർഥകമായ ആ ജീവിതത്തിനു വിട .


KALYAN
JEWELLERS
PRESENTS
Neelam &
Dharmatma Saran
www.WorldwidePageants.com
Presents
MISS/MRS./TEEN
INDIA
USA
worldwide
premiere
INDIA LIFE
www.indialife.us
INDIA LIFE TV HD
Sun Dec. 22nd onwards
for 7 days PrimeTime 8pm EST
To Watch This Program
Download 'MediaAppUSA'
www.indialife.tv
India's Iconic Jewellery Brand KALYAN JEWELLERS
NOW IN NEW JERSEY
MUHURAT WEDDING COLLECTIONS
LARGEST COLLECTION IN GOLD, DIAMOND, POLKI, PRECIOUS & UNCUT JEWELLERY
SPACIOUS SHOWROOM
1339 OAK TREE ROAD, ISELIN, NJ 08830
380+ BRANCHES SPREAD ACROSS USA, INDIA & MIDDLE EAST
WWW.KALYANJEWELLERS.NET | FOLLOW US ON

# നമുക്ക് ഡോക്ടർ മൻമോഹൻ സിംഗ് രാജ്യത്തിനു നൽകിയ സംഭാവനകളെ കുറിച്ച് അനുസ്മരിക്കാം





**വെള്ളാശേരി ജോസഫ്**

ഇന്ത്യയുടെ മുൻ പ്രധാനമന്ത്രി ഡോക്ടർ മൻമോഹൻ സിംഗ് അന്തരിച്ചു. ഇന്ത്യൻ സമ്പദ് വ്യവസ്ഥക്ക് ഡോക്ടർ മൻമോഹൻ സിംഗ് നൽകിയ സംഭാവനകളെ കുറിച്ച് ഈ നിമിഷത്തിൽ നമുക്കൊന്ന് അനുസ്മരിക്കാം.

ഇന്ത്യക്ക് 1991-ൽ പ്രധാനമന്ത്രി ചന്ദ്രശേഖറിൻ്റെ കാലത്ത് 'ബാലൻസ് ഓഫ് പേമെൻ്റ് ക്രൈസിസ്' പരിഹരിക്കാൻ വിദേശത്ത് സ്വർണം പണയം വെക്കേണ്ടിവന്നു. അവിടുന്നാണ് പൂർണ്ണമായ ഉദാരവൽകരണത്തിൻ്റെ തുടക്കം. കഴിഞ്ഞ കുറെയേറെ വർഷങ്ങളായി ക്രൂഡ് ഓയിൽ വിലകുറഞ്ഞതിന് ശേഷമാണ് നമ്മുടെ 'ഫോറെക്സ് റിസേർവ്' ഒക്കെ ശക്തമായ നിലവിൽ എത്തിയത്. 1991-ലെ ബാലൻസ് ഓഫ് പേമെൻ്റ് ക്രൈസിസിൻ്റെ സമയത്ത് രണ്ടോ മൂന്നോ ആഴ്ച വെളിയിൽ നിന്നും അവശ്യവസ്തുക്കൾ ഇറക്കുമതി ചെയ്യുന്നതിനുള്ള 'ഫോറിൻ റിസേർവ്' മാത്രമേ അന്ന് ഇന്ത്യക്ക് ഉണ്ടായിരുന്നുള്ളു. വേൾഡ് ബാങ്കും, ഇൻറ്റർ നാഷണൽ മോനിട്ടറി ഫണ്ടും (IMF) ഇന്ത്യക്ക് ലോൺ തരാൻ അന്ന് തയ്യാറല്ലായിരുന്നു. ആ സമയത്ത് കഴിവുള്ള, ഒരാളെ ആയിരുന്നു ധനകാര്യ മന്ത്രി പദവിയിലേക്ക് വേണ്ടിയിരുന്നത്. അങ്ങനെയാണ് പ്രൊഫഷണൽ ഇക്കോണമിസ്റ്റായ ഡോക്ടർ മൻമോഹൻ സിംഗ് ഫിനാൻസ് മിനിസ്റ്റർ ആയി തിരഞ്ഞെടുക്കപ്പെട്ടത്. കാലഘട്ടത്തിൻ്റെ ആവശ്യം ആയിരുന്നു അത്.

സത്യം പറഞ്ഞാൽ, ഇന്ത്യയുടെ സാമ്പത്തിക മാറ്റത്തിന് ദീർഘമായ ഒരു ചരിത്രമുണ്ട്. ഇന്ത്യയുടെ സാമ്പത്തിക മാറ്റം1980-കളുടെ തുടക്കത്തിൽ തന്നെ തുടങ്ങിയിരുന്നു. ഹിന്ദുസ്ഥാൻ മോട്ടോഴ്സിൻ്റെ അംബാസിഡറിനും, ഫിയറ്റിൻ്റെ പ്രീമിയർ പദ്മിനി കാർ കമ്പനിക്കും വർഷത്തിൽ ഇരുപതിനായിരം കാർ ഉണ്ടാക്കാൻ മാത്രമേ ലൈസൻസ് കിട്ടിയിരുന്നുള്ളൂ. അതിൽ നിന്ന് വ്യത്യസ്തമായി മാരുതിക്ക് വർഷം 2 ലക്ഷം കാറുണ്ടാക്കാൻ അനുമതി കിട്ടിയതും, ആ പ്രൊജക്റ്റ് വലിയ വിജയമായതും 1980-കളുടെ തുടക്കത്തിൽ രാജീവ് ഗാന്ധിയുടെ ഉറച്ച പിന്തുണയോടെ ആയിരുന്നു. രാജീവ് ഗാന്ധിയാണ് നഷ്ടത്തിലോടുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ആദ്യം വിമർശിച്ചു തുടങ്ങിയത്. പിന്നീട് പ്രധാനമന്ത്രി ആയപ്പോൾ വ്യവസായികളെ കൂടെ കൂട്ടി റഷ്യ പോലുള്ള രാജ്യങ്ങൾ രാജീവ് ഗാന്ധി സന്ദർശിക്കുകയും ചെയ്തു. ഇതൊക്കെ അന്നുവരെ പ്രധാന മന്ത്രിമാർ അനുവർത്തിച്ചിരുന്ന രീതികളിൽ നിന്ന് വിത്യാസമുള്ളതായിരുന്നു.

1980-കളിൽ സിമൻ്റ് ഉത്പാദനത്തിൽ ആറു വർഷത്തിനുള്ളിൽ 'ലൈസൻസ് പെർമിറ്റ്' എടുത്തു കളഞ്ഞത് മോണ്ടെക് സിങ് ആലുവാലിയയുടെ നെത്രത്വത്തിലുള്ള ഒരു കമ്മിറ്റിയുടെ ശ്രമഫലത്തിൽ ആയിരുന്നു.




**സാമ്പത്തിക ഉദാരവൽക്കരണ ത്തിനു വേണ്ടിയുള്ള 'എം ഡോ ക്കുമെൻറ്റും', പിന്നീട് ഡോക്ടർ മൻമോഹൻ സിംഗ് ഐ.ഐ.എം. ബാംഗ്ലൂരിൽ വെച്ചു ചെയ്ത ഒരു ദീർഘമായ പ്രഭാഷണവുമാണ് സാ മ്പത്തിക ഉദാരവൽക്കരണത്തിന് 'ബാക്ഗ്രൗണ്ട് ആയി മാറിയത്.**

'കൺസ്ട്രക്ഷൻ സെക്റ്റർ' വികസിക്കാൻ ആ നയം മാറ്റം കളമൊരുക്കി. ഇങ്ങനെ കാർ നിർമാണവും, വൻതോതിലുള്ള സിമൻറ്റ് ഉത്പാദനവുമായിരുന്നു സാമ്പത്തിക ഉദാ രവൽക്കരണത്തിന് 'ബാക്ഗ്രൗണ്ട്' ആയി വർത്തിച്ചത്.

വേൾഡ് ബാങ്കിൽ ജോലി ചെയ്തിരുന്ന മോണ്ടെക് സിംഗ് ആലുവാലിയ 1979-ൽ തന്നെ ഇന്ത്യയിൽ ജോയിൻറ്റ് സെക്രട്ടറി ആയി ജോലി തുടങ്ങിയിരുന്നു. ഡോക്ടർ മൻമോഹൻ സിംഗ് അതിനു മുമ്പേ ഇന്ത്യ യിൽ സെക്രട്ടറി പദവിയിൽ ഉണ്ടായിരുന്നു. രണ്ടു പേർക്കും പിന്നീട് മാത്രമേ പൂർണ്ണ മായ പ്രവർത്തന സ്വാതന്ത്ര്യം ലഭിച്ചുള്ളൂ. കോൺഗ്രസിൽ ജയറാം രമേശും, മണിശ ങ്കർ അയ്യരും, പി. ചിദംബരവും മാത്രമേ പര സ്യമായി ഉദാരവത്കരണ നയത്തെ പിന്താ ങ്ങിയിരുന്നുള്ളൂ. നരസിംഹ റാവു അടക്കം മിക്ക കോൺഗ്രസുകാരും പഴയ സോഷ്യലി സ്റ്റ്-സ്വദേശി ഐഡിയകൾ ഉള്ളവർ ആയി രുന്നു. അതുകൊണ്ട് ഡോക്ടർ മൻമോഹൻ സിംഗ് അനുവർത്തിച്ച നയം ആദ്യം പേ ാളിസികൾ പ്രഖ്യാപിക്കുക; പിന്നീട് ഗവൺ മെൻറ്റിൻറ്റേയും കോൺഗ്രസ് പാർട്ടിയുടേ യും പിന്തുണ തേടുക എന്നുള്ളതായിരുന്നു.

സാമ്പത്തിക ഉദാരവൽക്കരണത്തിനു വേണ്ടിയുള്ള 30 പേജുള്ള 'എം ഡോക്കു മെൻറ്റ്' മോണ്ടെക് സിങ് ആലുവാലിയ യുടെ സൃഷ്ടി ആയിരുന്നു. സാമ്പത്തിക ഉദാരവൽക്കരണത്തിനു വേണ്ടിയുള്ള 30 പേജുള്ള 'എം ഡോക്കുമെൻറ്റിൽ' ആരുടേ യും പേരില്ലായിരുന്നു. പക്ഷെ 30 പേജുള്ള 'എം ഡോക്കുമെൻറ്റ്' മോണ്ടെക് സിങ് ആ ലുവാലിയയുടെ സൃഷ്ടി ആയിരുന്നു എന്ന് പലർക്കും അറിയാമായിരുന്നു. പിന്നീടാണ് ചന്ദ്രശേഖർ പ്രധാനമന്ത്രി ആയിരുന്നപ്പോൾ സ്വർണം വിദേശത്ത് പണയം വെച്ച് 'ഫോ റിൻ എക്സ്ചേഞ്ജ് ക്രൈസിസ്' പരിഹരി ക്കുവാൻ ഉള്ള തീരുമാനം ഉണ്ടായത്.

സാമ്പത്തിക ഉദാരവൽക്കരണത്തിനു വേണ്ടിയുള്ള 'എം ഡോക്കുമെൻറ്റും', പിന്നീ ട് ഡോക്ടർ മൻമോഹൻ സിംഗ് ഐ.ഐ. എം. ബാംഗ്ലൂരിൽ വെച്ചു ചെയ്ത ഒരു ദീർ ഘമായ പ്രഭാഷണവുമാണ് സാമ്പത്തിക ഉദാരവൽക്കരണത്തിന് 'ബാക്ഗ്രൗണ്ട്' ആയി മാറിയത്. ഈ സംഭവങ്ങളെല്ലാം മുൻ ആസൂത്രണ കമ്മീഷൻ ഉപാധ്യക്ഷൻ ആയിരുന്ന മോണ്ടെക് സിങ് ആലുവാലി യയുടെ സർവീസ് സ്റ്റോറിയായ 'Backstage - The Story Behind India's High Growth Years' എന്ന പുസ്തകത്തിൽ കൃത്യം കൃത്യമായി പറയുന്നുണ്ട്. ധനകാര്യ മന്ത്രി ഡോക്ടർ മ ന്മോഹൻ സിംഗിന് പൂർണ്ണ പ്രവർത്തന സ്വാതന്ത്ര്യമൊന്നും പ്രധാനമന്ത്രി നരസിം ഹ റാവു ഒരിക്കലും കൊടുത്തിരുന്നില്ല. ഇ ക്കാര്യവുമായി ബന്ധപ്പെട്ട് മോണ്ടെക് സിങ് ആലുവാലിയയുടെ സർവീസ് സ്റ്റോറിയായ 'Backstage - The Story Behind India's High Growth Years' എന്ന പുസ്തകത്തിൽ പറയു ന്ന ഒരു സംഭാഷണമുണ്ട്. ഒരിക്കൽ നരസിം ഹ റാവു ഡോക്ടർ മൻമോഹൻ സിങിനോട് പറഞ്ഞു: 'If the reforms succeeds; I will claim my share of the credit. If they fail; you will be blamed" ('Backstage - The Story Behind India's High Growth Years', പേജ് 175) ഇത്രയുമേ ഉണ്ടായിരുന്നുള്ളൂ റാവുവിൻറ്റെ 'വിഷൻ'. ഉദാരവൽക്കരണവുമായി ബന്ധപ്പെട്ടുള്ള വിമർശനങ്ങൾക്കൊക്കെ അന്ന് മറുപടി പറഞ്ഞിരുന്നത് ഡോക്ടർ മൻമോഹൻ സി ങ് ആയിരുന്നു; അല്ലാതെ പ്രധാനമന്ത്രി നര സിംഹ റാവു അല്ലായിരുന്നു. പ്രധാന മന്ത്രി ആകുന്നതിനു മുമ്പ് പ്ലാനിംഗ് കമ്മീഷൻ മെമ്പർ സെക്രട്ടറി, ധനകാര്യ സെക്രട്ടറി, റി സേർവ് ബാങ്ക് ഗവർണർ, സാമ്പത്തിക ശാ സ്ത്രത്തിലെ പ്രൊഫസർ, ധനകാര്യ മന്ത്രി - ഇവയെല്ലാം ആയിരുന്നു ഡോക്ടർ മൻ മോഹൻ സിംഗ്. സാമ്പത്തിക മേഖലയെ കുറിച്ചുള്ള വിപുലമായ അറിവും അനുഭവ സമ്പത്തുമാണ് അദ്ദേഹത്തെ പലർക്കും പ്ര ിയങ്കരൻ ആക്കിയത്. ഈയിടെ നിതിൻ ഗഡ് കരി പോലും രാജ്യത്തെ സമ്പദ് വ്യവസ്ഥ ക്ക് കരുത്തുറ്റ സംഭാവനകൾ നൽകിയ വ്യ ക്തി എന്ന രീതിയിൽ ഡോക്ടർ മൻമോഹൻ സിംഗിനെ ആദരിക്കണമെന്നു പറഞ്ഞു.

ഡോക്ടർ മൻമോഹൻ സിങ്ങിന് 'മാക്രോ ഇക്കണോമിക്സ്' മേഖലയിൽ വിപുലമാ യ അറിവുണ്ടായിരുന്നു. അതുകൊണ്ട് ഈ മേഖലയിൽ സ്വന്തമായി തീരുമാനങ്ങൾ എ ടുക്കാൻ ധനകാര്യമന്ത്രി എന്ന നിലയിൽ അദ്ദേഹത്തിന് അറിയാമായിരുന്നു. ഡോക്ടർ മൻമോഹൻ സിങ്, മോൺടക്ക് സിങ് അഹ്ലു വാലിയ, സി. രംഗരാജൻ - ഇവരായിരുന്നു ഉദാരവൽക്കരണം എന്ന നയം ഇന്ത്യയിൽ നടപ്പാക്കിയത്. ഈ ടീമിനെ നയിച്ചത് ഡോ ക്ടർ മൻമോഹൻ സിങ് തന്നെ ആയിരുന്നു. ഇരുപത്തൊന്നാം നൂറ്റാണ്ടിലേത് ഒരു 'Knowledge Based' ഇക്കോണമി ആണെന്നുള്ളത് ഡോക്ടർ മൻമോഹൻ സിങ്ങിന് അറിയാ മായിരുന്നു. സിംഗപ്പൂർ, തായ്വാൻ, ഹോംഗ് കോംഗ്, ദക്ഷിണ കൊറിയ - ഈ 'ഏഷ്യൻ ടൈഗേഴ്സ്' രാജ്യങ്ങളിൽ സംഭവിച്ച സാ മ്പത്തിക വളർച്ചയെ കുറിച്ച് അദ്ദേഹത്തിന് വ്യക്തമായ ബോധ്യം ഉണ്ടായിരുന്നു. പല ഇൻറ്റർവ്യൂവുകളിലും ഡോക്ടർ മൻമോഹൻ സിംഗ് ഇതു പറഞ്ഞിട്ടുമുണ്ട്. 'ഏഷ്യൻ ടൈഗേഴ്സ്' രാജ്യങ്ങളിൽ സംഭവിച്ച സാമ്പ ത്തിക വളർച്ച ഇന്ത്യയിലും ആവർത്തിക്കാ നാണ് ഡോക്ടർ മൻമോഹൻ ശ്രമിച്ചത്.

1947-ൽ ഇന്ത്യക്ക് സ്വാതന്ത്ര്യം കിട്ടിയ പ്പോൾ മലേറിയ കൊണ്ടു തന്നെ ഒരു കോടി യോളം ജനം ഓരോ വർഷവും മരിച്ചിരുന്നു എന്നാണ് സ്വാമിനാഥൻ അയ്യർ കുറച്ചു ന ാൾ മുമ്പ് ടൈംസ് ഓഫ് ഇന്ത്യയിൽ എഴു തിയത്. മലേറിയ കൂടാതെ കോളറ, ടൈ ഫോയിഡ്, ക്ഷയം - ഈ രോഗങ്ങളൊക്കെ ഓരോ വർഷവും പതിനായിരകണക്കിന് ഇൻഡ്യാക്കാരുടെ ജീവൻ എടുത്തിരുന്നു. ആ അവസ്ഥയിൽ നിന്ന് ഇന്ന് നാം എവിടെ നിൽക്കുന്നു? ധവള വിപ്ലവം, ഹരിത വിപ്ല വം, 'ബ്ലൂ റവലൂഷൻ' എന്ന് വിളിക്കപ്പെടുന്ന മീൻ പിടുത്തത്തിൽ ഉണ്ടായ ഗണ്യമായ വർ ധന, ടെലികോം റവലൂഷൻ, കമ്പ്യൂട്ടറൈ സേഷൻ - ഇതെല്ലാം പിന്നീടുവന്നു.

മനുഷ്യൻറ്റെ ആയുർദൈർഘ്യം സ്വാത ന്ത്ര്യം കിട്ടിയ വർഷങ്ങളിൽ നിന്നിപ്പോൾ വളരെ ഗണ്യമായി കൂടി. ദാരിദ്ര്യ നിർമാർജ നത്തിൽ നാം വലിയ മുന്നേറ്റം നടത്തിയുട്ടെ ണ്ടെന്നുള്ളത് കൃത്യമായ വസ്തുതയാണ്. 407 മില്യണിൽ നിന്ന് 269 മില്യണിലേക്ക് 2004-05 കാലഘട്ടത്തിൽ നിന്ന് 2011-12-ൽ നമുക്ക് ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരെ എത്തിക്കുവാൻ സാധിച്ചു എന്ന് നാഷണൽ സാമ്പിൾ സർവേകൾ വ്യക്തമാക്കുന്നത്

ഒരു നിസാര നേട്ടം അല്ല. എല്ലാ അർത്ഥത്തിലും ഇത് മഹനീയമായ നേട്ടം തന്നെയാണ്. 138 ദശ ലക്ഷം ജനതയെയാണ് 2004–05 –നും 2011–12–നും ഇടയ്ക്കുള്ള കാലഘട്ടത്തിൽ നമുക്ക് ദാരിദ്ര്യ രേഖയ്ക്ക് മുകളിൽ എത്തിക്കുവാൻ സാധിച്ചു എന്നാണ് നാഷണൽ സാമ്പിൾ സർവേകൾ വ്യക്തമാക്കുന്നത്. ഉദാരവൽക്കരണ നയത്തിൻ്റെ മുപ്പതാം വാർഷികത്തിൽ ഡോക്ടർ മൻമോഹൻ സിംഗ് അവകാശപ്പെട്ടത് 40 കോടി ജനത്തെ ദാരിദ്ര്യത്തിൽ നിന്ന് കര കയറ്റാനായി എന്നാണ്. 40 കോടി കുറച്ചു കൂടിയ അവകാശവാദമാണെന്നാണ് ഇതെഴുതുന്നയാൾക്ക് തോന്നുന്നത്. പക്ഷെ 25–30 കോടി ഇന്ത്യൻ ജനത്തെ ദാരിദ്ര്യത്തിൽ നിന്ന് ഉദാരവൽക്കരണം മൂലം കരകയറ്റി എന്നുള്ള കാര്യത്തിൽ ആർക്കും തർക്കമുണ്ടാവാൻ വഴിയില്ലെന്നാണ് തോന്നുന്നത്.


സ്വാതന്ത്ര്യം കിട്ടിയപ്പോൾ 30 കോടിയിൽ മിച്ചമേ ജനസംഖ്യ ഉണ്ടായിരുന്നുള്ളൂ. ഇന്നിപ്പോൾ ഇന്ത്യയിൽ 140 കോടിയിൽ മിച്ചം ജനസംഖ്യയുണ്ട്. ലോകത്തിലെ ഏറ്റവും കൂടുതൽ ജനസംഖ്യ ഉള്ള രാജ്യത്ത് ഇന്ത്യയുടെ പരിമിതമായ വിഭവങ്ങളും സേവനങ്ങളും എത്തിക്കുക എന്നത് നിസാര കാര്യമൊന്നുമല്ലാ. ഇത്ര വലിയൊരു ജനതക്ക് വിഭവങ്ങൾ ലഭ്യമാക്കാൻ 'പ്രൊഡക്റ്റീവ് ഫോഴ്സസ്' അതിനനുസരിച്ച് വളരണമായിരുന്നു. പക്ഷെ അതുണ്ടായില്ല. 1991–ന് ശേഷം ഡോക്ടർ മൻമോഹൻ സിംഗ് പ്രൊഡക്റ്റീവ് ഫോഴ്സസിനെ വളരാൻ അനുവദിച്ചു.

ഗ്രാമീണ മേഖലക്ക് തൊഴിലുറപ്പ് പദ്ധതി, ആധാർ, ദാരിദ്ര്യ രേഖക്ക് താഴെയുള്ള ജനലക്ഷങ്ങളുടെ സാമ്പത്തികമായ ഉയർച്ച, ഇന്ത്യയിൽ ആഗോള രീതിക്കനുസരിച്ചുള്ള വികസനം, ഡൽഹി മെട്രോ പോലുള്ള ഇൻഫ്രാസ്ട്രക്ച്ചർ മികവ് – ഇതൊക്കെ ഡോക്ടർ മൻമോഹൻ സിംഗ് സർക്കാരിൻ്റെ നേട്ടങ്ങളായിരുന്നു. ഡോക്ടർ മൻമോഹൻ സിംഗ് കൊണ്ടുവന്ന സാമ്പത്തിക ഉദാരവൽക്കരണത്തിൻ്റെ ഫലമായി ശക്തമായ മധ്യവർഗം ഇന്ത്യയിൽ രൂപം കൊണ്ടു. ഈ മധ്യവർഗം പല രാജ്യങ്ങളിലേയും ജനസംഖ്യകൾ ഒന്നിച്ചുവെക്കുന്ന അത്രയുമുണ്ട്. ഈ ശക്തമായ മധ്യവർഗ്ഗവും, ആഭ്യന്തര വിപണിയും ഉള്ളതുകൊണ്ടായിരുന്നു 2008–ൽ അമേരിക്കയിൽ തുടങ്ങിയ സാമ്പത്തിക തകർച്ച ഇന്ത്യയെ ബാധിക്കാതിരുന്നത്. ലോകമാകെ പിന്നീട് വന്ന സാമ്പത്തിക മാന്ദ്യം നമ്മെ അധികം ബാധിച്ചില്ല.

ഇന്ത്യ ഇന്ന് അനുഭവിക്കുന്ന എല്ലാ ആധുനിക സൗകര്യങ്ങൾക്കും നാം ആദ്യം നന്ദി പറയേണ്ടത് ഡോക്ടർ മന്മോഹൻ സിങ്ങിൻ്റെ ഉദാരവൽക്കരണത്തിനാണ്. 40–45 വർഷങ്ങൾക്ക് മുമ്പ് ഇന്ത്യയിലെ മധ്യ വർഗത്തിൻ്റെ കഥ എന്തായിരുന്നു? ഒരു ഗ്യാസ് കണക്ഷൻ കിട്ടുവാൻ ഏതാണ്ട് 5 വർഷം; ഒരു ഫോൺ കണക്ഷൻ കിട്ടുവാൻ ഏതാണ്ട് 6 വർഷം; ഒരു ബജാജ് സ്കൂട്ടർ ബുക്ക് ചെയ്തതിന് ശേഷം കിട്ടുവാൻ ഏതാണ്ട് 6–7 വർഷം.

ഇന്നിപ്പോൾ ഇന്ത്യയാകെ മാറി. ആറാം ശമ്പള കമ്മീഷൻ്റേയും, ഏഴാം ശമ്പള കമ്മീഷൻ്റേയും നിർദേശങ്ങൾ നടപ്പിലാക്കിയതോടെ കേന്ദ്ര സർക്കാർ ജീവനക്കാരുടെ ശമ്പളം കുത്തനെ കൂടി. തദനുസൃതമായി സംസ്ഥാന ജീവനക്കാരുടേയും ശമ്പളം കൂടി. പ്രൈവറ്റ് സെക്റ്റർ ഇന്ത്യയിൽ ശക്തി പ്രാപിച്ചു. ഇന്നിപ്പോൾ ഇന്ത്യയിലെ ജനങ്ങളുടെ ഇടയിലുള്ള ക്രയ–വിക്രയ ശേഷി വളരെയധികം കൂടി. പി.പി.പി.–അഥവാ 'പർച്ചയ്സിംഗ് പവർ പാരിറ്റി'–യും, റെവെന്യു വരുമാനം കൂടിയതുമൊക്കെ 1991–ൽ ഡോക്ടർ മൻമോഹൻ സിംഗ് കൊണ്ടുവന്ന സാമ്പത്തിക ഉദാരവൽക്കരണത്തിൻ്റെ വൻ നേട്ടങ്ങളാണ്. ഈ വസ്തുതകളൊക്കെ ചരിത്രബോധമുള്ള എല്ലാവരും ഓർമിക്കേക്കേണ്ടതുണ്ട്.





*(ലേഖകൻ്റെ ഈ അഭിപ്രായങ്ങൾ തീർത്തും വ്യക്തിപരമാണ്. അതിന് ലേഖകൻ്റെ ജോലിയുമായി ഒരു ബന്ധവുമില്ലാ.)*


KALYAN
JEWELLERS
NEW JERSEY
INDIA'S ICONIC
JEWELLERY BRAND IS
NOW IN THE
USA
MUHURAT WEDDING
COLLECTIONS
LARGEST COLLECTION
IN
GOLD, DIAMOND, POLKI,
PRECIOUS & UNCUT JEWELLERY
SPACIOUS
SHOWROOM
OAK TREE ROAD, ISELIN, NJ 08830
380+ BRANCHES SPREAD ACROSS USA, INDIA & MIDDLE EAST
WWW.KALYANJEWELLERS.NET | FOLLOW US ON

# കോൺഗ്രസ് ജീവശ്വാസമാക്കിയ ആദർശപുത്രൻ എ.കെ ആന്റണിക്ക് ആയിരം പൂർണചന്ദ്ര ദർശനം

**എ.എസ് ശ്രീകുമാർ**

അറയ്ക്കപ്പറമ്പിൽ കുര്യൻ ആന്റണി എന്ന എ.കെ ആന്റണിയെ സംബന്ധിച്ചിടത്തോളം തന്റെ വഴിയും സത്യവും ജീവശ്വാസവും കോൺഗ്രസ് മാത്രമാണ്. പക്ഷേ, കോൺഗ്രസിന്റെ സ്ഥാപക ദിനവും എ.കെ ആന്റണിയുടെ ജന്മദിനവും ഒരേ ദിവസമായത് കേവലം യാദൃശ്ചികം. ഇന്ന് (ഡിസംബർ 28) എ.കെ ആന്റണി ശതാഭിഷിക്തനായ ദിവസമാണ്. തന്നെ രാജ്യത്തിന്റെ പ്രതിരോധ മന്ത്രിക്കസേരയിലിരുത്തിയ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിങ്ങിന്റെ ദുഖപൂർണമായ വിടവാങ്ങൽ കൊണ്ട് കോൺഗ്രസിന് ഇക്കുറി പിറന്നാൾ ആഘോഷമില്ല. ആഘോഷങ്ങളോട് പണ്ടേ താല്പര്യമില്ലാത്ത ആന്റണിക്കും തിരുവനന്തപുരത്തെ വസതിയിൽ ഇന്ന് സാധാരണ ദിനം മാത്രം.




ഒരണയ്ക്ക് ബോട്ടു യാത്ര ചെയ്യാനുള്ള സൗകര്യം പുനസ്ഥാപിക്കാൻ വേണ്ടി ഇ.എം.എസ് നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിലുള്ള 1957-ലെ കമ്മ്യൂണിസ്റ്റ് സർക്കാരിനെതിരെ കെ.എസ്.യുവിന്റെ നേതൃത്വത്തിൽ നടത്തിയ ഒരണസമരത്തിലൂടെ എ.കെ ആന്റണി രാഷ്ട്രീയത്തിലേയ്ക്ക് പ്രവേശിക്കുമ്പോൾ കെ.എസ്.യു എന്ന വിദ്യാർത്ഥി സംഘടയ്ക്കും രാഷ്ട്രീയമായ അടിത്തറ രൂപപ്പെടുകയായിരുന്നു. അന്ന് തുടങ്ങിയ ആന്റണിയുടെ പൊതുപ്രവർത്തന സപര്യയാണ് ഇന്ന് പൂർണചന്ദ്ര ദർശനത്തോടെ 84-ാം പിറന്നാളിൽ എത്തിനിൽക്കുന്നത്.

അധികാര രാഷ്ട്രീയം വിട്ട് 2022-ൽ രാജ്യതലസ്ഥാനത്തുനിന്ന് നിന്ന് മടങ്ങിയ ആന്റണി കേരളത്തിന്റെ തലസ്ഥാന നഗരിയിലെ ഈശ്വരവിലാസം റോഡിലുള്ള അഞ്ജനത്തിലാണ് താമസിക്കുന്നത്. അതൊരിക്കലും വിശ്രമ ജീവിതമല്ല. ഡൽഹി വിട്ടെങ്കിലും പാർട്ടിയിൽ ഇന്നും അവസാന വാക്കുകളിലൊന്ന് ആന്റണിയുടേതാണ്. അതിനാൽ തിരുവനന്തപുരത്തെ 'അഞ്ജനം' കേരളത്തിലെ ഹൈക്കമാന്റാവുന്നു.

തിരുവനന്തപുരത്തുള്ളപ്പോൾ എന്നും വൈകിട്ട് കേരളത്തിലെ കോൺഗ്രസ് ആസ്ഥനമായ ഇന്ദിരാഭവനിലെത്തുന്ന പതിവിന് ആന്റണി മുടക്കം വരുത്തിയിട്ടില്ല. ആന്റണിയെന്ന് കേൾക്കുമ്പോൾ ആദർശ രാഷ്ട്രീയത്തിന്റെ തെളിമയാർന്ന മുഖമാണ് ഏവരുടെയും മനസിലോടിയെത്തുക. ആ മുഖമുദ്രയ്ക്ക് പതിറ്റാണ്ടുകളുടെ പഴക്കമുണ്ട്. കേരളത്തിലെ ഏറ്റവും പ്രായം കുറഞ്ഞ മുഖ്യമന്ത്രി, 33-ാമത്തെ വയസിൽ പാർട്ടി അധ്യക്ഷൻ, പിന്നെ കേന്ദ്ര പ്രതിരോധ മന്ത്രി അങ്ങനെ ആഗർശത്തിന്റെ പിൻബലത്തിൽ ഉന്നത പദവികൾ അനേകം അദ്ദേഹത്തെ തേടിയെത്തി.

രാഷ്ട്രീയക്കാരുടെ ആത്യന്തിക ലക്ഷ്യം അധികാര സമ്പാദനം എന്നതായിരിക്കെ, പുഷ്പം പോലെ അധികാരക്കസേരകൾ വലിച്ചെറിഞ്ഞ ഒരേയൊരു കോൺഗ്രസ് നേതാവാണ് എ.കെ ആന്റണി. ഇപ്പോൾ ആയിരം പൂർണ്ണചന്ദ്രന്മാരെ കണ്ടതിനപ്പുറം കോൺഗ്രസിന്റെ പഴയകാല പ്രതാപം തിരിച്ചു പിടിക്കുകയെന്നതാണ് ആന്റണിയുടെ ഉള്ളിലെ മോഹം. 1940 ഡിസംബർ 28-ന് അറയ്ക്കപറമ്പിൽ കുര്യൻ പിള്ളയുടെയും ഏലിക്കുട്ടിയുടേയും മകനായി ആലപ്പുഴ ജില്ലയിലെ ചേർത്തലയിലാണ് എ.കെ ആന്റണി ജനിച്ചത്. പ്രാഥമിക വിദ്യാസം ചേർത്തല ഗവ. ഹൈസ്കൂളിൽ. പിന്നീട് എറണാകുളം മഹാരാജാസിൽ നിന്നും ബിരുദവും, എറണാകുളം ലോ കോളേജിൽ നിന്നും നിയമ ബിരുദവും നേടി.

എഴുപതുകളിൽ കോൺഗ്രസിന്റെ ഏറ്റവും നേരും നെറിയുമുള്ള നേതാക്കളിലൊരാൾ എന്ന പേര് ആന്റണിക്കുണ്ടായിരുന്നു. 'പുണ്യാളൻ ആന്റണി' എന്ന പേര് പോലും അദ്ദേഹത്തിന് കിട്ടി. സോണിയാ ഗാന്ധിയുടെ ഏറ്റവും വിശ്വസ്തന്മാരിലൊരാളാണ്

ആന്റണി. ഇന്ദിരാ ഗാന്ധിയുമായും രാജീവ് ഗാന്ധിയുമായും വളരെ അടുപ്പം അദ്ദേഹത്തിനുണ്ടായിരുന്നു. 1970-ലാണ് ആന്റണി ആദ്യമായി എം.എൽ.എയാവുന്നത്. 1977-ൽ വെറും 37-ാം വയസ്സിൽ അദ്ദേഹം കേരളത്തിലെ മുഖ്യമന്ത്രിയായി. കെ.പി.സി.സി അധ്യക്ഷനായി പത്ത് വർഷം അദ്ദേഹം പ്രവർത്തിച്ചു. മൂന്ന് ടേം കേന്ദ്ര മന്ത്രിപദത്തിലെത്തി.

2006 മുതൽ 2014 വരെ കേന്ദ്ര പ്രതിരോധ മന്ത്രിയായിരുന്നു ആന്റണി. പ്രതിരോധ മന്ത്രി പദത്തിൽ ഒരു നേതാവിന്റെ ദൈർഘ്യമേറിയ കാലയളവാണിത്. അഞ്ച് തവണ രാജ്യസഭയിലെത്തിയിട്ടുണ്ട് അദ്ദേഹം. കേരളത്തിലെ കോൺഗ്രസിനുള്ളിലെ എ ഗ്രൂപ്പിനെ നിയന്ത്രിച്ചിരുന്നത് ആന്റണിയായിരുന്നു. ഇന്ദിരയോട് അടിയന്തരാവസ്ഥ പിൻവലിക്കണമെന്ന് വരെ ആന്റണി ആവശ്യപ്പെട്ടിരുന്നു. മുഖ്യമന്ത്രി സ്ഥാനം രാജി വെച്ച ശേഷമായിരുന്നു എ ഗ്രൂപ്പിന് ആന്റണി നേതൃത്വം നൽകിയത്. 2004-ലാണ് ഡൽഹിയിലേക്ക് അദ്ദേഹം പൂർണമായും കളം മാറിയത്. കോൺഗ്രസിന്റെ കോർ കമ്മിറ്റിയുടെ ഭാഗമായിരുന്നു ആന്റണി. എതിരാളികൾ പോലും ആന്റണിയുടെ സത്യസന്ധതയെ അംഗീകരിക്കുന്നു.

ആന്റണിക്ക് തന്റെ പാർട്ടി ജീവശ്വാസമാണ്. ഖദറാകട്ടെ ആദർശത്തിന്റെ മേലങ്കിയും. അതേസമയം തന്നെ വേദനിപ്പിച്ച് ബി.ജെ.പിയിലേയ്ക്ക് ചേക്കേറിയ സ്വന്തം മകൻ അനിൽ ആന്റണി ജനിക്കും മുമ്പ് കോൺഗ്രസ് വിട്ട ചരിത്രവും എ.കെ ആന്റണിക്കുണ്ട്. അടിയന്തരാവസ്ഥയ്ക്ക് ശേഷം നടന്ന ലോക്സഭാ തിരഞ്ഞെടുപ്പിൽ പരാജയപ്പെട്ടതിനെ തുടർന്ന് വീണ്ടും കർണാടകത്തിലെ ചിക്കമംഗ്ലൂരിൽ ഇന്ദിരാ ഗാന്ധി മത്സരിക്കുകയുണ്ടായി. ഇന്ദിരയ്ക്ക് പിന്തുണ പ്രഖ്യാപിച്ച ഓൾ ഇന്ത്യ കോൺഗ്രസ് കമ്മിറ്റിയുടെ തീരുമാനത്തിൽ പ്രതിഷേധിച്ചാണ് 1978-ൽ ആന്റണി മുഖ്യമന്ത്രി പദം രാജി വയ്ക്കുകയും താമസിയാതെ കോൺഗ്രസ് പാർട്ടിയിൽ (എ) ഗ്രൂപ്പ് രൂപീകരിച്ച് ഇടതു മുന്നണിയിൽ ചേരുകയും ചെയ്തത്.



എന്നാൽ 1982 ഡിസംബറിൽ എ.കെ ആന്റണിയുടെ (എ) ഗ്രൂപ്പും കെ കരുണാകരന്റെ (ഐ) ഗ്രൂപ്പും തമ്മിൽ ലയിച്ചതോടെ കെ കരുണാകരനു ശേഷം കേരളത്തിലെ കോൺഗ്രസ് പാർട്ടിയിലെ രണ്ടാമത്തെ മുതിർന്ന നേതാവായി എ.കെ ആന്റണി മാറി. തുടർന്നിങ്ങോട്ടുള്ള ശക്തമായ പാർട്ടി പ്രവർത്തനമാണ് ആന്റണിയെ കേന്ദ്ര പ്രതിരോധ മന്ത്രിക്കസേര വരെ കൊണ്ടെത്തിച്ചത്. കോൺഗ്രസിൽ മടങ്ങിയെത്തിയ ആന്റണി വിശ്വസ്തനായ പാർട്ടി പ്രവർത്തകനെന്ന ലേബലിൽ കൂടുതൽ ശക്തനാവുകയായിരുന്നു.



1985-ൽ ആദ്യമായി രാജ്യസഭ അംഗമായി തിരഞ്ഞെടുക്കപ്പെട്ടു. 1991-1996 കാലഘട്ടത്തിൽ പി.വി നരസിംഹറാവു മന്ത്രിസഭയിൽ സിവിൽ സപ്ലൈസ് കാബിനറ്റ് വകുപ്പ് മന്ത്രിയായി സേവനമനുഷ്ഠിച്ചു. പഞ്ചസാര അഴിമതി ആരോപണത്തെ തുടർന്ന് 1995-ൽ കേന്ദ്ര മന്ത്രി സ്ഥാനം രാജി വെച്ചു. സംസ്ഥാന രാഷ്ട്രീയത്തിലേക്ക് മടങ്ങിയ ആന്റണി 1995-ൽ രണ്ടാം വട്ടവും മുഖ്യമന്ത്രിയായി. 2001-ൽ ചേർത്തലയിൽ വീണ്ടും ജയിച്ച് മൂന്നാം വട്ടം കേരളത്തിന്റെ മുഖ്യമന്ത്രിയായി തിരഞ്ഞെടുക്കപ്പെട്ടു. 2004-ലെ ലോക്സഭാ തിരഞ്ഞെടുപ്പിൽ യു.ഡി.എഫിനുണ്ടായ പരാജയത്തെ തുടർന്ന് മുഖ്യമന്ത്രി സ്ഥാനം രാജിവെച്ചു. പിന്നീട് 2005-ൽ രാജ്യസഭ അംഗമായി തിരഞ്ഞെടുക്കപ്പെട്ട ആന്റണി രാജ്യത്തിന്റെ പ്രതിരോധ വകുപ്പ് മന്ത്രിയായി സ്ഥാനമേറ്റു.

എ.കെ ആന്റണി കോൺഗ്രസിലെ ഒരു ചടുലമായ കാലഘട്ടമാണ്, ചരിത്രമാണ്. പാർട്ടി മാത്രമാണ് അദ്ദേഹത്തിന്റെ രാഷ്ട്രീയ നേട്ടങ്ങളുടെയും ജനകീയ പ്രതിച്ഛായയുടെയും ആണിക്കല്ല്. അതുകൊണ്ട് ഒരിക്കൽ പടിയിറങ്ങിയ കോൺഗ്രസിലേയ്ക്ക് അദ്ദേഹം മടങ്ങിയെത്തിയത്. അതിനാൽത്തന്നെ ജനമനസുകളിൽ നിന്ന് ആന്റണി മാഞ്ഞുപോയില്ല. തന്റെ മകൻ ബി.ജെ.പിയിലേയ്ക്ക് പോയപ്പോൾ, അനിലിന്റെ നടപടി വേദനയുണ്ടാക്കുന്നതാണെന്നും അത് തെറ്റായ തീരുമാനമാണെന്നുമാണ് എ.കെ ആന്റണി വികാരപരമായി പ്രതികരിച്ചത്.

കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പിൽ പത്തനംതിട്ട മണ്ഡലത്തിൽ അനിൽ പ്രചാരണം നടത്തുമ്പോൾ എ.കെ ആന്റണി വാർത്താ സമ്മേളനത്തിൽ പറഞ്ഞത് അനിൽ ആന്റണി അവിടെ തോൽക്കുമെന്നാണ്. ''മക്കളെ കുറിച്ച് എന്നെ കൊണ്ട് അധികം പറയിപ്പിക്കേണ്ട. ഞാൻ ആ ഭാഷ ശീലിച്ചിട്ടില്ല. കെ.എസ്.യു കാലം മുതൽ കുടുംബം വേറെ രാഷ്ട്രീയം വേറെ എന്നാണ് തന്റെ നിലപാട്. പത്തനംതിട്ടയിൽ മകൻ അനിൽ തോൽക്കണം. ആന്റോ ആന്റണി ജയിക്കണം. കാരണം ഞാൻ കോൺഗ്രസുകാരനാണ്, എന്റെ മതം കോൺഗ്രസാണ്. പത്തനംതിട്ടയിൽ ഞാൻ പ്രചരണത്തിന് ഇറങ്ങിയില്ലെങ്കിലും ആന്റോ ആന്റണി നല്ല ഭൂരിപക്ഷത്തിൽ ജയിക്കും...''

അച്ഛൻ ആന്റണി പറഞ്ഞതുപോലെ ആന്റോ ആന്റണി 66,119 വോട്ടുകൾക്കാണ് സി.പി.എമ്മിലെ ഡോ. തോമസ് ഐസക്കിനെ പരാജയപ്പെടുക്കിയത്. 2,34,406 വോട്ടുകൾ നേടിയെങ്കിലും മകൻ ആന്റണി മൂന്നാം സ്ഥാനത്തായി. കേരളത്തിലെ രാഷ്ട്രീയ ചരിത്രത്തിൽ ജനസമ്മതിയും സത്യസന്ധതയും ഒരുപോലെ ഉള്ള നേതാവായി ഇന്നും എ.കെ ആന്റണി തന്റെ ഇടപെടലുകളിൽ സജീവമാണ്.

# എം ടി
## ഒരു പിറന്നാളിന്റെ ഓർമയ്ക്ക്



**ജോർജ് തുമ്പയിൽ**

രണ്ടായിരത്തി മൂന്നിലാണത്. 'മലയാളം പത്ര'ത്തിന്റെ കറസ്പോണ്ടന്റ് ആയി വളരെ തിരക്കുള്ള നാളുകളായിരുന്നു അത്. എം ടിക്ക് അന്ന് 70 വയസായിരിക്കുന്നു. ആയിരം പൂർണ ചന്ദ്രനിലേക്കുള്ള ദൂരം കാണെക്കാണെ കൈയെത്തും ദൂരത്ത് . പിൻവിളി കേൾക്കാത്ത കാലം എം ടിക്ക് ഇതിഹാസത്തിന്റെ കൈയൊപ്പ് ചാർത്തിയ കാലം. മലയാണ്മയുടെ മഹായാനം പോലെ എം ടിയുടെ ഹൃദയം കണ്ടറിഞ്ഞ ഒരുപിടി എഴുത്തുകാരുടെ ആവിഷ്കാരമായി ഒരു സപ്തതി സമ്മാനം. ലിപി ബുക്സിന്റെ ബാനറിൽ ബുക് മാർക്ക് തിരുവനന്തപുരത്തിന്റേതായി പുറത്തുവന്ന പുസ്തകം. അജീഷ് ചന്ദ്രൻ (കോട്ടയം) വേണ്ട സംവിധാന സഹായങ്ങൾ ചെയ്തു തന്നു. എം ടി യെ തൊട്ടറിഞ്ഞ്, കൂടെ നിന്ന് കഥ പറഞ്ഞും കേട്ടും രൂപപ്പെടുത്തിയ കാലം മായ്ക്കാത്ത ഓർമകളുടെ അക്ഷരച്ചെപ്പ് . ഘടികാരത്തിന്റെ സ്നിഗ്ധ മർമരം പോലെ അക്ഷരങ്ങളാൽ കെട്ടിപ്പൊക്കിയ ഒരു ജീവിതത്തിന്റെ സമ്പൂർണമായ ആവിഷ്കാരമായി അന്നത് തരളിത ഹൃദയങ്ങളിൽ കുളിർമ പകർന്നു.

എം കൃഷ്ണൻ നായർ , പുനത്തിൽ കുഞ്ഞബ്ദുള്ള, കെ പി രാമനുണ്ണി, ചന്ദ്രമതി, എം എൻ കാരശ്ശേരി, പോൾ മണലിൽ, എൻ പി ഹാഫിസ് മുഹമ്മദ്, പ്രിയ എ എസ് , സുഭാഷ് ചന്ദ്രൻ, ഇ സന്തോഷ് കുമാർ, കെ ടോണി ജോസ് ,വി എച്ച് നിഷാദ് തുടങ്ങിയവർ മലയാള സാഹിത്യ ചരിത്രത്തിലെ പുതിയൊരു നാഴികക്കല്ലായി ഓരോ അധ്യായങ്ങൾ എഴുതിതന്നു.

രണ്ടായിരത്തി മൂന്നിൽ തന്നെയാണെന്ന് തോന്നുന്നു. അന്ന് എം ടി കേരള സെന്ററിൽ എത്തി. അവിടെ വെച്ചാണ് എം ടിയെ ആദ്യമായും അവസാനമായും കണ്ടത്. ഈ എം സ്റ്റീഫനുമായുള്ള പരിചയത്തിന്റെ പുറത്ത് പുസ്തകം എം ടി ക്ക് സമർപ്പിക്കാമെന്ന് തീരുമാനിച്ചു. അങ്ങനെയാണ് പുസ്തകം എം ടി യെക്കൊണ്ട് തന്നെ പ്രസാധനം നിർവഹിച്ചത്. എന്നെപ്പോലൊരു വ്യക്തിക്ക് ചിന്തിക്കാവുന്നതിലും അപ്പുറമാണ് ഇതെന്ന് അന്നേ തോന്നിയിരുന്നു.

കേരള സെന്ററിൽ വച്ച് കണ്ടപ്പോൾ അദ്ദേഹം ചിരിച്ചതേയില്ല, പുസ്തകം മറിച്ചുനോക്കിക്കൊണ്ടേയിരുന്നു. പലതവണ പുസ്തകത്തിലൂടെ അദ്ദേഹം കണ്ണോടിക്കുന്നതുകണ്ടു .ഞാൻ പുസ്തകം പരിചയപ്പെടുത്തിയപ്പോൾ എം ടി നിർന്നിമേഷനായി നോക്കിയിരുന്നു.

ഈ മംഗള മുഹൂർത്തത്തിൽ മനോഹർ തോമസും കൂടെ മറ്റ് പലരും അന്നവിടെ ഉണ്ടായിരുന്നു എന്ന കാര്യവും വിസ്മരിക്കുന്നില്ല.

പുസ്തകത്തിന് അവതാരിക എഴുതിയത് ബാബു കുഴിമറ്റമായിരുന്നു- 'ഇത് മലയാളത്തിന്റെ മാണിക്യത്തിനുള്ള പൂജാമലരുകൾ'

''മാണിക്യക്കല്ല് എന്റെ മനസിന്റെ ആഴങ്ങളിലേക്ക് വന്നുവീഴുമ്പോൾ ഞാൻ അഞ്ചിലോ ആറിലോ പഠിക്കുകയാണ്. വീണ്ടും വർഷങ്ങൾക്ക് ശേഷമാണ് എം ടിയെ കണ്ടറിഞ്ഞും കേട്ടറിഞ്ഞും തുടങ്ങിയത്.''

'ആദ്യകാലത്തെല്ലാം മലയാള കഥയിൽ പ്രകാശം പരത്തിയ പല കഥാകൃത്തുക്കളും പിൽക്കാലത്ത് മനസ് ചീഞ്ഞ് അന്ധകാരം പരത്തുന്നത് നമ്മൾ കണ്ടുകൊണ്ടിരിക്കുകയാണ്. അവരെല്ലാം ബിൻ ലാദന്മാരായി മാറിക്കൊണ്ടിരിക്കുമ്പോഴും എം ടി ഇന്ന് ഈ എഴുപതാം വയസിലും തിരുവത്താഴച്ചിത്രത്തിന് മോഡലായ ആ നിഷ്കളങ്ക ശൈശവത്തിൽ തന്നെയാണ്. അനുഭവങ്ങളുടെ മുൾക്കിരീടങ്ങളും ചാട്ടവാറുകളും ഇപ്പോഴും അദ്ദേഹത്തെ നിഴൽ പോലെ പിന്തുടരുന്നു.അദ്ദേഹമാകട്ടെ അക്കൽദാമകളിൽ പൂക്കൾ വിരിയിച്ചുകൊണ്ടേയിരിക്കുന്നു'.

'പ്രാമാണികരായ എഴുത്തുകാരും പ്രാമാണിക രചനകളും നമുക്ക് ധാരാളമായിട്ടുണ്ട്. എന്നാൽ മഹത്തായ രചനകളും മഹാന്മാരായ എഴുത്തുകാരും നമുക്ക് അത്യപൂർവമാണ്. ആ അപൂർവതകളിലൊന്നാണ് സാക്ഷാൽ എം ടി വാസുദേവൻ നായർ.

അഥവാ എന്നെ പോലുള്ള പലരുടെയും പ്രിയപ്പെട്ട വാസു വേട്ടൻ'.

(അവതാരികയിൽ നിന്ന്) .

'നയാഗ്രയിലെ ജന്മദിനാഘോഷം അതിഗംഭീരമായിരുന്നു. വെള്ളച്ചാട്ടത്തിനു തൊട്ടടുത്തുള്ള പാറക്കെട്ടിൽ 'പിറന്നാൾ പയ്യൻ' നമ്രശിരസ്കനായി ഇരുന്നു. ചുറ്റും ഒ.എൻ.വി, സുഗതകുമാരി, വിഷ്ണുനാരായണൻ നമ്പൂതിരി, സഹയാത്രികരായി എത്തിയ ഞങ്ങൾ കുറച്ചുപേരും.




മേഘവിസ്ഫോടനത്തെ തുടർന്ന് പെട്ടെന്നുതിർന്ന മരതകപാളി പോലെ താഴേക്ക് വീഴുന്ന ജലപാളികൾ, പനിനീർ കുപ്പിയിൽ നിന്നും കുടഞ്ഞ ജലകണികകൾ സുഗന്ധദ്രവ്യം പോലെ ഞങ്ങൾ ഏവരും ഏറ്റുവാങ്ങി. പാറക്കെട്ടുകൾക്കിടയിൽ നിന്നും പറിച്ചെടുത്ത മനോഹരങ്ങളായ വഴിയോര പൂക്കൾ കൊണ്ട് എംടിക്ക് പുഷ്പാഭിഷേകം. മൂന്ന് കവികൾ നിരന്നു നിന്ന് അർപ്പിച്ച കാവ്യാഞ്ജലി–

ഡോ. എസ് . വേണുഗോപാൽ, ഡോ. എം.വി.പിള്ള, ഡോ. എം. ബാലചന്ദ്രൻ നായർ എന്നിവർ എം.ടിക്കൊപ്പം''

(ഒരു ജന്മ ദിന ഓർമ്മ : ഡോ .എം.വി. പിള്ള)

(ക്രിസ്ത്മസ് നക്ഷത്രങ്ങൾ വന്നു കൂട്ടികൊണ്ടു പോകുകയാണല്ലേ? അല്പം കൂടി കാത്തുനിന്നിരുന്നെങ്കിൽ മലയാളം മുഴുവൻ കൂടെ വന്നേനേം ??

വായിച്ചു തുടങ്ങിയ കാലം മുതൽ എം ടി എന്നിൽ കത്തിപ്പടർന്നു നിന്നത്, മനുഷ്യന്റെ അന്ത: സംഘർഷങ്ങളെ ഇത്ര തീവ്രമായി എങ്ങനെ അക്ഷരങ്ങളിലൂടെ അവതരിപ്പിക്കാനാവുന്നു എന്ന് അതിശയിപ്പിച്ചുകൊണ്ടാണ്. 'കാല'ത്തിലെ സേതുവിൽ നിന്ന് 'വാരാണസി'യിലെ സുധാകരനോടൊപ്പം വരെ നടന്നുനീങ്ങിയിട്ടുള്ളവർക്ക് എം ടി ഇപ്പോഴും ഒരു അദ്ഭുതമാണ്. 'ഷെർലക്കും' 'രണ്ടാമൂഴ'വും എഴുതിയത് ഈ എം ടി തന്നെയോ എന്ന് അദ്ഭുതപ്പെടുത്തുന്ന രചനയുടെ വ്യത്യസ്തത.വായനയുടെ രതിമൂർച്ഛ ഒന്നിലധികം തവണ അനുഭവിപ്പിക്കാനും അത്ഭുതപ്പെടുത്താനുമുള്ള പ്രതിഭയുടെ ഈ കഴിവ് എം ടി ക്ക് മാത്രം സ്വന്തമെന്ന് സംശയമില്ലാതെ പറയാം. ജ്ഞാനപീഠ പുരസ്കാരം ഏറ്റുവാങ്ങിയ എം ടിയൻ സാഹിത്യം ഒരു വായനക്കാരനെ ഇന്നും എത്രമേൽ ഉന്മത്തനാക്കുന്നുവെന്നത് നാട് ഒരു ഗൃഹാതുരത മാത്രമായി നിലകൊള്ളുന്നുവെന്ന സത്യം ബോധ്യമാവുമ്പോഴാണ്. അതെ , കേരളീയ വായനക്കാരെക്കാളും എം ടി കൃതികൾ മാറോടു ചേർത്ത് കിടന്നുറങ്ങുന്നത് പ്രവാസി മലയാളി തന്നെയാവും. കാരണം നിള നഷ്ടപ്പെട്ട അവന്റെ വേദന ഇത്ര ചാരുതയോടെ അവന്റെ തന്നെ ഹൃദയനൊമ്പരമായി പകർത്താൻ വേറെയാർക്കാണ് കഴിഞ്ഞിട്ടുള്ളത്?

രചനയുടെ പൂർണതയിൽ കർക്കശമായ താത്പര്യമുള്ള അമേരിക്കൻ എഴുത്തുകാരൻ ജെ ഡി സാലിഞ്ചറും കാഴ്സൺ മെക്കേഴ്സ് എന്ന വിദേശ എഴുത്തുകാരിയും തന്റെ എഴുത്തിനെ കാര്യമായി സ്വാധീനിച്ചിട്ടുണ്ടെന്ന് എം ടി പറഞ്ഞിട്ടുണ്ട്. ഇവരിലുമെത്രയോ ഉയരത്തിലാണ് ജനപ്രീതിയുടെ കാര്യത്തിൽ എം ടിയുടെ സ്ഥാനം. സാഹിത്യത്തിൽ എത്രയോ പ്രസ്ഥാനങ്ങളുണ്ടായിട്ടുണ്ട്. പ്രത്യേകിച്ച് മലയാള സാഹിത്യത്തിൽ. ഇവയിലൊന്നും കുടുങ്ങാതെ ഒറ്റയ്ക്ക് നടുക്കടലിലൂടെ വഞ്ചി തുഴഞ്ഞെത്തി തന്റെ വിശുദ്ധി പ്രകടമാക്കിയവനാണ് വാസു. അതുകൊണ്ടുതന്നെ എം ടി വാസുദേവൻ നായരുടെ കൃതികൾ കാലത്തേ അതിജീവിക്കുമെന്ന കാര്യം നിസ്തർക്കമാണ്.

ജീവിത സായന്തനത്തിലെങ്കിലും എഴുതാൻ ഇനിയുമേറെ ബാക്കിവച്ച എഴുത്തിലെ ആ മഹാരഥനെ 2024 ന്റെ അവസാന ദിനങ്ങളിൽ ക്രിസ്തുമസ് നക്ഷത്രങ്ങൾ വന്നു കൂട്ടികൊണ്ടു പോകുന്നതോർത്ത് കണ്ണീർപൊഴിക്കുകയാണ് സാംസ്കാരിക കേരളം.

ലോക സാഹിത്യത്തിൽ മലയാളത്തിന്റെ മേൽ വിലാസമായിരുന്നു എം.ടി വാസുദേവൻ നായർ എന്ന പേര് . എം ടി യുടെ വിയോഗത്തോടെ മലയാള കഥയിലെ ആ കാലം പൊലിയുന്നു. എന്നിരുന്നാലും കാലം കാത്തു വെച്ച മലയാളത്തിലെ കരുത്തുറ്റ രചനകളുടെ ശില്പി ഈ മണ്ണിൽ ശേഷിപ്പിച്ചുപോകുന്ന അക്ഷര പ്രപഞ്ചത്തിന് കാലം സാക്ഷി, പ്രിയ മലയാളം സാക്ഷി. അമേരിക്കൻ മണ്ണിൽ നിന്നും ഏറെ സ്നേഹത്തോടെയും വിനയത്തോടെയും ഈ ആരാധകനും ഈ ഗുരുശ്രേഷ്ഠന്റെ എഴുത്തുവഴികളിൽ സ്നേഹത്തോടെ ആദരമർപ്പിക്കുന്നു .

## എം ടി വാസുദേവൻ നായർ

പൊന്നാനി താലൂക്കിൽ കൂടല്ലൂരിൽ 1933 ജൂലായ് 15 ന് ജനനം. മുഴുവൻ പേര്: മാടത്ത്തെക്കെപാട്ട് വാസുദേവൻ നായർ . അച്ഛൻ: ടി. നാരായണൻ നായർ , അമ്മ: അമ്മാളുഅമ്മ. കുമരനെല്ലൂർ ഹൈസ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസം. പാലക്കാട് വിക്ടോറിയ കോളേജിൽ നിന്ന് 1953 ൽ ബിഎസ്സി(കെമിസ്ട്രി) ബിരുദം. അദ്ധ്യാപകൻ, പത്രാധിപർ, കഥാകൃത്ത്, നോവലിസ്റ്റ്,തിരക്കഥാകൃത്ത്, സിനിമാ സംവിധായകൻ എന്നീ നിലകളിൽ പ്രശസ്തനായി. മുറപ്പെണ്ണ് എന്ന സിനിമക്ക് ആദ്യ തിരക്കഥ എഴുതി. നിർമാല്യം, കടവ്, ഒരു വടക്കൻ വീരഗാഥ, സദയം, പരിണയം തുടങ്ങിയ ചലച്ചിത്രങ്ങൾക്ക് ദേശീയ അവാർഡും, ഓളവും തീരവും, ബന്ധനം, ഓപ്പോൾ, ആരൂഡം,വളർത്തുമൃഗങ്ങൾ , അനുബന്ധം, തൃഷ്ണ, ഇടവഴിയിലെ പൂച്ച മിണ്ടാപൂച്ച, അമൃതംഗമയ:, പെരുന്തച്ചൻ, സുകൃതം, ഒരു ചെറുപുഞ്ചിരി, തീർഥാടനം എന്നിവയ്ക്ക് സംസ്ഥാന ബഹുമതികളും ലഭിച്ചു. തിരക്കഥയെഴുതി സംവിധാനം ചെയ്ത കടവ്, സിംഗപ്പൂർ , ജപ്പാൻ എന്നിവിടങ്ങളിൽ

നടന്ന ചലച്ചിത്രോത്സവങ്ങളിൽ അവാർഡുകൾ നേടി. മലയാള സിനിമക്ക് നൽകിയ സംഭാവനകൾക്ക് പ്രേംനസീർ അവാർഡ് ലഭിച്ചിട്ടുണ്ട്. രണ്ടാമൂഴം വയലാർ അവാർഡും, മുട്ടത്തുവർക്കി ഫൌണ്ടേഷൻ അവാർഡും നേടി. നാലുകെട്ട്, സ്വർഗം തുറക്കുന്ന സമയം, ഗോപുരനടയിൽ എന്നീ കൃതികൾക്ക് കേരള അക്കാദമി അവാർഡും കാലം എന്ന നോവലിന് കേന്ദ്ര അക്കാദമി അവാർഡും 'വാനപ്രസ്ഥ'ത്തിന് ഓടക്കുഴൽ അവാർഡും ലഭിച്ചിട്ടുണ്ട്. 1995 ൽ ജ്ഞാനപീഠ പുരസ്കാരത്തിനർഹനായി. 1996 ജൂൺ 22 ന് കാലിക്കറ്റ് സർവകലാശാല ഓണററി ഡി-ലിറ്റ് ബിരുദം നൽകി ആദരിച്ചു. 2005 ലെ പത്മഭൂഷൺ ലഭിച്ചു. 2005ൽ കേരള അക്കാദമിയുടെ വിശിഷ്ടാംഗത്വം ലഭിച്ചു. മലയാള സാഹിത്യത്തിനുള്ള സമഗ്ര സംഭാവനകൾ പരിഗണിച്ച് 2011ൽ കേരള സർക്കാർ ഏർപ്പെടുത്തിയ പരമോന്നതസാഹിത്യപുരസ്കാരമായ എഴുത്തച്ഛൻ പുരസ്കാരത്തിനും അദ്ദേഹം അർഹനായി.



മലയാള സിനിമയ്ക്ക് നൽകിയ സമഗ്രസംഭാവനകൾ പരിഗണിച്ച് 2014 കേരള സർക്കാർ ജെ സി ദാനിയേൽ പുരസ്കാരം നൽകി അദ്ദേഹത്തെ ആദരിച്ചു.

**പ്രധാന കൃതികൾ :**

മഞ്ഞ്, കാലം, നാലുകെട്ട്, അസുരവിത്ത്, വിലാപയാത്ര, പാതിരാവും പകൽവെളിച്ചവും, അറബിപ്പൊന്ന്, രണ്ടാമൂഴം, വാരാണസി(നോവലുകൾ ) ; ഇരുട്ടിന്റെ ആത്മാവ്, ഓളവും തീരവും, കുട്ട്യേടത്തി, വാരിക്കുഴി, പതനം, ബന്ധനം, സ്വർഗ്ഗം തുറക്കുന്ന സമയം, നിന്റെ ഓർമ്മക്ക്, വാനപ്രസ്ഥം, എം ടി യുടെ തിരഞ്ഞെടുത്ത കഥകൾ, ഡാർ എസ് സലാം, രക്തം പുരണ്ട മണൽതരികൾ , വെയിലും നിലാവും, കളിവീട്, വേദനയുടെ പൂക്കൾ, ഷെർലക്ക്(കഥകൾ) ഗോപുരനടയിൽ (നാടകം) കാഥികന്റെ കല, കാഥികന്റെപണിപ്പുര, ഹെമിംഗ് വേ ഒരു മുഖവുര, കണ്ണാന്തളി പൂക്കളുടെ കാലം(പ്രബന്ധങ്ങൾ) ആൾകൂട്ടത്തിൽ തനിയെ(യാത്രാവിവരണം).


എംടിയുടെ തിരക്കഥകൾ - പഞ്ചാഗ്നി, നഖക്ഷതങ്ങൾ, വൈശാലി, പെരുന്തച്ചൻ, ഒരു വടക്കൻ വീരഗാഥ, നഗരമേ നന്ദി, നിഴലാട്ടം, ഒരു ചെറു പുഞ്ചിരി, നീലത്താമര, പഴശ്ശിരാജ(തിരക്കഥകൾ) സ്നേഹാദരങ്ങളോടെ, അമ്മക്ക്(ഓർമ്മകൾ). ഇംഗ്ളീഷിലേക്കും ഇതര ഭാഷകളിലേക്കും കൃതികൾ വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്

ATTORNEY AT LAW
VINOD KEARKE




- Accident Cases
- Criminal matters
- Real Estate
- Matrimonial
- Landlord/Tenant
- Immigration
- Wills and Estates

1611 Hillside Ave, New Hyde Park, NY 11040
Phone: 516 326 3350; 516 621 5381
Fax: 516 326 3353, Cell: 616 633 5208


MALABAR
GOLD & DIAMONDS
mine
DIAMOND
FESTIVAL
FREE
CASH VOUCHERS
FREE USD 50 CASH VOUCHER ON
EVERY USD 1,500 WORTH DIAMOND &
PRECIOUS GEM JEWELLERY PURCHASE
*T & C Apply
100%
100%
VALUE ON DIAMOND
EXCHANGE
Valid until 5th January, 2025
only
NATURAL
DIAMONDS
Natural Diamond Council

# കൈയെത്തും ദൂരെ ഒരു എം.ടി.



വെറും രണ്ടേ രണ്ടക്ഷരം കൊണ്ട് മലയാള സാഹിത്യലോകത്തിന് വായനയുടെ അകക്കാമ്പ് സമ്മാനിച്ച പാലക്കാട് ജില്ലയിൽ കൂടല്ലൂർ ഗ്രാമത്തിൽ മാടത്ത് തെക്കേപ്പാട്ട് (എം.ടി) വാസുദേവൻ നായർ തൂലിക താഴെവച്ച് കളമൊഴിഞ്ഞു.

മലമക്കാവ് ഗ്രാമത്തിൽ ജനിച്ചത് ഒരു സുകൃതമായി കാണുന്നവനാണ് ഞാൻ, കാരണം അവിടെ നിന്ന് ഒരു വിളിപ്പാടകലെയാണ് എം.ടി. യുടെ ഗ്രാമമായ കൂടല്ലൂർ. നാടെവിടെ എന്ന് ചോദിക്കുന്നവരോട് ഞാൻ പറയുക, എം.ടി. യുടെ കൂടല്ലൂരില്ലേ, അതന്നെ, കൂടുതൽ ചൂഴ്ന്ന് ചോദിക്കുന്നവരോട് അതിനടുത്ത മലമക്കാവ് എന്നും പറയും എന്ന് മാത്രം.

എം.ടി. യുടെ കഥകളിലൂടെയും സിനിമകളിലൂടെയും മനസ്സ് സഞ്ചരിച്ച കൗമാര കാലം. എം.ടി.യുടെ നാട്ടിലെ ഓലമേഞ്ഞ സിനിമാ കോട്ടയിൽ നിന്നാണ് ഞാൻ ആദ്യമായി സിനിമ കാണുന്നത്, അതും പത്താം ക്ലാസിൽ എത്തിയ ശേഷം. എം.ടി. യുടെ തന്നെ മുറപ്പെണ്ണായിരുന്നു ആദ്യം ഞാൻ കണ്ട സിനിമ. മനസ്സിലിപ്പോഴും പുഴക്കരയിലൂടെ കാമുകി നഷ്ടപ്പെട്ട നസീർ കരയുന്നോ പുഴ ചിരിക്കുന്നോ പാടി നടക്കുന്നുണ്ട്.

പാടത്തിന്റെ അതിർത്തിയിലുള്ള മാടത്ത് തെക്കേപ്പാട്ട് തറവാട് ദൂരെനിന്ന് കണ്ടിട്ടേ ഉള്ളൂ. കൂടല്ലൂർ അങ്ങാടിയിലേക്ക് പോകുമ്പോഴും വരുമ്പോഴും ഇക്കരെയുള്ള റോഡിൽ നിന്ന് കവുങ്ങിൻ തോട്ടത്തിനിടയിലൂടെ തറവാട്ടിലേക്ക് കണ്ണുകൾ പായിക്കും, എം.ടി. എങ്ങാനും മുറ്റത്തിറങ്ങി നിൽക്കുന്നുണ്ടോ അറിയാൻ. വീട്ടിൽ ചെന്ന് ഗമയോടെ പറയാൻ, 'ഞാൻ എം.ടി. യെ കണ്ടു'. പക്ഷെ നിരാശയായിരുന്നു ഫലം.

എം.ടി. തറവാട്ടിലെ എന്റെ തലമുറയിലെ പലരും എന്റെ സുഹൃത്തുക്കളും സഹപാഠികളുമായിരുന്നു. അവരൊക്കെ വാസ്വേട്ടൻ എന്നും വാസു അമ്മാമൻ എന്നൊക്കെ കുറച്ച് ഗമയോടെ സ്കൂളിൽ വന്നു പറയുമ്പോൾ ഞാനെന്തേ മാടത്ത് തെക്കേപ്പാട്ട് ജനിക്കാതെപോയി എന്ന് ഞാൻ ആലോചിച്ചിരുന്നു. എം.ടി. കഥയിലെ പല കഥാപാത്രങ്ങളെയും കുറിച്ച് നേരിട്ടും അമ്മയും അച്ഛനും പറഞ്ഞും നേരറിവുണ്ടായിരുന്നു. കൂടല്ലൂരിലും പരിസരങ്ങളിലും ജീവിച്ചിരിക്കുന്ന കഥാപാത്രങ്ങളെ അതേപടി പകർത്തുന്ന കഥാശൈലി ആദ്യമായി കണ്ടത് എം.ടി. രചനകളിലൂടെ ആയിരുന്നു.

ഭാരതപ്പുഴയെയും കൂമൻ കുന്നിനെയും ഒക്കെ സ്നേഹിക്കാൻ തുടങ്ങിയത് എം.ടി. യുടെ കഥകൾ വായിക്കാൻ തുടങ്ങിയതിന് ശേഷമാണ്. നിളാനദി കുടുംബ സ്വത്തായതും കൂടല്ലൂരുകാർ സ്വന്തക്കാരായതും ഹാജിയാരെയും അറുമുഖനെയും വേലായുധനെയും എമ്പ്രാന്തിരിയേയും നമ്പൂതി



**എം.ടി. യുടെ ബാല്യ കാലത്ത് കൂടല്ലൂരിൽ സ്കൂൾ ഇല്ലാത്തതിനാലാകും അദ്ദേഹം മലമക്കാവ് ഗവണ്മെന്റ് എൽ.പി. സ്കൂളിലാണ് ആദ്യപാഠങ്ങൾ പഠിച്ചത്. ഏതോ കാലത്ത് എം.ടി. ഇരുന്ന കാലിളകുന്ന ബഞ്ചിൽ കാലങ്ങൾക്ക്ശേഷം ഇരിക്കാൻ കിട്ടിയ സൗഭാഗ്യമായിരിക്കും എഴുത്തിന്റെ വഴികളിൽ ഇന്നെനിക്ക് എന്തൊക്കെയോ കുത്തിക്കുറിക്കാൻ കഴിയാനുള്ള കാരണം.**

രിയേയും നായരെയും നമ്പ്യാരെയും ഒക്കെ ഒരേ മനസ്സോടെ സ്നേഹിക്കാൻ പഠിച്ചതും എം.ടി. യെ വായിച്ചതിന് ശേഷമാണ്.

പിന്നീടാണ് എം.ടി. ഭാരതപ്പുഴയുടെ ഓരത്ത് അശ്വതി എന്ന വീട് വയ്ക്കുന്നത്. അത് റോഡിന്റെ വക്കിൽ തന്നെ ആയിരുന്നു, ആ സമയത്ത് ഞാൻ കൂടല്ലൂരിലുള്ള ടൈപ്പ് റൈറ്റിങ് ഇൻസ്റ്റിട്യൂട്ടിൽ കുറച്ച് കാലം പോയിരുന്നു. മുറ്റത്തെ പൂന്തോട്ടത്തിൽ വിരിഞ്ഞു നിൽക്കുന്ന പല വർണ്ണങ്ങളിലുള്ള പൂച്ചെടികൾക്കിടയിലൂടെ എം.ടി. യുടെ മുഖം അപ്പോഴും തിരഞ്ഞുകൊണ്ടിരുന്നു. പൂന്തോട്ടം നനയ്ക്കുന്ന ആളോട് റോഡിൽ നിന്ന് ആംഗ്യത്തോടെ ചോദിക്കും, ആൾ അകത്തുണ്ടോ എന്ന്, ഇല്ല എന്നോ ഉണ്ട് എന്നോ മനസ്സിലാകാത്ത ഒരു കണ്ണിറുക്കൽ മാത്രമായിരിക്കും തോട്ടക്കാരന്റെ മറുപടി. എം.ടി.യുടെ ഏട്ടന്മാരെ എല്ലാവരെയും സ്ഥിരം കൂടല്ലൂർ അങ്ങാടിയിൽ വച്ച് കാണുന്നവരാണെങ്കിലും എം.ടി. എന്ന എഴുത്തിന്റെ കുലപതിയെ മാത്രം കണ്ടെത്താനായില്ല. കൈയ്യെത്താ ദൂരത്ത് എം,ടി. യുടെ നിഴൽ എനിക്ക് മുന്നിൽ കണ്ണുപൊത്തിക്കളിച്ചുകൊണ്ടിരുന്നു .

എം.ടി. യുടെ ബാല്യകാലത്ത് കൂടല്ലൂരിൽ സ്കൂൾ ഇല്ലാത്തതിനാലാകും അദ്ദേഹം മലമക്കാവ് ഗവണ്മെന്റ് എൽ.പി. സ്കൂളിലാണ് ആദ്യപാഠങ്ങൾ പഠിച്ചത്. ഏതോ കാലത്ത് എം.ടി. ഇരുന്ന കാലിളകുന്ന ബഞ്ചിൽ കാലങ്ങൾക്ക് ശേഷം ഇരിക്കാൻ കിട്ടിയ സൗഭാഗ്യമായിരിക്കും എഴുത്തിന്റെ വഴികളിൽ ഇന്നെനിക്ക് എന്തൊക്കെയോ കുത്തിക്കുറിക്കാൻ കഴിയാനുള്ള കാരണം.

ആയിടക്കാണ് എം.ടി. ക്ക് അദ്ദേഹത്തിന്റെ രണ്ടാമൂഴത്തിന് വയലാർ അവാർഡ് കിട്ടുന്നത്. അതൊരു വലിയ വാർത്തയും കൂടല്ലൂർകാരെ സംബന്ധിച്ച് വലിയൊരു അഭിമാനവുമായിരുന്നു. സത്യത്തിൽ എം.ടി. എന്ന പ്രതിഭയെ കൂടല്ലൂരുകാർ അറിയുന്നത് അന്നായിരുന്നു. അങ്ങനെയാണ് എം,ടി.ക്ക് ഘോഷയാത്രയോടെ വലിയൊരു സ്വീകരണം കൂടല്ലൂരിൽ ഒരുക്കിയത്. സ്വന്തം നാടിന്റെ എഴുത്തുകാരനെ ഗ്രാമം നെഞ്ചിലേറ്റിയ ദിനം.. കൂടല്ലൂർ, മലമക്കാവ്, മണ്ണിയംപെരുമ്പലം, കുമ്പിടി, ആനക്കര പന്നിയൂർ, നയ്യൂർ, തുടങ്ങി കൂടല്ലൂരിന് തൊട്ടുകിടക്കുന്ന ഗ്രാമങ്ങളിലെ സാഹിത്യപ്രേമികളും അല്ലാത്തവരും എം.ടി. യെ ഒരുനോക്ക് കാണാനും ആഘോഷങ്ങളിൽ പങ്കുചേരുവാനും കൂടല്ലൂരിലേക്ക് ഒഴുകിയെത്തി. എം ടി. പുസ്തകത്താളിൽ കുറിച്ചിട്ട മഷിയടയാളങ്ങളിലെ ജീവനുള്ള കഥാപാത്രങ്ങൾ ആ സന്ധ്യയിൽ കൂടല്ലൂർ ഗ്രാമത്തിലൂടെ ഒഴുകി നീന്തിയപ്പോൾ ഒരുവേള ഭാരതപ്പുഴപോലും തിരയടങ്ങി നിന്നു .

അന്നാണ് എം.ടി. യുടെ ജാതക ഫലങ്ങൾ നോക്കി എന്റെ അയൽവീട്ടിൽ താമസിക്കുന്ന കുറച്ച് ജ്യോതിഷവും ഹസ്തരേഖാ ശാസ്ത്രവും ഒക്കെ അറിയുന്ന രാമേട്ടൻ എന്ന് ഞാൻ വിളിക്കുന്ന കാങ്കത്ത് വളപ്പിലെ കെ.ടി. രാമൻ നമ്പ്യാർ പ്രവചിച്ചത്, ''ഇതൊന്നും ഒരു അവാർഡ് അല്ല, എം.ടി. യെ തേടി വലിയ അംഗീകാരങ്ങൾ വരാനിരിക്കുന്നതേ ഉള്ളൂ''. കുറെ കാലം ഞങ്ങൾ നാട്ടുകാർ രാമേട്ടന്റെ ഈ പ്രവചനം പറഞ്ഞ് കളിയാക്കുകയും ചിരിക്കുകയും ചെയ്തു, പക്ഷെ പിന്നീട് എം.ടി. യെ തേടി ജ്ഞാനപീഠം അവാർഡ് എത്തിയപ്പോഴാണ് അദ്ദേഹം അന്ന് പ്രവചിച്ചത് ശരിയായിരുന്നു എന്ന് ഞങ്ങൾക്ക് ബോധ്യമാകുന്നത്.

ഇന്ന്, തൊണ്ണൂറ്റി ഒന്നാം വയസിൽ എം.ടി. വിട പറയുമ്പോൾ തന്റെ തൂലികത്തുമ്പിലൂടെ മരുമക്കത്തായ കാലഘട്ടത്തിലെ നാലുകെട്ടിന്റെ അകത്തളങ്ങളിൽ വീണ കണ്ണീർ ചൂടുകളും നിസ്സഹായ നിശ്വാസങ്ങളും പാമ്പിൻ കാവിലെ ചിത്രോടക്കല്ലുകളും കളമെഴുത്തും തുമ്പിതുള്ളലും എല്ലാം ഇന്നും ഭാരതപ്പുഴയിലെ തെളിനീർപ്പരപ്പിൽ നഖചിത്രം വരയ്ക്കുന്നു.

അക്ഷരസുകൃതത്തിന് സ്നേഹപ്രണാമം.!

*രാജൻ കിണറ്റിങ്കര*

മുംബൈ

# മാപ്പിന് നവ നേതൃത്വം

## ബെൻസൺ വർഗീസ് പണിക്കർ, ലിജോ പി ജോർജ്, ജോസഫ് കുരുവിള (സാജൻ) എന്നിവർ നേതൃത്വ നിരയിൽ




ഫിലാഡൽഫിയ: അമേരിക്കയിലെ ഏറ്റവും പഴക്കം ചെന്നതും ശക്തവുമായ അസ്സോസിയേഷനുകളിൽ ഒന്നായ മലയാളീ അസോസിയേഷൻ ഓഫ് ഗ്രെയ്റ്റർ ഫിലാഡൽഫിയ (മാപ്പ്) അതിന്റെ 2025 ലെ പുതിയ ഭരണ സമിതിയെ തിരഞ്ഞെടുത്തു. 2022 ൽ പാസ്സാക്കിയ ഭരണഘടനാ ഭേദഗതി അനുസരിച്ചു ഇത്തവണ നോമിനേഷൻ പ്രക്രിയയിലൂടെ ഒഴിവുവന്ന എല്ലാ സ്ഥാനങ്ങളുടെയും അപേക്ഷകൾ സ്വീകരിച്ചു. പത്രിക പിൻവലിക്കാനുള്ള അവസാന ദിവസമായ നവംബർ 9 ന് ശനിയാഴ്ചയ്ക്ക് ശേഷം, നവംബർ 17 ന് ഞായറാഴ്ച വൈകുന്നേരം 5 മണിക്ക് ഇലക്ഷൻ കമ്മീഷണേഴ്സ് വിജയികളെ മാപ്പിന്റെ ഓഫിസിൽ വെച്ചു പ്രഖ്യാപിച്ചു.

എതിരില്ലാതെ ആണ് എല്ലാ സ്ഥാനാർത്ഥികളും തിരഞ്ഞെടുക്കപ്പെട്ടത്. തിരഞ്ഞെടുപ്പ് പ്രക്രിയക്ക് നേതൃത്വം നൽകിയത് തോമസ് ചാണ്ടി, അലക്സ് അലക്സാണ്ടർ, ജോൺ സാമുവൽ എന്നീ ഇലക്ഷൻ കമ്മീഷണർമാരാണ്.

**<u>2025 ലെ മാപ്പിന്റെ പുതിയ ഭാരവാഹികൾ</u>**:

1. പ്രസിഡന്റ് - ബെൻസൺ വർഗീസ് പണിക്കർ
2. വൈസ് പ്രസിഡന്റ് - കൊച്ചുമോൻ വയലത്ത്
3. ജനറൽ സെക്രട്ടറി - ലിജോ പി ജോർജ്
4. സെക്രട്ടറി - എൽദോ വർഗീസ്
5. ട്രഷറാർ - ജോസഫ് കുരുവിള (സാജൻ)
6. അക്കൗണ്ടന്റ് - ജെയിംസ് പീറ്റർ

<u>BOT അംഗങ്ങളായി തിരഞ്ഞെടുക്കപ്പെട്ടവർ</u>

1. BOT മെമ്പർ - അനു സ്കറിയ
2. BOT മെമ്പർ - ബിനു ജോസഫ്
3. BOT മെമ്പർ - ശാലു പുന്നൂസ്
4. BOT മെമ്പർ - തോമസ് ചാണ്ടി

**ചെയർ പേഴ്സൺസായി തിരഞ്ഞെടുക്കപ്പെട്ടവർ**

1. ആർട്സ് ചെയർപേഴ്സൺ - അഷിത ശ്രീജിത്ത്
2. സ്പോർട്സ് ചെയർപേഴ്സൺ - സന്തോഷ് ഫിലിപ്പ്
3. യൂത്ത് ചെയർപേഴ്സൺ - സജി വർഗീസ്
4. പബ്ലിസിറ്റി ആന്റ് പുബ്ലിക്കേഷൻസ് ചെയർപേഴ്സൺ - റോജേഷ് സാം സാമുവൽ
5. എഡ്യൂക്കേഷൻ ആന്റ് ഐ റ്റി ചെയർപേഴ്സൺ - ഫെയ്ത് മരിയ എൽദോ
6. മാപ്പ് ഐ സി സി ചെയർപേഴ്സൺ - ഫിലിപ്പ് ജോൺ
7. ചാരിറ്റി ആന്റ് കമ്മ്യൂണിറ്റി ചെയർപേഴ്സൺ - ലിബിൻ പുന്നശ്ശേരി
8. ലൈബ്രറി ചെയർപേഴ്സൺ - ജോൺസൻ മാത്യു
9. ഫണ്ട് റേസിംഗ് ചെയർപേഴ്സൺ - ജോൺ ശാമുവേൽ
10. മെമ്പർഷിപ്പ് ചെയർപേഴ്സൺ - അലക്സ് അലക്സാണ്ടർ
11. വുമൺ' സ് ഫോറം ചെയർപേഴ്സൺ - ദീപ് തോമസ്

**<u>കമ്മിറ്റി മെംബേഴ്സ്</u>**

1. ഏലിയാസ് പോൾ
2. ദീപു ചെറിയാൻ
3. ജോർജ് എം കുഞ്ഞാണ്ടി
4. ജോർജ് മാത്യു
5. ലിസി തോമസ്
6. മാത്യു ജോർജ്
7. രാജു ശങ്കരത്തിൽ
8. റോയ് വർഗീസ്
9. സാബു സ്കറിയ
10. ഷാജി സാമുവൽ
11. സോബി ഇട്ടി
12. സോയ നായർ
13. സ്റ്റാൻലി ജോൺ
14. തോമസ്കുട്ടി വർഗീസ്
15. വിൻസെന്റ് ഇമ്മാനുവൽ
16. ശ്രീജിത്ത് കോമത്ത്

പുതിയ ഭരണസമിതിയുടെ പ്രവർത്തനോൽഘാടനവും അധികാര കൈമാറ്റവും പുതിയ വർഷം ആരംഭത്തിൽത്തന്നെ ഉണ്ടാവുമെന്ന് പ്രസിഡന്റ് ശ്രീജിത്ത് കോമത്ത്, നിയുകത പ്രസിഡന്റ് ബെൻസൺ വർഗീസ് പണിക്കർ എന്നിവർ വ്യക്തമാക്കി.

വാർത്ത: റോജീഷ് സാം സാമുവൽ, മാപ്പ് പി. ആർ. ഒ




DISCOVER
BRILLIANCE
At the
Joyalukkas
DIAMOND
FEST
Buy diamond jewellery worth
USD 1500 & ABOVE
GET 1 GM
22 KT GOLD COIN
Buy diamond jewellery worth
USD 1000 & ABOVE
GET 0.5 GM
22 KT GOLD COIN
100% VALUE
ON OLD GOLD EXCHANGE
100% VALUE
ON DIAMOND EXCHANGE
Offer valid until 12th Jan. 2025
*Terms and Conditions Apply
joyalukkas.com
Joyalukkas
World's favourite jeweller
ATLANTA
3155 PEACHTREE PKWY, SUWANEE GA 30024, USA, TEL: +1 470 835 6136
NEW JERSEY
1665 OAK TREE ROAD, SUIT #325, EDISON, NEW JERSEY. TEL: +1 732 515 9902
HOUSTON
5901 HILCROFT AVENUE, #C7-A, HOUSTON, TEXAS. TEL: +1 713 784 2992
CHICAGO
2642 WEST DEVON AVENUE, CHICAGO, ILLINOIS. TEL: +1 773 856 3013
DALLAS
7055 PRESTON ROAD FRISCO, DALLAS, TEXAS - 75034. TEL: +1 972 292 9936

# സാഹിത്യം പോലെ സിനിമയും ആഘോഷമാക്കി, പകരമില്ലാത്ത ഈ സഹൃദയൻ




**എ.എസ് ശ്രീകുമാർ**

മണ്ണും മലയാളവും ഉള്ളിടത്തോളം കാലം സ്മരണയിൽ പരിലസിക്കുന്ന രണ്ടക്ഷരമായിരിക്കും എം.ടി. മലയാള സാഹിത്യത്തിന് മാത്രമല്ല, ഇന്ത്യൻ സാഹിത്യത്തിനും അഭിമാനകരമായ ഒട്ടനവധി കൃതികൾ ആ തൂലികയിൽ നിന്നും ഉതിർന്നു. ജ്ഞാനപീഠമേറിയ സാഹിത്യമെന്ന പോലെ സിനിമ മേഖലയിൽ കൈവെച്ചതെല്ലാം എം.ടി തിലകകുറികളാക്കി മാറ്റി. 1963-64 കാലത്താണ് എം.ടി സിനിമാ രംഗത്തേക്ക് പദമൂന്നുന്നത്. സ്വന്തം കൃതിയായ 'സ്നേഹത്തിന്റെ മുഖങ്ങൾ' എന്ന ചെറുകഥ 'മുറപ്പെണ്ണ്' എന്ന പേരിൽ തിരക്കഥയൊരുക്കിക്കൊണ്ടായിരുന്നു എം.ടിയുടെ ചലച്ചിത്രലോകത്തേയ്ക്കുള്ള സഞ്ചാരത്തിന്റെ തുടക്കം. എം.ടി തിരക്കഥയെഴുതിയ എഴുപതോളം ചിത്രങ്ങൾ ഉണ്ടെങ്കിലും അദ്ദേഹത്തിന്റെ സംവിധാന മികവിൽ പുറത്തിറങ്ങിയത് ആറ് ചിത്രങ്ങളാണ്.

എം.ടിയുടെ തിരക്കഥയ്ക്കായി സംവിധായകർ കാത്തുനിൽക്കുമായിരുന്നു. അടുത്ത സുഹൃത്തുക്കളായ ചിലരുടെ സ്നേഹ നിർബന്ധം കാരണമാണ് മനസില്ലാ മനസോടെ മലയാള സിനിമയിലേക്ക് എം.ടി കടന്നുവന്നത്. പിന്നെ കുടുംബ ബന്ധങ്ങളിലേക്കും മനുഷ്യ മനസിന്റെ കാണാക്കാഴ്ച്ചകളിലേക്കും ക്യാമറ തിരിച്ചുവച്ച എം.ടി മലയാളത്തിന് സമ്മാനിച്ചത് സമാനതകളില്ലാത്ത ദൃശ്യവസന്തമായിരുന്നു.

തിരക്കഥകൾക്ക് അപ്പുറം സംവിധാനത്തിലേക്കും മലയാളത്തിന്റെ പ്രിയ കഥാകാരൻ ഇറങ്ങിച്ചെന്നപ്പോൾ പിറന്നത് മലയാള സിനിമയുടെ എക്കാലത്തെയും മികച്ച ചിത്രങ്ങളിലൊന്നായ 'നിർമാല്യം' എന്ന ഇതിഹാസമാണ്. വേദനയുടെ പൂക്കൾ എന്ന കഥാസമാഹാരത്തിലെ 'പള്ളിവാളും കാൽചിലമ്പും' എന്ന സ്വന്തം ചെറുകഥയെ ആസ്പദമാക്കി എം.ടി തിരക്കഥയും നിർമാണവും സംവിധാനവും നിർവഹിച്ച നിർമാല്യം, ദാരിദ്രത്തിന്റെ കനൽച്ചൂളയിൽ ആത്മസംഘർഷങ്ങളുമായി ജീവിക്കുന്ന വെളിച്ചപ്പാടിന്റെയും കുടുംബത്തിന്റെയും നീറുന്ന കഥയാണ് പറഞ്ഞത്.

അക്കാലത്തെ സാമൂഹികവും സാമ്പത്തികവുമായ അരക്ഷിതാവസ്ഥ തുറന്നുകാട്ടി 1973-ൽ റിലീസായ ചിത്രത്തിൽ വെളിച്ചപ്പാടായി പി.ജെ ആന്റണി എന്ന മഹാമേരു ഉറഞ്ഞാടി. എം.ടിയുടെ ഈ ആദ്യ സംവിധാന സംരംഭത്തിൽ മികച്ച ചിത്രത്തിനും നടനുമുള്ള ദേശീയ പുരസ്കാരം നിർമാല്യത്തിലൂടെ കേരളത്തിന് ലഭിച്ചു. മികച്ച നടനുള്ള ദേശീയ പുരസ്കാരം നേടുന്ന ആദ്യ മലയാളിയായി പി.ജെ ആന്റണി. തുടർന്ന് എം.ടി തിരക്കഥയും സംവിധാനവും നിർവഹിച്ച 'ബന്ധനം' 1978-ൽ പുറത്തിറങ്ങി. സുകുമാരനും ശങ്കരാടിയും ശോഭയും പ്രധാന വേഷങ്ങളിലെത്തിയ ബന്ധനം മികച്ച ചിത്രത്തിനുള്ള സംസ്ഥാന സർക്കാർ പുരസ്കാരവും മികച്ച ഗായകനുള്ള പുരസ്കാരവും നേടി.

'പകൽക്കിനാവ്' എന്ന സിനിമയ്ക്ക് തിരക്കഥ ഒരുക്കിയ എം.ടി 'ഇരുട്ടിന്റെ ആത്മാവ്', 'നഗരമേ നന്ദി', 'അസുരവിത്ത്', 'ഓളവും തീരവും' തുടങ്ങി തന്റെ മറ്റ് കൃതികളും തിരക്കഥകളാക്കി. സംസ്ഥാനത്തെ മികച്ച ചിത്രം, സംവിധായകൻ, സഹനടി (ഫിലോമിന) ഛായാഗ്രഹണം (മങ്കട രവിവർമ്മ), സംഭാഷണം (എം.ടി) എന്നീ പ്രധാനപ്പെട്ട എല്ലാ അവാർഡുകളും കരസ്ഥമാക്കി ചരിത്രത്തിൽ ഇടം പിടിച്ച സിനിമയായിരുന്നു ഓളവും തീരവും. 1971-ൽ എം.ടിയുടെ തിരക്കഥയിൽ എത്തിയ 'കുട്ട്യേടത്തി' മലയാള സിനിമയിലെ ധീരമായ ഒരു ശ്രമമായിരുന്നു.

സത്യൻ തന്റെ അവസാന കാലത്ത് അഭിനയിച്ച ചിത്രങ്ങളിലൊന്നായിരുന്നു കുട്ട്യേടത്തി. കുട്ട്യേടത്തി എന്ന കഥാപാത്രത്തെ വിലാസിനിയിലൂടെ അവതരിപ്പിച്ച എം.ടി സിനിമാ ലോകത്ത് അന്നും ഇന്നും അംഗീകരിക്കപ്പെട്ട സൗന്ദര്യ സങ്കൽപ്പത്തെ തകർത്തെറിയുക തന്നെയായിരുന്നു. വെളുത്തവൾ വഴിതെറ്റി പോവുമ്പോൾ പഴി കേൾക്കുന്നതും മർദ്ദനമേൽക്കുന്നതും കറുത്തവൾക്കാണ്. അവളുടെ ഉള്ളിലെ സ്നേഹവും പ്രണയവും കുട്ടിത്തവും വാത്സല്യവും നിറഞ്ഞുകവിഞ്ഞു നിൽക്കുകയാണ് എന്നു തിരിച്ചറിയുന്ന മുഹൂർത്തങ്ങളാണ് കുട്ട്യേടത്തിയെ ഇന്നും മികച്ച ദൃശ്യാനുഭവമാക്കി മാറ്റുന്നത്.

എം.ടിയുടെ ഏറ്റവും മികച്ച കഥകളിലൊന്നായ 'ഇരുട്ടിന്റെ ആത്മാവ്' സിനിമയാക്കിയപ്പോൾ സംവിധാനം ചെയ്യാനുള്ള ഭാഗ്യം ലഭിച്ചത് പി ഭാസ്കരനായിരുന്നു. ഭ്രാന്തൻ വേലായുധന്റെ അഴിഞ്ഞുവീണ ചങ്ങലയുടെ അവസാനിക്കാത്ത കിലുക്കം മലയാള സാഹിത്യത്തറവാട്ടിലെ പ്രതിഭയുടെ മണിമുഴക്കം കൂടിയാണ്. 'നീലത്താമര' സിനിമയാക്കിയത് യൂസഫലി കേച്ചേരി ആയിരുന്നു. വ്യത്യസ്തമായൊരു പ്രണയ കഥയായിരുന്നു നീലത്താമര. വർഷങ്ങൾക്ക് ശേഷം നീലത്താമര വീണ്ടും സിനിമയാക്കിയപ്പോൾ ലാൽജോസിനെയായിരുന്നു അത്

സംവിധാനം ചെയ്യാനുള്ള ഭാഗ്യം കടാക്ഷിച്ചത്. പുതിയ കാലഘട്ടത്തിന് അനുസരിച്ച് എം.ടി തിരക്കഥയിൽ ചില മാറ്റങ്ങൾ വരുത്തുകയും ചെയ്തിരുന്നു.

'വിൽക്കാനുണ്ട് സ്വപ്നങ്ങൾ' എന്ന ചിത്രത്തിലൂടെ പ്രവാസികളുടെ പ്രശ്നങ്ങൾ ആദ്യമായി സിനിമയിൽ അവതരിപ്പിച്ചത് എം.ടിയായിരുന്നു. എം.ടിയുടെ മറ്റൊരു ക്ലാസിക്കായ 'പെരുന്തച്ചൻ' സിനിമയാക്കിയത് അജയൻ ആണ്. തിലകന്റെ ഗംഭീര സിനിമകളിൽ ഒന്നായി പെരുന്തച്ചൻ മാറി. സമാന്തര സിനിമയുടെ വക്താവായ പവിത്രൻ എം.ടിയുടെ തിരക്കഥയിൽ ചെയ്ത ചിത്രമായിരുന്നു 'ഉത്തരം'. എം.ടിയുടെ തിരക്കഥയിൽ പിറന്ന സിബി മലയിൽ ഒരുക്കിയ 'സദയം' കണ്ട് കരയാത്ത മലയാളികൾ ഉണ്ടാവില്ല.

നാല് തവണയാണ് മികച്ച തിരക്കഥക്കുള്ള ദേശീയ അവാർഡ് എം.ടിയെ തേടിയെത്തിയത്. ഒരു വടക്കൻ വീരഗാഥ (1989), കടവ് (1991), സദയം (1992), പരിണയം (1994) എന്നിവയ്ക്കായിരുന്നു ഈ പുരസ്കാരങ്ങൾ. പാണൻ പാടി നടന്ന ചന്തുവിന്റെ കഥയ്ക്കും ജീവിതത്തിനും ഒരു മറുവശമുണ്ടെങ്കിലോ എന്ന് ചിന്തിച്ച് അത് മാലോകരോട് വിളിച്ച് പറയാനുള്ള ചങ്കൂറ്റം എം.ടിയോളം മറ്റാർക്കുമില്ല. രാമായണത്തിലെ ഉപകഥകളിലൊന്നായ വൈശാലിയുടേയും ഋഷ്യശൃംഗന്റേയും കഥയും പറയിപെറ്റ പന്തിരുകുലത്തിലെ പെരുന്തച്ചന്റെ കഥയും അഭ്രപാളികളിലേക്ക് കോറിയിടുമ്പോൾ എം.ടിയെന്ന സാഹിത്യകാരനാണോ സിനിമാക്കാരനാണോ ഉയരത്തിൽ എന്ന ചോദ്യമുയരുക സ്വാഭാവികം.

'മഞ്ഞ്, കടവ്, ബന്ധനം, വാരിക്കുഴി, ഒരു ചെറുപുഞ്ചിരി എന്നിവയാണ് എം.ടി സംവിധാനം ചെയ്ത മറ്റ് ചിത്രങ്ങൾ. എസ്.കെ പൊറ്റക്കാടിന്റെ 'കടത്തുതോണി' എന്ന ചെറുകഥയെ ആസ്പദമാക്കി എ.ടി തിരക്കഥയും സംവിധാനവും നിർവഹിച്ച ചിത്രമാണ് കടവ്. ഹൃദയ വേദനയോടെ പ്രേക്ഷകർ കണ്ട ചിത്രം ദേശീയ-അന്തർ ദേശീയ വേദികളിൽ ഉൾപ്പെടെ പുരസ്കാരങ്ങളോടെ തിളങ്ങി. കവിത പോലെ മനോഹരമായ 'മഞ്ഞ്' എം.ടിയുടെ തിരക്കഥയിലും സംവിധാനത്തിലുമാണ് ചലച്ചിത്രമായത്. മഞ്ഞിലെ മൗനത്തിന്റെയും വ്യർത്ഥമായ കാത്തിരിപ്പിന്റെയും വായനാനുഭവം എം.ടിയുടെ സംവിധാന മികവിൽ പ്രേക്ഷകർ ചലച്ചിത്രമായി ഒരിക്കൽ കൂടി അനുഭവേദ്യമാക്കി.



എം.ടിയുടെ സംവിധാനത്തിലെ അവസാന ചിത്രമാണ് 2000-ൽ ഇറങ്ങിയ ഒരു ചെറു പുഞ്ചിരി. തെലുങ്ക് എഴുത്തുകാരൻ ശ്രീരമണയുടെ മിഥുനം എന്ന നോവലാണ് ചിത്രത്തിന്റെ തിരക്കഥയ്ക്കാധാരം. വാർധ്യക്യകാല ദാമ്പത്യത്തിലെ ഊഷ്മള ബന്ധം എം.ടിയുടെ സംവിധാന മികവിൽ ഒടുവിൽ ഉണ്ണികൃഷ്ണനും നിർമലയും വെള്ളിത്തിരയിൽ അവതരിപ്പിച്ചപ്പോൾ മലയാളിക്കത് വേറിട്ട അനുഭവമായി. അങ്ങനെ മികച്ച സംവിധായകനുള്ള സംസ്ഥാന ചലച്ചിത്ര പുരസ്കാരം ചെറു പുഞ്ചിരിയിലൂടെ ഒരിക്കൽ കൂടി എം.ടിയിലേക്ക് എത്തി.

എം.ടിയുടെ ജീവിതഗന്ധമുള്ള കഥാപാത്രങ്ങളാണ് മമ്മൂട്ടിയെയും മോഹൻലാലിനെയും സൂപ്പർ-മെഗാ താരപദവിയിലേയ്ക്ക് എത്തിച്ചത്. സദയവും താഴ്വാരവും ഉയരങ്ങളിലും അമൃതം ഗമയയും പഞ്ചാഗ്നിയും മോഹൻലാൽ എന്ന നടനെ ആവോളം ചൂഷണം ചെയ്ത സിനിമകളായിരുന്നുവെങ്കിൽ മമ്മൂട്ടിക്ക് വേണ്ടിയൊരുക്കിയ വടക്കൻ വീരഗാഥ, ഉത്തരം, പഴശ്ശിരാജ, സുകൃതം, അടിയൊഴുക്കുകൾ എന്നിവ താരത്തിന്റെ കരിയർ ബെസ്റ്റുകളായും അറിയപ്പെടുന്നു.

മഹാഭാരതത്തെ ആഴത്തിൽ അപഗ്രഥിച്ചെഴുതിയ 'രണ്ടാമൂഴം' ആണ് എം.ടിയുടെ എക്കാലത്തെയും മാസ്റ്റർ ക്ലാസായി അറിയപ്പെടുന്ന നോവൽ. ഭീമന് നായകസ്ഥാനം കൽപ്പിച്ച് മഹാഭാരതത്തിന് എം.ടി നൽകിയ ഒരു പുനരാഖ്യാനം ആയിരുന്നു രണ്ടാമൂഴം. കഥയ്ക്കും തിരക്കഥയ്ക്കും സംവിധാനത്തിനുമായി 22 തവണ എം.ടി സംസ്ഥാന ചലച്ചിത്ര അവാർഡ് നേടി. 'കാലം' (1970കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്), 'രണ്ടാമൂഴം' (വയലാർ അവാർഡ്) 'വാനപ്രസ്ഥം' (ഓടക്കുഴൽ അവാർഡ്), എന്നീ കൃതികൾക്കും പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. 'കടവ്' സിംഗപ്പൂർ ഫിലിം ഫെസ്റ്റിവലിൽ പ്രത്യേക ജൂറി അവാർഡും ജപ്പാനിലെ ഒകോയാമ ചലച്ചിത്ര മേളയിൽ ഗ്രാൻഡ് പ്രി ബഹുമതിയും നേടി. ജക്കാർത്തയിലെ സിട്ര അവാർഡ് ആണ് മറ്റൊരു നേട്ടം. മലയാള സിനിമയ്ക്ക് നൽകിയ സമഗ്ര സംഭാവനയ്ക്ക് ഫിലിം ഫെയർ, സിനിമാ എക്സ്പ്രസ് അവാർഡുകളും ലഭിച്ചു.

എം.ടി സംവിധാനം നിർവഹിച്ച് പൂർത്തിയാക്കാൻ കഴിയാതെ പോയ ഒരു ചിത്രമാണ് ദേവലോകം. ഈ സിനിമയിലെ തൊഴിലാളി നേതാവായി എം.ടി കണ്ടെത്തിയ യുവാവ് പിന്നെ മലയാള സിനിമയ്ക്കുള്ള എം.ടിയുടെ സമ്മാനമായി. അത് മറ്റാരുമല്ല, മലയാളത്തിന്റെ സ്വന്തം മമ്മൂട്ടിയാണ്. ഹരിഹരനും ഐ.വി ശശിക്കുമൊപ്പമായിരുന്നു എം.ടി കൂടുത സിനിമകളും ചെയ്തത്. 'മനോരഥങ്ങൾ' ആണ് എം.ടിയുടെതായി ഒടുവിൽ റിലീസ് ചെയ്ത ചിത്രം. എം.ടിയുടെ ഒൻപത് ചെറുകഥകളെ ചേർന്ന ആന്തോളജി സിനിമയാണ് മനോരഥങ്ങൾ.

''ഗംഗ ശാന്തമാണ്. വളരെ നേർത്ത അലകൾ. ഒരു നെടുവീർപ്പിട്ട ശേഷം വിശ്രമിക്കാനൊരുങ്ങുകയാണ്...'' കാശിയുടെ പശ്ചാത്തലത്തിൽ എം.ടി എഴുതിയ അവസാന നോവൽ 'വാരണാസി'യിലെ മരണത്തിന്റെ ഗന്ധമുള്ള വാക്കുകളാണിത്. മലയാളക്കരയെ ഹൃദയം കൊണ്ടെഴുതിയ അക്ഷരക്കൂട്ടങ്ങൾ കൊണ്ട് വിസ്മയിപ്പിക്കുകയും തലമുറകളെ എഴുതാനും വായിക്കാനും പ്രചോദിപ്പിക്കുകയും ചെയ്ത ഈ സാഹിത്യകാരന്റെ കഥകളും കഥാപാത്രങ്ങളും, ഭാഷയും സാഹിത്യവും ഉള്ളിടത്തോളം നിലകൊള്ളും.




USA - CANADA TOUR
MAY-JUNE 2025
STAR
ENTERTAINMENT
PRESENTS
cine
Star
Nite
2025
www.starentertainment.world
CONTACT: JOSEPH IDICULA 201-421-5303
JAMES GEORGE 973-985-8432 | BOBBY VARGHESE 201-669-1477

# ക്രിസ്തുമസ് ആഘോഷത്തിൽ പ്രധാനമന്ത്രി മോദി;
# ഇന്ത്യ മനുഷ്യന്റെ നന്മ ലക്ഷ്യമിടുന്നു



ന്യൂഡൽഹി: സ്നേഹവും സാഹോദര്യവുമാണ് ക്രിസ്തു പഠിപ്പിച്ചതെന്നും അവ തകർക്കാനുള്ള ശ്രമങ്ങൾ വേദനാജനകമാണെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി. കാത്തലിക് ബിഷപ്പ്സ് കോൺഫറൻസ് ഓഫ് ഇന്ത്യ (സി.ബി.സി.ഐ) ആസ്ഥാനത്ത് ക്രിസ്മസ് ആഘോഷത്തിൽ പങ്കെടുക്കുകയായിരുന്നു പ്രധാനന്ത്രി.

തിങ്കളാഴ്ച വൈകുന്നേരം ആറുമണിയോടെ സി.ബി.സി.ഐ ആസ്ഥാനത്തെത്തിയ പ്രധാനമന്ത്രിയെ സി.ബി.സി.ഐ. അധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്തിന്റെ നേതൃത്വത്തിൽ സ്വീകരിച്ചു. തുടർന്ന് ക്രിസ്മസ് ആഘോഷ പരിപാടിയിൽ പ്രധാനമന്ത്രി പങ്കെടുത്തു. പ്രധാനമന്ത്രിക്കൊപ്പം സാംസ്കാരിക രാഷ്ട്രീയ രംഗത്തെ പ്രമുഖരും പരിപാടിയുടെ ഭാഗമായി.

വിദേശനയങ്ങളിൽ ദേശതാത്പര്യത്തിനൊപ്പം മനുഷ്യാവകാശങ്ങൾക്കും പരിഗണന നൽകുന്ന രാജ്യമാണ് ഇന്ത്യ. കോവിഡ് മഹാമാരി കാലത്ത് ഇന്ത്യയുടെ കഴിവിനുമപ്പുറമാണ് ദരിദ്രരാജ്യങ്ങൾക്ക് സഹായമെത്തിച്ചത്. 150-ലധികം രാജ്യങ്ങൾക്ക് മരുന്നുകൾ നൽകി.

ലോകത്തിലെവിടെയാണെങ്കിലും ഏത് സാഹചര്യത്തിലാണെങ്കിലും പൗരന്മാരെ സുരക്ഷിതരായി രാജ്യത്തെത്തിക്കുവാൻ ഇന്ത്യ പ്രതിജ്ഞാബദ്ധമാണ്. ഗൾഫ് രാജ്യങ്ങളിൽ കുടുങ്ങി കിടന്ന നഴ്സുമാരെ തിരിച്ചെത്തിച്ചു. യുദ്ധബാധിത അഫ്ഗാനിസ്ഥാനിൽനിന്ന് വൈദികനായ അലക്സിസ് പ്രേം കുമാറിനെ സുരക്ഷിതനായി ഇന്ത്യയിലെത്തിച്ചത് സംതൃപ്തി തോന്നിയ മുഹൂർത്തമായിരുന്നു. അത് നയതന്ത്രപരമായ ഉത്തരവാദിത്വം മാത്രമായിരുന്നില്ല. കുടുംബാംഗത്തിനെ തിരിച്ചെത്തിക്കുക എന്ന കടമായായിരുന്നു.

ജർമനിയിൽ ക്രിസ്മസ് ചന്തയിലേക്ക് കാറിടിച്ചു കയറ്റിയ സംഭവത്തെ പ്രധാനമന്ത്രി അപലപിക്കുകയും ചെയ്തു.

അന്യോന്യം ഭാരങ്ങൾ വഹിക്കുവിൻ എന്നാണ് ബൈബിൾ വചനം. ഈ വാക്കുകൾ മുദ്രാവാക്യമാക്കിയാണ് ഞങ്ങൾ പ്രവർത്തിക്കുന്നത്. അനുകമ്പയുടെയും നിസ്വാർത്ഥ സേവനത്തിന്റെയും പാതയാണ് യേശുക്രിസ്തു ലോകത്തിന് കാണിച്ചുകൊടുത്തത്. എല്ലാവരും ഒന്നിച്ച്, എല്ലാവരുടെയും ക്ഷേമം, എല്ലാവരുടെയും പരിശ്രമം എന്ന പൊതുലക്ഷ്യവുമായാണ് രാജ്യം ഇന്ന് മുന്നേറുന്നതെന്നദ്ദേഹം പറഞ്ഞു. കർദ്ദിനാളായി മാർ ജോർജ് കൂവക്കാട് തിരഞ്ഞെടുക്കപ്പെട്ടതിൽ അഭിമാനമുണ്ടെന്നും പ്രധാനമന്ത്രി പറഞ്ഞു. മതമേലധ്യക്ഷന്മാർക്ക് പുറമെ കേന്ദ്രമന്ത്രി ജോർജ് കുര്യൻ, മുൻ കേന്ദ്രമന്ത്രി രാജീവ് ചന്ദ്രശേഖർ, ബിജെ.പി നേതാക്കളായ ഷോൺ ജോർജ്, ടോം വടക്കൻ, അനൂപ് ആൻറണി തുടങ്ങിയവർ പങ്കെടുത്തു.











# പ്രധാനമന്ത്രി നരേന്ദ്രമോദി പങ്കെടുത്ത ക്രിസ്മസ് ആഘോഷത്തിൽ ക്ഷണിക്കപ്പെട്ട അധിതിയായി സജിമോൻ ആന്റണിയും




**ശ്രീകുമാർ ഉണ്ണിത്താൻ**

ന്യൂ യോർക്ക് :ക്രൈസ്തവ സഭാ നേതാക്കളുമൊത്ത് പ്രധാനമന്ത്രി നരേന്ദ്രമോദിജീ ദില്ലിയിൽ സിബിസി ഐ ആസ്ഥാനത്ത് നടന്ന ക്രിസ്മസ് ആഘോഷത്തിൽ ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണി ക്ഷണിക്കപ്പെട്ട അഥിതിയായി പങ്കെടുത്തു. വിവിധ കത്തോലിക്ക സഭകളുടെ പ്രമുഖരടക്കം ലോകത്തിന്റെ പല ഭാഗങ്ങളിൽ നിന്നായി നൂറ്റി മുപ്പതോളം ക്ഷണിക്കപ്പെട്ട അതിഥികളിൽ നോർത്ത് അമേരിക്കയിൽ നിന്നും പങ്കെടുത്ത ഏക വെക്തി സജിമോൻ ആന്റണി ആയിരുന്നുഎന്നത് ശ്രദ്ധേയമായി ഇത് ഫൊക്കാന പ്രസിഡന്റ് എന്ന നിലയിൽ സജിമോൻ ആന്റണിക്ക് കിട്ടിയ അഗീകാരമായിട്ടാണ് ഇതിനെ കാണുന്നത്.

എഴുപത് വർഷങ്ങൾക്കിടയിൽ ആദ്യമായാണ് ഒരു പ്രധാനമന്ത്രി ഇങ്ങനെ ഒരു ക്രിസ്മസ് ആഘോഷത്തിൽ പങ്കെടുക്കുന്നത്. ഈ ആഘോഷത്തിൽ അദ്ദേഹം രണ്ട് മണിക്കൂറോളം ചെലവഴിച്ചു. ഗവൺമെന്റിന്റെ പ്രധിനിധികളുമായും സഭയുടെ കർദിനാൾ മാരുമായും വളരെ അധികം കാര്യങ്ങൾ ആശയ വിനിമയം നടത്തുവാനും കഴിഞ്ഞു.

കാത്തലിക് സഭയുടെ സീറോ മലബാർ , സീറോ മലങ്കര , ലാറ്റിൻ റൈറ്റ്സ് എന്നീ റൈറ്റ്സിന്റെ കർദിനാൾ മാർ പങ്കെടുത്ത ഈ ആഘോഷത്തിൽ സിബിസിഐ അധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്തും ,കർദ്ദിനാൾമാരായ മാർ ഓസ്വാൾഡ് ഗ്രേഷ്യസ്, മാർ ബസേലിയോസ് ക്ലിമിസ്, മാർ ജോർജ് കൂവക്കാട്ട്, മാർ ആൻറണി പൂല, മാർ ജോർജ് ആലഞ്ചേരി (ആർച്ച് ബിഷപ്പ് എമിരിറ്റസ് ) , മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ, ദില്ലി ആർച്ച് ബിഷപ്പ് മാർ അനിൽ കൂട്ടോ, ആർച്ച് ബിഷപ്പ് ജോർജ്ജ് ആൻറണി സാമി, ബിഷപ്പ് ജോസഫ് മാർ തോമസ്, ഫാദർ മാത്യു കോയിക്കൽ തുടങ്ങിയവർ ഈ ആഘോഷത്തിൽ പങ്കെടുത്തു. സിബിസിഐ അധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്തും , സിബിസിഐ ഡെപ്യൂട്ടി ജനറൽ ഫാദർ മാത്യു കോയിക്കൽ തുടങ്ങിയവർ ഈ ആഘോഷത്തിന് നേതൃത്വം നൽകി.

മന്ത്രി ജോർജ് കുര്യൻ, രാജീവ് ചന്ദ്രശേഖർ, അൽഫോൺസ് കണ്ണന്താനം,കെ വി തോമസ് ,ടോം വടക്കൻ, അനിൽ ആൻറണി, ഷോൺ ജോർജ് തുടങ്ങിയവരും പരിപാടിക്കെത്തിയിരുന്നു.


സഭാ നേതാക്കൾക്കൊപ്പം ക്രിസ്മസ് ആഘോഷിക്കാൻ കഴിഞ്ഞത് ഭാഗ്യമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. സ്നേഹവും സാഹോദര്യവുമാണ് ക്രിസ്തുവിൻറെ സന്ദേശം. അത് ശക്തിപ്പെടുത്താൻ ഒത്തൊരുമിച്ച് പ്രവർത്തിക്കാമെന്നും ,സമൂഹത്തിൽ അക്രമം നടത്തുന്ന ശ്രമങ്ങളിൽ വേദനയുണ്ടെന്നും പ്രധാനമന്ത്രി പറഞ്ഞു. ക്രിസ്ത്യൻ സഭകളുടെ മായി കൈകോർത്ത് പ്രവർത്തിക്കാൻ ഈ ഗവൺമെന്റ് ആഗ്രഹിക്കുന്നു എന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

എല്ലാം മൈനോറിറ്റി കമ്മ്യൂണിറ്റികളെയും ചേർത്ത് പിടിച്ചു കൊണ്ട് ,എല്ലാവർക്കും വലുതാവാനുള്ള (ടമയ സല ടമവേ മെയസമ ഢശസമെ ) സഹിച്ചര്യം ഒരുക്കി കൊടുത്തു കൊണ്ട് ഗവൺമെൻറ് മുന്നോട്ട് പോകണമെന്നും സഭാനേതൃത്വം ഗവൺമെന്റിനോട് അഭ്യർഥിച്ചു.

പുതിയ കർദ്ദിനാൽ മാർ ജോർജ് കൂവക്കാട്ടിനെ മോദി ചടങ്ങിൽ ആദരിച്ചു. ഇന്ത്യയിൽ നിന്നൊരാൾക്ക് ഈ അംഗീകാരം കിട്ടിയതിൽ ഏറെ സന്തോഷമു

ണ്ടെന്നും മോദി അറിയിച്ചു ക്രിസ്ത്യൻ നേതൃത്വവുമായുള്ള ബന്ധം ശക്തമാക്കാൻ ആഗ്രഹിക്കുന്നു എന്ന സന്ദേശം തന്നെയാണ് മോദി തുടർച്ചയായ ഈ നീക്കങ്ങളിലൂടെ നൽകുന്നത്.

ക്രിസ്ത്യൻ സമൂഹത്തിന് ലഭിച്ച അംഗീകാരമാണ് പ്രധാനമന്ത്രി ചടങ്ങിൽ പങ്കെടുത്തത് .എന്ന് സജിമോൻ ആന്റണി അഭിപ്രായപ്പെട്ടു. ഫൊക്കാന പ്രസിഡന്റ് എന്ന നിലയിൽ പ്രധാനമന്ത്രിയുടെ ഓഫിസുമായും , കേന്ദ്ര മന്ത്രി ജോർജ് കുര്യന്റെ ഓഫീസുമായും , ബി .ജെ . പ 1 വ്യക്തവ് ഡോ . ബിസോയി സോങ്കർ ശാസ്ത്രി തുടങ്ങി നിരവധി ഒഫീഷ്യൽസുമായി അമേരിക്കൻ മലയാളികളുടെ പ്രശ്നങ്ങൾ ശ്രദ്ധയിൽ പെടുത്തുവാനും കഴിഞ്ഞത് നല്ല കാര്യമായാണ് കാണുന്നത് എന്ന് സജിമോൻ ആന്റണി അഭിപ്രായപ്പെട്ടു.















# ന്യൂ യോർക്ക് : നോർത്ത് മേരിക്കയിലെ സീറോ മലബാർ സഭയുടെ വളർച്ചക്കു നിർണ്ണായകമായ സംഭാവനകൾ നൽകിയ

# റവ. ഫാ. ജോസ് കണ്ടത്തിക്കുടി അന്തരിച്ചു



നോർത്ത് മേരിക്കയിലെ സീറോ മലബാർ സഭയുടെ വളർച്ചക്കു നിർണ്ണായകമായ സംഭാവനകൾ നൽകിയ റവ. ഫാ. ജോസ് കണ്ടത്തിക്കുടി ഡിസംബർ 21-)0 തീയതി ശനിയാഴ്ച വൈകുന്നേരം അന്തരിച്ചു.

അമേരിക്കയിലെ സീറോ മലബാർ വിശ്വാസികളെ ഏകോപിപ്പിക്കുന്നതിനായി സിനഡ് തീരുമാന പ്രകാരം 1995 ൽ അമേരിക്കയിൽ എത്തിയ ഫാ. ജോസ് കണ്ടത്തിക്കുടി , ഷിക്കാഗോ , ന്യൂ ജേഴ്സി , ന്യൂ യോർക്ക് എന്നിവിടങ്ങളിൽ ഇടവകകൾ സ്ഥാപിക്കുകയും അവിടെ സേവനം ചെയ്യുകയും ചെയ്തു. ദീർഘനാൾ ബ്രോങ്ക്സ് സെൻറ് തോമസ് സീറോ മലബാർ ഫൊറോനാ ഇടവക വികാരിയായി സേവനീ അനുഷ്ഠിച്ചു. 2020 റിട്ടയർ ചെയ്തതിനു ശേഷം അമേരിക്കയിയലും നാട്ടിലുമായി വിശ്രമ ജീവിതം നയിച്ചുവരികയായിരുന്നു.

1945 മെയ് 30-ാം തീയതി കണ്ടത്തിക്കുടി ജോൺ - ത്രേസ്യകുട്ടി ദമ്പതികളുടെ മൂത്ത മകനായി ജനിച്ച ഫാ . ജോസ് , 1962 ൽ തലശ്ശേരി മൈനർ സെമിനാരിയിൽ ചേർന്നു. തുടർന്നു വടവാതൂർ സെമിനാരിയിലും റോമിലെ അർബൻ യൂണിവേഴ്സിറ്റിയിലും വൈദിക പഠനം പൂർത്തിയാക്കി, 1971 മാർച്ച് 27 -ാം തീയതി വത്തിക്കാനിൽവച്ചു കർദ്ദിനാൾ ആഗ്നെലോ റോസ്സിയിൽ നിന്നും തിരുപ്പട്ടം സ്വീകരിച്ചു.

1973 ൽ കേരളത്തിൽ തിരിച്ചെത്തി. തലശ്ശേരി - മണിമൂളി ഇടവകയിൽ അസിസ്റ്റൻറ് വികാരിയായി ശുശ്രൂഷ ആരംഭിച്ച ജോസച്ചൻ , കൽപറ്റ , ചാരിറ്റി , ഒലിവുമല , എടപ്പെട്ടി , പൊഴമുടി തുടങ്ങിയ ഇടവകകളിൽ വികാരിയായി സേവനം ചെയ്തിട്ടുണ്ട്. കൂടാതെ തമിഴ്നാട്ടിലെ, കൂനൂർ , ബാർലിയർ, വരുവാൻ കാടു എന്നിവിടങ്ങളിൽ ഇടവകകൾ സ്ഥാപിക്കുകയും വികാരിയായി സേവനം ചെയ്യുകയും ചെയ്തിട്ടുണ്ട്..

തലശ്ശേരി- മാനന്തവാടി രൂപതകളിലെ വിവിധ അദ്ധ്യാത്മിക മേഖലകളിലും ജോസച്ചൻ പ്രവർത്തിച്ചിട്ടുണ്ട് . മാനന്തവാടി സെന്റ് ജോസഫ്'സ് പ്രസ് മാനേജർ, മാനന്തവാടി രൂപതയുടെ ചാൻസലർ , സൺഡേ സ്കൂൾ ഡയറക്ടർ , ഫാമിലി അപ്പസ്തോലേറ്റിന്റെ ഡയറക്ടർ , സെന്റ് ജോസഫ് ഹോസ്പിറ്റൽ ഡയറക്ടർ, തൂങ്കുഴി പിതാവിന്റെ സെക്രട്ടറി തുടങ്ങി വിവിധ തലങ്ങളിൽ സേവനം ചെയ്തട്ടുണ്ട്. തുടർന്നാണ് അമേരിക്കയിൽ എത്തുന്നത്.


തുടക്കത്തിൽ ചിക്കാഗോയിലെ വിശ്വാസികളെ ഏകോപിപ്പിക്കുന്നതിനു നേതൃത്വം നൽകിയ ജോസച്ചൻ, തുടർന്നു ന്യൂ ജേഴ്സിയിലെയും, ന്യൂ യോർക്കിലേയും വിവിധ സ്ഥലങ്ങളിൽ താമസിച്ചു സീറോ മലബാർ വിശ്വാസികളെ സംഘടിപ്പിക്കുകയും ഇടവകകൾ സ്ഥാപിക്കുകയും ചെയ്തു . 2002 മാർച്ച് മാസം ന്യൂ യോർക്കിലെ ബ്രോക്സിൽ സെൻറ് തോമസ് സീറോ മലബാർ ഇടവക സ്ഥാപിക്കുകയും, 2020 ൽ റിട്ടയർ ആകുന്നതുവരെ ബ്രോങ്ക്സ് ഇടവകയിൽ തന്നെ ശുശ്രുഷ ചെയ്തു . ഇതിനിടയിൽ ന്യൂ യോർക്കിലും കണക്റ്റിക്കെട്ടിലും വിവിധ ഇടങ്ങളിൽ സീറോ മലബാർ ഇടവകയും, മിഷനുകളും സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്

സഹോദരങ്ങൾ : ഡൊമിനിക്, ഫിലിമിന, പരേതനായ ജോൺ.

ഫാ. ജോസ് കണ്ടത്തിക്കുടിയുടെ നിര്യാണത്തിൽ ചിക്കാഗോ സിറോ മലബാർ രൂപത ബിഷപ്പ് മാർ ജോയ് ആലപ്പാട്ട്, രൂപതയുടെ പ്രഥമ ബിഷപ്പ് മാർ ജേക്കബ് അങ്ങാടിയത്ത് എന്നിവർ അഗാധമായ ദുഃഖം രേഖപ്പെടുത്തി. ജോസച്ചൻറെ സേവനങ്ങളെ ചിക്കാഗോ രൂപത എന്നും സ്മരിക്കുമെന്നു മാർ ജോയ് ആലപ്പാട്ട് പറഞ്ഞു.

സംസ്കാര ശുശ്രുഷകളുടെ വിശദാംശങ്ങൾ പിന്നീട് അറിയിക്കുന്നതായിരിക്കും

-ഷോളി കുമ്പിളുവേലി


LIVE
Television Channels
Streaming of Events
'VOD' Video On Demand
Movies | Shows | Photos
Event Tickets
MediaAppUSA
One App for All Media Outlets
amazon fireTV
Amazon fireTV
ROKU
ROKU TV
tv
Apple TV
Google TV
GoogleTV
Samsung
SMART TV
Samsung TV
LG
Life's Good
LGTV
Panasonic
Panasonic
VIZIO
VIZIO TV
iPhone
Android
Download on the
App Store
ANDROID APP ON
Google play
Available in App Store or Google Store
Scan the
QR Code
for instant
download
Download
'MediaAppUSA'

# ജോസച്ചൻ മുന്നേ നടന്നു വഴി തെളിച്ചു....സഭ വളർന്നു;

## ചാരിതാർഥ്യത്തോടെ പടിയിറക്കം



**ടാജ് മാത്യു**

ന്യൂയോർക്ക്: അമേരിക്കയിലെ സീറോ മലബാർ സഭാ ചരിത്രത്തിൽ ഫാ. ജോസ് കണ്ടത്തിക്കുടി വരച്ചിട്ടതൊരു നേർരേഖയാണ്. ഒന്നുമില്ലാതിരുന്ന സംവിധാനത്തിൽ നിന്നും ഇന്നത്തെ നിലയിലേക്ക് സീറോ മലബാർ സഭ വളർന്നതിന്റെ വിജയരേഖ. ജീവിതരേഖ എഴുപത്തഞ്ചാണ്ടും പൗരോഹിത്യ സമർപ്പണം അരനൂറ്റാണ്ടും പിന്നിടുമ്പോൾ കുടിയേറ്റ നാട്ടിലെ വിശ്വാസ സമൂഹത്തിന്റെ വളർച്ച ഫാ. ജോസ് കണ്ടത്തിക്കുടിയുടെ അജപാലന ദൗത്യത്തിലെ സുവർണരേഖയുമാവുന്നുണ്ട്.

ചരിത്രം രചിച്ചും ചമച്ചുമാണ് ജോസച്ചൻ കാനോനിക നിയമപ്രകാരം അജപാലന ദൗത്യത്തിൽ നിന്നും വിരമിക്കുന്നത്. എഴുപത്തഞ്ച് വയസ് പിന്നിട്ടാൽ ഇടവക ഭരണവും മറ്റ് സഭാ ചുമതലകളും വിട്ടൊഴിയണമെന്നാണ് സഭാ നിയമം അനുശാസിക്കുന്നത്. 2020 മെയ് 30 നായിരുന്നു ഫാ. കണ്ടത്തിക്കുടിയുടെ 75ാം ജന്മദിനം. സഭയുടെ കണക്കനുസരിച്ച് വി ശ്രമജീവിതം. അതിന്റെ തുടച്ചയായാണ് ന്യൂയോർക്ക് ബ്രോങ്ക്സിലെ സെന്റ് തോമസ് ഫൊറോനാ ദേവാലയത്തിന്റെ വികാരി എന്ന പദവിയിൽ നിന്നും പതിനെട്ടു വർഷങ്ങൾക്കു ശേഷം വിരമിച്ച് വിർജീനിയയിലെ ക്രോസെറ്റിലുള്ള ഔവർ ലേഡി ഓഫ് ഏഞ്ചൽസ് സന്യാസിനി സമൂഹത്തിന്റെ ചാപ്ലെയ്നായി അദ്ദേഹം ന്യൂയോർക്ക് വിടുന്നത്.

ട്രാപ്പിസ്റ്റ് മൊണാസ്ട്രിയായ ഈ സന്യാസിനീ സമൂഹം നാട്ടിലെ മിണ്ടാമഠത്തിനു സമാനമാണ്. പ്രാർത്ഥനയും ധ്യാനവുമായി ജീവിതം നയിക്കുന്ന കന്യാസ്ത്രീകളുടെ കൂട്ടായ്മ. മദറിനും മറ്റൊരു കന്യാസ്ത്രീക്കും മാത്രമേ പുറം സമൂഹവുമായി സംസാരിക്കാൻ അനുവാദമുള്ളൂ. അതും മഠത്തിലെ മറ്റുകാര്യങ്ങൾ നടത്തിയെടുക്കുന്നതിനു വേണ്ടി മാത്രം. അല്ലാത്തപ്പോൾ അവരും മൗനത്തിൽ. കൃത്യമായ ടൈംടേബിളാണ് ഒന്നും മിണ്ടാതെ ദിനചര്യങ്ങൾ പൂർത്തിയാക്കി പ്രാർത്ഥനയും ധ്യാനവുമായി ജീവിതം നയിക്കാൻ അവരെ പ്രാപ്തരാക്കുന്നത്.

ക്രോസെറ്റിലെ ഒരു കുന്നിൻ മുകളിലാണ് മഠം. ഏക്കറുകൾ വ്യാപിച്ചു കിടക്കുന്ന ഭൂമി സ്വന്തമായുണ്ടിവർക്ക്. അടിവാരത്തുള്ള ചെറു വീട്ടിലാണ് ജോസച്ചന് താമസസൗകര്യം ഒരുക്കിയിരിക്കുന്നത്. മഠത്തിൽ ദിവസവും കുർബാനയർപ്പിക്കുകയും പ്രാർത്ഥനകളിൽ പങ്കെടുക്കുകയുമാണ് ചാപ്ലെയ്ന്റെ ചുമതല. ഉച്ചഭക്ഷണം മഠത്തിൽ നിന്നാണ്. രാവിലെയും വൈകുന്നേരവും വേണ്ടത് തന്നെയുണ്ടാക്കണം.

### മോഹിച്ചത് മാനന്തവാടിയിൽ വിശ്രമ ജീവിതം

മാതൃരൂപതയായ മാനന്തവാടിയിലെ പ്രീസ്റ്റ് ഹോമിൽ വിശ്രമജീവിതം നയിക്കണമെന്നായിരുന്നു ആഗ്രഹമെങ്കിലും നിലവിലെ

സാഹചര്യത്തിൽ അമേരിക്കയിൽ തുടരുകയായിരുന്നുവെന്ന് ജോസച്ചൻ പറഞ്ഞു. കൊറോണ സൃഷ്ടിച്ച സാമൂഹികാരോഗ്യ പ്രതിബന്ധങ്ങളും സ്വന്തം ആരോഗ്യ പ്രശ്നങ്ങളുമാണ് ഇത്തരത്തിലൊരു തീരുമാനത്തിലെത്തിച്ചത്.

പിതാവിന്റെ സഹോദരീ പുത്രി റോച്ചസ്റ്ററിലുള്ള മേരിയാണ് മഠത്തിലേക്കുള്ള വഴി തുറന്നത്. അമേരിക്കൻ വംശജനായ ഗ്രേഗ് ആണ് മേരിയുടെ ഭർത്താവ്. തികഞ്ഞ ക്രൈസ്തവ വിശ്വാസവും പ്രാർത്ഥനയും പിന്തുടരുന്ന ഗ്രേഗും മേരിയും അമേരിക്കയിലെ പല ധ്യാന കേന്ദ്രങ്ങളും സന്ദർശിക്കുകയും പ്രാർത്ഥനകളിൽ പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്. വിർജീനിയയിലെ ഔവർ ലേഡി ഓഫ് ഏഞ്ചൽസ് മൊണാസ്ട്രയിലും പോകാറുള്ള അവർക്ക് മദറുമായി അടുത്ത ബന്ധമുണ്ട്. നമ്മുടെ ധ്യാനരീതികളിൽ നിന്നും വ്യത്യസ്തമാണ് അമേരിക്കൻ വംശജരുടേത്. അവർക്ക് പ്രഭാഷണങ്ങളും ശബ്ദാനമായമായ അന്തരീക്ഷവുമൊന്നുമില്ല. നിശബ്ദമായി ധ്യാനത്തിൽ മുഴുകി പ്രാർത്ഥിക്കുകയാണ് അവരുടെ രീതി. വിർജീനയയിൽ മഠത്തിന്റെ കെട്ടുവളപ്പിൽ നിരവധി കോട്ടേജുകളുണ്ട്. അവിടെ കുടുംബമായി എത്തുന്നവർക്ക് താമസിക്കാം. ഭക്ഷണമൊക്കെ സ്വയം പാകം ചെയ്ത് കഴിക്കണം. അല്ലാതെ സമൂഹ ഊട്ടുപുരയൊന്നും ഇല്ല.

മഠത്തിലെ ചാപ്ലെയ്ൻ കുറച്ചുകാലം മുമ്പ് നിര്യാതനായിരുന്നു. തുടർന്ന് പല വൈദികർ മാറിമാറി സേവനം ചെയ്യുകയായിരുന്നു. സ്ഥിരം വൈദികനായുള്ള ശ്രമം മദർ തുടരുന്നതിനിടക്കാണ് മേരി ബന്ധപ്പെടുന്നതും ജോസച്ചന്റെ കാര്യം അവതരിപ്പിക്കുന്നതും. ഓഗസ്റ്റ് മൂന്നിന് അദ്ദേഹം ചുമതലയേൽക്കും.

തലശേരി രൂപതയിലെ മണിമൂളി ക്രൈസ്റ്റ് ദി കിംഗ് ചർച്ചിൽ അസിസ്റ്റന്റ് വികാരിയായി തുടങ്ങി വിവിധ ഇടവകകളിൽ വികാരിയായും മാനന്തവാടി രൂപതാ ചാൻസലറും ഒക്കെയായി നാട്ടിൽ കാൽനൂറ്റാണ്ട് പ്രവർത്തിച്ച ശേഷം അമേരിക്കയിലെത്തിയ എനിക്ക് പലയിടങ്ങളിൽ നിന്നും യാത്രയയപ്പ് ലഭിച്ചിട്ടുണ്ടെങ്കിലും വിർജീനിയയിലേക്കുള്ള നിയോഗം വലിയൊരു യാത്രയയപ്പിന്റെ തുടക്കമായി കാണാൻ കഴിയുന്നുവെന്ന് ജോസച്ചൻ ചൂണ്ടിക്കാട്ടുന്നു. ആ യാത്രക്ക് തയാറെടുക്കാനുള്ള പരിശീലന കളരി ഒരുക്കിയിരിക്കുന്നത് വിർജീനിയ മഠത്തിലായിരിക്കും. അല്ലെങ്കിലെന്തിനാണ് ഇടവക ഭരണവും സഭാ ചുമതലകളുമായി നടന്ന എന്നെ ധ്യാനത്തിന്റെയും പ്രാർത്ഥനാ ജീവിതത്തിന്റെയും ഭൂമികയിലേക്ക് സ്വർഗസ്ഥനായ പിതാവ് എത്തിക്കുന്നത്.

അവിടുത്തെ തീരുമാനത്തിന്റെ മധുരം ഈ ഭൂമിയിൽ നമുക്ക് തിരിച്ചറിയാനാവില്ലല്ലോ. ചിലപ്പോൾ അത് എന്നിലെ ദൗത്യത്തിന്റെ പൂർത്തീകരണത്തിനാവാം. അല്ലെങ്കിൽ ആത്മാവിനെ സ്ഫുടം ചെയ്തെടുക്കാൻ ഉന്നതങ്ങളിൽ നിന്നും കൽപ്പിച്ച നിയോഗമാവാം..

## നിയോഗം പോലെ കുടിയേറ്റം

നിയോഗങ്ങളിൽ കൂടിത്തന്നെയായിരുന്നു എന്റെ ജീവിത പ്രയാണവും. മൂവാറ്റുപുഴക്കടുത്ത് കല്ലൂർക്കാട് സ്വദേശിയായ കണ്ടത്തിക്കുടി ജോണിന്റെയും ത്രേസ്യാക്കുട്ടിയുടെയും മൂത്തമകനായ എന്റെ കുടുംബം പാലക്കാട് മണ്ണാർക്കാടിനടുത്തുള്ള കാഞ്ഞിരപ്പുഴയിൽ എത്തിയതും കേട്ടറിവില്ലാത്ത ഒരു കുടിയേറ്റത്തിന്റെ നിയോഗവുമായാണ്. അക്കാലത്ത് ജന്മ നാട്ടിൽ കാലുറപ്പിച്ചു നിൽക്കാൻ പെടാപ്പാടു പെടുവരായിരുന്നു മലബാർ കുടിയേറ്റക്കാർ.

ഞങ്ങളാവട്ടെ ഏക്കറ് കണക്കിനുള്ള തോട്ടങ്ങൾ വിറ്റിട്ടാണ് വയലേലകൾ നിറഞ്ഞ പാലക്കാട്ടെത്തിയത്. പാരമ്പര്യമായി കൃഷിക്കാരായിരുന്നു കണ്ടത്തിക്കുടി കുടുംബം. കുരുമുളകും കവുങ്ങും തെരുവപ്പുല്ലും തെങ്ങുമൊക്കെയായി സുഭിക്ഷമായി കഴിഞ്ഞിരുന്ന കാലത്താണ് നാണ്യവിളൾക്കു പകരം ഭക്ഷ്യ വിളകൾ വിളയുന്ന നെൽപ്പാടം വേണമെന്ന് വല്യപ്പച്ചന് മോഹമുദിക്കുന്നത്. അദ്ദേഹമാണ് തന്റെ എട്ടു മക്കളെയും കൂട്ടി പാലക്കാട്ടേക്കു പോയത്.

പൊന്നു വിളയുന്ന വയലേലകളായിരുന്നു അന്നു പാലക്കാട്ട്. കാഞ്ഞിരപ്പുഴ ഡാമിനടുത്ത് വയലുകൾ സ്വന്തമാക്കാൻ വല്യപ്പച്ചൻ നൽകിയത് അക്കാലത്ത് ഏക്കറിന് ആയിരം രൂപ കണക്കിലാണ്. വയലില്ലാത്ത മറ്റു കുടിയേറ്റ മേഖലകളിൽ ഏക്കറിന് നൂറ് രൂപ മതിയായിരുന്നു.

## തീഷ്ണമായ വിശ്വാസവും ക്രൈസ്തവ മൂല്യങ്ങളിൽ അടിയുറച്ച ജീവിതവും

കുടുംബത്തിന്റെ കൈമുതലായിരുന്നു. വൈദികനാവാനുള്ള ആഗ്രഹം എന്നിൽ മൊട്ടിട്ടതും ഈ വിശ്വാസ പാരമ്പര്യത്തിൽ നിന്നു തന്നെ. ചാച്ചന്റെയും അമ്മയുടെയും കുടുംബത്തിൽ അഭിഷിക്തർ ഉണ്ടായിരുന്നു.

പല അന്ധവിശ്വാസങ്ങളും നിറഞ്ഞതായിരുന്നു അക്കാലത്ത് പാലക്കാടിന്റെ ആരാധനാ പാരമ്പര്യം. ഒപ്പം കമ്മ്യൂണിസം കൊടുകുത്തി വാഴുന്ന കാലവും. കറതീർന്ന കത്തോലിക്കന് ഉൾക്കൊള്ളാൻ കഴിയാത്ത വൈരുധ്യങ്ങളുടെ നാട്.

എന്നിരിക്കിലും മതസൗഹാർദ്ദം പാലക്കാടിന്റെ മുഖമുദ്രയായിരുന്നു. സകല മതസ്ഥരും ഒത്തൊരുമയോടെ ജീവിച്ചിരുന്ന കാലം. ക്ഷേത്രങ്ങളിലെ ഉത്സവത്തിനും മുസ്‌ലിം പള്ളികളിലെ ആഘോഷങ്ങങ്ങൾക്കും ക്രൈസ്തവ ദേവാലയങ്ങളിലെ പെരുന്നാളുകൾക്കും എല്ലാവരും ഒത്തുകൂടിയിരുന്ന സുന്ദരനാളുകൾ.

ഇന്നതൊക്കെ മാറി. എവിടെയും വർഗീയ ചിന്താഗ തികൾ..വിഭാഗീയതയുടെ താണ്ഡവങ്ങൾ...



## ദൈവമില്ല എന്നു പഠിപ്പിച്ച അധ്യാപകൻ

വൈദികനാവണമെന്ന ആഗ്രഹം പരിചയത്തിലുള്ള ഫാ. എബ്രഹാം പടയാറ്റിലിനോട് സ്വകാര്യമായി പറഞ്ഞിരുന്നെങ്കിലും അതിന് വിലങ്ങുതടിയാവാൻ ഒരുപാട് സാഹചര്യങ്ങൾ സമൂഹത്തിലുണ്ടായിരുന്നു.

മണ്ണാർക്കാട് ഹൈസ്കൂളിൽ ഹെഡ്മാസ്റ്ററായിരുന്നു പിന്നീട് മന്ത്രിയായ ടി. ശിവദാസ മേനോൻ. ജന്മനാ നിരീശ്വരവാദി എന്ന് അദ്ദേഹത്തെ വിശേഷിപ്പിക്കാം. പിന്നെ തികഞ്ഞ കമ്മ്യൂണിസ്റ്റും. സയൻസ് അധ്യാപകനായിരുന്ന അദ്ദേഹം ക്ലാസിലെത്തുമ്പോൾ വിദ്യാർത്ഥികളുടെ മുഖത്തു പോലും നോക്കാതെ രണ്ടു വാചകങ്ങൾ ബോർഡിൽ കുറിക്കും..There is no God, Religion is opium (ദൈവം ഇല്ല, മതം മനുഷ്യനെ മയക്കുന്ന കറുപ്പാണ്)..എന്നിട്ടേ അദ്ദേഹം ക്ലാസ് തുടങ്ങൂ.

ഇത്തരം നിരീശ്വര വാദങ്ങളൊന്നും എന്റെ മനസിനെ ഉലയ്ക്കാൻ പോന്നതായിരുന്നില്ല. അത്രത്തോളം ശക്തമായിരുന്നു കു

ടുംബത്തിന്റെ വിശ്വാസ തീഷ്ണത. എൺപതു പേരുള്ള ക്ലാസിൽ അന്ന് നാലുപേരേ ക്രിസ്ത്യാനികളായുള്ളു. അതിൽ മൂന്നുപേർ മാത്രമാണ് കത്തോലിക്കർ. ഒരാൾ പ്രോട്ടസ്റ്റന്റ് വിശ്വാസിയും.

ദൈവത്തിന്റെ തീരുമാനം കൊണ്ടോ മനസിന്റെ ആഗ്രഹം കൊണ്ടോ ഹൈസ്കൂൾ പാസായ ശേഷം തലശേരി മൈനർ സെമിനാരിയിൽ വൈദിക പഠനത്തിന് തുടക്കമായി. പഠനത്തിലെ മികവു കൊണ്ടാവാം തുടർന്ന് ഉപരി പഠനത്തിനായി റോമിലെ അർബൻ യൂണി വേഴ്സിറ്റിയിലേക്കയച്ചു.

തിയോളജിലും ഫിലോസഫിയിലും റോമിൽ നിന്ന് ബിരുദം നേടിയത് ഡിസ്റ്റിംഗ്ഷനോടെയാണ്. വൈദിക പട്ടം സ്വീകരിച്ചതും റോമിൽ തന്നെയാണ്. 1971 മാർച്ച് 27 ന് കർദ്ദിനാൾ ആൻജലോ റോസിയിൽ നിന്നും.

## ഒൻപത് ഇടവകകൾ സ്ഥാപിച്ചു

തലശ്ശേരിയിൽ നിന്നും പുതുതായി രൂപീകരിച്ച മാനന്തവാടി രൂപതയിലെത്തിയ ഞാൻ രൂപതയിൽ ഒമ്പത് ഇടവകകൾ കേരളത്തിലും തമിഴ്നാട്ടിലുമായി സ്ഥാപിച്ചു. എല്ലാം സ്വയം പര്യാപ്തവുമായി.

ഈ പ്രവർത്തനങ്ങൾ സിനഡിൽ ചർച്ചയായിട്ടുണ്ടാവാം. വിദേശത്ത് സഭാ സംവിധാനങ്ങൾ സ്ഥാപിക്കുന്നതു സംബന്ധിച്ചു തീരുമാനിക്കാൻ കൂടിയ സിനഡ് കുടിയേറ്റക്കാരായ സീറോ മലബാർ സമൂഹം ഇന്ത്യയിലെ സഭാംഗങ്ങൾക്കായി പല കാര്യങ്ങളും ചെയ്തിട്ടുണ്ടെങ്കിലും അവരുടെ വിദേശത്തേക്കു കുടിയേറിയ രണ്ടാം തലമുറക്കായി എന്തു ചെയ്തു എന്ന അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ ആർച്ച് ബിഷപ്പ് എബ്രഹാം കാട്ടുമന പിതാവിന്റെ ചോദ്യത്തിൽ നിന്നാണ് ഇന്ന് വിദേശങ്ങളിൽ കാണുന്ന സീറോ മലബാർ സഭാ വളർച്ചയുടെ തുടക്കം.

## അമേരിക്കൻ ദൗത്യം

കാട്ടുമന പിതാവിന്റെ സമ്മർദ്ദത്താൽ മാനന്തവാടി ബിഷപ്പ് മാർ ജോസഫ് തൂങ്കുഴിയാണ് അമേരിക്കൻ ദൗത്യത്തിന് അനുമതി നൽകുന്നത്. ന്യൂയോർക്കിലേക്കായിരുന്നു നിയമനം. എന്നാൽ ആ നിയമന ഉത്തരവ് അറിയിച്ചു കൊണ്ടുള്ള കത്ത് മാനന്തവാടി രൂപതയിലെത്തിയില്ല.

അന്ന് ട്രൈസ്റ്റേറ്റ് ന്യൂയോർക്കിൽ ശക്തമായിരുന്ന ഇന്ത്യ കാത്തലിക് അസോസിയേഷൻ ന്യൂയോർക്ക് ആർച്ച് ബിഷപ്പ് ഒക്കോണറിൽ സമ്മർദ്ദം ചെലുത്തിയാണ് ഉത്തരവ് മരവിപ്പിച്ചതെന്ന് പിന്നീടറിഞ്ഞു. ഏകതാ സ്വഭാവമുള്ള ഇന്ത്യൻ കത്തോലിക്കർക്കിടയിൽ എന്തിനാണ് സീറോ മലബാർ എന്ന വേർതിരവ് എന്ന അസോസിയേഷൻ പ്രതിനിധികളുടെ ചോദ്യം പൗരസ്ത്യ സഭകളെക്കുറിച്ച് അത്രയേറെ അവഗാഹമില്ലാത്ത കർദ്ദിനാൾ ഒക്കോണർ അംഗീകരിക്കുകയായിരുന്നു.

ഒരുവർഷത്തിനു ശേഷമാണ് ചിക്കാഗോ ആർച്ച് ബിഷപ്പ് കർദ്ദിനാൾ ഫ്രാൻസിസ് ജോർജ് എന്നെ അമേരിക്കയിലേക്കു ക്ഷണിക്കുന്നത്. കർദ്ദിനാളിന്റെ കത്തുമായി മദ്രാസിലെ അമേരിക്കൻ കോൺസുലേറ്റിലെത്തി വിസ ശരിയാക്കി കിട്ടാൻ ഒരാഴ്ചയേ വേണ്ടി വന്നുള്ളൂ. 1995 സെപ്റ്റംബർ ഏഴിനാണ് ചിക്കാഗോയിൽ എത്തുന്നത്.

ചിക്കാഗോയിലെ സീറോ മലബാർ സഭാംഗങ്ങളുടെ പുരോഗതിക്കായി അക്ഷീണം പ്രയത്നിച്ച നാളുകളായിരുന്നു പിന്നീട്. ചിക്കാഗോയിൽ ഇപ്പോഴത്തെ മാർത്തോമ്മാ ശ്ളീഹാ കത്തീഡ്രൽ ആസ്ഥാനമാക്കി തുടങ്ങിയ പ്രവർത്തനത്തിലൂടെ സീറോ മലബാർ കുർബാനയും സൺഡേ സ്കൂളും, വിൻസന്റ്ഡിപോൾ, മാതൃസംഘം തുടങ്ങിയ സേവന സംഘടനകൾക്കും രൂപം നൽകി. അമേരിക്കയിൽ സീറോ മലബാർ രൂപത വേണമെന്ന ആവശ്യം സജീവമാവുന്നതും അക്കാലത്താണ്. അപ്പസ്തോലിക് വിസിറ്ററായി അമേരിക്കയിൽ നിയോഗിക്കപ്പെട്ട മാർ ഗ്രിഗറി കരോട്ടെമ്പ്രേൽ ചിക്കാഗോ ആസ്ഥാനമാക്കി സീറോ മലബാർ രൂപതസ്ഥാപിക്കാമെന്ന് റിപ്പോർട്ട് നൽകിയതും ചിക്കാഗോയിലെ സഭാ വളർച്ചയുടെ അടിസ്ഥാനത്തിലാണ്.

ന്യൂ യോർക്കിൽ 1999-ൽ

മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ മാർ വർക്കി വിതയത്തലിന്റെ തീരുമാന പ്രകാരമാണ് ന്യൂയോർക്കിലേക്ക് 1999 ൽ എത്തുന്നത്. ചിക്കാഗോയിൽ ചെയ്യാനുള്ളതെല്ലാം ചെയ്തു ഇനി അച്ചന്റെ സേവനം ന്യൂയോർക്ക് മേഖലയിലാണ് വേണ്ടതെന്നാണ് മാർ വിതയത്തിലിന്റെ അഭിപ്രായം.

ന്യൂജേഴ്സി ന്യൂമിൽഫോർഡും ന്യൂയോർക്കിലെ റോക്‌ലൻഡും കേന്ദ്രീകരിച്ചായിരുന്നു പ്രവർത്തനം. 2002 ലാണ് ബ്രോങ്ക്സിൽ ന്യൂയോർക്ക് അതിരൂപതയിൽ നിന്നും പളളി സ്വന്തമാക്കുന്നതും സെന്റ്തോമസ് സീറോ മലബാർ ചർച്ച് എന്ന പേരിൽ പള്ളി സ്ഥാപിക്കുന്നതും അവിടെ വികാരിയായി നിയമിക്കപ്പെടുന്നതും. സെന്റ് വാലന്റൈന്റെ പേരിലുള്ള പള്ളിയായിരുന്നു അത്.

സെന്റ് തോമസ് എന്ന് പുനർ നാമകരണം ചെ യ്തുവെങ്കിലും റെക്ടറിയുടെ പേര് ഇന്നും സെന്റ് വാലന്റൈൻസ് എന്ന് നിലനിർത്തിയിരിക്കുന്നു.

ചിക്കാഗോയിലെയും ന്യൂയോർക്കിലെയും പ്രവർത്തനത്തിലൂടെ പതിനാല് ഇടവകകളാണ് പുതുതായി സ്ഥാപിക്കാനായത്. ചിക്കാഗോയിൽ മൂന്നും അറ്റ്ലാന്റയിൽ ഒന്നും ന്യൂ യോർക്ക് ന്യൂജേഴ്സി മേഖലകളിൽ എട്ടും ഇടവകകൾ. ഒപ്പം ബോസ്റ്റണിലും കണക്റ്റിക്കട്ടിലെ ഹാർട്ട്ഫോർഡിലും ഒരോ ഇടവകകളും. വിശ്വാസികളുമായി ആറുപ്രാവശ്യം വിശുദ്ധനാട് സന്ദർശനത്തിനും നേതൃത്വം വഹിച്ചു.

ബൈബിൾ ക്ലാസുകളിലൂടെയാണ് ഓരോ സ്ഥലത്തെയും വിശ്വാസികളെ ഏകോപിപ്പിച്ചിരുന്നത്. ഉപരിപ്ലവമായ ആഘോഷങ്ങൾക്കപ്പുറം വിശ്വാസ തീഷ്ണത വർധിപ്പിക്കുന്ന വചനക്ലാസുകൾ സഭാംഗങ്ങളിൽ ചെലുത്തിയ സ്വാധീനം ആഴമേറിയതായിരുന്നു.

അമേരിക്കയിലെ പ്രവർത്തനത്തിൽ ഏറെ പ്രതിസന്ധികളൊന്നും എനിക്ക് നേരിടേണ്ടി വന്നിട്ടില്ലെന്ന് ജോസച്ചൻ ചൂണ്ടിക്കാണിക്കുന്നു. അൽപ്പസ്വൽപ്പം എതിർപ്പുകളൊഴിച്ചാൽ എല്ലായിടത്തു നിന്നും സഹകരണമായിരുന്നു. സഭാ വളർച്ചയുടെ ഗ്രാഫ് പരിശോധിച്ചാൽ ഇവിടുത്തെ വിശ്വാസികളുടെ സഹകരണത്തിനും ഉയർന്ന നിലയുണ്ടാവുമെന്ന് ഫാ. കണ്ടത്തിക്കുടി ചൂണ്ടിക്കാണിക്കുന്നു.

## അമേരിക്കയിൽ സഭക്കു നല്ല ഭാവി

അമേരിക്കയിലെ സീറോ മലബാർ സഭയുടെ ഭാവിയിലും അദ്ദേഹത്തിന് ശുഭാപ്തി വിശ്വാസമാണുള്ളത്. ഇവിടെ ജനിച്ചു വളർന്ന യുവാക്കൾ വൈദികരാവാൻ താൽപ്പര്യം കാണിക്കുന്നത് ആശാവഹമാണ്. യുവജനങ്ങൾക്കിടയിലെ ആധ്യാത്മിക പ്രവർത്തനങ്ങൾ ഫലം ചെയ്യുന്നു എന്നതിന് തെളിവാണത്. വളർന്നു വരുന്ന കുട്ടികളെ സ്വാധീനിക്കാനും യുവാക്കളുടെ സഭാജീവിതം കാരണമാവും.

സഭയുടെ ഭാവി സുരക്ഷിതമാവണമെങ്കിൽ അതനുസരിച്ചുള്ള നേതൃത്വവും വേണ്ടതുണ്ട്, കടുംപിടുത്തം ഒഴിവാക്കി മാറുന്ന സാഹചര്യങ്ങളോട് സമരസപ്പെടുന്ന ബിഷപ്പുമാർ ഉണ്ടാവണം. അത് നാട്ടിൽ നിന്നായാലും ഇവിടെനിന്നുള്ളവരായാലും കുഴപ്പമില്ല. ഫളക്സിബിലിറ്റി വേണമെന്നു മാത്രം.

## മൂന്നു രൂപത വേണം

അതുപോല ചിക്കാഗോ മാത്രം കേന്ദ്രീകരിച്ചുള്ള സെൻട്രലൈസ്ഡ് രീതിയും നന്നല്ല. ഇന്നത്തെ സാഹചര്യത്തിൽ മൂന്ന് രൂപതകൾ ആവശ്യമായിട്ടുണ്ട്.

ചിക്കാഗോ ആസ്ഥാനമാക്കി സെൻട്രൽ അമേരിക്കൻ രൂപതയും ഹൂസ്റ്റൺ, ഡാളസ്, കാലിഫോർണിയ ഉൾപ്പെടുത്തി സൗത്തവേസ്റ്റേൺ രൂപതയും, ഫിലഡൽഫിയ, ന്യൂജേഴ്സി, ന്യൂയോർക്ക്, കണക്റ്റിക്കട്ട് തുടങ്ങിയ സംസ്ഥാനങ്ങൾ കേന്ദ്രീകരിച്ചുള്ള നോർത്ത് ഈ സ്റ്റേൺ രൂപതയും.

ഇതൊക്കെ കാലം കഴിയുമ്പോൾ സംഭവിക്കുമായിരുക്കും. അന്ന് കാലത്തിന് മുമ്പേ നടന്നവരുടെ കണക്കു പുസ്തകം തുറക്കുമ്പോൾ ഫാ. ജോസ് കണ്ടത്തിക്കുടിയുടെ കൈയൊപ്പും പതിഞ്ഞിരിക്കാം....ഇല്ലായിരിക്കാം.. നിയോഗവഴികളിൽ കൈയൊപ്പുകൾ കല്ലല്ലോ പ്രാധാന്യം, ദൈവത്തിന്റെ കൈവയ്പ്പിനല്ലേ....

(നാല് വർഷം മുൻപ് പ്രസിദ്ധീകരിച്ചത്)

emalayalee.com



# Get local help with your Medicare questions.

I'm Philipose Samuel, a licensed sales agent in Queens, NY. When it comes to Medicare, it's important to consider all of your options. What works well for your neighbor may not be the best fit for you. I know the ins and outs of Medicare, and I'm ready to answer your questions and help you find a plan that fits your needs. **Take advantage of my knowledge and experience to:**

- **Take the confusion out of Medicare**
- **Get help comparing plans**
- **Receive one-on-one service**
- **Make enrolling in a plan easier**

I look forward to helping you explore your Medicare options so you can enroll in a plan with confidence.

## It's time to take advantage.



**Philipose Samuel**
Licensed Sales Agent
**516-312-2902**, TTY **711**
psamuel@financialguide.com
UHCMedicareSolutions.com

United Healthcare

Plans are insured through UnitedHealthcare Insurance Company or one of its affiliated companies, a Medicare Advantage organization with a Medicare contract. Enrollment in the plan depends on the plan's contract renewal with Medicare. ©2020 United HealthCare Services, Inc. All rights reserved.
Y0066_21SPRJ55189_C
SPRJ55189

# പ്രതീക്ഷയുടെ തീരാത്ത കാത്തിരിപ്പിൽ തോരാത്ത വാക്കുകളുടെ ഒരു 'മഞ്ഞ്'കാലം


എ.എസ്

എം.ടി വാസുദേവൻ നായരുടെ നോവലുകളിൽ പ്രണയ സൗന്ദര്യംകൊണ്ട് ശ്രദ്ധേയമായ നോവലാണ് മഞ്ഞ്. പ്രണയ മധുരവും വിരഹ വേദനയും ഒരുപോലെ പകരുന്ന അനുപമായ നോവൽ. കാത്തിരിപ്പാണ് നോവലിന്റെ മൂലഭാവം. സഞ്ചാരിയും സഹൃദയനുമായ സുധീർ മിശ്രയ്ക്കുവേണ്ടിയുള്ള വിമലയുടെ കാത്തിരിപ്പ്, പിതാവിനായുള്ള ബുദ്ധു എന്ന തോണിക്കാരന്റെ കാത്തിരിപ്പ്... ''വരും വരാതിരിക്കില്ല...'' എന്ന ശുഭപ്രതീക്ഷയോടെ കാത്തിരിക്കുന്നവരുടെ ജീവിതമാണ് മഞ്ഞ്.

എം.ടി. യുടെ സ്ഥിരം പശ്ചാത്തലമായ വള്ളുവനാടിൽ നിന്നു വ്യത്യസ്തമായി വിനോദസഞ്ചാരികളുടെ പ്രിയ ഇടമായ ഉത്തരാഖണ്ഡിലെ നൈനിറ്റാൾ എന്ന മനോഹര പ്രദേശത്തിന്റെ പശ്ചാത്തലത്തിലാണ് എം.ടി കഥപറയുന്നത്. വടക്കേ ഇന്ത്യയിലേക്ക് കുടിയേറി പാർത്ത ഒരു മലയാളി കുടുംബത്തിലെ വിമല എന്ന ബോർഡിംഗ് സ്കൂൾ അധ്യാപികയാണ് പ്രധാന കഥാപാത്രം. വിമലയുടെ മനോഭാവങ്ങളിലൂടെ ചിന്തകളിലൂടെ മുന്നോട്ട് പോകുന്ന കഥ ലളിതമായ ഭാഷയിലൂടെയും ഹൃദ്യമായ അവതരണത്തിലൂടെയുമെല്ലാം ഓരോ വായനക്കാരനെയും സ്പർശിക്കുന്നു. വിമലയുടെ ജീവിതത്തിലെ കുറച്ചു കഥാപാത്രങ്ങളിലൂടെയും അവരുടെ ജീവിത വീക്ഷണങ്ങളിലൂടെയുമെല്ലാം കഥാകൃത്ത് നമ്മെ നയിക്കുന്നു.

മാതാപിതാക്കളിൽ നിന്നും സഹോദരങ്ങളിൽ നിന്നുമെല്ലാം മാറി ഏകാന്തതയെയും ഹോസ്റ്റൽ ജീവിതത്തെയും സ്നേഹിക്കുന്ന വിമലയുടെ ഓർമ്മകളിലൂടെ തന്നെ അന്തർമുഖിയായ കഥാനായികയെ നമുക്ക് കാണാം. വിനോദസഞ്ചാരിയായ സുധീർകുമാർ മിശ്രയും വിമലയും തമ്മിലുള്ള പ്രണയത്തിന്റെ മാധുര്യവും വിരഹത്തിന്റെ വേദനയും നിറഞ്ഞ മഞ്ഞിൽ പ്രതീക്ഷകളുടെയും കാത്തിരിപ്പിന്റെയും സമാനതകൾ കൊണ്ട് വിമലയുടെ സുഹൃത്തുക്കളാകുന്നത തോണിക്കാരനായ ബുദ്ദുവും സർദാർജിയുമെല്ലാം വളരെ ആഴത്തിലുള്ള ചിന്ത വായനക്കാരനു സമ്മാനിക്കുന്നു. പുരുഷാധിപത്യത്തിന്റെയും ചൂഷണത്തിന്റെയും ഇക്കോ ഫെമിനിസ്റ്റ് പ്രമേയത്തിന് കൂടുതൽ പ്രാധാന്യം ലഭിക്കുന്ന എം.ടിയുടെ ഏക നോവലാണ് മഞ്ഞ്.

''എനിക്കു നിങ്ങളെ ഇഷ്ടമാണ്. കാരണമൊന്നുമില്ല... ഓ പരിഭ്രമിക്കാനൊന്നുമില്ല, വഴിയിൽ തടഞ്ഞുനിർത്തില്ല, പ്രേമലേഖനമെഴുതില്ല, ഒന്നും ചെയ്യില്ല. ഒരു ബന്ധവും സങ്കൽപിക്കാതെ വെറുതെ എനിക്കു നിങ്ങളെ ഇഷ്ടമാണ്...'' സർദാർജിയുടെ മനോഹരമായ ഈ വാക്കുകൾ വിമലയുടെ മനസ്സിലുണ്ടാക്കുന്ന ചലനം ഓരോ വായനക്കാരനും അനുഭവിച്ചറിയാൻ കഴിയുന്നു. വായിച്ചു പരിചയിച്ച മറ്റു നോവലുകളിൽ നിന്നു വ്യത്യസ്തമായി മഞ്ഞ് ഒരു നിർവികാരതായിലൂടെ നിശബ്ദതയിലൂടെ നമ്മോട് വാചാലമാവുന്നു. ഒരു സംഗീതം പോലെ മനോഹരമായ മഞ്ഞിലെ വരികളിലൂടെ എം.ടി പുതിയൊരു വായനാനുഭവമാണ് നമുക്ക് സമ്മാനിക്കുന്നത്




80 പേജുകൾ മാത്രം ഉള്ള ചെറുകഥയെക്കാളും വലുതും എന്നാൽ ഒരു നോവലിനോളം വലുപ്പവുമില്ലാത്ത കടലിനോളം ആഴത്തിൽ ചിന്തിപ്പിക്കുന്ന, അവസാനിക്കാത്ത പ്രത്യാശയുടെ പ്രതീക്ഷയുടെ പ്രാർത്ഥനയുടെ കാത്തിരിപ്പാകുന്നു എം.ടിയുടെ മഞ്ഞ്. പതുക്കെ പതുക്കെ മനസ്സിൽ അരിച്ചിറങ്ങുന്ന വിഷാദത്തിന്റെയും നിരാശതയുടെയും ഇരുട്ടു കാലുകൾ. കാലം കഴിയും തോറും കാത്തിരിപ്പിന്റെ തീവ്രത കുറയുന്നു. പ്രതീക്ഷകളിൽ മങ്ങൽ ഏല്ക്കുന്നു. കാത്തിരിപ്പിന് അന്ത്യമില്ലെന്ന് ജീവിതം കൊണ്ട് കാണിച്ചു കൊടുത്ത വിമലയുടെ കഥ പറയുകയാണ് കൂടെ ബുദ്ദുവിന്റെയും.

മനുഷ്യവംശത്തിന്റെ മുഴുവൻ ഭാവപൂർണ്ണിമയുടെ കഥയാണിത്. മനുഷ്യനുള്ളിടത്തോളം നിലനില്ക്കുന്ന കഥ. കാത്തിരിക്കാനും സ്നേഹിക്കാനും അവന് കഴിയുന്നിടത്തോളം അതിജീവിച്ചുനില്ക്കുന്ന കഥ. ജീവിതത്തിലെ തിക്താനുഭവങ്ങളിലൂടെ കടന്നുപോകുന്ന ഏതൊരാൾക്കും അത് പ്രതീക്ഷയുടെ തിരിനാളം വച്ചുനീട്ടുന്നു. മഞ്ഞുമൂടിയ കുമയൂൺ കുന്നിറങ്ങി വരുന്ന നീലക്കണ്ണുകളെ തേടി കാത്തിരിക്കുന്ന വിമല, എവിടേയ്ക്കോ പോയി മറഞ്ഞിരിക്കുന്ന സുധീർകുമാർ മിശ്രയ്ക്ക് വേണ്ടിയാണ് വിമല കാത്തിരിക്കുന്നത്. അയാൾ ചിലപ്പോൾ ചതിയനായിരിക്കാം. വഞ്ചകനായിരിക്കാം. പുതിയ പൂക്കൾ തേടി അയാൾ മറ്റെവിടേയ്ക്കോ പോയിട്ടുമുണ്ടാവാം.

പക്ഷേ വിമല പറയുന്നു, ''വരും വരാതിരിക്കില്ല...'' അതാണ് കാത്തിരിപ്പ്, അതാണ് സ്നേഹം...അതാണ് വിശ്വാസം. കടം ചോദിച്ച ഒരു സായാഹ്നം ബാക്കി കിടപ്പുണ്ട് എന്നൊർമ്മിപ്പിച്ച് യാത്ര പറയുന്ന സർദാർജി നിശബ്ദതയിൽ കട്ടപിടിച്ചിരിക്കുന്ന മഞ്ഞിനെ ചലിപ്പിക്കുന്നു. വിമലയുടേതിന് സമാനമായ മറ്റൊരു കാത്തിരിപ്പും മഞ്ഞ് വരച്ചുകാണിക്കുന്നുണ്ട് ബുദ്ദുവിന്റെ കാത്തിരിപ്പാണത്. വർഷങ്ങൾക്കു മുന്നേ അമ്മയിൽ തന്നെ നിക്ഷേപിച്ചു നാട് വിട്ട സായിപ്പിന്റെ കീറിയ ഫോട്ടോയുമായി അവനും കാത്തിരിക്കുകയാണ്. ആരും ഇറങ്ങുകയോ കയറുകയോ ചെയ്യാതെ ബോട്ട് നീങ്ങിയപ്പോഴും വിമല പറയുന്നുണ്ട് ''വരും വരാതിരിക്കില്ല....''

എം.ടി പറഞ്ഞത് പോലെ കഥകൾ ആത്മാവിൽ നിന്നൊഴുകുമ്പോൾ കവിതയാകുന്നു. അതെ ആത്മാവിൽ നിന്നൊഴുകുന്ന നൊമ്പരമാണ് മഞ്ഞ്. കവിത വഴങ്ങാത്തതിൽ ദുഖം പ്രകടിപ്പിച്ചിരുന്ന എം.ടിയുടെ കവിത തന്നെയാണ് മഞ്ഞ്. ഇത്രയും മനോഹരമായി മനുഷ്യന്റെ കാത്തിരിപ്പ് എന്ന വികാരത്തെ ആസ്പദമാക്കി വേറൊരെഴുത്ത് മലയാളത്തിലില്ല. മുമ്പേ വായിച്ചവർക്കും, ഇപ്പോൾ വായിക്കുന്നവർക്കും, ഇനി വായിക്കാൻ പോകുന്നവർക്കും മഞ്ഞ് ഒരു കുളിരാണ്. വായിച്ചുകൊണ്ടിരിക്കുമ്പോഴും, വായിച്ചു കഴിഞ്ഞതിന് ശേഷവും നമ്മെ വേറൊരു ലോകത്തേക്ക് നയിക്കുന്ന എഴുത്താണ് മഞ്ഞ്.



# തകർന്നിടിഞ്ഞ ഇന്ത്യൻ സമ്പദ് വ്യവസ്ഥയെ രക്ഷിച്ചെടുത്ത ഡോ. മൻമോഹൻ ഒറ്റമൂലി

**എ.എസ് ശ്രീകുമാർ**

ഇന്ത്യയുടെ സാമ്പത്തിക രോഗാവസ്ഥയെ നിശ്ചയദാർഢ്യത്തിന്റെ മരുന്ന് നൽകി ഉദാരവൽകരണത്തിന് വാതിൽ തുറന്ന ധനകാര്യ വിദഗ്ധനും കോൺഗ്രസ് നേതാവും മുൻ പ്രധാനമന്ത്രിയുമായ ഡോ. മൻമോഹൻ സിങ് വിടപറയുമ്പോൾ അദ്ദേഹത്തിന് പറ്റിയ പകരക്കാരനില്ലെന്ന യാഥാർത്ഥ്യമാണ് നാം തിരിച്ചറിയുന്നത്. സാമ്പത്തിക ശാസ്ത്രജ്ഞനെന്ന നിലയിൽ അന്താരാഷ്ട്ര തലത്തിൽ ശ്രദ്ധേയനായ ഡോ. മൻമോഹൻ സിങ് ഇട്ട ഇളക്കമില്ലാത്ത അടിത്തറയാണ് ലോകത്തെ മുൻനിര സാമ്പത്തിക ശക്തിയായി വളരാൻ ഇന്ത്യയെ പ്രാപ്തമാക്കിയത്.

പി.വി നരസിംഹ റാവു പ്രധാനമന്ത്രിയായിരിക്കെ 1991 കാലഘട്ടത്തിൽ കടുത്ത സാമ്പത്തിക പ്രതിസന്ധിയെ നേരിട്ടപ്പോൾ ഇന്ത്യ സഹായത്തിനായി ഐ.എം.എഫ് ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങളെ സമീപിക്കുകയുണ്ടായി. എന്നാൽ സഹായം ലഭ്യമാക്കുന്നതിന്, ഇന്ത്യയുടെ ലൈസൽസ് രാജ് അവസാനിപ്പിക്കണമെന്നതടക്കമുള്ള ഉപാധികളാണ് ഐ.എം.എഫ് മുന്നോട്ടുവച്ചത്. ഈ സാഹചര്യത്തിൽ റാവു ആ രക്ഷാകര ദൗത്യം ഏൽപ്പിച്ചത് ഡോ. മൻമോഹൻ സിങിനെയായിരുന്നു.

പല കോൺഗ്രസ് നേതാക്കളുടെയും എതിർപ്പിനെ മറികടന്ന് മൻമോഹനെ അദ്ദേഹം ധനകാര്യ വകുപ്പിന്റെ അമരക്കരനാവാൻ ക്ഷണിച്ചു. പ്രധാനമന്ത്രിയുടെ ക്ഷണം ആദ്യം നിരസിച്ചെങ്കിലും, പിന്നീട് നരസിംഹറാവു നയിക്കുന്നകേന്ദ്രമന്ത്രിസഭയിൽ ധനകാര്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്ത് സിങ് സ്ഥാനമേറ്റു. ധനകാര്യ വിദഗ്ധനെങ്കിലും രാഷ്ട്രീയത്തിൽ പുതുമുഖമായ മൻമോഹന് ധനമന്ത്രി പദത്തിന് എന്ത് യോഗ്യതയാണുള്ളതെന്ന ചോദ്യമാണ് അന്ന് വിവിധ കോണുകളിൽ നിന്നുയർന്നത്. പക്ഷേ നരസിഹ റാവുവിന്റെ ആ തീരുമാനം നൂറ് ശതമാനം ശരിയായിരുന്നുവെന്ന് പിന്നീടേവരും ശരിവയ്ക്കുകയായിരുന്നു.

ധനമന്ത്രിയായിരുന്നപ്പോൾ തുടങ്ങിവെച്ച സാമ്പത്തിക നയങ്ങൾക്ക്, റാവുവിനും എ.ബി വാജ്പേയ്ക്കും (1996 മെയ് 16–1996 ജൂൺ 1, 1998 മാർച്ച് 19–2004 മെയ് 22) എച്ച്. ഡി ദേവഗൗഡയ്ക്കും (1996 ജൂൺ 1–1997 ഏപ്രിൽ 21) ഐ.കെ ഗുജ്റാളിനും 1997 ഏപ്രിൽ 21–1998 മാർച്ച 19) ശേഷം 2004 മെയ് 22–ന് പ്രധാനമന്ത്രിയായി ചുമതലയേറ്റ മൻമോഹൻ സിംഗ് കൂടുതൽ കരുത്തു പകർന്നു. സാമ്പത്തിക ഉദാരവത്കരണ നയങ്ങൾ പതുക്കെ ഇന്ത്യൻ വിപണിയുടെ ശക്തി കൂട്ടി.

മൻമോഹൻ സിങ്ങും, ധനകാര്യമന്ത്രി പി ചിദംബരവും ചേർന്ന് ഈ നയങ്ങൾ കൂടുതൽ കർശനമായി നടപ്പാക്കാൻ തുടങ്ങി. ഇക്കാലഘട്ടത്തിൽ ഇന്ത്യയുടെ സാമ്പത്തിക വളർച്ച 89 ശതമാനം ആയി. 2007–ൽ ലോകത്തിൽ അതിവേഗം വളരുന്ന സമ്പദ് വ്യവസ്ഥയുള്ള രാജ്യങ്ങളിലൊന്നായി ഇന്ത്യ മാറി.

ഡോ. മൻമോഹൻ സിങിന്റെ ഭരണകാലത്ത് ഇന്ത്യയുടെ മുഖച്ഛായ തന്നെ മാറി. വാജ്പേയി സർക്കാർ തുടങ്ങിവെച്ച ഇന്ത്യയിലെ പ്രധാന നഗരങ്ങളെ തമ്മിൽ റോഡു മാർഗ്ഗം ബന്ധിപ്പിക്കുന്ന ഹൈവേ പദ്ധതി മൻമോഹൻ തുടർന്നു.

ബാങ്കിംഗ് സാമ്പത്തിക മേഖലയിൽ കൂടുതൽ നവീകരണങ്ങൾ നടപ്പിലാക്കിക്കൊണ്ടിരുന്നു. കർഷകരുടെ തിരിച്ചടക്കാൻ പറ്റാത്ത കടങ്ങൾ എഴുതിത്തള്ളാനുള്ള നടപടികൾ സ്വീകരിച്ചു. 2005–ൽ വില്പന നികുതിയെ പരിഷ്കരിച്ച് മൂല്യ വർദ്ധിത നികുതി പരിഷ്കാരം നടപ്പിലാക്കി.

ആരോഗ്യ രംഗത്ത് മികച്ച സേവനങ്ങൾ സാധാരണ ജനങ്ങൾ ലഭ്യമാക്കാൻ 'നാഷണൽ റൂറൽ ഹെൽത്ത് മിഷൻ' എന്നൊരു പദ്ധതി മൻമോഹൻ സർക്കാർ ആരംഭിച്ചു. രാജ്യത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 27 ശതമാനം സീറ്റ് പിന്നോക്ക ജാതിക്കാർക്കായി മൻമോഹൻ സിംഗ് സർക്കാർ സംവരണം ചെയ്തു. ഇത് ഒരു സമരപരമ്പരക്കു തന്നെ തുടക്കം കുറിച്ചു.

ആന്ധ്രപ്രദേശ്, ബീഹാർ, ഗുജറാത്ത്, ഒറീസ്സ, പഞ്ചാബ്, മദ്ധ്യപ്രദേശ്, ഹിമാചൽപ്രദേശ്, രാജസ്ഥാൻ എന്നിവിടങ്ങളിൽ ഓരോ ഐ.ഐ.ടി വീതം സ്ഥാപിച്ചു. ഗ്രാമീണമേഖലകളിലുള്ള വിദ്യാലയങ്ങളിൽ ഉച്ചഭക്ഷണ

പദ്ധതി ആരംഭിച്ചു, സർവശിക്ഷ അഭിയാൻ പദ്ധതി തുടർന്നു.

മറ്റൊരു വിഷയമായിരുന്നു ദേശീയ സുരക്ഷ. 2008 നവംബറിലെ മുംബൈ തീവ്രവാദി ആക്രമണത്തിനുശേഷം ഇത്തരം കേസുകൾ കൈകാര്യം ചെയ്യാനായി നാഷണൽ ഇൻവസ്റ്റ്ഗേഷൻ ഏജൻസി എന്ന പ്രത്യേക അന്വേഷണ വിഭാഗത്തെ രൂപീകരിച്ചത് മൻമോഹൻ സർക്കാരാണ്. ഇന്ത്യയിലെ പൗരന്മാർക്ക് ഒരു കേന്ദ്രീകൃത തിരിച്ചറിയൽ കാർഡുകൾ നൽകാനായി യുണിക് ഐഡന്റിഫിക്കേഷൻ അഥോറിറ്റി ഓഫ് ഇന്ത്യ എന്ന സ്ഥാപനം രൂപവത്കരിച്ചു. വിവിധ സർക്കാർ സേവനങ്ങൾക്കുള്ള ഒരു തിരിച്ചറിയൽ കാർഡായിരിക്കും ഇത്.

കാശ്മീരിൽ സമാധാനം പുനസ്ഥാപിക്കാൻ മൻമോഹൻ സർക്കാർ ശ്രമിച്ചുവെങ്കിലും കുറേക്കാലത്തേക്കു മാത്രമേ അത് വിജയകരമായുള്ളു. അതിനുശേഷം വിദേശ രാജ്യങ്ങളിൽ നിന്നുമുള്ള നുഴഞ്ഞു കയറ്റക്കാർ കാശ്മീരിൽ വീണ്ടും പ്രശ്നങ്ങൾ സൃഷ്ടിക്കാൻ തുടങ്ങി. ഇന്ത്യയുടെ വടക്കു കിഴക്കൻ പ്രദേശങ്ങളിലെ തീവ്രവാദ പ്രവർത്തനങ്ങൾ ഏറെക്കുറെ കുറക്കാൻ മൻമോഹൻ സർക്കാരിനു കഴിഞ്ഞിട്ടുണ്ട്.


ഗ്രാമങ്ങളിലെ തൊഴിലില്ലായ്മയുടെ തോത് കുറക്കുവാൻ വേണ്ടി മൻമോഹൻ സിംഗ് സർക്കാരിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയ ഒരു നിയമമാണ് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. അദ്ദേഹത്തിന്റെ കാലത്ത് നടപ്പിലാക്കിയ മറ്റൊരു വിപ്ലവകരമായ നിയമനിർമ്മാണമായിരുന്നു വിവരാവകാശ നിയമം.



ഇതുപ്രകാരം ഇന്ത്യയിലെ സർക്കാർ ഭരണ നിർവ്വഹണം സംബന്ധിച്ച വിവരങ്ങൾ അറിയാൻ പൊതുജനങ്ങൾക്ക് അവകാശം നൽകുന്നു.

തന്റെ മുൻഗാമികളായ നരസിംഹ റാവു, അടൽ ബിഹാരി വാജ്പേയി മുതലായവർ തുടങ്ങിവെച്ച തോ പിന്തുടർന്നു പോന്നതോ ആയ നയങ്ങൾ തന്നെയാണ് വിദേശ രാജ്യങ്ങളുമായി മൻമോഹൻ സിംഗും തുടർന്നത്. പാകിസ്താനുമായി ഉന്നത തല ചർച്ചകൾ പല വട്ടം നടത്തി. ഇരു രാജ്യത്തേയും മുതിർന്ന ഉദ്യോഗസ്ഥർ ഒരു സമവായത്തിനായി പല തവണ ചർച്ചകൾ നടത്തുകയുണ്ടായി. ഇന്ത്യാ-ചൈനാ അതിർത്തി തർക്കങ്ങൾ ഒത്തു തീർപ്പിലെത്തിക്കാൻ മൻമോഹന്റെ ഭരണകാലത്ത് പലവട്ടം ശ്രമങ്ങൾ നടന്നു.

2006-ൽ ചൈനീസ് പ്രസിഡന്റ് ഹു ജിന്റാവോ ഇന്ത്യ സന്ദർശിക്കുകയും, 2008 ജനുവരിയിൽ മൻമോഹൻ സിംഗ് ചൈന സന്ദർശിക്കുകയും ചെയ്തിരുന്നു. ചർച്ചകളുടേയും സന്ദർശനങ്ങളുടേയും ഫലമെന്നോണം 44 ഓളം വർഷങ്ങളായി അടച്ചിട്ടിരുന്ന നാഥുല പാത വീണ്ടും വ്യാപാര ആവശ്യങ്ങൾക്കായി തുറന്നു. 2010-ഓടെ ചൈന ഇന്ത്യയുടെ രണ്ടാമത്തെ വലിയ വ്യാപാര പങ്കാളിയായി.




അഫ്ഗാനിസ്ഥാനുമായി വളരെ നല്ല ബന്ധമാണ് മൻമോഹൻ സിങ് സർക്കാർ തുടർന്നുകൊണ്ടുപോയിരുന്നത്. അഫ്ഗാന് സഹായങ്ങൾ നല്കിയ രാജ്യങ്ങളുടെ പട്ടികയിൽ വളരെ മുമ്പിലാണ് ഇന്ത്യയുടെ സ്ഥാനം. ആതുരാലയങ്ങളും, സ്കൂളുകളും, അടിസ്ഥാനസൗകര്യവികസനത്തിനും ഒക്കെയായിരുന്നു ഈ സഹായധനങ്ങൾ മുഴുവൻ ചിലവിട്ടിരുന്നത്. അമേരിക്കയും ഇന്ത്യയും തമ്മിലുള്ള നയതന്ത്രബന്ധം ഊഷ്മളമായി കൊണ്ടുപോകാൻ മൻമോഹൻ സിങ് സർക്കാർ ശ്രദ്ധിച്ചിട്ടുണ്ട്. 2005-ൽ ആണവകരാറുമായുള്ള ചർച്ചകൾക്കായി മൻമോഹൻ സിങ് അമേരിക്ക സന്ദർശിച്ചു.

ഇന്ത്യയിലെ ആണവ റിയാക്ടറുകൾ പരിശോധിക്കാൻ അന്താരാഷ്ട്ര ഏജൻസിയായ ഇന്റർനാഷണൽ ആറ്റോമിക് എനർജി ഏജൻസിയെ അനുവദിക്കാമെന്നുള്ള ഉറപ്പിൽ ഇന്ത്യക്ക് ആണവ ഇന്ധനവും, സാങ്കേതിക വിദ്യയും നൽകാമെന്ന് അമേരിക്ക സമ്മതിച്ചു. രണ്ടുകൊല്ലത്തോളമെടുത്ത ചർച്ചകൾക്കും, പരിശോധനകൾക്കും ശേഷം 10 ഒക്ടോബർ 2008-ൽ ഇന്ത്യയും അമേരിക്കയും തമ്മിൽ ആണവകരാറിൽ ഒപ്പു വച്ചു. 2009 നവംബറിൽ മൻമോഹൻ സിങ് തന്റെ അമേരിക്കൻ സന്ദർശനവേളയിൽ പ്രസിഡന്റ് ബരാക്ക് ഒബാമയുമായി ചർച്ച നടത്തി.

ഡോ. മൻമോഹൻ സിങ് ആത്യന്തികമായി ഒരു രാഷ്ട്രീയക്കാരനായിരുന്നില്ല. ഒരു ഉദ്യോഗസ്ഥ പരിവേഷമാണ് അദ്ദേഹത്തിന് എക്കാലത്തും ഉണ്ടായിരുന്നത്. ജനക്കൂട്ടങ്ങളുടെ നേതാവായിരുന്നില്ലെങ്കിലും സാധാരണക്കാർക്ക് അദ്ദേഹം അപ്രാപ്യനുമായിരുന്നില്ല. ആഗോളവത്ക്കരണത്തിന്റെ വക്താവായി നിലകൊള്ളുമ്പോഴും തൊഴിലുറപ്പു പദ്ധതിയെക്കുറിച്ച് ചിന്തിച്ചത് മൻമോഹൻ ജനങ്ങളെ നെഞ്ചോട് ചേർക്കുന്നതുകൊണ്ടാണ്. അക്കാരണത്താൽ തന്നെ ഡോ. മൻമോഹൻ സിങിന്റെ പേര് ഇന്ത്യൻ പാർലമെന്ററി ചരിത്രത്തിലെ ജനപ്രിയ അധ്യായങ്ങളിൽ സുവർണ്ണ ലിപികളാൽ അലംകൃതമാകും.


LAWSON
travel
Explore
THE WORLD
WITH US
PLAN YOUR VACATIONS NOW!
214-631-2458
www.LawsonTravel.com

# മൻമോഹൻ സിംഗ് വിപ്ലവകരമായ മാറ്റങ്ങൾ കൊണ്ടുവന്ന നേതാവെന്ന് ഐ ഓ സി യുഎസ്എ

മുൻ പ്രധാനമന്ത്രി മൻമോഹൻ സിംഗിന്റെ നിര്യാണത്തിൽ ഇന്ത്യക്കു മഹാനായ രാഷ്ട്രതന്ത്രജ്ഞനെയും അസാമാന്യ ബുദ്ധിശക്തിയുള്ള പ്രതിഭയെയുമാണ് നഷ്ടമായതെന്നു ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് യുഎസ്എ വൈസ് ചെയർ ജോർജ് ഏബ്രഹാം പറഞ്ഞു.

'ഇന്ത്യയുടെ സമ്പദ് വ്യവസ്ഥയും സമൂഹവും വികസിപ്പിക്കാൻ അദ്ദേഹം നൽകിയ അസാമാന്യ സംഭാവനകളുടെ പേരിൽ അദ്ദേഹം എന്നും ഓർമിക്കപ്പെടും.

'സമ്പദ് വ്യവസ്ഥയുടെ മുഖ്യ ശിൽപി ആയിരുന്നു ഡോക്ടർ സിംഗ്. കേന്ദ്രീകൃതവും പൊതു മേഖലയിൽ വേരുറച്ചതുമായ സമ്പദ് വ്യവസ്ഥയെ അദ്ദേഹം ഉടച്ചു വാർത്തു. അദ്ദേഹം കൈവരിച്ച നേട്ടം ന്യായവും ഉജ്വലവും ആയിരുന്നു.

വിപ്ലവകാരിയായ ഒരു നേതാവിനെയാണ് അതിൽ നമ്മൾ കാണുന്നത്. ഇന്ത്യയെ അദ്ദേഹം എത്തിച്ചത് 21ആം നൂറ്റാണ്ടിലാണ്. 'വേൾഡ് ബാങ്ക് റിപ്പോർട്ടിൽ തന്നെ പറയുന്നത് 20 കോടിയിലധികം ജനങ്ങളെ ഡോക്ടർ സിംഗ് ദാരിദ്ര്യത്തിൽ നിന്ന് ഉയർത്തി എന്നാണ്. ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് യുഎസ്എ രാജ്യത്തിനും സിംഗിന്റെ കുടുംബത്തിനും അനുശോചനം അറിയിക്കുന്നു.'



# പീറ്റർ കുളങ്ങര ഫോമാ കേരളാ കൺവെൻഷൻ ചെയർമാൻ



**ഷോളി കുമ്പിളുവേലി -**

**ഫോമാ ന്യൂസ് ടീം**

ചിക്കാഗോ: അമേരിക്കൻ മലയാളി- സാമൂഹ്യ ജീവകാരുണ്യ മേഖലയിലെ പ്രമുഖനും, ഫോമയുടെ മുതിർന്ന നേതാവുമായ പീറ്റർ കുളങ്ങരയെ ഫോമയുടെ 2025 കേരളാ കൺവെൻഷൻ ചെയർമാനായി തെരഞ്ഞെടുത്തതായി ഫോമാ പ്രസിഡന്റ് ബേബി മണക്കുന്നേൽ അറിയിച്ചു .2025 കോട്ടയത്തുവെച്ചായിരിക്കും ഫോമാ കേരളാ കൺവെൻഷൻ നടക്കുക .തികഞ്ഞ സംഘടനാ പ്രവർത്തകനും ഫോമയുടെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ചുക്കാൻ പിടിക്കുകയും ചെയ്യുന്ന പീറ്റർ കുളങ്ങര അമേരിക്കൻ മലയാളികൾക്ക് സുപരിചിതനാണ്.

കോട്ടയം ജില്ലയിലെ താഴത്തങ്ങാടിയിൽ കുളങ്ങര കെ. ജെ. മാത്യുവിൻറേയും ചിന്നമ്മ മാത്യുവിൻറേയും മകനായ പീറ്റർ കുളങ്ങര അമേരിക്കയിലെ മലയാളി സംഘടനകളിൽ നിറസാന്നിധ്യമാണ് .ചിക്കാഗോ കെ.സി. എസിന്റെ ട്രഷറർ , വൈസ് പ്രസിഡന്റ്, കെ.സി. സി. എൻ. എ, ആർ വി പി, മിഡ് വെസ്റ്റ് മലയാളി അസോസിയേഷൻ ആദ്യകാല ചെയർമാൻ, പിന്നീട് പ്രസിഡന്റ് എന്നീ നിലകളിൽ അദ്ദേഹം പ്രവർത്തിച്ചിരുന്നു. തുടർന്ന് ഫോമ ആർ. വി.പി. നാഷണൽ കൗൺസിൽ മെമ്പർ ,ഫോമ അഡ്വൈസറി ബോർഡ് വൈസ് ചെയർമാൻ , ഫോമ ഹൗസിംഗ് പ്രോജക്ട് മെമ്പർ, ചിക്കാഗോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ പള്ളിയുടെ പ്രഥമ കൈക്കാരൻ (ട്രസ്റ്റി) 2010 മുതൽ പള്ളിയുടെ ഫ്യൂണറൽ കോ- ഓർഡിനേറ്റർ എന്നീ നിലകളിലും പീറ്റർ കുളങ്ങര തന്റെ നേതൃപാടവം തെളിയിച്ചു.

ചിക്കാഗോ സോഷ്യൽ ക്ലബ്ബിന്റെ സജീവ പ്രവർത്തകനും 2018-20 കാലഘട്ടത്തിലെ പ്രസിഡന്റുമായി മാറി. സോഷ്യൽ ക്ലബിന്റെ നേതൃത്വത്തിൽ 25 വീടുകൾ കേരളത്തിലെ നിർദ്ധനരായ കുടുംബങ്ങൾക്ക് നിർമ്മിച്ചു നൽകുവാൻ അദ്ദേഹം മുന്നിട്ട് പ്രവർത്തിച്ചു . സാമൂഹ്യ പ്രവർത്തകയായ സുനിൽ ടീച്ചറുമായി ചേർന്ന് ഇവയിൽ 11 വീടുകൾ പീറ്റർ കുളങ്ങര മറ്റുള്ളവരുടെ സഹായത്തോടെ പൂർത്തിയാക്കിയിട്ടുണ്ട്.

ചിക്കാഗോ സോഷ്യൽ ക്ലബ്ബിന്റെ നേതൃത്വത്തിൽ അന്താരാഷ്ട്ര വടം വലി മത്സരം നടത്തുമ്പോൾ അതിന്റെ അമരത്ത് പീറ്റർ കുളങ്ങരയുണ്ടായിരുന്നു.ആദ്യത്തെ കോവിഡ് കാലത്ത് വീട്ടിലകപ്പെട്ട സമയത്ത് സുഹൃത്തുക്കളുമായി സൂമിൽ വൈകിട്ട് സംസാരിക്കുന്നതിനിടെ 'ചിയേഴ്സ് ക്ലബ്ബ് ' എന്ന ഒരു പ്രസ്ഥാനത്തിന് പീറ്റർ കുളങ്ങരയും കൂട്ടുകാരും തുടക്കമിട്ടത് . തുടർന്ന് ചിയേഴ്സ് ക്ലബ് ചാരിറ്റി പ്രവർത്തനങ്ങളിലേക്ക് മാറുകയായിരുന്നു. ഒരു വിനോദം വലിയൊരു നന്മയായി മാറുന്നത് അങ്ങനെയാണ്. തുടർന്ന് ഈ കൂട്ടായ്മയ്ക്ക് കീഴിൽ കോവിഡ് കാലത്ത് നാട്ടിൽ ഭക്ഷണം വിതരണം ചെയ്യുകയും, 10 ആധുനിക തയ്യൽ മെഷീനുകൾ സ്ത്രീകൾക്കായി വിതരണം ചെയ്യുകയും ചെയ്തു.ഫോമയുടെ നേതൃത്വത്തിൽ നൂറിലധികം ഇലക്ട്രോണിക് വീൽ ചെയറുകൾ, മുച്ചക്ര സ്കൂട്ടറുകൾ ഭിന്നശേഷിയുള്ള കുട്ടികൾക്കും മുതിർന്നവർക്കും കോട്ടയത്തുവെച്ച് വിതരണം ചെയ്തിരുന്നു .അടുത്ത വീൽ ചെയർ വിതരണം ജനുവരിയിൽ കാസർകോട്ട് വെച്ച നൽകും .

കേരള കൺവെൻഷൻ ചെയർമാനായി തെരഞ്ഞെടുക്കപ്പെട്ട പീറ്റർ കുളങ്ങരയെ ഫോമ പ്രസിഡൻറ് ബേബി മണക്കുന്നേൽ, ജനറൽ സെക്രട്ടറി ബൈജു വർഗീസ്, ട്രഷറർ സിജിൽ പാലക്കലോടി, വൈസ് പ്രസിഡൻറ് ഷാലൂ പുന്നൂസ്, ജോയിൻറ് സെക്രട്ടറി പോൾ ജോസ്, ജോയിൻറ് ട്രഷറർ അനുപമ കൃഷ്ണൻ എന്നിവർ അനുമോദിക്കുകയും, ആശംസകൾ നേരുകയും ചെയ്തു.

പീറ്റർ കുളങ്ങര ഏറ്റെടുത്ത പദ്ധതികളെല്ലാം വൻ വിജയമായ ചരിത്രമാണുള്ളത്. അതുകൊണ്ടുതന്നെ ഫോമാ കേരള കൺവെൻഷൻ ഒരു ചരിത്രവിജയമാകുമെന്നു തനിക്കുറപ്പുണ്ടെന്നു ഫോമാ പ്രസിഡൻറ് ബേബി മണക്കുന്നേൽ പറഞ്ഞു.

# റോക്‌ലാൻഡ് ജോയിന്റ് കൌൺസിൽ ഓഫ് ചർച്ചസ് ജൂബിലിനിറവിൽ







**പി പി ചെറിയാൻ**

ന്യൂയോർക്:ന്യൂയോർക്കിലെ റോക്‌ലൻഡിൽ രണ്ടായിരാമാണ്ടിൽ ആരംഭിച്ച വിവിധ ക്രൈസ്തവ സഭകളുടെ സംയുക്ത വേദിയായ ജോയിന്റ്കൌൺസിൽ ഓഫ് ചർച്ചസ് ജൂബിലി ആഘോഷിക്കുന്നു. പതിവായി നടത്തി വരാറുള്ള എക്യൂമെനിക്കൽ ക്രിസ്തുമസ്ആഘോഷവും, ജൂബിലി സമ്മേളനവും സംയുക്തമായി 2025ജനുവരി മാസം 12-)ീ തീയതി ഞായറാഴ്ച വൈകിട്ട് 4 മണിക്ക്സ്റ്റോണി പോയിന്റ്ക്നാനായ കമ്മ്യൂണിറ്റി സെന്ററിൽ വെച്ച്നടത്തപ്പെടും. കഴിഞ്ഞ 25 വർഷങ്ങളായി ജോയിന്റ്കൌൺസിൽ ഓഫ് ചർച്ചസ് റോക്‌ലാൻഡ് കൗണ്ടിയിലെവിവിധ സഭാവിഭാഗങ്ങൾക്ക് ക്രിസ്തീയ കൂട്ടായ്മയും പരസ്പരസഹകരണവും നൽകുന്നതിൽ വലിയ പങ്കാണ് വഹിക്കുന്നത്. സാധു ജന സഹായം, രക്തദാനം, യുവജന കൂട്ടായ്മ, കൺവെൻഷനുകൾ, ഇടവക സന്ദർശനം, യൂണിറ്റി സൺഡേ, ഐക്യ ക്രിസ്തുമസ് എന്നിവയും സംഘടിപ്പിക്കാറുണ്ട്.

ജൂബിലി ആഘോഷണങ്ങളുടെ ഭാഗമായി സംഘടിപ്പിക്കുന്നസമ്മേളനത്തിൽ അഭിവന്ദ്യരായ എൽദോ മാർ തീത്തോസ്മെത്രാപോലിത്ത, തോമസ് മാർ ഇവാനിയോസ്മെത്രാപോലിത്ത, അയൂബ് മാർ സിൽവാനോസ്മെത്രാപോലിത്ത എന്നിവർ മുഖ്യാതിഥികളാകും.

റോക്‌ലാൻഡ്കൗണ്ടിയിലെ 13 ഇടവകകളിൽ നിന്നുള്ള ഗായക സംഘംഗാനങ്ങൾ ആലപിക്കും. കൂടാതെ ഓൾ സെയിന്റ്സ് ഇടവകക്വയർ മാസ്റ്റർ ജേക്കബ് ജോർജിന്റെ നേതൃത്വത്തിൽ വിവിധ ഇടവകകളിൽ നിന്നും തിരഞ്ഞെടുത്ത 100 അംഗ ജൂബിലിസംയുക്ത ഗായകസംഘവും ഗാനങ്ങൾ ആലപിക്കും. ഘോഷയാത്ര, യൂത്ത് ബാൻഡ്, നേറ്റിവിറ്റി ഷോ എന്നിവയുംസമ്മേളനത്തിന് മാറ്റ് കൂട്ടും. ജീവകാരുണ്യപ്രവർത്തനങ്ങൾക്കു വേണ്ടിയുള്ള റാഫിൾ നറുക്കെടുപ്പും, ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി പ്രസിദ്ധീകരിക്കുന്നസുവനീർ പ്രെകാശനവും സമ്മേളനത്തിൽ വെച്ച് നടത്തപ്പെടും.



ജൂബിലി ആഘോഷങ്ങളുടെ നടത്തിപ്പിനായി ജോയിന്റ്കൌൺസിൽ പ്രസിഡന്റ് റവ. അജിത് വര്ഗീസ്, സെക്രെട്ടറിജീമോൻ വര്ഗീസ്, ട്രെഷറർ ബിജോ തോമസ്, ജൂബിലി കമ്മിറ്റിചെയർമാൻ റവ. ഡോ. രാജു വര്ഗീസ്, ജനറൽ കൺവീനർജിജി റ്റോം എന്നിവരുടെ നേത്രത്വത്തിൽ വിവിധ കമ്മറ്റികൾ രൂപീകരിച്ചു പ്രവർത്തിക്കുന്നു. റവ. ജോൺ ഡേവിഡ്സൺജോൺസൺ, റവ. എബി പൗലോസ്, റവ. ഡോ. രാജു വര്ഗീസ്, വെരി. റവ. അഗസ്റ്റിൻ മംഗലത്തു, റവ. ഡോ. പോൾ രാജൻ. റവ. തോമസ് മാത്യു. റവ. അജിത് വര്ഗീസ്, റവ. മാത്യു തോമസ്. റവ. ജോബിൻ ജോൺ എന്നിവർ ചെയർമാൻമാരും, ഫിലിപ്പോസ് ഫിലിപ്പ്, സജി എം പോത്തൻ, സൂസൻ വര്ഗീസ്, പ്രസാദ് ഈശോ, തോമസ് വര്ഗീസ്, പോൾ കറുകപ്പിള്ളിൽ, ഷൈമി ജേക്കബ്, കുര്യൻ കോശി, ഡോ. ലിബി മാത്യു, അജിത്വട്ടശ്ശേരിൽ, ജോൺ ജേക്കബ്, ബീന ജോൺ, എബ്രഹാംപോത്തൻ, സജു കൂടാരത്തിൽ എന്നിവർ വിവിധ കമ്മറ്റികളുടെകൺവീനർമാരായി ഇടവകകളിൽ നിന്നും തിരഞ്ഞെടുത്തകമ്മറ്റി അംഗങ്ങളും, ജേക്കബ് ജോർജ്, ക്വോയർ ലീഡറായും, ബെന്നി കുര്യൻ, സുവനീർ ചീഫ് എഡിറ്റർ ആയുംപ്രവർത്തിക്കുന്നു.




ജനുവരി മാസം പന്ത്രണ്ടാം തീയതി നടക്കുന്ന ജൂബിലിസമ്മേളനത്തിലേക്കും ഐക്യക്രിസ്തുമസ് ആഘോഷത്തിലേക്കും ഏവരെയും ഹാർദ്ദവമായി സ്വാഗതംചെയ്യുന്നു.






# സംഭവബഹുലമായ 'ദൗത്യം' നിറവേറ്റി ഗവർണർ ആരിഫ് മുഹമ്മദ് ഖാന്റെ മടക്കം




എ.എസ് ശ്രീകുമാർ

പിണറായി സർക്കാരുമായി പൊരിഞ്ഞ പോരാട്ടം നടത്തിയ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ തന്റെ കേരളത്തിലെ അവതാരോദ്ദേശ്യം പൂർത്തിയാക്കി ബീഹാറിലേയ്ക്ക് വണ്ടികയറുകയാണ്. 2019 സെപ്റ്റംബർ 6-ന് പി സദാശിവത്തിന് പിന്നാലെ കേരള ഗവർണറായി ചുമതലയേറ്റ ആരിഫ് മുഹമ്മദ് ഖാൻ, രണ്ടു പിണറായി സർക്കാരുകളുടെ കാലത്തായി 5 വർഷത്തിലേറെ സംസ്ഥാന സർക്കാരുമായി നേരിട്ടുള്ള യുദ്ധത്തിലായിരുന്നു. സർക്കാരുമായി നിരന്തരം കലഹിച്ചുകൊണ്ടിരുന്ന കേരളത്തിലെ ഒരേയൊരു ഗവർണറാണ് ആരിഫ് മുഹമ്മദ് ഖാൻ.

ആരിഫ് മുഹമ്മദ് ഖാൻ ചുമതലയേറ്റ നാൾ മുതൽ അദ്ദേഹം ആർ.എസ്.എസിന്റെ ഏജന്റാമെന്നും മോദിയുടെ രാഷ്ട്രീയ പ്രചാരകനാണെന്നുമുള്ള ആരോപണങ്ങൾ ഉയർന്നിരുന്നു. എന്നാൽ ബീഹാർ മുഖ്യമന്ത്രി നിതീഷ് കുമാർ എൻ.ഡി.എയുടെ ഘടകക്ഷിയായതിനാൽ ആരിഫ് മുഹമ്മദ് ഖാൻ അവിടെ പത്തി മടക്കിയിരിക്കും. പക്ഷേ കേരളത്തിന്റെ പുതിയ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ആരിഫ് മുഹമ്മദ് ഖാനെപ്പോലെ സി.പി.എമ്മിനും സർക്കാരിനും തലവേദനയാവുമെന്നാണ് കരുതുന്നത്.

ഗോവയിൽ നിന്നുള്ള ബി.ജെ.പി നേതാവായ അദ്ദേഹം, പ്രധാനമന്ത്രി നരേന്ദ്ര മോദിയോടൊപ്പം ആർ.എസ്സ്.എസ്സ്സിലൂടെ പൊതുരംഗത്ത് വന്ന വ്യക്തിയാണ്. കേരളത്തിൽ ആദ്യമായിട്ടാണ് ആർ.എസ്സ്.എസ്സ് പശ്ചാത്തലമുള്ള ഒരു ഗവർണർ വരുന്നത്. ജനസംഘകാലം മുതൽ ആർലേക്കർ രാഷ്ട്രീയത്തിലുണ്ട്.

കേരളം നാളിതുവരെ കണ്ട റബർ സ്റ്റാമ്പ് ഗവർണർമാരിൽ നിന്ന് തികച്ചും വ്യത്യസ്തനായിരുന്നു ആരിഫ് മുഹമ്മദ് ഖാൻ. നയപ്രഖ്യാപന വേളയിൽ നിയമസഭയിലെത്തി സർക്കാർ നയങ്ങൾ വള്ളിപുള്ളി തെറ്റാതെ വായിച്ച് ഭരണ മുന്നണിയുടെ വെറുമൊരു വാലാട്ടിയാവാൻ അദ്ദേഹം നിന്നുകൊടുത്തില്ല. അതുകൊണ്ടു തന്നെ, ആരിഫ് മുഹമ്മദ് ഖാന്റെ അഞ്ചു വർഷത്തെ ഗവർണർകാലം കേരള ഭരണചരിത്രത്തിലെ യുദ്ധകാണ്ഡമായി വിശേഷിപ്പിക്കുന്നതിൽ ഒരു തെറ്റുമില്ല.

മുഖ്യമന്ത്രി പിണറായി വിജയന്റെ കടുത്ത വിമർശകനായിമാറിയ ഖാൻ, സർക്കാരിന്റെ ജനവിരുദ്ധ നയങ്ങളെ പരസ്യമായി തന്നെ ചോദ്യം ചെയ്തിരുന്നു. സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ രംഗത്തെ നിയമവിരുദ്ധ ഇടപെടലുകൾ, പിൻവാതിൽ നിയമനങ്ങൾ, അഴിമതി, അക്രമരാഷ്ട്രീയം, ധൂർത്ത് എന്നിവയെ അദ്ദേഹം ശക്തമായി എതിർത്തിരുന്നു. സർക്കാരിന് പലപ്പോഴും ഗവർണർക്ക് മുന്നിൽ മുട്ട് മടക്കേണ്ടി വന്നു.

രാഷ്ട്രീയ താൽപ്പര്യങ്ങൾ ഉള്ള നിയമനിർമ്മാണത്തോട് ബില്ലുകൾ പിടിച്ചുവച്ചും തീരുമാനമെടുക്കാതെ രാഷ്ട്രപതിക്കയച്ചും ശക്തമായി പ്രതിഷേധിച്ച ഗവർണറായിരുന്ന ആരിഫ് മുഹമ്മദ് ഖാൻ. നയപ്രഖ്യാപനം അടക്കമുള്ള വിഷയങ്ങളിൽ സർക്കാരിനെ അദ്ദേഹം മുൾമുനയിൽ നിർത്തി. മുഖ്യമന്ത്രിക്കെതിരായി അതിരൂക്ഷ വിമർശനം പല ഘട്ടങ്ങളിലും ആരിഫ് മുഹമ്മദ് ഖാൻ നടത്തിയിരുന്നു. പൗരത്വ നിയമം സംബന്ധിച്ച് സർക്കാരും സംസ്ഥാന ആരിഫ് മുഹമ്മദ് ഖാനും തമ്മിലുണ്ടായ വാഗ്വാദം ദേശീയ തലത്തിൽ തന്നെ ശ്രദ്ധയാകർഷിച്ചിരുന്നു.

സർവകലാശാലയിലെ വൈസ് ചാൻസലർ നിയമനം, സിൻഡിക്കേറ്റ് അംഗങ്ങളെ നിശ്ചയിക്കൽ, ഇതേത്തുടർന്നുണ്ടായ എസ്.എഫ്.ഐ പ്രതിഷേധം, ബില്ലുകൾ പിടിച്ചുവെക്കൽ ഇതൊക്കെ വന്നതോടെ മുഖ്യമന്ത്രിയും ഗവർണറും പരസ്പരം പോർമുഖത്തേക്കിറങ്ങി. ഗവർണറെ വഴിയിൽ തടയുമെന്നും സർവകലാശാലയിൽ കയറ്റില്ലെന്നുമുള്ള എസ്.എഫ്.ഐയുടെ പ്രഖ്യാപനത്തെ, കാലിക്കറ്റ് സർവകലാശാല കാമ്പസിൽ താമസിച്ചും കോഴിക്കോട് മിഠായിത്തെരുവിലൂടെ നടന്നുമാണ് ആരിഫ്

മുഹമ്മദ് ഖാൻ വെല്ലുവിളിച്ചത്. തന്നെ കൊല്ലാൻ ശ്രമം നടന്നെന്ന രീതിയിൽ ഡി.ജി.പിയോട് പരാതി ഉന്നയിക്കുകയും ചെയ്തു.

എന്നാൽ സർക്കാരും അടങ്ങിയിരുന്നില്ല. ചാൻസലർ സ്ഥാനത്ത് നിന്ന് ഗവർണറെ നീക്കുന്ന ബില്ലുമായാണ് സർക്കാർ ഗവർണറെ നേരിത്. പക്ഷേ, നിയമസഭ പാസാക്കി അംഗീകാരത്തിനയച്ച ബില്ലിൽ ഒപ്പുവയ്ക്കാൻ സർവകലാശാലകളുടെ ചാൻസലർ കൂടിയായ ഗവർണർ തയാറായില്ല. വിവാദമായ സർവകലാശാല ബിൽ അടക്കമുള്ള 10 ബില്ലുകൾ വർഷങ്ങളോളം ഒപ്പിടാതെ പിടിച്ചുവച്ചു. സർക്കാർ സുപ്രീം കോടതിയിലേക്ക് നീങ്ങിയപ്പോൾ രണ്ട് ബില്ലുകൾ മാത്രം ഒപ്പിട്ട് മറ്റുള്ളവ രാഷ്ട്രപതിക്ക് അയച്ച് കൊണ്ടുള്ള തന്ത്രമാണ് ഗവർണർ പയറ്റിയത്. തിരഞ്ഞെടുക്കപ്പെട്ട ഒരു സർക്കാരിന് മേൽ കേന്ദ്രം നിയമിച്ച ഗവർണർ അതിര് കടക്കുന്നു എന്ന പഴി ആരിഫ് മുഹമ്മദ് ഖാൻ കേട്ടു.

മുഖ്യമന്ത്രിയുടേതെന്ന പേരിൽ 'ദ ഹിന്ദു' പത്രത്തിൽ പ്രസിദ്ധീകരിക്കപ്പെട്ട അഭിമുഖത്തിൽ മലപ്പുറത്തെ കുറിച്ചും ഒരു പ്രത്യേക വിഭാഗത്തെ കുറിച്ചും പറഞ്ഞ വാക്കുകൾ ഗവർണറെ ചൊടിപ്പിച്ചു. സ്വർണക്കടത്തിലെയും ഹവാല ഇടപാടുകളിലെയും പണം മലപ്പുറത്ത് ദേശവിരുദ്ധ പ്രവർത്തനങ്ങൾക്ക് അവർ ഉപയോഗിക്കുന്നുവെന്ന മുഖ്യമന്ത്രിയുടെ പരാമർശത്തിൽ രോഷം പ്രകടിപ്പിച്ച ഗവർണർ, മുഖ്യമന്ത്രിക്ക് ആ രക്തത്തിൽ പങ്കില്ലെങ്കിൽ തെളിയിക്കാൻ പരസ്യമായി തന്നെ വെല്ലുവിളിച്ചു.

സർക്കാർ-ഗവർണർ പോര് അതിന്റെ വഴിക്ക് ഗംഭീരമായി നടക്കുമ്പോഴും വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിലെ ഇരകൾക്കൊപ്പം ഉറച്ചുനിന്നും കോഴിക്കോട് തെരുവിൽ കണ്ട പലഹാരക്കടയിൽ കയറി കച്ചവടക്കാരനോട് കുശലം പറഞ്ഞും ആരിഫ് മുഹമ്മദ് ഖാൻ ജനകീയ പ്രതിച്ഛായ നേടി. ഗവർണറുടെ ഔദ്യോഗിക വസതിയായ രാജ്ഭവനും പൊതുജനങ്ങളും തമ്മിലുള്ള ബന്ധം കൂട്ടിയ ആരിഫ് മുഹമ്മദ് ഖാൻ, ഗവർണർ സാധാരണക്കാർക്ക് അപ്രാപ്യനാണെന്ന ധാരണ പൊളിച്ചെഴുതി. ഒരേസമയം കേരളം കണ്ട ജനകീയ ഗവർണറും സർക്കാരിനെ വെള്ളം കുടിപ്പിച്ച ഗവർണറും എന്ന ലേബലോടെയാണ് ആരിഫ് മുഹമ്മദ് ഖാൻ മടങ്ങുന്നത്.

പുതിയ ഗവർണറായി നിയമിക്കപ്പെട്ട രാജേന്ദ്ര ആർലേക്കർ കേരളത്തിലെ 23-ാമത്തെ ഗവർണറാണ്. 1989 മുതലാണ് അദ്ദേഹം ബി.ജെ.പിയിൽ സജീവമായി പ്രവർത്തനമാരംഭിച്ചത്. 1980 മുതൽ ഗോവയിലെ ബി.ജെ.പിയുടെ അംഗമാണ്. ഗോവ ബി.ജെ.പിയുടെ ജനറൽ സെക്രട്ടറിയായിരുന്നു. ഗോവ ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ചെയർമാൻ, ഗോവ എസ്.സി ആൻഡ് അദർ ബാക്ക്വേർഡ് ക്ലാസസ് ഫിനാൻഷ്യൽ ഡെവലവലപ്മെന്റ്കോർപ്പറേഷൻ ചെയർമാൻ, ബി.ജെ.പി സൗത്ത് ഗോവ പ്രസിഡന്റ് തുടങ്ങിയ പദവികൾ അദ്ദേഹം വഹിച്ചിട്ടുണ്ട്.

2014-ൽ മനോഹർ പരീക്കർ കേന്ദ്രമന്ത്രിസഭയിൽ പ്രതിരോധമന്ത്രിയായപ്പോൾ ആർലേക്കറെ അടുത്ത ഗോവ മുഖ്യമന്ത്രിയായി പരിഗണിച്ചിരുന്നു. എന്നാൽ അവസാനഘട്ടത്തിൽ ലക്ഷ്മികാന്ത് പർസേക്കറിനെ മുഖ്യമന്ത്രിയാക്കുകയായിരുന്നു. 2002-2007, 2012-2017 കാലഘട്ടങ്ങളിൽ ആർലേകർ എം.എൽ.എയായി. 2012 മുതൽ 2015 വരെ ഗോവ നിയമസഭ സ്പീക്കറും 2015-ൽ ഗോവ വനം പരിസ്ഥിതി മന്ത്രിയായും തിരഞ്ഞെടുക്കപ്പെട്ടു. 2021 ജൂലൈ 6-നാണ് ആർലേക്കർ ഹിമാചൽ പ്രദേശ് ഗവർണറായി നിയമിതനായത്. 2023 ഫെബ്രുവരിയിൽ ബിഹാറിന്റെ 29-ാമാത് ഗവർണറായും നിയമിതനായി.

ആരീഫ് മുഹമ്മദ് ഖാൻ ബീഹാറിലേയ്ക്ക് പോകുന്ന ഘട്ടത്തിലും സി.പി.എമ്മിന് അദ്ദേഹത്തോടുള്ള കലിപ്പ് അടങ്ങിയിട്ടില്ലെന്ന് പാർട്ടി സെക്രട്ടറി എം.വി ഗോവിന്ദന്റെ പരുഷ വാക്കുകൾ സൂചിപ്പിക്കുന്നു. ''ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ ഭരണഘടനാവിരുദ്ധമായ നടപടികളാണ് സ്വീകരിച്ചിരുന്നത്. ഇനി വരാനിരിക്കുന്ന പുതിയ ഗവർണർ ഭരണഘടനാപരമായി പ്രവർത്തിക്കണം. കഴിഞ്ഞ ഗവർണർ സംഘപരിവാർ ആശയം നടപ്പാക്കുക മാത്രമാണ് ചെയ്തത്. കൂടാതെ ആരിഫ് മുഹമ്മദ് ഖാനെ മഹത്വവത്കരിക്കാൻ ചില മാധ്യമങ്ങൾ ശ്രമിച്ചു. ഇത് വലിയ ജനകീയ അംഗീകാരമുള്ള ഗവർണർ എന്നാണ് വിശേഷിപ്പിക്കുന്നത്. കൂടാതെ ഇടതു സർക്കാരിനോട് തെറ്റി സംഘപരിവാർ അജൻഡ നടപ്പാക്കാൻ ശ്രമിക്കുന്നുവെന്നതാണ് ഗവർണറുടെ വിരേതിഹാസമായി പലരും കാണുന്നത്. എന്നാൽ ഇത് അങ്ങേയറ്റം ജനവിരുദ്ധ സമീപനമാണ്. കമ്യൂണിസ്റ്റെന്നും കോൺഗ്രസെന്നും നോക്കാതെ ഭരണഘടനാപരമായാണ് ഗവർണർ പ്രവർത്തിക്കേണ്ടത്...'' ഇങ്ങനെ പോയി ഗോവിന്ദന്റെ പരിഹാസം.




Save $ 894.*
Combine
Home & Auto.
Michael Tharian
Agent
1855 Victory Blvd
Staten Island, NY 10314
Toll Free: 888-644-7222
Save money and time when you combine your home and auto insurance. Just another way I'm her to help life go right. CALL ME TODAY
We Serve These States
NY, NJ, PA, & CT.
We Provide Auto, Home & Life Insurance
StateFarm®
*Average household savings based on 2016 national survey of new policyholders who reported savings by switching to State Farm
State Farm Mutual Automobile Insurance Company State Farm Indemnity Company,
State Farm Fire and Casualty Company State Farm General Insurance Company
1601489
Bloomington, IL




CELEBRATING 30 Service & Commitment

# Blue Ocean Wealth Solutions

A member of the MassMutual Financial Group



## Philipose Samuel

I specialize in helping businesses and individuals plan for the future by customizing solutions to meet their needs. I take a client-centered approach by using relevant financial and personal information to understand their goals. I analyze this information and prepare a specific Action Plan to help my clients focus on the steps necessary to reach these goals

## BUSINESS NEEDS

### Business Continuation Planning

Key Employee Insurance
Business Overhead Insurance
Disability Buyouts
Buy-Sell Arrangements

### Retirement Planning

401K Plans
403b Plans
Simplified Employee Pensions (SEPs)
Simple IRAs

### Employee Benefits Products

Health Insurance
Short-term and Long-term
Disability Insurance
Health Insurance*

### Group Health insurance

Group Whole Life (Without Medicals)
Group Disability &
Group Dental Plans Insurance

## PERSONAL NEEDS

### Wealth Communication

Managed Investment Accounts
Mutual Funds
Exchange Traded Funds
Fixed, Variable and Index Annuities
Traditional and Roth IRAs
Education Funding Strategies
Retirement Planning

### Family Protection

Long-Term Care Insurance
Whole Life Insurance
Term Life Insurance
Disability Income Insurance
Medicare Supplement & Advantage Plans*
Medicare Part D*
Charitable Planning Strategies
Home Owner's Insurance*
Auto Insurance*
Estate Conservation

MassMutual Leaders Conference:
2022, 2021, 2019, 2018
MetLife, Leaders Conference: 2015, 2014
2012-10, 2008, 2005-03, 2001, 1998, 1997
MetLife Presidents Conference : 2007
NAIFA National Sales Achievement Award: 1999
NAIFA Quality Award : 1998

**Philipose Samuel (Sam)**
*30 Years of Service*
Financial Service Representative Financial Advisor
O: (516) 326-7028 | C: (516) 312-2902
psamuel@financialguide.com | www.blueocean.us.com
For Messaging Please use the Phone number 516 774 4283

Insurance Representative of Massachusetts Mutual Life Insurance Company (MassMutual), Springfield, MA 01111-0001, and its aliated US insurance companies. Registered Representative of and securities and investment advisory services oered through MML Investors Services, LLC, Member SIPC and a MassMutual subsidiary.2200 Northern Boulevard Suite 200 East Hills NY 11548 (516) 686-7000. Local sales agencies are not subsidiaries of MassMutual or its aliated companies. "Property & Casualty insurance is oered through a variety of quality insurance companies that are not aliated with MassMutual or MML Investors Services, LLC. Some health insurance products oered by unaliated insurers. **Not practicing on behalf of MassMutual or its aliates. CRN202501-1659414.

# പമ്പ അസോസിയേഷന്


## ജോൺ പണിക്കർ, ജോർജ് ഓലിക്കൽ, സുമോദ് നെല്ലിക്കാല എന്നിവരുടെ നേതൃത്വത്തിൽ

# പുതിയ ഭരണ സമിതി

ഫിലാഡൽഫിയ: പെൻസിൽവാനിയയിലെ പ്രമുഖ മലയാളി സംഘടനയായ പമ്പ അസോസിയേഷൻ (പെൻസിൽവാനിയ അസോസിയേഷൻ ഓഫ് മലയാളി പ്രോസ്പിരിറ്റി ആൻഡ് അഡ്വാൻസ്മെൻറ്) പുതിയ വർഷത്തേക്കുള്ള ഭാരവാഹികളെ തിരഞ്ഞെടുത്തു.

പമ്പ കമ്മ്യൂണിറ്റി ഹാളിൽ വച്ച് റെവ. ഫിലിപ്സ് മോടയിൽ അധ്യക്ഷത വഹിച്ച പൊതു സമ്മേളനത്തിൽ ജോൺ പണിക്കർ വാർഷിക റിപ്പോർട്ടും സുമോദ് നെല്ലിക്കാല വാർഷിക കണക്കും അവതരിപ്പിച്ചു.

തുടർന്നു ബോർഡ് ഓഫ് ട്രസ്റ്റി ചെയർമാൻ സുധ കർത്തായുടെ നേതൃത്വത്തിൽ നടന്ന തിരഞ്ഞെടുപ്പിൽ ജോൺ പണിക്കർ (പ്രെസിഡൻറ്), ജോർജ് ഓലിക്കൽ (ജനറൽ സെക്രട്ടറി), സുമോദ് തോമസ് നെല്ലിക്കാല (ട്രഷറർ), അലക്സ് തോമസ് (വൈസ് പ്രെസിഡൻറ്), തോമസ് പോൾ (അസ്സോസിയേറ്റ് സെക്രട്ടറി), രാജൻ സാമുവേൽ (അസ്സോസിയേറ്റ് ട്രെഷറർ), ഫിലിപ്പോസ് ചെറിയാൻ (അക്കൗണ്ടൻറ്), ജോർജ് പണിക്കർ (ഓഡിറ്റർ) എന്നിക്കരെ കൂടാതെ ചെയർ പേഴ്സൺസ് ആയി സുരേഷ് നായർ (ആർട്സ്), സുധ കർത്താ (സിവിക് ആൻഡ് ലീഗൽ), റെവ. ഫിലിപ്സ് മോടയിൽ (എഡിറ്റോറിയൽ ബോർഡ്), ജേക്കബ് കോര (ഫെസിലിറ്റി), മോഡി ജേക്കബ് (ഐ റ്റി കോർഡിനേറ്റർ), എബി മാത്യു (ലൈബ്രറി), ഈപ്പൻ ഡാനിയേൽ (ലിറ്ററി ആക്ടിവിറ്റീസ്), രാജു പി ജോൺ (മെമ്പർഷിപ്), മോൺസൺ വർഗീസ് (ഫണ്ട് റൈസിംഗ്), ജോയ് തട്ടാരംകുന്നേൽ (ഇൻഡോർ ഗെയിംസ്), ടിനു ജോൺസൻ (യൂത്ത് ആക്ടിവിറ്റീസ്), വത്സ തട്ടാർകുന്നേൽ (വിഷ്വൽ മീഡിയ), സെലിൻ ജോർജ് (വുമൺസ് ഫോറം കോർഡിനേറ്റർ), അലക്സ് തോമസ് (ബിൽഡിങ് കമ്മറ്റി ചെയർമാൻ എന്നിവരെ തിരഞ്ഞെടുത്തു.



John Panicker President | George Olickal Secretary | Sumodh T Nellikala Treasurer

പ്രസിഡെന്റായി തിരഞ്ഞെടുക്കപ്പെട്ട ജോൺ പണിക്കർ ഫിലാഡൽഫിയയിലെ സാമൂഹ്യ സാംസ്കാരിക സമുദയിക മേഖലകളിലെ നിറ സാന്നിധ്യമാണ്. ഇന്ത്യൻ റെയിൽവേ കൂടാതെ അമേരിക്കൻ ആരോഗ്യ രംഗത്തും സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

സെക്രട്ടറി ജോർജ് ഓലിക്കൽ ട്രെഷറർ സുമോദ് നെല്ലിക്കാല എന്നിവരും നിരവധി സാമൂഹിക സാംസ്കാരിക സംഘടനകളിൽ നേതൃത്വം ഏറ്റെടുത്തു പ്രവർത്തന പരിചയമുള്ളവരാണ്.

തിരഞ്ഞെടുക്കപ്പെട്ടവരുടെ സ്ഥാനാരോഹണ ചടങ്ങും, ഒഴിവുള്ള സ്ഥാനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പും. ജനുവരി 4 നു നടത്തപ്പെടുന്ന ക്രിസ്തമസ് ന്യൂ ഇയർ പ്രോഗ്രാമിൽ വച്ച് നടത്തപ്പെടുമെന്നു സംയുക്ത എക്സിക്യൂട്ടീവ് കമ്മിറ്റി അറിയിച്ചു.

*വാർത്ത: സുമോദ് തോമസ് നെല്ലിക്കാല*





The First
'OTT' Platform
MediaAppUSA
Originates From North America
Developed by
Malayalees from NA
MediaAppUSA
amazon fireTV
Roku
tv
Google TV
Amazon fireTV
ROKU TV
Apple TV
GoogleTV
Samsung
SMART TV
LG
Life's Good
Panasonic
VIZIO
Samsung TV
LGTV
Panasonic
VIZIO TV
Any Android or iOS Streaming Device
Watch LIVE TV
LIVE Events
'VOD' Video On Demand
Movies
For more info: 1-917-990-2123 or visit www.mediaappusa.com



# സ്വർണ്ണക്കടത്തിന്റെ തന്ത്രങ്ങൾ



**അജു വാരിക്കാട്**

സ്വർണ്ണക്കടത്തിന്റെ തന്ത്രങ്ങൾ പലപ്പോഴും അത്ഭുതവും വിചിത്രവും ഒക്കെ ആയിട്ട് തോന്നാറുണ്ട്. ഇലക്ട്രോണിക്സ് ഉപകരണങ്ങളിലും വസ്ത്രങ്ങളിലും മാത്രമല്ല തലമുടിയിലും മലദ്വാരത്തിലും പോലും കിലോക്കണക്കിന് സ്വർണ്ണമാണ് പലരും കടത്തുന്നത്. പലപ്പോഴും തമാശയായിട്ട് ഇതെല്ലാം പറയാറുണ്ടെങ്കിലും നാട്ടിലെ ചെറുകൊട്ടേഷൻ സംഘങ്ങളിൽ തുടങ്ങി ദാവൂദ് ഇബ്രാഹിമിലേക്ക് പോലും നീളുന്ന വലിയ സംഘങ്ങൾ ഉണ്ട് കേരളത്തിലെ പോലും സ്വർണക്കടത്തിന് പിന്നിൽ. ചെറിയ അടി ‘പിടികളിലും തട്ടിക്കൊണ്ടുപോകലിലും തുടങ്ങി സംഗീതജ്ഞൻ ബാലഭാസ്കറിന്റെ മരണം വരെ നീളുന്ന ആരോപണങ്ങളും ഉണ്ട് ഇതുമായി ബന്ധപ്പെട്ട്. എന്നാൽ സ്വർണക്കടത്ത് എങ്ങനെ എന്തിനാണ് നടത്തുന്നത്? ഇത് രാജ്യത്തെ എങ്ങനെയാണ് ബാധിക്കുന്നത്? ഇതിനെ തടയിടാൻ എന്തുകൊണ്ട് നമ്മുടെ രാജ്യത്തിന് കഴിയുന്നില്ല? പുതിയ നിയമം എങ്ങനെ ഈ സ്വർണക്കടത്തിനെ ബാധിക്കും? ഇനി സ്വർണക്കടത്ത് നടത്തുന്നവർക്ക് ശരിക്കും എന്ത് ശിക്ഷയാണ് ലഭിക്കാൻ പോകുന്നത്?

2015 ൽ ഇന്ത്യൻ ഗവൺമെൻറ് സ്വർണ്ണ ഇറക്കുമതി കുറയ്ക്കാൻ ഗോൾഡ് മോണറ്റൈസേഷൻ സ്കീം നടപ്പിലാക്കിയിരുന്നു ഈ സ്കീം അനുസരിച്ച് നമ്മുടെ വീട്ടിലോ ലോക്കറിലോ അധികമുള്ള സ്വർണം ബാങ്കിൽ നിക്ഷേപിച്ചാൽ അതിനനുസരിച്ചുള്ള പലിശ നമുക്ക് കിട്ടും. സാധാരണ നമ്മൾ കയ്യിലുള്ള അധിക പണം ബാങ്കിൽ നിക്ഷേപിച്ച് പലിശ നേടുന്നത് പോലെ തന്നെ ബാങ്കുകൾക്ക് ഈ സ്വർണ്ണം ജ്വല്ലറികൾക്ക് വായ്പ്പ ആയിട്ടൊക്കെ കൊടുക്കാൻ പറ്റുന്നതാണ്. അല്ലെങ്കിൽ റിസേർവ് ബാങ്കിൽ നിക്ഷേപിക്കാം. 2018 ലെ നീതി ആയോഗിന്റെ റിപ്പോർട്ട് അനുസരിച്ച് രാജ്യത്ത് ഉടനീളമുള്ള വീടുകളിലും മതസ്ഥാപനങ്ങളിലും ബാങ്കുകളുടെ ലോക്കറിലും അടക്കം 24000 ത്തോളം ടൺ സ്വർണ്ണമാണ് ഉപയോഗിക്കാതെ കിടക്കുന്നതായിട്ട് കണക്കാക്കുന്നത്. യുഎസ് യൂറോപ്പ് ചൈന എന്നിവിടങ്ങളിലെ എല്ലാം സെൻട്രൽ ബാങ്കുകൾ കൈവശം വെച്ചിരിക്കുന്ന സ്വർണ്ണത്തിന്റെ ആകെ അളവിന് തുല്യമാണിത്. ഇന്ത്യക്കാർ നിസ്സാരക്കാർ അല്ല എന്ന് മനസ്സിലായിട്ടുണ്ടാവുമല്ലോ. വീടുകളിലെ സ്വർണ്ണത്തിന്റെ അളവ് അത്രത്തോളം അധികമാണ്. സ്വർണ്ണത്തിന് ധാരാളം ആവശ്യക്കാരുണ്ട്. ഉപയോഗിക്കാതെ കിടക്കുന്ന സ്വർണ്ണം ഇന്ത്യയിൽ തന്നെ അധികവുമാണ്. അപ്പോൾ ഈ ഉപയോഗിക്കാതെ കിടക്കുന്ന സ്വർണ്ണം ആവശ്യക്കാർക്ക് കിട്ടുന്ന സംവിധാനം ഒരുക്കി കഴിഞ്ഞാൽ ഇറക്കുമതി കുറയ്ക്കാം എന്ന തന്ത്രത്തിലായിരുന്നു ഈ പദ്ധതി കൊണ്ടുവന്നത്. എന്നാൽ എട്ട് വർഷത്തിനിടെ 21 ടൺ മാത്രമാണ് ഈ സ്കീമിലൂടെ മൊബിലൈസ് ചെയ്യാൻ അല്ലെങ്കിൽ ഉപയോഗപ്രദമാക്കാൻ സാധിച്ചത്. 24000 ടണ്ണിൽ വെറും 21 ടൺ മാത്രം. മേൽ പറഞ്ഞതുപോലെ ഇങ്ങനെ കൂടുതൽ സ്വർണം മൊബിലൈസ് ചെയ്യാൻ സാധിക്കുമെന്നും സ്വർണക്കടത്ത് കുറയുമെന്നും ഗവൺമെൻറ് കണക്കുകൂട്ടിയിരുന്നു. എന്നാൽ സംഭവിച്ചത് മറ്റൊന്നായിരുന്നു. ഈ സ്കീം വിജയിച്ചതുമില്ല സ്വർണക്കടത്ത് കൂടി വരികയും ചെയ്തു. സ്വർണ്ണത്തെ ഒരു നിക്ഷേപമായി കണ്ട് ധാരാളം ആളുകൾ സ്വർണം വാങ്ങാറുണ്ട്. അതുകൊണ്ടുതന്നെ സ്വർണ്ണത്തിന്റെ ഇറക്കുമതി കൂടി വരികയും ചെയ്യും. ഇങ്ങനെയുള്ള ആളുകൾ സ്വർണം വാങ്ങാതിരിക്കാൻ വേണ്ടി റിസേർവ് ബാങ്ക് ഓഫ് ഇന്ത്യ സോവറിൻ ഗോൾഡ് ബോണ്ട്

അവതരിപ്പിച്ചിരുന്നു. സ്വർണ്ണ നിക്ഷേപത്തിന്റെ അതേ ഗുണങ്ങൾ കുറച്ചധികം ഗുണങ്ങളോടെ ജനങ്ങൾക്ക് കിട്ടുന്ന രീതിയിലുള്ള ഒരു പദ്ധതിയായിരുന്നു ഇത്. എന്നാൽ ഇപ്പോൾ നോക്കി കഴിഞ്ഞാൽ ഈ പദ്ധതി സർക്കാരിന് അധികബാധ്യത ഉണ്ടാകുമെന്ന് മനസ്സിലാക്കി ആർബിഐ ഈ പദ്ധതി ഉപേക്ഷിക്കാൻ തയ്യാറെടുക്കുകയാണ്. അതായത് സ്വർണ്ണ ഇറക്കുമതി കുറയ്ക്കാൻ വേണ്ടി ആർബിഐ ഇറക്കിയ പദ്ധതി വീണ്ടും പരാജയപ്പെടുന്നു എന്നാണ് ഇതിൽ നിന്നും നമ്മൾ മനസ്സിലാക്കേണ്ടത്.

മറ്റൊരു കാര്യം പറഞ്ഞാൽ നമ്മൾ മലയാളികൾ കാലങ്ങളായിട്ട് സ്വർണ്ണത്തിൽ നിക്ഷേപിക്കാറുണ്ട് സമ്പത്തിന്റെ ഒരു 10 20 ശതമാനം ഒക്കെ സ്വർണ്ണമാക്കി മാറ്റിവെക്കുന്നത് എന്തുകൊണ്ടും നല്ലത് തന്നെയാണ്. 2023 ലെ ലോകസഭയിലെ ചോദ്യോത്തര വേളയിൽ പുറത്തുവന്ന കണക്കുകൾ അനുസരിച്ച് 2022 ൽ 3982 സ്വർണക്കടത്ത് കേസുകൾ രജിസ്റ്റർ ചെയ്തിരുന്നു. അതിൽ 350216 സഴ സ്വർണ്ണമാണ് പിടിച്ചെടുത്തത്. 1710 പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തു. സ്വർണ്ണം കടത്തപ്പെട്ടതിന്റെ ഒരു ചെറിയ ഭാഗം മാത്രമായിരിക്കുമല്ലോ. പിടിച്ചെടുത്തത് അത് തന്നെ എത്ര വലിയ കണക്കാണ് എന്ന കാര്യം പ്രത്യേകം ഓർക്കേണ്ടതാണ്. 1970 80 കാലഘട്ടങ്ങളിൽ നമ്മൾ നോക്കി കഴിഞ്ഞാൽ ബോളിവുഡ് സിനിമകൾ ആണെങ്കിലും ചില മലയാള സിനിമകൾ ആണെങ്കിലും സ്യൂട്ട് കേസ് നിറയെ സ്വർണ്ണ ബിസ്കറ്റ് കടത്തുന്ന കഥാപാത്രങ്ങൾ ഒരു ക്ലീഷേ തന്നെയായിരുന്നു. അങ്ങനെയുള്ള ക്ലീഷേ കഥാപാത്രങ്ങൾ എന്തുകൊണ്ടായിരിക്കാം സിനിമകളിൽ കടന്നുവന്നത്? നമുക്കറിയാം സിനിമ എന്ന് പറയുന്നത് അത് ഇറങ്ങുന്ന കാലഘട്ടത്തിലെ സാമൂഹിക സാമ്പത്തിക പശ്ചാത്തലങ്ങൾ കൂടി ഉൾപ്പെടുത്തിയാണ് പലപ്പോഴും നിർമ്മിക്കപ്പെടാറുള്ളത്. 1968 ലെ ഗോൾഡ് കൺട്രോൾ ആക്ടിനു ശേഷം ഇന്ത്യക്കാർ സ്വർണ്ണനാണയങ്ങളോ സ്വർണക്കട്ടകളോ കൈവശം വെക്കുന്നതിന് നിരോധനം ഉണ്ടായിരുന്നു. സ്വാഭാവികമായിട്ടും നിയമപരമായി ഇറക്കുമതി ചെയ്യാൻ കഴിയാത്ത വസ്തുക്കൾ അനധികൃതമായി മറ്റു വഴികളിലൂടെ കടത്താൻ കള്ളക്കടത്തുകാരുടെ ശ്രമങ്ങൾ ഉണ്ടാകും. അങ്ങനെ ആ സമയത്ത് ബോംബെ പോലുള്ള തീരദേശ നഗരങ്ങളിൽ കള്ളക്കടത്തിലൂടെ ഒരു അധോലോക സംഘം തന്നെ വളർന്നു വന്നു. ബിസിനസ്സിലും രാഷ്ട്രീയത്തിലും വിനോദത്തിലും സ്വാധീനം ചെലുത്താൻ പോകുന്ന ശക്തിയായിട്ട് അവർ പിന്നീട് തഴച്ചു വളർന്നിരുന്നു. ഹാജി മസ്താൻ ദാവൂദ് ഇബ്രാഹിം എന്നീ പേരുകളൊക്കെ ആ കാലഘട്ടത്തിന്റെ സൃഷ്ടിയായിരുന്നു. അതുകൊണ്ടുതന്നെയാണ് ആ സമയത്ത് ഇറങ്ങിയ സിനിമകളിൽ ഇത്തരത്തിലുള്ള കഥാപാത്രങ്ങളെ നമുക്ക് കാണാനും സാധിക്കുന്നത്. എന്നാൽ 1992 ന് ശേഷം ചില മാറ്റങ്ങൾ സംഭവിച്ചു. 1991ൽ ആരംഭിച്ച സാമ്പത്തിക പരിഷ്കാരങ്ങളുടെ തുടർച്ചയായിട്ട് 1992 ഫെബ്രുവരിയിലെ ബജറ്റ് പ്രസംഗത്തിനിടെ അന്നത്തെ ധനകാര്യമന്ത്രി മന്മോഹൻ സിംഗ് സ്വർണ്ണ ഇറക്കുമതി നിയമവിധേയമാക്കി മാറ്റിയിരുന്നു. ഇറക്കുമതി ചെയ്യുന്ന സ്വർണ്ണത്തിന്റെ മൂല്യത്തിന് ഏകദേശം 15% ടാക്സും ഏർപ്പെടുത്തുകയാണ്.



പിന്നീട് വർഷംതോറും നികുതി കുറഞ്ഞു കുറഞ്ഞു വന്നു. 2012 ൽ ഇമ്പോർട്ട് ഡ്യൂട്ടി കൂട്ടാൻ ഗവൺമെൻറ് തീരുമാനിച്ചിരുന്നു. അതുവരെ 2% മാത്രമായിരുന്നു ഡ്യൂട്ടി 1970 കളിൽ കള്ളക്കടത്തിന്റെ ഔദ്യോഗിക കണക്കുകൾ ഒന്നും നമുക്ക് ലഭ്യമായിട്ടില്ല എങ്കിലും 50 മുതൽ 100 ടണ് വരെ ഉണ്ടാകുമെന്നാണ് ഏകദേശ കണക്ക്. ഇനി 2013 ൽ വേൾഡ് ഗോൾഡ് കൗൺസിലിന്റെ കണക്ക് പരിശോധിച്ചാൽ ഈ 200 ടൺ സ്വർണ്ണത്തോളം കള്ളക്കടത്തുകാർ ഇന്ത്യയിലേക്ക് എത്തിച്ചതായിട്ടും നമുക്ക് കാണാൻ പറ്റുന്നതാണ്.

2013 ന് ശേഷം ഗോൾഡ് ഇറക്കുമതി കുറയ്ക്കാൻ ഇംപോർട്ട് ഡ്യൂട്ടി വർദ്ധിപ്പിച്ചതോടെ 2013 മാർച്ചിലും 2014 ഏപ്രിലിനും ഇടയിൽ മാത്രം സ്വർണക്കടത്ത് ഏകദേശം 300% വർദ്ധിച്ചു. 125% കസ്റ്റംസ് ഡ്യൂട്ടി കൂടാതെ 25 കാർഷിക സെസ് 3% ജിഎസ്ടി 01% ഇംപോർട്ട് പ്രീമിയം എന്നിവ ഉൾപ്പെടെ 18% ത്തോളം വരുന്ന നികുതിയാണ് സ്വർണ്ണ ഇറക്കുമതി മേൽ നിയമപരമായി കൊടുക്കേണ്ടിയിരുന്ന നികുതി. എന്നാൽ കള്ളക്കടത്തിലൂടെ ഇന്ത്യയിലേക്ക് സ്വർണം കൊണ്ടുവന്നാൽ ഈ നികുതി കള്ളക്കടത്തുകാർക്ക് ലാഭിക്കാം. ഈ വെട്ടിപ്പ് ഒന്ന് കണക്കുകൂട്ടി നോക്കിയാൽ വെറും ഒരു കിലോയ്ക്ക് തന്നെ 13 മുതൽ 14 ലക്ഷം രൂപയിൽ അധികമാണ് കള്ളക്കടത്തുകാർ ഉണ്ടാക്കുന്നത്. സ്വർണം കടത്തുന്ന ക്യാരിയർമാർക്ക് കൊടുക്കുന്ന പണം ഏതാണ്ട് ?35000 ആണ് തായ്‌ലൻഡിൽ നിന്നോ മിഡിൽ ഈസ്റ്റിൽ നിന്നോ ഉള്ള ടിക്കറ്റിന്റെ ചിലവ് നോക്കിയാൽ ഏതാണ്ട് ?30000 ഇതെല്ലാം കുറച്ചാലും ഒരു കിലോ സ്വർണ്ണത്തിന് കുറഞ്ഞത് 12 ലക്ഷം എങ്കിലും നികുതി വെട്ടിപ്പിലൂടെ മാത്രം ഒരാൾക്ക് ലാഭം കിട്ടുന്നതാണ്. നമ്മൾ നോക്കി കഴിഞ്ഞാൽ ഒരു ക്യാരിയർ തന്നെ മലദ്വാരത്തിൽ എല്ലാം വെച്ചുകൊണ്ട് ശരീരത്തിന്റെ മറ്റു ഭാഗങ്ങൾ ഒളിപ്പിച്ചാണെങ്കിലും ഒരു കിലോയിൽ അധികം സ്വർണ്ണം കടത്തുന്നത് വളരെ സ്വാഭാവികമായിട്ടും സാധാരണമായിട്ടും നടന്നുകൊണ്ടിരിക്കുന്ന ഒരു കാര്യമാണ്. അത്തരത്തിലുള്ള വാർത്തകൾ നിരന്തരം നമ്മൾ കേൾക്കുന്നതുമാണ്. ശരിയായ നടപടിക്രമങ്ങളിലൂടെ സ്വർണം ഇറക്കുമതി ചെയ്ത് മാർക്കറ്റിൽ വിൽക്കുന്നവരെക്കാൾ കള്ളക്കടത്ത് സ്വർണം വിൽക്കുന്നവർ ലാഭം ഉണ്ടാക്കുന്നു എന്ന കാര്യം ഇതിലൂടെ വ്യക്തവുമാണ്. അതിനാൽ തന്നെ ഇവിടെ ഒരു ഫെയർ കോമ്പറ്റീഷനുള്ള സാധ്യത ഇല്ലാതാവുകയാണ്. സ്വർണ്ണ ബിസിനസ് ചെയ്യുന്ന പലരും ഇഷ്ടമില്ലാഞ്ഞിട്ട് കൂടി ഇത്തരം കാര്യങ്ങൾ ചെയ്യാൻ നിർബന്ധിതരാവുകയാണ്. അതായത് നമ്മൾ ഒന്ന് പരിശോധിച്ചു കഴിഞ്ഞാൽ സ്വർണ്ണത്തിന്റെ ഇംപോർട്ട് ഇന്ത്യയിലേക്ക് ഉണ്ടാവുന്നത്, ഇന്ത്യൻ സാമ്പത്തിക രംഗത്തിന് നല്ലതല്ല എന്ന് മനസ്സിലാക്കി നികുതി കൂട്ടുകയാണ്, എന്നാൽ നികുതി കൂട്ടിയ സമയത്ത് കള്ളക്കടത്തുകാർ കൂടുതൽ ലാഭം ഉണ്ടാക്കാനുള്ള അവസരമായിട്ട് അത് മാറ്റുകയാണ് ചെയ്യുന്നത്. ഇവിടെ കള്ളക്കടത്ത് പതിൻമടങ്ങായിട്ട് വർദ്ധിക്കുകയാണ്. അപ്പൊ ഗവൺമെൻറ് ഒരു കാര്യം ചെയ്യുന്നു, നടക്കുന്നത് നേരെ വിപരീതമായിട്ടുള്ള ഒരു കാര്യമാണ്. പലപ്പോഴും കൂടിയ നികുതി കൊടുക്കാതിരിക്കാനും ലാഭം കൊയ്യാനും പലരും കള്ളക്കടത്ത് മാർഗങ്ങൾ ഉപയോഗിക്കുന്നു എന്ന കാര്യം വ്യക്തമാണ്. എന്തിനാണ് ശരിക്കും ഇങ്ങനെ ഡ്യൂട്ടി വർദ്ധിപ്പിച്ച് സ്വർണ്ണത്തിന്റെ ഇറക്കുമതി കുറയ്ക്കുന്നത് എന്നത് പ്രധാനപ്പെട്ട ഒരു ചോദ്യമാണ്.

ഡ്യൂട്ടി വളരെ കുറച്ച് കള്ളക്കടത്ത് കുറയ്ക്കാൻ ഗവൺമെൻറ് ശ്രമിച്ചുകൂടെ എന്നുള്ള സംശയങ്ങളും ഒരുപക്ഷേ ഉണ്ടായേക്കാം. ഒരു രാജ്യത്തിന്റെ ഇറക്കുമതിയും കയറ്റുമതിയും അതിന്റെ കറൻസിയുടെ മൂല്യത്തെ ബാധിക്കുന്നുണ്ട്. ഇവിടെ ഒരുപാട് ഘടകങ്ങളെ ആശ്രയിച്ചാണ് പണത്തിന്റെ മൂല്യവും പണപ്പെരുപ്പവും എല്ലാം നിലനിൽക്കുന്നത്. എങ്കിൽ പോലും സ്വർണ്ണവുമായിട്ട് ചേർത്ത് പറയുന്ന സമയത്ത് കാര്യങ്ങൾ മനസ്സിലാവാൻ വേണ്ടി പറയുകയാണ് ഒരു രാജ്യത്തിൻറെ കയറ്റുമതിയുടെ മൂല്യം രാജ്യത്തിൻറെ ഇറക്കുമതിയെക്കാൾ കൂടുതൽ ആണെങ്കിൽ അത് ആ രാജ്യത്തിൻറെ കറൻസിയെ ശക്തിപ്പെടുത്തുകയാണ്. അതായത് ആ രാജ്യത്തിൻറെ കറൻസിയുടെ മൂല്യം കൂടും. നേരെ മറിച്ച് ഒരു രാജ്യം കയറ്റുമതി ചെയ്യുന്നതിനേക്കാൾ കൂടുതൽ ഇറക്കുമതി

ചെയ്താൽ ആ രാജ്യത്തിൻറെ കറൻസിയുടെ മൂല്യം കുറയുന്നതാണ്. അതുപോലെ തന്നെ സ്വർണം കയറ്റുമതി ചെയ്യുന്ന ഒരു രാജ്യത്ത് സ്വർണ്ണവിലയിൽ വർദ്ധനം ഉണ്ടായാൽ ആ രാജ്യത്തിൻറെ കറൻസിയുടെ മൂല്യം കൂടും. കാരണം അത് രാജ്യത്തിൻറെ കയറ്റുമതിയുടെ മൂല്യം വർദ്ധിക്കാൻ കാരണമാകുന്നതാണ്. എന്നാൽ ഇന്ത്യ സ്വർണം ഇംപോർട്ട് ചെയ്യുന്ന രാജ്യമാണ് സ്വർണ്ണത്തിന്റെ വില കൂടിക്കഴിഞ്ഞാൽ രൂപയുടെ മൂല്യം കുറയാനാണ് അവിടെ സാധ്യത. രൂപയുടെ മൂല്യം ഇങ്ങനെ കുറയുന്ന സമയത്ത് എണ്ണ പോലുള്ള മറ്റ് ആവശ്യങ്ങൾ വസ്തുക്കൾ ഇറക്കുമതി ചെയ്യുന്നത് രാജ്യത്തെ സംബന്ധിച്ചിടത്തോളം കൂടുതൽ ചെലവുള്ള കാര്യമായിട്ട് തീരുന്നതാണ്. സ്വർണ്ണം ഒരു അവശ്യവസ്തു അല്ല എന്ന കാര്യം നമുക്കറിയാം അതിനാൽ സ്വർണ്ണം ഇറക്കുമതി കുറഞ്ഞാലും ഓയിൽ പോലുള്ള അവശ്യവസ്തുക്കൾ ഇംപോർട്ട് ചെയ്യുന്നതിന്റെ ചെലവ് കൂടുന്നത് രാജ്യത്തെ സംബന്ധിച്ചിടത്തോളം പ്രതികൂലമായിട്ട് ബാധിക്കുന്ന ഒരു കാര്യം തന്നെയാണ്. എന്താണെങ്കിലും ഇതുകൊണ്ടുതന്നെയാണ് സ്വർണം പോലുള്ള വസ്തുക്കളുടെ ഇറക്കുമതി കുറയ്ക്കാനുള്ള മോണിറ്റൈസേഷൻ സ്കീമുകൾ അടക്കം ഗവൺമെൻറ് നടപ്പിലാക്കുന്നത്.

പക്ഷേ പലപ്പോഴും കസ്റ്റംസ് ഡ്യൂട്ടി കൂട്ടി ഇംപോർട്ട് കുറയ്ക്കാൻ നോക്കുന്ന സമയത്ത് അതിൻറെ അനന്തരഫലമായിട്ട് മുകളിൽ പറഞ്ഞതുപോലെ കള്ളക്കടത്ത് കൂടും എന്ന് മാത്രം. ഇന്ത്യൻ ജനങ്ങളുടെ സ്വർണ്ണത്തോടുള്ള ഇഷ്ടത്തിന് ഇടിവ് വരാത്ത കാലത്തോളം സ്വർണ്ണത്തിന്റെ ഡിമാൻഡ് കുറയാൻ യാതൊരു സാധ്യതയും കാണുന്നില്ല. ഓരോ വർഷം നമ്മൾ നോക്കിയാലും ഇന്ത്യയിൽ ഗോൾഡ് മാർക്കറ്റ് കൂടിക്കൂടി വരുകയാണ്. പക്ഷേ ഇന്ത്യൻ ജനങ്ങളുടെ ഡിമാൻഡിന് അനുസരിച്ചുള്ള സ്വർണം ഇന്ത്യയിൽ ആഭ്യന്തരമായി ഉൽപാദിപ്പിക്കാൻ സാധിക്കുന്നില്ല. അതുകൊണ്ടുതന്നെ ഇറക്കുമതിയെ കൂടുതലായിട്ട് ആശ്രയിക്കേണ്ടി വരികയാണ്. സ്വിറ്സർലാൻഡ്, ചൈന, യുകെ, ഹോങ്കോങ്ങ്, എന്നീ രാജ്യങ്ങൾക്ക് പിന്നിലായി ലോകത്ത് ഇറക്കുമതി ചെയ്യുന്ന സ്വർണ്ണത്തിന്റെ 8% വും ഇന്ത്യയിലേക്കാണ് വരുന്നത്. ആഗോള സ്വർണ്ണ വിപണിയിൽ സ്വർണ്ണത്തിന്റെ ഏറ്റവും വലിയ രണ്ടാമത്തെ ഉപഭോക്താവാണ് ഇന്ത്യ. സ്വർണ്ണ ഇറക്കുമതി നിയമാനുസൃതമാണെന്ന് കണക്കാക്കണമെങ്കിൽ സ്വർണ്ണത്തിന്റെ ഒറിജിൻ അതായത് സ്വർണ്ണം ഏത് രാജ്യത്ത് നിന്ന് ഘനനം ചെയ്തു വരുന്നു എന്നടക്കമുള്ള സർട്ടിഫിക്കറ്റ് വേണം. അംഗീകൃത ഏജൻസികൾ മുഖേനയോ ഗവൺമെൻറ് നാമനിർദ്ദേശം ചെയ്ത ബാങ്കുകൾ വഴിയോ ആയിരിക്കണം സ്വർണ്ണ ഇറക്കുമതി നടത്തേണ്ടത്. എന്നാൽ ശരിയായ ഒറിജിൻ സർട്ടിഫിക്കറ്റ് ഇല്ലാതെ രാജ്യത്തേക്ക് ഇറക്കുമതി ചെയ്യുന്ന സ്വർണ്ണത്തെ നമ്മൾ ഗ്രേ ഇംപോർട്ട് അഥവാ സ്വർണ്ണം കടത്ത് എന്നാണ് വിളിക്കുന്നത്. ഇന്ത്യയിൽ ഏകദേശം 800 മുതൽ 850 ടൺ സ്വർണ്ണം വരെ ഓരോ വർഷവും ഇറക്കുമതി ചെയ്യുന്നുണ്ട്. എന്നാൽ ഇന്ത്യയുടെ വാർഷിക ഉപഭോഗം എന്ന് പറയുന്നത് ഏതാണ്ട് 1000 ടണ്ണോളം ആണ്. അതായത് പ്രതിവർഷം തന്നെ 150 മുതൽ 200 ടണ്ണോളം സ്വർണ്ണം രാജ്യത്തേക്ക് കള്ളക്കടത്ത് വഴി വരുന്നുണ്ട്. അതായത് ഇന്ത്യയിൽ പ്രവേശിക്കുന്ന സ്വർണ്ണത്തിന്റെ അളവിന്റെ ഏകദേശം ആറിലൊന്നും കള്ളക്കടത്ത് വഴിയാണ് ഇന്ത്യയിലേക്ക് എത്തുന്നത്.

ആഫ്രിക്കയിലെ ഗ്രേറ്റ് ലേക്സ് മേഖലയിൽ നിന്ന് യുഎഇയിലേക്ക് അനധികൃതമായി കയറ്റുമതി ചെയ്യുന്ന സ്വർണ്ണം പിന്നീട് ഇന്ത്യയിലേക്കും കടക്കുന്നതായിട്ട് കാനഡ ആസ്ഥാനമായിട്ടുള്ള എൻജിഓ ആയ ഇമ്പാക്റ്റിന്റെ 2019 നവംബറിലെ റിപ്പോർട്ടിൽ പറയുന്നുണ്ട്. സ്വർണക്കടത്ത് 2007 ൽ പ്രതിവർഷം അഞ്ച് ടണ്ണിൽ നിന്ന് 2012 ഓടെ 22 ടൺ ആയിട്ട് വളർന്നിരുന്നു. ഈ അനധികൃത വ്യാപാരത്തിന്റെ മൂല്യം ഏകദേശം ഒരു ബില്യൺ യുഎസ് ഡോളറോളം വരും. കൂടാതെ ഇതുമൂലം സർക്കാരുകൾക്ക് കുറഞ്ഞത് 20 മില്യൺ യുഎസ് ഡോളറിന്റെ അധിക നികുതിയെങ്കിലും നഷ്ടപ്പെടുന്നുണ്ട്.

ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്ന് യുഎഇയിലേക്കും യുഎഇയിൽ നിന്നും ഇന്ത്യയിലേക്കും അനധികൃതമായി സ്വർണ്ണത്തിന്റെ വ്യാപാരം നടക്കുന്നത് പലപ്പോഴും ഹവാല വഴിയാണ് . അനധികൃതമായി സ്വർണ്ണം നമ്മുടെ രാജ്യത്തേക്ക് പ്രവേശിക്കുകയും ലീഗൽ മാർക്കറ്റിലേക്ക് എളുപ്പത്തിൽ കടക്കുകയും ചെയ്യുകയാണ്. അവ പിന്നീട് സ്വർണ്ണ ആഭരണങ്ങൾ ആയിട്ടൊക്കെ തിരികെ കുറച്ചൊക്കെ കയറ്റുമതി ചെയ്യുന്നുണ്ട്. ഇന്ത്യയിലേക്ക് വരുന്ന ഓരോ അഞ്ച് കിലോ സ്വർണ്ണത്തിനും ഏകദേശം ഒരു കിലോ ആഭരണമായിട്ട് മാർക്കറ്റിലേക്ക് തിരിച്ചു പോകുന്നുണ്ട്. കേരളത്തിലെ കള്ള സ്വർണ്ണത്തിന്റെ കാര്യം നമ്മൾ നോക്കിയാൽ പ്രധാനമായിട്ടും കേരളത്തിലെ ചെറുകിട ജ്വല്ലറികളിലേക്കാണ് പോകുന്നത്. അവ ആഭരണങ്ങൾ നിർമ്മിക്കാൻ ഒക്കെ ആയിട്ട് ഉപയോഗിക്കുന്നു. ഒടുവിൽ ആളുകൾക്ക് വിൽപന നടത്തുകയാണ് ചെയ്യുന്നത്. കോഴിക്കോടുള്ള കൊടുവള്ളി എന്ന ചെറു പട്ടണത്തിൽ ഒരു ചതുരശ്ര കിലോമീറ്ററിനുള്ളിൽ മാത്രം നൂറോളം ജ്വല്ലറികളെ നമുക്ക് കാണാം. അവരിൽ ഭൂരിഭാഗവും അനധികൃതമായിട്ടുള്ള സ്വർണ്ണമാണ് കൈകാര്യം ചെയ്യുന്നത് എന്ന കാര്യം കുപ്രസിദ്ധി ആർജ്ജിച്ചവയാണ്.



കഴിഞ്ഞ വർഷം നമ്മൾ നോക്കിയാൽ കൊടുവള്ളിയിൽ രഹസ്യമായിട്ട് സ്വർണം ഒരുക്കുന്ന ഒരു യൂണിറ്റിൽ ഡയറക്ടറേറ്റ് ഓഫ് റെവന്യൂ ഇന്റലിജൻസ് സ്‌ക്വാഡ് നടത്തിയ റൈഡിനെ തുടർന്ന് 411 കോടി രൂപയുടെ കള്ളക്കടത്ത് സ്വർണ്ണവും 135 ലക്ഷം രൂപയും പിടിച്ചെടുത്തതായിട്ട് വാർത്തകൾ ഉണ്ടായിരുന്നു. യുഎഇ പോലുള്ള സ്ഥലങ്ങളിൽ നിന്ന് സ്വർണം അനധികൃതമായിട്ട് കടത്തിക്കൊണ്ടുവരുന്നു അത് പിന്നീട് ഉരുക്കി ആഭരണങ്ങൾ ആക്കി മാർക്കറ്റിൽ വിൽക്കുന്നു ഇതുമൂലം സർക്കാരിന് നികുതി വരുമാനത്തിൽ വലിയ നഷ്ടം സംഭവിക്കുന്നു.

ഇത്തരം പ്രവർത്തികൾ തടയിടാനാണ് ഇന്ത്യയിൽ സ്വർണ്ണത്തിന്റെ ഹോൾമാർക്കിങ് നിർബന്ധമാക്കിയത്. എന്നാൽ ഇപ്പോഴും 40 ശതമാനത്തോളം സ്വർണ്ണത്തിന് ഹോൾമാർക്ക് ഇല്ല എന്നാണ് വ്യാപാരികൾ പറയുന്നത്. 2018 19 20 വർഷങ്ങളിൽ ഏറ്റവും കൂടുതൽ സ്വർണ്ണക്കടത്ത് സ്വർണം പിടികൂടിയ ആദ്യ 10 വിമാനത്താവളങ്ങളുടെ പട്ടികയിൽ കേരളത്തിലെ കോഴിക്കോട് കൊച്ചി തിരുവനന്തപുരം എന്നീ മൂന്ന് വിമാനത്താവളങ്ങളും ഉൾപ്പെട്ടിട്ടുണ്ട് എന്ന് ധനകാര്യ മന്ത്രാലയം അറിയിച്ചിരുന്നു.


2018 ഡിസംബറിൽ പ്രവർത്തനം ആരംഭിച്ച കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം മാത്രമാണ് ഇതിനൊരു അപവാദം ഉയർത്തുന്നത്. എന്തായാലും അധികം വൈകാതെ തന്നെ അത് സംഭവിക്കുമെന്ന് നമുക്ക് പ്രതീക്ഷിക്കാം. അതേ വർഷം തന്നെ 2020 ൽ തിരുവനന്തപുരത്തെ യുഎഇ കോൺസുലേറ്റിലേക്ക് അയച്ച നയതന്ത്ര ബാഗേജിൽ നിന്ന് 30 കിലോഗ്രാം സ്വർണം കസ്റ്റംസ് ഉദ്യോഗസ്ഥർ പിടിച്ചെടുത്തത് കേരളത്തിൽ വലിയ രീതിയിൽ അലയടിച്ച ഒരു വാർത്ത തന്നെയായിരുന്നു. കോൺസുലേറ്റിലെ മുൻ ജീവനക്കാർക്കും കള്ളക്കടത്ത് കേസിൽ പങ്കുണ്ട് എന്ന് ആരോപണങ്ങൾ ഉണ്ട്. മുഖ്യമന്ത്രി പിണറായി വിജയന്റെ മുൻ പ്രിൻസിപ്പൽ സെക്രട്ടറിയും ഐഎഎസ് ഉദ്യോഗസ്ഥനുമായ എം ശിവശങ്കറും ഈ കേസിൽ ഉൾപ്പെട്ടിട്ടുണ്ട്. മുൻ ഡിജിപിയും റോ ഏജൻസി മേധാവിയുമായിരുന്ന ഹോർമിസ് തരകന്റെയും കേരള പോലീസ് മേതാവി ആയിരുന്ന ജേക്കബ് പുന്നൂസിന്റെയും അഭിപ്രായത്തിൽ സ്വർണക്കടത്തിൽ നിന്നും ഹവാലയിൽ നിന്നുമുള്ള പണം കേരളത്തിൽ തിരഞ്ഞെടുപ്പ് പ്രചരണത്തിന് പോലും ഉപയോഗിക്കുന്നുണ്ട്. അതായത് ഗോൾഡ് ഇവിടെ ഒരു ഡേർട്ടി ബിസിനസ് അല്ല. അതുകൊണ്ടുതന്നെ കോൺസുലേറ്റുമായി ബന്ധപ്പെട്ട

മേൽപ്പറഞ്ഞ സ്വർണക്കടത്ത് കേസ് വളരെ ഗൗരവമുള്ളതുമാണ്. സാധാരണയായിട്ട് നയതന്ത്ര ബാഗേജുകൾ പരിശോധിക്കാൻ കസ്റ്റംസ് ഉദ്യോഗസ്ഥർക്ക് അനുമതിയില്ല. കോൺസുലേറ്റ് ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന ഈ സംഘം ഇതേ ലൂപ്പ് ഹോൾ ഉപയോഗിച്ചാൽ പിടിക്കപ്പെടാനുള്ള സാധ്യതയില്ല എന്നാണ് കരുതിയത്. എന്നാൽ ഇത്തവണ രാജ്യത്തേക്ക് സ്വർണം കടത്തുന്നത് സംബന്ധിച്ച് കൃത്യമായിട്ടുള്ള വിവരങ്ങൾ മുൻകൂട്ടി ലഭിച്ചതിനാൽ പരിശോധനയ്ക്കായിട്ട് അധികൃതരിൽ നിന്ന് മുൻകൂറായിട്ട് അനുമതിയെല്ലാം നേടി വച്ചിരുന്നു. ഇതുമായി ബന്ധപ്പെട്ട മറ്റൊരു പ്രധാനപ്പെട്ട കാര്യം നയതന്ത്ര ബാഗേജ് സ്വർണക്കടത്ത് കേസിലെ രണ്ട് പ്രതികൾക്കും അതോലോക നായകൻ ദാവൂദ് ഇബ്രാഹിമിന്റെ സംഘവുമായിട്ട് അടുത്ത ബന്ധമുണ്ടെന്ന് എൻഐഎ സംശയിക്കുന്നുണ്ട്. പ്രതികളായ റമീസും ഷറഫുദ്ദീനും ടാൻസാനിയയിൽ നിന്ന് യുഎഇയിലേക്കും അവിടെ നിന്ന് ഇന്ത്യയിലേക്കും സ്വർണം കടത്തുകയായിരുന്നു. ടാൻസാനിയയിലും യുഎഇയിലും ദാവൂദിന്റെ സംഘം സജീവമാണ്. ഇവിടെ മനസ്സിലാക്കേണ്ട മറ്റൊരു കാര്യം കള്ളപ്പണവും സ്വർണ്ണവുമായിട്ട് വലിയ ബന്ധമുണ്ട്. കള്ളപ്പണം വെളുപ്പിക്കലിന്റെ ഭാഗമായിട്ട് ആഫ്രിക്കയിൽ നിന്ന് കുറഞ്ഞ വിലയ്ക്കാണ് സ്വർണം വാങ്ങുന്നത്. ഹവാലാ പണം ഉപയോഗിച്ചുകൊണ്ടാണ് ഇവർ ഈ ഇടപാടുകൾ എല്ലാം നടത്തുന്നത്. ഇതുമൂലം ഒരു ഇടനിലക്കാരന് ഈ സ്വർണം കൈമാറുകയാണ് ഇടനിലക്കാരൻ കള്ളപ്പണക്കാരുടെ കൈവശമുള്ള വലിയ തുക മേടിക്കുകയും സ്വർണം അവർക്ക് കൊടുക്കുകയും ചെയ്യുകയാണ്.

ആ പണത്തിന് തുല്യമായിട്ടുള്ള സ്വർണ്ണമാണ് കൊടുക്കുന്നത് എങ്കിലും വലിയൊരു അളവിൽ തന്നെ കമ്മീഷൻ ഉണ്ടാകും. നമുക്കറിയുന്നതുപോലെ കള്ളപ്പണം കറൻസി നോട്ട് ആയിട്ട് സൂക്ഷിക്കുന്നത് പ്രായോഗികമല്ല. ആ പണം ഉപയോഗിച്ച് നേരായ മാർഗത്തിൽ സ്വർണ്ണം മേടിക്കാനും പറ്റില്ല. ആധാർ പാൻകാർഡ് തുടങ്ങിയ രേഖകൾ കൊടുത്താൽ മാത്രമേ വലിയ തുകയ്ക്ക് സ്വർണ്ണം മേടിക്കാൻ വേണ്ടി പറ്റുള്ളൂ. എന്നാൽ കള്ളക്കടത്ത് സ്വർണം വാങ്ങാൻ ഇങ്ങനെയുള്ള നൂലാമാലകൾ ഒന്നും തന്നെയില്ല. കുറച്ചു പണം അധികം കൊടുത്താലും കള്ളപ്പണം സ്വർണ്ണമാക്കി വെക്കാം. കോടിക്കണക്കിന് രൂപ കയ്യിൽ വെക്കണമെങ്കിൽ ഒരുപാട് സ്ഥലം വേണം എന്നാൽ അത് സ്വർണ്ണമാക്കി വെക്കണമെങ്കിൽ വളരെ കുറഞ്ഞ സ്ഥലം മാത്രം മതിയാവും. ഇതുകൊണ്ടുതന്നെ കള്ളപ്പണക്കാരുടെയും നികുതി വെട്ടിക്കുന്ന ആളുകളുടെയും ഒരു സുരക്ഷിതമായിട്ടുള്ള നിക്ഷേപമാണ് ഇതുപോലെ കടത്തിവരുന്ന സ്വർണ്ണം. മയക്കുമരുന്ന് കടത്ത്, തീവ്രവാദം, തുടങ്ങിയ ക്രിമിനൽ പ്രവർത്തനങ്ങൾക്ക് വേണ്ടി ഇത്തരം കള്ളക്കടത്ത് സ്വർണം ഉപയോഗിക്കുന്നുണ്ട്. ഇന്റർപോളിന്റെ റിപ്പോർട്ട് അനുസരിച്ച് തീവ്രവാദ ഫണ്ടിങ്ങിന്റെ സ്രോതസ്സുകളിൽ എണ്ണ വജ്രം സ്വർണ്ണം മയക്കുമരുന്ന് എന്നിവയിലൂടെ കള്ളക്കടത്ത് വഴി ലഭിക്കുന്ന പണവും ഉൾപ്പെടുന്നുണ്ട്.

ഇനി ഇന്ത്യയുടെ കാര്യമെടുത്താൽ പതിറ്റാണ്ടുകളായി മുംബൈ നഗരത്തിൽ സ്വർണക്കള്ളക്കടത്ത് കള്ളപ്പണം കരിഞ്ചന്ത എന്നിവയിലൂടെ അണ്ടർ വേൾഡ് സാമ്രാജ്യം കെട്ടിപ്പെടുത്ത ദാവൂദ് ഇബ്രാഹിമിന്റെ കാര്യം നോക്കിയാൽ 1993 ബോംബേ സ്ഫോടന മുഖ്യപ്രതിയും സൂത്രധാരനും അയാൾ തന്നെയായിരുന്നു. ഇതേ സ്വർണക്കടത്ത് കേരളത്തിൽ അടക്കം വലിയ ക്രമസമാധാന പ്രശ്നങ്ങൾക്കും കാരണമാകുന്നുണ്ട്. സ്വർണം കടത്തുന്ന വിവിധ സംഘങ്ങൾ തമ്മിലുള്ള പ്രശ്നങ്ങൾ, സ്വർണം കടത്തുന്ന ആളുകളെ തട്ടിക്കൊണ്ടുപോകുന്നതിലേക്കും സംഘടിതമായ പല കുറ്റകൃത്യങ്ങളിലേക്കും പലപ്പോഴും നയിച്ചിട്ടുണ്ട്. സംഗീതജ്ഞൻ ബാലഭാസ്കറിന്റെ മരണത്തിൽ പോലും സ്വർണക്കടത്തുമായി ബന്ധപ്പെട്ട ദുരൂഹതകൾ നിലനിൽക്കുന്നു എന്ന ആരോപണങ്ങൾ ഇപ്പോഴും ഉണ്ട്. ഇതിന്റെ എല്ലാം ഇടയിൽ നമ്മൾ നോക്കിയാൽ പോലീസിലെ ചില ഉന്നതർ നിൽക്കുന്നു എന്നും അവർ ഇതിന്റെ പങ്കുപറ്റി അനധികൃതമായിട്ട് സ്വത്ത് സമ്പാദിച്ചു കൂട്ടുന്നു എന്നുള്ള ആരോപണങ്ങൾ എല്ലാം തന്നെയുണ്ട്. വേലി തന്നെ വിളവ് തിന്നുന്ന അവസ്ഥയാണ് ഇപ്പോൾ നമുക്ക് നമ്മുടെ രാജ്യത്ത് കാണാൻ വേണ്ടി പറ്റുന്നത്. കാര്യങ്ങൾ എന്താണെങ്കിലും ഇങ്ങനെ കള്ളപ്പണം വെളുപ്പിക്കുന്നത് മുതൽ തീവ്രവാദ പ്രവർത്തനങ്ങൾക്ക് വരെ സ്വർണക്കടത്ത് വഴി വരുന്ന സ്വർണം കാരണമാകുന്നുണ്ട്. മിക്കപ്പോഴും ഇത്തരത്തിൽ തീവ്രവാദ പ്രവർത്തനങ്ങളുമായിട്ടോ വലിയ വലിയ മാഫിയകളുമായിട്ടോ വലിയ ബന്ധങ്ങൾ ഒന്നുമില്ലാത്ത ചെറുകിട ക്യാരിയർമാരാണ് ഇത്തരം കള്ളക്കടത്തിന് പിടിക്കപ്പെടുന്നത്. എന്തുകൊണ്ടായിരിക്കാം ഇങ്ങനെ ക്യാരിയർമാർ മാത്രം പിടിക്കപ്പെടുന്നത്? അന്വേഷണം അവിടെ നിൽക്കുന്നത് ഒരു ക്യാരിയർ വിജയകരമായിട്ട് ഒരു കിലോ സ്വർണ്ണം സംസ്ഥാനത്തേക്ക് കൊണ്ടുവരുകയാണെങ്കിൽ ആ വ്യക്തിക്ക് ഏതാനും ലക്ഷങ്ങൾ ഒക്കെ ആയിരിക്കാം ചിലപ്പോൾ കമ്മീഷൻ കിട്ടുന്നത്. നാലഞ്ചു ലക്ഷം രൂപയൊക്കെ അവർക്ക് കിട്ടുമെന്ന് പറയാറുണ്ടെങ്കിലും ഒരു ?40000 50000 രൂപയും അങ്ങോട്ടും ഇങ്ങോട്ടും ഉള്ള ഒരു ടിക്കറ്റും എടുത്തു കൊടുത്താൽ സ്വർണം മലദ്വാരം വഴിയെല്ലാം കടത്താൻ തയ്യാറായിട്ടുള്ള ധാരാളം ചെറുപ്പക്കാർ ഇപ്പോഴും കേരളത്തിലുണ്ട്. ഇനി പിടിക്കപ്പെട്ടാൽ പോലും കള്ളക്കടത്തിന്റെ പ്രവർത്തനത്തിന്റെ വ്യാപ്തി അനുസരിച്ചിട്ടാണ് പിഴയെല്ലാം ചുമത്തുന്നത്. എയർപോർട്ടിന്റെ പുറത്തെല്ലാം നിരവധി സംഘങ്ങൾ ഈ കാരിയറുകളെ സഹായിക്കാൻ ഉണ്ടാകും. സ്വർണം കടത്തുന്നത് യുഎപിഎ പ്രകാരമുള്ള തീവ്രവാദ കുറ്റം ഒന്നുമല്ല. രാജ്യത്തിൻറെ സാമ്പത്തിക ഭദ്രതയ്ക്കോ സ്ഥിരതയ്ക്കോ ഭീഷണി ഉയർത്തുന്ന തരത്തിൽ അല്ലാതെ സ്വർണം കടത്തുന്നത് തീവ്രവാദ പ്രവർത്തനം ആകില്ല എന്ന് ഇന്ത്യയിലെ ഹൈക്കോടതികൾ തന്നെ ആവർത്തിച്ച് പറഞ്ഞിട്ടുണ്ട്. ഉദാഹരണത്തിന് കേരളത്തിലെ നമ്മൾ നേരത്തെ പറഞ്ഞ കേരളത്തെ പിടിച്ചു കുലുക്കിയ ഒരു സ്വർണക്കടത്ത് കേസ് ഇല്ലേ അതിൽ പോലും തീവ്രവാദത്തിന് ഫണ്ട് ചെയ്യുന്നതായിട്ട് കണ്ടെത്തിയിട്ടില്ല അല്ലെങ്കിൽ തെളിവില്ല എന്ന് കോടതി കണ്ടെത്തിയത് മൂലമാണ് ജാമ്യം അനുവദിച്ചിട്ടുണ്ടായിരുന്നത്. സ്വപ്ന സുരേഷിന് 25 ലക്ഷം രൂപയുടെ ബോണ്ടിന്റെ പുറത്താണ് ജാമ്യം അനുവദിച്ചത്. ഇതിൽ നിന്ന് നമുക്ക് വ്യക്തമാകുന്ന ഒരു കാര്യം രാജ്യത്ത് സ്വർണക്കടത്തുമായി ബന്ധപ്പെട്ട നിയമങ്ങൾ ശക്തമല്ലാതിരുന്നത് സ്വർണക്കടത്ത് കൂടാൻ ഒരു കാരണമായിട്ടുണ്ട്. നമ്മൾ നിരന്തരം സ്വർണക്കടത്തിനെ കുറിച്ച് വാർത്തകൾ കേൾക്കുമ്പോഴും അത് നടത്തുന്ന കാരിയർമാർ മാത്രമാണ് പലപ്പോഴും പിടിക്കപ്പെടുന്നത്. ഇനി അവർ പിടിക്കപ്പെട്ടാൽ തന്നെ പിഴ അടച്ചാൽ സ്വർണം തിരിച്ചു കിട്ടുന്ന അവസ്ഥ ഉണ്ടായിരുന്നു ഇവിടെ. സ്വർണ്ണം കടത്തുന്നവർക്കോ അവർക്ക് പിന്നിലുള്ള വലിയ ഗ്യാങ്ങുകൾക്കോ നഷ്ടമൊന്നും സംഭവിക്കാനില്ല. പല അന്വേഷണങ്ങളും നമ്മൾ നോക്കിയാൽ ഇത്തരത്തിൽ പിടിക്കപ്പെടുന്ന ക്യാരിയർമാർക്ക് ജാമ്യം കിട്ടുമ്പോൾ തന്നെ അന്വേഷണം എവിടെയും എത്താതെ പോവുകയാണ്. ഇതിനു പിന്നിലുള്ള വലിയ വലിയ സംഘങ്ങൾ അപ്പോഴും സുരക്ഷിതരായിട്ട് തിരശീലക്ക് പിന്നിൽ ഇരുന്നുകൊണ്ട് തങ്ങളുടെ പ്രവർത്തനം നടത്തിക്കൊണ്ടേയിരിക്കുകയാണ്. എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ ഈ ക്യാരിയർമാരെ പിടിച്ചു കഴിഞ്ഞാൽ അതുവഴി വലിയ സംഘം ആരാണ് എന്ന് തിരിച്ചറിയാൻ എന്ത് പ്രയാസമാണുള്ളത്? പക്ഷേ അത് നടത്താൻ പോലും നമ്മുടെ സിസ്റ്റത്തിന് സാധിക്കുന്നില്ല. വാസ്തവത്തിൽ നമ്മുടെ രാജ്യത്തിൻറെ സമ്പത് ഘടനയെയും ക്രമസമാധാനത്തെയും എന്തിന് രാജ്യ സുരക്ഷയെ പോലും ബാധിക്കുന്ന ഒരു വിഷയമാണ് ഈ സ്വർണക്കടത്ത്. അതുകൊണ്ടുതന്നെ സ്വർണക്കടത്ത് പോലുള്ള കുറ്റങ്ങൾക്ക് യുഎപിഎ പോലുള്ള വകുപ്പുകൾ ചുമത്തി ജാമ്യം പോലും കിട്ടാത്ത വിധത്തിൽ ശിക്ഷ നൽകേണ്ടത് തന്നെയാണ്. കൂടാതെ അന്വേഷണം കൂടുതൽ വ്യാപിപ്പിച്ച് ഇതിനു പിന്നിലുള്ള വമ്പന്മാരെയും പൂട്ടേണ്ടത് നിർബന്ധമായിട്ടുള്ള കാര്യമാണ്. സ്വർണക്കടത്തിൽ ഉന്നത രാഷ്ട്രീയക്കാർക്കും പോലീസ് ഉദ്യോഗസ്ഥർക്കും പങ്കുണ്ട് എന്ന വാർത്തകൾ നിരന്തരം നമ്മൾ കേൾക്കുന്നതാണ്. അതുകൊണ്ടുതന്നെ ഇവരെയൊക്കെ പിടിക്കണം, വലിയ ശിക്ഷ നടപ്പിലാക്കണം എന്നൊക്കെ പറയുന്നത് ഒരുപക്ഷേ അത്യാഗ്രഹമായിരിക്കാം.എങ്കിലും ഉത്തരം കാര്യങ്ങൾ ഭാവിയിൽ ഉണ്ടായിരിക്കട്ടെ എന്ന് ആശ്വസിക്കാം.


Muthoot Finance USA Inc.
You Only NEED
A GOLD LOAN
To Make Your Dreams
A REALITY!
Just avail a gold loan from Muthoot Finance and experience a host of incredible benefits.
Maximum Loan Value
Get the best loan value for your gold
Quick Loan Approval
Fast processing to get you your funds immediately
Easy Documentation
Hassle-free paperwork for a seamless loan experience
Trust the gold loan experts and secure your future today.
Visit our branches at:
New York Branch
1620, Hillside Ave, New Hyde Park, New York - 11040
+1 (516) 352 7900
New Jersey Branch
1407, Oak Tree Road, Iselin, New Jersey - 08830
+1 (732) 305 8200
Live Chat: +91 8078014111
Muthoot Family - 800 years of Business Legacy


In Loving Memory of
Mrs. Mariamma Thomas & Mr. A. K. Thomas
Mrs. Marykutty Thomas
(Leelamma)
Mr. Shinu George Simon
Mr. P. T. Mathew
(Mathukutty)
Best Wishes
P.T. Thomas
Tax and Accounting Services
14 Liberty Square Mall, Stony Point, NY 10980
Email: pt@ptthomas.net Phone: 845.352.9680

# വേൾഡ് മലയാളി കൌൺസിൽ ഫിലാഡൽഫിയ പ്രൊവിൻസ് അടുത്ത വർഷത്തേക്കുള്ള പദ്ധതികളുടെ സുഗമമായ നടത്തിപ്പിന് സബ്കമ്മിറ്റികൾ രൂപീകരിച്ചു

**നൈനാൻ മത്തായി**

കാരുണ്യ പ്രവർത്തനങ്ങൾക്കും സാമൂഹ്യ നന്മക്കും ഊന്നൽ നൽകികൊണ്ട് ഫിലാഡൽഫിയ പ്രൊവിൻസ് അടുത്ത വർഷത്തേക്കുള്ള വിവിധ പദ്ധതികൾക്ക് തുടക്കം കുറിച്ചു. പദ്ധതികളുടെ പരിപൂർണ്ണ വിജയത്തിനായി ഈ ഡിസംബർ മാസം പതിനഞ്ചാം തീയതി ഞായറാഴ്ച വൈകുന്നേരം അഞ്ചുമണിക്ക് പ്രൊവിൻസിന്റെ ചെയർപേഴ്സൺ ശ്രീമതി മറിയാമ്മ ജോർജിന്റെ ഐവിലാൻഡിൽ പുതുതായി വാങ്ങിയ ഭവനത്തിൽ വച്ച് യോഗം കൂടുകയും സബ് കമ്മിറ്റികളെ തിരഞ്ഞെടുക്കുകയും ചെയ്തു.

കേരളത്തിൽ സാമ്പത്തീകമായി ബുദ്ധിമുട്ട് അനുഭവിക്കുന്ന യുവതീ യുവാക്കളിൽനിന്നും തിരഞ്ഞെടുക്കപ്പെടുന്ന ഇരുപത്തിയഞ്ച് ദമ്പതികൾക്ക് വിവാഹം നടത്തികൊടുക്കുവാനുള്ള ഒരു വലിയ പദ്ധതിയാണ് പ്രൊവിൻസ് ഏറ്റെടുത്തിരിക്കുന്നത്. അനുയോജ്യരായ അപേക്ഷകരെ കണ്ടെത്തി ഈ സമൂഹ വിവാഹത്തെ ഒരു സമ്പൂർണ വിജയമാക്കി തീർക്കുവാൻ കേരളത്തിലുള്ള ഗാന്ധി ഭവനുമായി പ്രൊവിൻസ് കൂടിയാലോചന നടത്തുകയും ഗാന്ധിഭവന് ഈ മേഖലയിലുള്ള എല്ലാ അനുഭവസമ്പത്തും സഹകരണങ്ങളും അവർ വാഗ്ദാനം ചെയ്തതിലുള്ള നന്ദിയും സ്നേഹവും യോഗം രേഖപ്പെടുത്തി.

അടുത്ത വര്ഷം ഒക്ടോബര് മാസം രണ്ടാംതീയതി കോട്ടയത്തുള്ള ഒരു പ്രമുഖ ഓഡിറ്റോറിയത്തിൽ വച്ചാണ് ഈ സമൂഹ വിവാഹം സംഘടിപ്പിച്ചിരിക്കുന്നത്. കേരളത്തിൽ നിന്നും രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക പ്രമുഖർ ഈ ചടങ്ങിൽ പങ്കെടുക്കും. വേൾഡ് മലയാളി കൌൺസിൽ ഗ്ലോബലും അമേരിക്ക റീജിയനും അവരുടേതായ എല്ലാ സഹായങ്ങളും സഹകരണവും പ്രൊവിൻസിന്റെ ഈ ബ്രിഹത് പദ്ധതി വിജയകരമായി സംഘടിപ്പിക്കുവാൻ വാഗ്ദാനം ചെയ്തിട്ടുണ്ട്. സമൂഹ വിവാഹത്തിനുള്ള നിബന്ധനകളും പ്രൊവിൻസ് ഇതിനായി ചെയ്യുന്ന സാമ്പത്തീക സഹായങ്ങളെക്കുറിച്ചും യോഗത്തിൽ തീരുമാനിച്ച് അംഗീകാരം നൽകി. ഇതുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ അറിയുവാൻ നൈനാൻ മത്തായി, പ്രസിഡന്റ് (215 7600447), മറിയാമ്മ ജോർജ്, ചെയർപേഴ്സൺ (267 3571542), ലൂക്കോസ് മാത്യു, ജനറൽ സെക്രട്ടറി (267 4674993), തോമസ്കുട്ടി വര്ഗീസ്, ട്രെഷറർ (267 515 8727) എന്നീ ഫോൺ നമ്പറുകളിൽ വിളിക്കാവുന്നതാണ്.

അടുത്ത വര്ഷം ജൂൺ ഏഴാംതീയതി, ശനിയാഴ്ച മദേഴ്സ് ആൻഡ് ഫാദേഴ്സ് ഡേ വിവിധ പരിപാടികളോടെ സെയിന്റ് തോമസ് ഇന്ത്യൻ ഓർത്തഡോക്ൾസ് ചർച്ച് ഹാളിൽ വച്ച് നടത്തുവാനും യോഗം തീരുമാനിച്ചു. വിശിഷ്ട അതിഥികളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള പൊതുയോഗം രാവിലെ



പത്തു മണി മുതൽ പതിനൊന്നു മണി വരെയും വിവിധ ആർട്ടിസ്റ്റുകളെ കോർത്തിണക്കികൊണ്ടുള്ള കലാപരിപാടികൾക്കു പതിനൊന്നു മണി മുതൽ ഉച്ചയ്ക്ക് ഒരു മണി വരെയും വേദി സാക്ഷിയാകും. കേരള തനിമയുടെ രുചി വിളിച്ചറിയിക്കുന്ന ഉച്ച ഭക്ഷണവും എല്ലാവർക്കയും ഒരുക്കിയിട്ടുണ്ട്.

പ്രൊഫഷണൽ നർത്തകിയും ഫിലാഡൽഫിയ നുപുറ ഡാൻസ് അക്കാഡമിയുടെ ഡയറക്ടറും പ്രൊവിൻസ് അംഗവുമായ ശ്രീമതി അജി പണിക്കരെ മദേഴ്സ് ആൻഡ് ഫാദേഴ്സ് ഡേ 2025-ന്റെ പ്രോഗ്രാം കോർഡിനേറ്ററായി യോഗം ഐക്യകണ്ഠേന തിരഞ്ഞെടുത്തു. കലാരംഗത്തു വളരെയധികം അനുഭവസമ്പത്തുള്ള അജി പണിക്കരുടെ നേതൃപാടവം ഡാൻസ് ഫെസ്റ്റും വിപുലമായ കലാപരിപാടികളും വേദിയെ വർണ്ണശബളമാക്കും. പ്രൊവിൻസ് ഒക്ടോബറിൽ സംഘടിപ്പിക്കുന്ന സമൂഹവിവാഹത്തിന്റെ സാമ്പത്തീക സഹായത്തിനുകൂടി ഊന്നൽ നൽകിക്കൊണ്ടാണ് ജൂൺ മാസത്തിൽ ഈ ആഘോഷ പരിപാടികൾ നടത്തുന്നത്.

യോഗം നാലു മണിക്ക് ആരംഭിച്ചു. പ്രൊവിൻസിന്റെ വുമൺ ഫോറം പ്രസിഡന്റ് ആയ ശ്രീമതി ഷൈല രാജന്റെ പ്രിയ മാതാവിന്റെ വേർപാടിൽ അംഗങ്ങൾ ഒരു നിമിഷം മൗനം ആചരിച്ചു പരേതയുടെ ആത്മാവിന്റെ നിത്യശാന്തിക്കായി പ്രാർത്ഥിച്ചു. സെക്രട്ടറി ലൂക്കോസ് മാത്യു സ്വാഗതം അർപ്പിച്ചു കഴിഞ്ഞ മീറ്റിംഗിന്റെ റിപ്പോർട്ട് അവതരിപ്പിച്ചു. പ്രസിഡന്റ് നൈനാൻ മത്തായി അധ്യക്ഷ പ്രസംഗം നടത്തി. രണ്ടായിരത്തി ഇരുപത്തിനാലിൽ അംഗങ്ങൾ പ്രൊവിൻസിനു ചെയ്ത സേവനകളെ പ്രകീർത്തിച്ചു തന്റെ അധ്യക്ഷ പ്രസംഗത്തിൽ നന്ദിയും സ്നേഹവും അറിയിച്ചു. പ്രത്യേകിച്ച്, ഈ വർഷത്തെ പ്രൊവിൻസിന്റെ കണക്കുകൾ പൂർത്തിയാക്കി ഓഡിറ്റ് ചെയ്യാൻ അക്ഷീണം പരിശ്രമിച്ച ട്രെഷർ തോമസ് കുട്ടി വർഗീസിനെയും അക്കൗണ്ടന്റ് ബെന്നി മാത്യുവിനേയും ഓഡിറ്റേഴ്സ് അപ്പു, റൂബി എന്നിവരെയും അഭിനന്ദിച്ചു. പങ്കെടുത്ത അംഗങ്ങൾ എല്ലാവരും പ്രൊവിൻസിന്റെ നടത്തിപ്പിനും ഉന്നമനത്തിനും അവരുടേതായ അഭിപ്രായങ്ങൾ പങ്കു വയ്ക്കുകയും യോഗം അത് നടപ്പിലാക്കുവാൻ തീരുമാനിക്കുകയും ചെയ്തു. ചെയർപേഴ്സൺ ശ്രീമതി മറിയാമ്മ ജോർജ് ആശംസാ പ്രസംഗം നടത്തി.

ശ്രീമതി മറിയാമ്മ ജോർജ് പ്രൊവിൻസിനു ചെയ്ത വിശിഷ്ട സേവനത്തെ മാനിച്ചും അവർ മനോഹരമായ ഒരു ഭവനം വാങ്ങിയതിലുമുള്ള സന്തോഷത്തിലും പ്രൊവിൻസ് ഫലകം സമ്മാനിച്ച് അവരെ ആദരിച്ചു. അതോടൊപ്പം, പ്രൊവിൻസിന്റെ പ്രസിഡന്റ് ആയ ശ്രീമാൻ നൈനാൻ മത്തായി ദീർഘകാലത്തെ പെൻസിൽവാനിയ സർക്കാർ സ്ഥാപനത്തിൽ നിന്നും വിരമിച്ചതിൽ അദ്ദേഹത്തിന് നല്ല ഒരു വിശ്രമജീവിതം കേക്ക് മുറിച്ചു അംഗങ്ങൾ സന്തോഷം പങ്കു വക്കുകയും ചെയ്തു. പ്രൊവിൻസിന്റെ ക്രിസ്മസ് - ന്യൂ ഇയർ ആഘോഷങ്ങൾ ജനുവരി മാസം മൂന്നാം തീയതി, വെള്ളിയാഴ്ച വൈകിട്ട് അഞ്ചു മണിക്ക് ശ്രീമാൻ മത്തായിയുടെ ഭവനത്തിൽ വച്ച് നടത്തുവാനും ഇതിന്റെ കോർഡിനേറ്ററായി ശ്രീമതി ഷൈല രാജനെ തിരഞ്ഞെടുക്കുകയും ചെയ്തു.

ട്രെഷറർ തോമസ്കുട്ടി വർഗീസ് നന്ദി പറഞ്ഞു. മനോഹരമായ ഭവനം വാങ്ങിയതിലുള്ള സന്തോഷത്തിൽ ശ്രീമതി മറിയാമ്മ ജോർജ്, പങ്കെടുത്ത എല്ലാവർക്കും വിഭവസമൃദ്ധമായ ഭക്ഷണം ഒരുക്കുകയും യോഗത്തിനായി വീട് ക്രമീകരിക്കുകയും ചെയ്തതിലുള്ള പ്രത്യക സ്നേഹവും നന്ദിയും മറിയാമ്മ ജോർജിനോടും കുടുംബത്തോടും അറിയിച്ചു. അത്താഴ വിരുന്നോടും സമാപന പ്രാർത്ഥനയോടും കൂടി യോഗം രാത്രി ഒന്പതുമണിയോടുകൂടി പര്യവസാനിച്ചു.






# ഇ എം സ്റ്റീഫന്റെ 'കേരള സെന്റർ (ഒരു ചരിത്രരേഖ)' പ്രസിദ്ധികരിച്ചു



**ജോസ് കാടാപ്പുറം**

**കേരള സെന്ററിന്റെ ചരിത്രം അമേരിക്കൻ മലയാളി ചരിത്രം**

അമേരിക്കയുടെ പ്രവാസ ജീവിതത്തിൽ വെള്ളി വെളിച്ചമായി പ്രശോഭിക്കുന്ന കേരള സെന്ററിന്റെ ചരിത്രം പുസ്തകരൂപത്തിൽ ഇറങ്ങി എന്നുള്ളത് ചെറിയകാര്യമല്ല. 2024 ഏറ്റവും ധന്യമായ ഒരു വർഷമായി മാറിയത് ഈ പുസ്തകം കൈയിൽ കിട്ടിയതുകൊണ്ട് കൂടിയാണ്. ന്യൂയോർക്കിലെ കേരള സെന്റർ രൂപീകരണത്തിൽ അനുഭവിച്ച കാര്യങ്ങൾ ഒരു പോരാട്ടത്തിന്റെ, അതിജീവനത്തിന്റെ അനുഭവ കഥയാണ്. നടന്ന വഴികൾ ദുരിത പൂർണമായ ഭൂതകാലത്തിന്റെത് ആകുമ്പോഴും, അത് താണ്ടിയവർക്ക് അത്ര നിസ്സാരമല്ല ആ യാത്ര.




ജോൺ എഫ് കെന്നഡി പറഞ്ഞ പോലെ 'നിങ്ങളുടെ നാട് നിങ്ങൾക്കു വേണ്ടി എന്ത് ചെയ്തുവെന്ന ചോദ്യം അപ്രസക്തമാണ്, എന്നാൽ നിങ്ങൾ സ്വദേശത്തിനു വേണ്ടി എന്ത് ചെയ്തുവെന്നതാന് പ്രസക്തം -പ്രധാനവും ' അതെ മഹനീയമായ ഈ ചോദ്യത്തിന് ഉത്തരമാണ് ഇ എം സ്റ്റീഫനെന്നു നാട്ടുമ്പുറത്തുകാരനായ അമേരിക്കൻ പ്രവാസിയുടെയും കുറച്ചു മഹത്വ്യക്തികളുടെയും കഠിനാധ്വാനത്തിന്റെ പൂർത്തീകരണമായ കേരള സെന്റർ .

അതിന്റെ ചരിത്രമാണ് ഈ പുസ്തകത്തിൽ. തീർച്ചയായും ഫൊകാനയും ,ഫോമയും വേൾഡ് മലയാളി കൗൺസിലും അവയിലെ പ്രവർത്തകരും നേതാക്കളും ഒക്കെ വായിച്ചിരിക്കേണ്ട പുസ്തകം.

പ്രവാസി മലയാളി കവി ജോസ് ചെരിപുറത്തിന്റെ ഭാഷയിൽ പറഞ്ഞാൽ ഇനി അമേരിക്കൻ സ്ഥാപന ങ്ങളുടെ അടുക്കള പുറത്തു ഓച്ഛാനിച്ചു നിൽക്കേണ്ട ഗതികേട് നമുക്കു ഉണ്ടാവില്ല. അവരുടെ കുത്തു വാക്കുകൾ കേട്ട് വ്യകുലപ്പെടേണ്ടി വരില്ല. എല്ലാ മലയാളിക്കും ജാതിഭേദമെന്യ കയറിച്ചല്ലാവുന്ന സ്ഥാപനമാണ് കേരള സെന്റർ.

മറ്റൊരു കവി പീറ്റർ നീണ്ടൂർ 'സെന്റർ പുരാണം 'എന്ന പേരിൽ വില്ലടിച്ചാൻ പാട്ടു ഉണ്ടാക്കി ചൊല്ലി–

കേരള മണ്ണിൽ നിന്നിങ്ങു കുടിയേറി
കേര സംസ്കാരം നിലനിർത്തിടാൻ
കേരള മക്കൾ ചിലർ കൂടി ചിന്തിച്ചു
കേരള സെന്റര് പടുത്തുയർത്തി ...

മലയാളിയുടെ സംസ്കാരവും ഭാഷയും നിലനിർത്താൻ സർഗ്ഗവേദിയും മനോഹർ തോമസും അടങ്ങുന്ന ഭാഷാസ്നേഹികൾ കേരള സെന്റെറിനൊപ്പം നടന്നു. ഇതെല്ലാം ഈ പുസ്തകത്തിൽ ഉണ്ട്.

അതേ, പ്രമാണിമാർക്ക് ഓച്ഛാനിച്ചു നില്കാതെ പള്ളികൃഷിക്കാരുടെ പുരയിടത്തിൽ കൊണ്ട് പോയി കൃഷി ഇറക്കാതെ കേരള സെന്ററും പോരാളി സ്റ്റീഫനും ജനാധിപത്യത്തെയും മത നിരപേക്ഷയേയും മുറുകെ പിടിച്ചു കേരള സെന്റർ എന്ന സ്ഥാപനത്തെ 2024 ൽ വരെ എത്തിച്ച കാഴ്ചയ്ക്കു ന്യൂയോർക് മലയാളികൾ ദൃക്സാക്ഷികളാണ്.

വട്ടമിട്ടു പറന്ന ക്ഷുദ്ര ശക്തികളിൽ നിന്ന് കേരളസെന്ററിനെ രക്ഷിച്ചു പൊതു സമൂഹ

ത്തിനു നല്കി എന്നതാണ് സ്റ്റീഫനും കുടുംബവും  സുഹൃത്തുക്കളും ചെയ്ത നന്മ. സെന്ററിനെയും സ്റ്റീഫനെയും ഐ ആർ എസ്  വഴിയും ഇമ്മിഗ്രേഷൻ ഡിപ്പാർട്മെന്റൽ പരാതികൊടുത്തും ഒറ്റപ്പെടുത്താനും അങ്ങനെ പീഡിപ്പിക്കാനും ചിലർ ശ്രമിച്ച കഥയുണ്ട്.  ഇതിനിടയിൽ (പുസ്തകത്തിൽ പറഞ്ഞിട്ടില്ല) ഇന്ന് ന്യൂയോർക് സ്റ്റേറ്റ് കേരള സെന്ററിന് സഹായം പലകുറി (കമ്മ്യൂണിറ്റി സർവീസിനും ചിട്ടയായ എത്നിക് കമ്മ്യൂണിറ്റി വർക്കിനും നൽകികഴിഞ്ഞു)

ഇപ്പോൾ മൂന്നു  തവണയായി കേരള സെന്റര് ഡയറക്ടർ ബോർഡ് മെമ്പറാണ് ഈ എളിയവൻ. സ്റ്റീഫനും ഭാര്യ ചിന്നമ്മയും , തമ്പി തലപ്പിള്ളിയും ഒക്കെ ചെയിത സേവനം നോക്കുമ്പോൾ നമ്മൾ (ഞാൻ) ഒന്നും ചെയ്തിട്ടില്ല .

എന്നാൽ കഴിഞ്ഞ 20 വർഷമായി കൈരളി ടിവി മടിക്കാതെ കേരള സെന്ററിന്റെ പ്രവർത്തന ങ്ങൾ ജനങ്ങളിൽ എത്തിച്ചു. ഒരു മാധ്യമം എന്ന നിലയിൽ  ഇക്കാലയളവിൽ ചെയ്തതൊക്കെ കേരള സെന്ററിനെ പങ്കാളിയാക്കി.



ഇതിനിടയിൽ കേരള സെന്റര് പലകുറി (പ്രളയകാലത്ത് ) കേരളത്തെ സഹായിച്ചു .1824 ഫെയർ ഫാക്സ് സ്ട്രീറ്റ് അമേരിക്കൻ മലയാളികളുടെ കുടിയേറ്റ ചരിത്രത്തിന്റെ നാഴികകല്ലാണിന്ന്. പുതിയ സാരഥി അലക്സ് എസ്തപ്പാന്റെ നേതൃത്വത്തിൽ കടമ്പകൾ കടന്നു വിജയത്തിൽ എത്തി നിൽക്കുന്നു.

എന്നാൽ കേരള സെന്ററിന്റെ പഴയ പടവുകൾ മുള്ളു നിറഞ്ഞ പാതയിലൂടെ ഇടറാതെ EM സ്റ്റീഫൻ എന്ന പഴയ പട്ടാളക്കാരൻ മഹനീയമായ ഒരു സ്ഥാപനമാക്കാൻ പൊരുതിയ ഇരട്ട ചങ്കിന്റെ കഥയാണ് . പുസ്തകം എല്ലാവരും വായിക്കണം.

പുസ്തകം കിട്ടാൻ കേരള സെന്ററിന്റെ ഇമെയിൽ അല്ലെങ്കിൽ ഫോൺ: kc@keralacenterny.com OR സ്റ്റീഫൻ +1 917 620 6353 OR മംഗളോദയം കമ്മ്യൂണിക്കേഷൻ കുറിച്ചിത്താനം 001 91 9447129150










Now baking 4 exciting flavors
Plum Cakes Freshly Made in USA
HOTCAKEUSA
Premium Plum Fruit & Nut Cake
Handmade with Finest Organic & Natural Ingredients
'Available at all leading stores in USA'
Seeking Part-time Sales and Marketing Professionals from all 50 states
NOW ACCEPTING BULK PRE-ORDERS!
Nationwide Retailers Welcome!
www.hotcakeusa.com or Call 1-201-479-2727


GRANEX KITCHEN
We are your one-stop shop for Granite, Marble
OUR PRODUCTS
COUNTERTOPS
VANITIES
SINKS
FAUCETS
BACKSPLASH
TILES
Fabrication shop on premises
Custom kitchen designers are available to render your dream kitchen.
QUARTZ SLABS
Hundreds of colors in stock
FINANCING AVAILABLE
ONE YEAR FINANCING for qualified clients
ADDITIONAL SERVICES
BATHROOM & KITCHEN REMODELING
615 Medford Ave, Patchogue, New York 1-631-438-1470 | sales@granexkitchen.com

## പ്രതീക്ഷയുടെ പ്രകാശം തൊട്ടുണർത്തി

# സോമർസെറ്റ് ദേവാലയത്തിൽ ക്രിസ്മസ് കരോളിംഗ്





**സെബാസ്റ്റ്യൻ ആന്റണി**

ന്യൂജേഴ്സി: നിലാവിന്റേയും, നക്ഷത്രങ്ങളുടേയും, ചിമ്മിനിവെട്ടത്തിന്റേയും ഇത്തിരിവെളിച്ചത്തിൽ ലോകരക്ഷകന്റെ ജനനം വിളിച്ചറിയിച്ച് കരോൾ സംഘങ്ങൾ ലോകമെമ്പാടും ക്രിസ്മസ് രാവുകളെ സമ്പന്നമാക്കുമ്പോൾ, ശാന്തിയുടേയും സമാധാനത്തിന്റേയും, സ്നേഹദൂതുമായി സോമർസെറ്റ് സെൻറ് തോമസ് സീറോ മലബാർ ഫൊറോനാ ദേവാലയവും വാർഡ് തോറുമുള്ള ക്രിസ്മസ് കരോൾ ഈ വർഷവും ഭക്തിസാന്ദ്രമായി നടത്തപ്പെട്ടു.

സമാധാനത്തിന്റെയും, പ്രത്യാശയുടേയും നക്ഷത്രങ്ങളുദിച്ച ക്രിസ്മസ് കാലത്തിന്റെ ഓർമയുണർത്തി, സകല ജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത ഉത്ഘോഷിച്ച ക്രിസ്മസ് രാത്രിയുടെ മനോഹാരിത വിളിച്ചോതുന്ന ഗാനങ്ങൾ കരോൾ സംഘം ഇംഗ്ലീഷിലും, മലയാളത്തിലും ആലപിച്ചു. നേറ്റിവിറ്റിയും, ക്രിസ്മസ് പാപ്പയും കരോളിംഗിനെ കൂടുതൽ ആകർഷകമാക്കി.

വാർഡ് തിരിച്ചു നടത്തിയ ക്രിസ്തുമസ് കരോളിംഗിന് വാർഡ് പ്രതിനിധികൾ നേതൃത്വം നൽകി. ചുമലിലെ സഞ്ചിയിൽ സമ്മാനങ്ങളുമായി ക്രിസ്മസ് പാപ്പായും ഗായകസംഘത്തെ അനുഗമിച്ചു. ഉണ്ണിയേശുവിന്റെ തിരുപ്പറവി നൽകുന്ന സന്ദേശവുമായി പ്രാർത്ഥനാ ചൈതന്യത്തോടെ നടത്തിയ കരോളിംഗിൽ ഓരോ വീടുകളിലും കുടുംബപ്രാർത്ഥനയോടെ ആരംഭിച്ച്, ക്രിസ്തുമസ് സന്ദേശം നൽകി ക്രിസ്തുമസ് ഗാനാലാപനത്തോടെയാണ് സമാപിച്ചത്.

വികാരി അച്ചനും ഇടവകാംഗങ്ങളോടൊപ്പം കരോളിംഗിൽ പങ്കെടുത്തു.ശാന്തിയുടേയും സമാധാനത്തിന്റേയും സ്നേഹ

ത്തിന്റേയും സന്ദേശം നാമോരുത്തരിലും നിറയ്ക്കുവാൻ ദൈവപുത്രന്റെ തിരുപ്പിറവി ആഘോഷത്തിലൂടെ സാധിക്കണമെന്ന് വികാരി ഫാ. ആന്റണി പുല്ലുകാട്ട് ആശംസാ സന്ദേശത്തിൽ പറഞ്ഞു.

ക്രിസ്മസ് പാപ്പായുടെ അകമ്പടിയോടെ ഉണ്ണിയേശുവിനെ കൈയ്യിലേന്തി നടത്തിയ കുടുംബ സന്ദർശനം കുട്ടികൾക്കും മുതിർന്നവർക്കും സ്നേഹത്തിന്റേയും സന്തോഷത്തിന്റേയും നിമിഷങ്ങളായിരുന്നു. കരോൾ സംഘത്തെ വരവേൽക്കാൻ എല്ലാം വീടുകളിലും ക്രിസ്മസ് ട്രീയും, മനോഹരമായ ദീപാലങ്കാരങ്ങളും നടത്തിയിരുന്നു.

ഒമ്പത് വാർഡുകളിലായി നടത്തിയ കരോളിംഗിൽ ഇടവകയിലെ 250 -ൽപ്പരം കുടുംബങ്ങൾ സന്ദർശിച്ചതായി വാർഡ് പ്രതിനിധികൾ അറിയിച്ചു.

ജോസ് ജോസഫ് കണ്ടവനം / മിനി റോയ് (സെൻറ് അൽഫോൻസ വാർഡ് ), ഫ്രാൻസിസ് മാത്യു കല്ലുപുരക്കൽ / ലിയ നേരേപറമ്പിൽ (സെൻറ്ആന്റണി വാർഡ് ), സോമി മാത്യു / റീബ പോൾ (സെൻറ് ജോർജ് വാർഡ്), സാം അലക്സാണ്ടർ / ലിൻഡ റോബർട്ട് ( സെൻറ് ജോസഫ് വാർഡ്), സൂരജ് ജോർജ് / ലിസ് മാത്യു (സെൻറ് ജൂഡ് വാർഡ്), സുനിൽ ജോസ് / റീനു ജേക്കബ് ( സെൻറ് മേരി വാർഡ് ), കുരിയൻ കല്ലുവാരപറമ്പിൽ / അനു സെബാസ്റ്റ്യൻ ( സെൻറ് പോൾ വാർഡ്), ലാസർ ജോയ് വെള്ളാറ / ആനി വർഗീസ് (സെൻറ് തെരേസ ഓഫ് കലകട്ട വാർഡ്), ജോസഫ് പൗലോസ് തമ്പിതറയിൽ / മഞ്ജു ജോസഫ് (സെൻറ്തോമസ് വാർഡ് ).

ബോബി വർഗീസ് (ട്രസ്റ്റി), റോബിൻ ജോർജ് (ട്രസ്റ്റി), സുനിൽ ജോസ് (ട്രസ്റ്റി) , ലാസർ ജോയ് വെള്ളാറ (ട്രസ്റ്റി).

















Discover
a New You at
TOTAL MEDICAL 360 LLC.
TOTAL MEDICAL 360
Uncover a
new version of
yourself at
TOTAL MEDICAL 360.
Our integrated approach to health and beauty blends
advanced medical practices to
reveal your innate, radiant vitality.
Comprehensive medical management for all chronic care conditions.
Hair loss therapy & Weight loss therapy with medications and alternative therapies.
Comprehensive Ayurvedic assessment treatment.
Certified Diabetes & Wound care management
Neck / Lower back, Musculoskeletal evaluation for Arthritis and other Orthopedic conditions.
Expert Advice for a Healthier Lifestyle!
info@ttm360.com
www.ttm360.com
1-516-930-0280
Total Medical 360, LLC., 188 Post Avenue, Westbury, NY 11590

hanover bank

# SBA & USDA Solutions for Financing










## *Need Money for your Business?*

- ✓ Property and Business Acquisition
- ✓ Lease Hold Improvements/ Renovations
- ✓ LTC up to 90%*
- ✓ Up to 30 Year Amortization**
- ✓ Limited Pre-payment Penalties*
- ✓ Financing also for Working Capital, Equipment and Partner Buyout

**LENDING ALL ACROSS USA**

**Contact us**

**Elijiah Gray**
First SVP Managing Director SBA & USDA Banking
p: 212.277.4358
e: sbaloans@hanoverbank.com

**OR**

**Visit our location**

**Long Island**
Garden City Park
2131 Jericho Turnpike
Garden City Park, NY 11040
516.248.4868

Hauppauge
410 Motor Parkway, 3rd Floor
Hauppauge, New York 11788
631.967.5147

Mineola
80 East Jericho Turnpike
Mineola, NY 11501
516.548.8600

**Manhattan**
Chinatown
109 Bowery
New York, NY 10002
212.334.9191

Rockefeller Center
600 Fifth Avenue, 17th Floor
New York, NY 10020
646.775.4000

**New Jersey**
Freehold
4400 Route 9, Suite 2800
Freehold, NJ 07728
732.243.8300

**Queens**
Flushing Commons
138-29 39th Avenue
Flushing, NY 11354
646.828.8650

Forest Hills
71-15 Austin Street
Forest Hills, NY 11375
646.569.3600

**Brooklyn**
Sunset Park
5512 8th Avenue
Brooklyn, NY 11220
718.633.4528

For more information visit us at hanoverbank.com

**This is not an offer of credit.**

All applications are subject to the Bank's underwriting and credit approval process. Terms and conditions apply.

*SBA 7a Loan Program **USDA B&I Loan Program
© 2024 Hanover Community Bank. All rights reserved.

Member FDIC
EQUAL OPPORTUNITY LENDER

04/24

# ഫ്രിസ്‌ക്കോ ഹിൽസ് മലയാളി കൂട്ടായ്മയുടെ ക്രിസ്തുമസ് പുതുവത്സരാഘോഷം

മാർട്ടിൻ വിലങ്ങോലിൽ



ഡാളസ് : ഫ്രിസ്‌ക്കോ ഹിൽസ് മലയാളി കൂട്ടായ്മയുടെ ഈ വർഷത്തെ ക്രിസ്തുമസ് പുതുവത്സരാഘോഷം ഡിസംബർ 07 ശനിയാഴ്ച വൈകിട്ടു 6 മണി മുതൽ കാരൾട്ടൻ സെന്റ് മേരിസ് മലങ്കര ജാക്കോബൈറ്റ് സിറിയൻ ഓർത്തഡോക്സ് ചർച്ച് ഹാളിൽ വച്ചു നടത്തപ്പെട്ടു.

കരോൾ ഗാനങ്ങൾ, കുട്ടികളുടെ ഡാൻസ്, തുടങ്ങി വിവിധ കലാവിരുന്നുകൾ ആഘോഷങ്ങൾക്ക് ചാരുതയേകി. ഫ്രിസ്‌ക്കോ ഹിൽസ് മലയാളി കൂട്ടായ്മയുടെ ഒത്തൊരുമയും പങ്കാളിത്തവും പരിപാടിയെ വൻ വിജയമാക്കി.



ക്രിസ്തുമസ് ആഘോഷയങ്ങൾക്കൊപ്പം പുതുവത്സരത്തിൻറെ പ്രതീക്ഷകളും ഏവരും പങ്കുവെച്ചു.

ക്രിസ്തുമസ് കേക്ക് മുറിച്ചും ന്യൂ ഇയർ ഡിന്നർ തയ്യാറാക്കിയും സംഘാടകർ പരിപാടികൾ ആസ്വാദ്യകരമാക്കി. ജോട്ടി ജോസഫ്, റ്റിജു എബ്രഹാം, മില്ലി മാത്യൂസ്, ജോസ് പോൾ പ്രകാശ് എന്നിവരാണ് ആഘോഷങ്ങൾക്ക് നേതൃത്വം നൽകിയത്.

# നായർ ബനവലന്റ് അസ്സോസിയേഷൻ മുൻ പ്രസിഡന്റ് ഡോ വിജയശങ്കറിന്റെ നിര്യാണത്തിൽ അസ്സോസിയേഷൻ ആസ്ഥാനത്ത് അനുശോചന സമ്മേളനം നടത്തി




ന്യൂയോർക്ക്: 1981-ൽ നായർ ബനവലന്റ് അസ്സോസിയേഷൻ രൂപീകരിക്കുന്നതിന് സജീവമായി പ്രവർത്തിക്കുകയും പിന്നീട് പ്രസിഡന്റായും സേവനമനുഷ്ഠിക്കുകയും ചെയ്ത, സമുദായാചാര്യൻ ശ്രീ മന്നത്ത് പത്മനാഭന്റെ ഏക മകളുടെ മകൻ ഡോ വിജയശങ്കറിന്റെ നിര്യാണത്തിൽ ഡിസംബർ 21 ശനിയാഴ്ച്ച വൈകിട്ട് 4 മണിക്ക് അസ്സോസിയേഷന്റെ ആസ്ഥാനത്ത് അനുശോചന യോഗം ചേർന്നു. അദ്ധ്യക്ഷൻ പ്രസിഡന്റ് ക്രിസ് തോപ്പിൽ പ്രസംഗിച്ചു. ട്രഷറർ രാധാമണി നായർ ഭക്തിസാന്ദ്രമായി പ്രാർത്ഥനാഗാനം ആലപിച്ചു.

സെക്രട്ടറി രഘുവരൻ നായർ സ്വാഗതം ആശംസിക്കുകയും ട്രസ്റ്റീ ബോർഡ് ചെയർമാൻ ഉണ്ണിക്കൃഷ്ണൻ നായർ 25-ാം വാർഷികത്തിൽ അവതരിപ്പിച്ച ലഘുലേഖനം വായിച്ചുകൊണ്ട് വിജയശങ്കറിന്റെ പ്രവർത്തനങ്ങൾ വിശദീകരിച്ചു. അദ്ദേഹത്തോടൊപ്പം പ്രവർത്തിച്ചിട്ടുള്ള മുൻ പ്രസിഡന്റ് ശ്രീ വിക്രമൻ നടത്തിയ പ്രസംഗം പുതുതലമുറയ്ക്ക് ആവേശം പകരുന്നതായിരുന്നു. സംഘടനയുടെ ആദ്യകാല പ്രവർത്തനങ്ങളുടെ ഭാഗമായി വിക്രമന്റെ വസതിയിൽ ഡോ വിജയശങ്കർ സന്നിഹിതനായിരുന്ന കാര്യം അദ്ദേഹം അനുസ്മരിച്ചു. അന്ന്, മുൻ പ്രസിഡന്റും ഹൈന്ദവരുടെ ആദ്ധ്യാത്മിക പ്രവർത്തനങ്ങൾ ഏകോപിച്ചുനടത്തുന്ന പാർത്ഥസാരഥി പിള്ളയുടെ ഭജനാലാപനവും മറ്റും എടുത്തു പറയുകയും, അന്നുമുതൽ പുതിയ ആളുകൾ രംഗത്തേക്ക് കടന്നുവരികയും എൻ.ബി.എ.ക്ക് ഒരു ആസ്ഥാനമുണ്ടാകുന്നതിൽ പ്രസിഡന്റായിരുന്ന കോമളൻ പിള്ളയുടെ നേതൃത്വത്തിലുള്ള പ്രവർത്തനവും, കോവിഡ്കാലഘട്ടത്തോടെനാശോന്മുഖമായിക്കൊണ്ടിരുന്നആസ്ഥാനമന്ദിരംപുനർനിർമ്മാണം നടത്തി ഇപ്പോൾ കാണുന്ന രീതിയിൽ ഭംഗിയാക്കുന്നതിന് മുൻ പ്രസിഡന്റ് അപ്പുക്കുട്ടൻ നായർ നടത്തിയ സേവനവുമെല്ലാം ഐക്യത്തിന്റെ പ്രതീകമായിരുന്നുവെന്ന് എടുത്തുപറയുകയുണ്ടായി.

ട്രസ്റ്റീ ബോർഡ് റിക്കോർഡിംഗ് സെക്രട്ടറിയും മുൻ പ്രസിഡന്റുമായ ജി.കെ.നായർ, എൻ.ബി.എ.യുടെ സിൽവർ ജൂബിലിയോടനുബന്ധിച്ച് പ്രസിദ്ധീകരിച്ച സുവനീറിന്റെ പ്രവർത്തനങ്ങളിൽ വിജയശങ്കർ പ്രകടിപ്പിച്ച താത്പര്യവും മറ്റും എടുത്തുപറഞ്ഞ് സംഘടനയുടെ വളർച്ചയിലുള്ള അദ്ദേഹത്തിന്റെ സന്തുഷ്ടിയുമൊക്കെ വിവരിച്ചു. ഡോ. ചന്ദ്രമോഹൻ വിജയശങ്കറോടൊപ്പം എൻ.ബി.എ.യിൽ പ്രവർത്തിച്ചതു കൂടാതെ ആതുരസേവന രംഗത്തും സഹപ്രവർത്തകരായിരുന്നുവെന്നും സഹജീവികളോടുള്ള വിജയശങ്കറിന്റെ അനുകമ്പയും സഹാനുഭൂതിയുമൊക്കെ അനുസ്മരിച്ചുകൊണ്ട് അനുശോചനം അറിയിച്ചു. മുൻ പ്രസിഡന്റ് ജയപ്രകാശ് നായർ, വിജയശങ്കറിന്റെ ആത്മാർത്ഥ സേവനം മാതൃകയാക്കി പ്രവർത്തിച്ചവരിൽ ഒരാളാണെന്നു പറഞ്ഞു. പണ്ടത്ത് രാമൻ കുട്ടി തന്റെ പ്രസംഗത്തിൽ, നേരിട്ട് വിജയശങ്കറോടൊപ്പം പ്രവർത്തിച്ചിട്ടില്ലെങ്കിലും അദ്ദേഹത്തിന്റെ കലാഭിരുചിയും മറ്റും തന്റെ കുട്ടികളുടെ നൃത്തവിദ്യാലയത്തിന് ഒരു മാർഗദർശനമായിരുന്നുവെന്നും അനുസ്മരിച്ചു.



മുൻ പ്രസിഡന്റ് ഗോപിനാഥക്കുറുപ്പ്, മന്നത്തു പത്മനാഭനെ തന്റെ ചെറുപ്പത്തിൽ തങ്ങളുടെ വസതിയിൽ വച്ച് കണ്ടിട്ടുള്ള ഓർമകളും അതേ മികവോടെയുള്ള കൊച്ചുമകനായ വിജയശങ്കറിന്റെ പ്രവർത്തനമികവും അനുസ്മരിച്ചുകൊണ്ട് ഐക്യത്തോടെ പ്രവർത്തിച്ച് പൂർവികർ തുടങ്ങിവച്ച പ്രസ്ഥാനം ഇനിയും ഉയരങ്ങളിലേക്ക് എത്തിക്കാൻ നമ്മൾ പ്രതിജ്ഞാബദ്ധരാണെന്ന് സൂചിപ്പിച്ചു. പ്രസിഡന്റ് ക്രിസ് തോപ്പിൽ തന്റെ ഉപക്രമപ്രസംഗത്തിൽ സമുദായം അഭിമുഖീകരിക്കുന്ന പല പ്രശ്നങ്ങളും പുതുതലമുറ ഈ കർമ്മയോഗികളുടെ കാലടികൾ പിന്തുടരേണ്ടതിന്റെ ആവശ്യകത എടുത്തുപറഞ്ഞു. തുടർന്നു നടന്ന ഭജന ഡോ വിജയശങ്കറിന്റെ ആത്മാവിന് നിത്യശാന്തിക്കായി പ്രാർത്ഥനയോടെ സമർപ്പിച്ചു. ജയപ്രകാശ് നായർ നന്ദി രേഖപ്പെടുത്തി.



MAYURA
INDIAN RESTAURANT
9321-23 Krewstown, Philadelphia
Restuarant : 215 420 4200
Cell Phone: 267 668 8399
LET US CATER
YOUR NEXT EVENT
BOOK THE ENTIRE PLACE TO HOLD
YOUR SPECIAL EVENT
Great Food | Award Winning Chef
Plenty of Free Parking | Customize your Event

# അത്താഴപ്പട്ടിണിക്കാരുടെ പെൻഷൻ കട്ടുതിന്നുന്ന 'ബി.എം.ഡബ്ല്യു' സാറൻമാർ...




**എ.എസ് ശ്രീകുമാർ**

പതിനായിരങ്ങളും ലക്ഷത്തിലേറെയും രൂപ പ്രതിമാസ മാസശമ്പളം വാങ്ങുന്ന ചില സർക്കാർ ഉദ്യോഗസ്ഥർ പാവപ്പെട്ടവർക്കുള്ള സാമൂഹിക സുരക്ഷാ പെൻഷൻ ഓരോ വർഷവും മസ്റ്ററിങ് തരികിട കാട്ടി ഉളുപ്പില്ലാതെ അടിച്ചുമാറ്റുന്നുവെന്ന വാർത്ത മൂക്കത്തു വിരൽവച്ചാണ് കേരളം കേട്ടത്. ക്ഷേമ പെൻഷൻ ഒന്നു മുടങ്ങിയാൽ ലക്ഷങ്ങൾ പട്ടിണിയിലാവുന്ന നാട്ടിലാണ് ഈ നെറിവുകേട് നടമാടുന്നത്. പെൻഷൻ നൽകാനുള്ള 'സേവന' സോഫ്റ്റ്‌വെയറും ജീവനക്കാരുടെ ശമ്പള വിതരണത്തിനുള്ള 'സ്പാർക്' സോഫ്റ്റ്‌വെയറും ബന്ധിപ്പിച്ച് ഇൻഫർമേഷൻ കേരള മിഷന്റെ സഹായത്തോടെ ധനവകുപ്പ് നടത്തിയ പരിശോധനയിലാണ് കഴിഞ്ഞ മാസം ഈ തട്ടിപ്പുകൾ പുറത്തായത്.

സമൂഹത്തിലെ ദുർബല വിഭാഗത്തിൽപ്പെട്ട ആളുകൾക്കാണ് സംസ്ഥാന സർക്കാർ പ്രതിമാസ പെൻഷനായി 1,600 രൂപ നൽകുന്നത്. കേരളത്തിലെ ഗസറ്റഡ് ഉദ്യോഗസ്ഥൻ അടക്കം 1458 സർക്കാർ ജീവനക്കാർ ഈ സാമൂഹ്യസുരക്ഷാ പെൻഷൻ കൈപ്പറ്റുന്നുവെന്നാണ് പരിശോധനയിൽ കണ്ടെത്തിയത്. കോളേജ് അസിസ്റ്റന്റ് പ്രൊഫസർമാരും ഹയർ സെക്കന്ററിയിലെ അടക്കം അധ്യാപകരും ഹൈക്കോടതി ജീവനക്കാരും ക്ഷേമ പെൻഷൻ വാങ്ങുന്നവരുടെ പട്ടികയിലുണ്ടായിരുന്നു. 1458 പേർ അക്ഷയ കേന്ദ്രങ്ങളിലെത്തി വിരലടയാളം പതിച്ച് മസ്റ്റർ ചെയ്ത് പെൻഷൻ വാങ്ങുകയായിരുന്നു. 23 ലക്ഷം രൂപയാണ് ഓരോ മാസവും ഇത്രയും പേർ ചേർന്ന് അനധികൃതമായി കൈപ്പറ്റിയത്. ഒരു വർഷമാകുമ്പോൾ ഇത് രണ്ടേകാൽ കോടി രൂപയാകും.

തട്ടിപ്പ് നടത്തിയ 373 ജീവനക്കാർക്കെതിരെ നടപടിയെടുത്തിരിക്കുകയാണിപ്പോൾ ആരോഗ്യവകുപ്പ്. നേരത്തെ പൊതുഭരണ വകുപ്പിലേയും മണ്ണ് സംരക്ഷണ വകുപ്പിലേയും ജീവനക്കാർക്കെതിരെയും നടപടിയെടുത്തിരുന്നു. തട്ടിപ്പ് നടത്തിയവരുടെ പേര് വിവരങ്ങൾ സർക്കാർ പുറത്തുവിടുകയും ചെയ്തു. അനധികൃതമായി കൈപ്പറ്റിയ പണം 18 ശതമാനം പലിശയോടെ ധനവകുപ്പ് തിരിച്ചുപിടിക്കും. കൂടാതെ ജീവനക്കാർക്കെതിരെ വകുപ്പുതല നടപടിയുമുണ്ടാകും. തട്ടിപ്പ് നടത്തിയവരുടെ പട്ടികയിൽ അറ്റൻഡർമാരും ക്ലർക്കും നഴ്സിങ് അസിസ്റ്റന്റുമാരും ഉൾപ്പെട്ടിട്ടുണ്ട്. ഏറ്റവും കൂടുതൽ ജീവനക്കാർ തട്ടിപ്പ് നടത്തിയതും ആരോഗ്യ വകുപ്പിലാണ്-373 പേർ.

പൊതുവിദ്യാഭ്യാസ വകുപ്പാണ് രണ്ടാം സ്ഥാനത്ത് –224 പേർ. മെഡിക്കൽ എഡ്യുക്കേഷൻ വകുപ്പിൽ 124 പേരും, ആയുർവേദ വകുപ്പിൽ 114 പേരും, മൃഗസംരണക്ഷ വകുപ്പിൽ 74 പേരും, പൊതു മരാമത്ത് വകുപ്പിൽ 47 പേരും ക്ഷേമ പെൻഷൻ വാങ്ങുന്ന സർക്കാർ ജീവനക്കാരാണ്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ 46 പേരും, ഹോമിയോപ്പതി വകുപ്പിൽ 41 പേരും. കൃഷി, റവന്യു വകുപ്പുകളിൽ 35 പേർ വീതവും, ജുഡീഷ്യറി ആൻഡ് സോഷ്യൽ ജസ്റ്റീസ് വകുപ്പിൽ 34 പേരും, ഇൻഷ്വറൻസ് മെഡിക്കൽ സർവീസ് വകുപ്പിൽ 31 പേരും, കോളേജിയറ്റ് എഡ്യുക്കേഷൻ വകുപ്പിൽ 27 പേരും, ഹോമിയോപ്പതിയിൽ 25 പേരും ക്ഷേമ പെൻഷൻ കൈപ്പറ്റുന്നു.

മറ്റ് വകുപ്പുകളിലും സ്ഥാപനങ്ങളിലും പെൻഷൻ പറ്റുന്നവരുടെ എണ്ണവും വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. വിവിധ തലങ്ങളിലുള്ള പരിശോധനകൾ തുടരാനാണ് ധന വകുപ്പ് തീരുമാനം. അനർഹരായവരെ കണ്ടെത്തി ഒഴിവാക്കുകയും, അർഹരായവർക്ക് മുഴുവൻ കൃത്യമായി പെൻഷൻ വിതരണം ഉറപ്പാക്കുകയും ചെയ്യുന്ന നടപടികൾ തുടരുമെന്ന് ധന വകുപ്പ് വൃത്തങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്.

അതേസമയം, തട്ടിപ്പിൽ ഉന്നതരെ തൊടാതെയാണ് വകുപ്പുകളുടെ നീക്കം. ഇതുവരെ നടപടി എടുത്തതും നടപടിക്ക് ശുപ

ാർശ ചെയ്തതും താഴെ തട്ടിലെ ജീവനക്കാർക്കെതിരെ മാത്രമാണ്. മണ്ണ് സംരക്ഷണ വകുപ്പിലെ ആറ് പാർട്ട് ടൈം സ്വീപ്പർമാരെ പിരിച്ചു വിടണമെന്ന പൊതുഭരണ അഡീഷണൽ സെക്രട്ടറിയുടെ നിർദ്ദേശമാണ് ഇക്കാര്യത്തിൽ ഇതുവരെ കൈക്കൊണ്ടിട്ടുള്ള ശിക്ഷാ നടപടി.

അനർഹമായി ക്ഷേമ പെൻഷൻ വാങ്ങിയ സർക്കാർ ജീവനക്കാർക്കെതിരെയും അനർഹർക്ക് കയറിക്കൂടാൻ അവസരം ഒരുക്കിയ ഉദ്യോഗസ്ഥർക്കെതിരെയും നടപടിയുണ്ടാകുമെന്ന് മുഖ്യമന്ത്രി ഉറപ്പ് നൽകിയിരുന്നെങ്കിലും ഒന്നും സംഭവിച്ചിട്ടില്ല. തട്ടിപ്പുകാരെ പിരിച്ചു വിടണമെന്ന കർശന നിർദേശം ഒഴിവാക്കണമെന്നാവശ്യപ്പെട്ട് സർവ്വീസ് സംഘടനകൾ മുഖ്യമന്ത്രിക്ക് നിവേദനം നൽകുമെന്നാണ് ഇപ്പോൾ ലഭിക്കുന്ന വിവരം.

സുതാര്യവും വിവിധ വകുപ്പുകളുടെയും സമിതികളുടെയും പരിശോധനയിലൂടെയാണ് പെൻഷൻ അനുവദിക്കുന്നതെന്നിരിക്കെ പെൻഷൻ കൈയിട്ടു വാരിയവരിൽ ബി.എം.ഡബ്ല്യു കാർ ഉടമകൾ ഉൾപ്പെടെയുള്ളവർ ഉണ്ടെന്നാണ് ലജ്ജിപ്പിക്കുന്ന വിവരം. ഭാര്യയോ ഭർത്താവോ സർവീസ് പെൻഷൻ പറ്റുന്നവരും ക്ഷേമ പെൻഷൻ വാങ്ങുന്നുണ്ട്. മിക്കവരുടെയും വീട് 2000 ചതുരശ്ര അടിയിലധികം വലുപ്പമുള്ളതാണെന്നും ധനമന്ത്രി കെ.എൽ ബാലഗോപാലിന്റെ നിർദേശപ്രകാരം വിജിലൻസ് നടത്തിയ അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. ക്രമക്കേട് കണ്ടെത്തിയ മലപ്പുറം ജില്ലയിലെ കോട്ടക്കൽ നഗരസഭയിലെ ഏഴാം വാർഡിലെ 42 ഗുണഭോക്താക്കളുടെ അർഹത സംബന്ധിച്ച പരിശോധനയിൽ 38 പേരും അനർഹരാണെന്ന് കണ്ടെത്തിയിരുന്നു. ഒരാൾ മരണപ്പെട്ടു.

ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷന്റെ അഭിപ്രായത്തിൽ, വ്യക്തികളുടെ ജീവിതത്തിലുടനീളം ദാരിദ്ര്യവും ദുർബലതയും കുറയ്ക്കുന്നതിനും തടയുന്നതിനും ലക്ഷ്യമിട്ടുള്ള ഒരു മനുഷ്യാവകാശമാണ് സാമൂഹിക സുരക്ഷ. പ്രസവം, തൊഴിലില്ലായ്മ, വൈകല്യം, രോഗം, വാർദ്ധക്യം എന്നിങ്ങനെ സാമൂഹ്യ സുരക്ഷയിൽ വിവിധ തരത്തിലുള്ള ആനുകൂല്യങ്ങൾ ഉൾപ്പെടുന്നുണ്ട്.

ദുർബല വിഭാഗത്തിന്റെ മനുഷ്യാവകാശമാണ് സാമൂഹ്യ സുരക്ഷ. അത് ഉറപ്പുവരുത്തുന്നതിനുവേണ്ടിയാണ് അശരണർക്കും നിരാലംബർക്കും കൈത്താങ്ങ് എന്ന നിലയിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുന്നത്. അർഹതപ്പെട്ട 47,28,989 പേർക്ക് മാസംതോറും 1600 രൂപ വീതം നൽകുന്നു. ഒന്നാം പിണറായി സർക്കാർ അധികാരത്തിൽ വരുമ്പോൾ 600 രൂപയായിരുന്നത് 18 മാസം കുടിശ്ശിക തീർത്ത് 1600 രൂപയാക്കി നൽകിവരുന്നു.

അത് 2500 രൂപ ആക്കാൻ സർക്കാർ നടപടികളെടുക്കുന്ന ഘട്ടത്തിലാണ് തട്ടിപ്പ് പുറത്തായിരിക്കുന്നത്. അർഹതപ്പെട്ടവർക്ക് മാത്രം അനുവദിക്കുക, എല്ലാ അർഹതപ്പെട്ടവർക്കും ലഭിക്കുന്നുവെന്ന് ഉറപ്പാക്കുക എന്നതാണ് ലക്ഷ്യമെന്ന് സർക്കാർ വ്യക്തമാക്കുന്നു. എന്നാൽ പെൻഷൻ തട്ടിപ്പ് ഇത്രയുംകാലം സുഗമമായി നടന്നുപോന്നിട്ടും അതു സർക്കാർ സംവിധാനങ്ങൾ കണ്ടില്ലെന്നത് സംശയമുളവാക്കുന്നു. അർഹതയില്ലെന്ന് അറിഞ്ഞുകൊണ്ടു തന്നെ പെൻഷൻ വാങ്ങുന്നവർ തന്നെയാണ് പ്രധാന ഉത്തരവാദി. ഇവർക്ക് പെൻഷൻ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സൂക്ഷ്മ പരിശോധനയുടെ അഭാവവും കൂട്ടുത്തരവാദിത്വവുമുണ്ട്. വിവിധ ഉദ്യോഗസ്ഥരും ഭരണസമിതിയും ഇതിന്റെ ഭാഗമാണ്. തുടർപരിശോധനയുടെ അഭാവവും ഇവിടെ പ്രകടമാണ്.

1458 ജീവനക്കാരും അധ്യാപകരും സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങി എന്നത് ഏറെ അപമാനകരവും അപലപനീയവുമാണ്. ആഡംബര ജീവിത സാഹചര്യമുള്ള ഈ ഉന്നതൻമാരുടെ അടുത്തേയ്ക്ക് അന്വേഷണം എത്തിയിട്ടില്ലെന്നത് പ്രതിഷേധാർഹമാണ്. കൃത്യമായ തെളിവുകൾ ഉള്ള സ്ഥിതിക്ക് ഇവരെ സംരക്ഷിക്കാനുള്ള സർവ്വീസ് സംഘടനകളുടെ ആവശ്യം സർക്കാർ അംഗീകരിച്ചാൽ അത് ആത്മഹത്യാപരമാവും. സ്വന്തം കൈവിരൽ നീട്ടി ബയോമെട്രിക് മസ്റ്ററിങ് നടത്തിയാണ് പെൻഷൻ വാങ്ങിക്കുന്നത്. പക്ഷേ, തങ്ങൾ അറിയാതെയാണ് സാമൂഹ്യ ക്ഷേമ പെൻഷൻ വാങ്ങുന്നതെന്നാണ് ഇവരുടെ വാദം.

ഉദ്യോഗസ്ഥർ കൈപ്പറ്റിയപണം 18 ശതമാനം പലിശയോടെ തിരിച്ച് പിടിച്ചതുകൊണ്ട് മാത്രം തീരുന്നതല്ല പ്രശ്നം. അനധികൃതമായി പണം പിടുങ്ങിയ കാലത്തെ പൂർണ ശമ്പളവും ഈടാക്കി അവരെ സർവീസിൽ നിന്ന് പിരിച്ചുവിട്ട് പെൻഷൻ ആനുകൂല്യങ്ങളും മരവിപ്പിച്ച്, സമൂഹമധ്യത്തിൽ വിചാരണ ചെയ്ത് നാണം കെടുത്തുകയും വേണം. എങ്കിലേ ആർത്തി മൂത്ത് പിന്നാലെയെത്തുന്ന പരാന്നഭോജികൾക്കതൊരു വലിയ പാഠമാകൂ.

**തട്ടിപ്പ് നടത്തിയ 373 ജീവനക്കാർക്കെതിരെ നടപടിയെടുത്തിരിക്കുകയാണിപ്പോൾ ആരോഗ്യവകുപ്പ്. നേരത്തെ പൊതുഭരണ വകുപ്പിലേയും മണ്ണ് സംരക്ഷണ വകുപ്പിലേയും ജീവനക്കാർക്കെതിരെയും നടപടിയെടുത്തിരുന്നു. തട്ടിപ്പ് നടത്തിയവരുടെ പേര് വിവരങ്ങൾ സർക്കാർ പുറത്തുവിടുകയും ചെയ്തു. അനധികൃതമായി കൈപ്പറ്റിയ പണം 18 ശതമാനം പലിശയോടെ ധനവകുപ്പ് തിരിച്ചുപിടിക്കും. കൂടാതെ ജീവനക്കാർക്കെതിരെ വകുപ്പുതല നടപടിയുമുണ്ടാകും.**



# ക്രിസ്മസ് ആഘോഷങ്ങൾക്കെതിരെ വി.എച്ച്.പിയുടെ നോർത്ത് ഇന്ത്യൻ വർഗീയ വിദ്വേഷം കേരളത്തിലേയ്ക്കും




**എ.എസ് ശ്രീകുമാർ**

പാലക്കാട് നല്ലേപ്പിള്ളി ഗവൺമെന്റ് യു.പി സ്കൂളിൽ അധ്യാപകരും വിദ്യാർത്ഥികളും ചേർന്ന് നടത്തിയ ക്രിസ്മസ് ആഘോഷങ്ങൾ വിശ്വ ഹിന്ദു പരിഷത്ത് (വി.എച്ച്.പി) പ്രവർത്തകർ തടഞ്ഞതും പാലക്കാട് തത്തമംഗലം ജി.ബി.യു.പി സ്കൂളിൽ സ്ഥാപിച്ച പുൽക്കൂട് തകർത്തതും കടുത്ത പ്രതിഷേധങ്ങൾക്കിടയാക്കിയിരിക്കുന്നു. നല്ലേപ്പിള്ളി സ്കൂളിൽ പരീക്ഷ കഴിഞ്ഞ് സ്കൂൾ മുറ്റത്ത് വിദ്യാർത്ഥികൾ സാന്താക്ലോസിന്റെ വേഷമണിഞ്ഞ് ക്രിസ്മസ് ആഘോഷിക്കുന്നതിനിടെ അപ്രതീക്ഷിതമായാണ് മൂവർ സംഘത്തിന്റെ ആക്രമണമുണ്ടായത്.

വിശ്വ ഹിന്ദു പരിഷത്ത് ജില്ലാ സെക്രട്ടറി നല്ലേപ്പിള്ളി വടക്കന്തറ കെ അനിൽകുമാർ, ബജരംഗ്ദൾ ജില്ലാ സംയോജക് തെക്കേദേശം കറുത്തേടത്തുകളം വി സുശാസനൻ, വിശ്വ ഹിന്ദു പരിഷത്ത് പഞ്ചായത്ത് കമ്മിറ്റി പ്രസിഡന്റ് തെക്കുമുറി കെ വേലായുധൻ എന്നിവരാണ് സ്കൂളിലെത്തി അക്രമം നടത്തിയത്. ആദ്യം ഇവർ അധ്യാപകരോടും വിദ്യാർത്ഥികളോടും പാട്ട് ഓഫ് ചെയ്ത് പരിപാടി നിർത്തി വെക്കണമെന്ന് ആവശ്യപ്പെട്ടു. കുട്ടികളുടെ മുന്നിൽ വെച്ച് പ്രധാന അധ്യാപികയെയും അധ്യാപകരെയും ഇവർ അസഭ്യം പറയുകയും ചെയ്തു. ''ശ്രീകൃഷ്ണ ജയന്തിയാണ് ആഘോഷിക്കേണ്ടത്...'' എന്ന് പറഞ്ഞായിരുന്നു ഇവർ ആക്രമണം നടത്തിയത്.

അധ്യാപകരുടെ വസ്ത്രധാരണത്തെ ചോദ്യം ചെയ്ത് പ്രകോപനപരമായി സംസാരിച്ചെന്നാണ് പ്രധാനാധ്യാപിക ചിറ്റൂർ പൊലീസിൽ നൽകിയ പരാതിയിൽ പറയുന്നത്. സംഭവത്തിൽ ജാമ്യമില്ലാ വകുപ്പ് പ്രകാരം കേസെടുത്ത പോലീസ് ഇവരെ അറസ്റ്റ് ചെയ്ത് ചിറ്റൂർ സബ് ജയിലിൽ റിമാൻഡിലാക്കി. അതേസമയം വി.എച്ച്.പിയുടെ നടപടിയിൽ പ്രതിഷേധിച്ച് യൂത്ത് കോൺഗ്രസും ഡി.വൈ.എഫ്.ഐയും സ്കൂളിലേക്ക് ഐക്യദാർഢ്യ കരോൾ നടത്തിയ സാഹചര്യത്തിലാണ് നല്ലേപ്പിള്ളി ഗവൺമെന്റ് യു.പി സ്കൂളിന് അടുത്തുള്ള തത്തമംഗലം ജി.ബി.യു.പി സ്കൂളിലെ പുൽക്കൂട് തകർക്കപ്പെട്ടതായി കണ്ടത്.

ക്രിസ്മസ് ആഘോഷങ്ങളുടെ ഭാഗമായി വെള്ളിയാഴ്ചയായിരുന്നു പുൽക്കൂട് വച്ചത്. ഇന്ന് രാവിലെ സ്കൂളിലെത്തിയ അധ്യാപകരാണ് പുൽക്കൂട് തകർത്ത നിലയിൽ കണ്ടെത്തിയത്. സ്കൂളിന്റെ ഗ്രില്ലിന്റെ ഉള്ളിലൂടെ നീളമുള്ള വടി ഉപയോഗിച്ച് അലങ്കാരങ്ങളെല്ലാം പുറത്തേക്കെടുത്ത് നശിപ്പിക്കുകയായിരുന്നുവെന്ന് അധ്യാപകർ പറയുന്നു. നല്ലേപ്പള്ളി ഗവൺമെന്റ് യു.പി സ്കൂളിൽ നടത്തിയ ക്രിസ്മസ് ആഘോഷങ്ങൾ വി.എച്ച്.പി പ്രവർത്തകർ തടഞ്ഞതിൽ പ്രതിഷേധങ്ങൾ നടക്കുന്നതിനിടെയാണ് ഇത്തരമൊരു സംഭവം ഉണ്ടായിരിക്കുന്നത്.

സംഭവം അപലപനീയമാണെന്നും സംസ്ഥാന സർക്കാർ ശക്തമായ നടപടിയെടുക്കണമെന്നും കേന്ദ്രമന്ത്രി ജോർജ് കുര്യൻ ആവശ്യപ്പെട്ടു. നല്ലേപ്പിള്ളിയിൽ ഡി.വൈ.എഫ്.ഐ, യൂത്ത് കോൺഗ്രസ് പ്രവർത്തകർ നടത്തുന്ന ക്രിസ്മസ് ആഘോഷങ്ങളെയും അദ്ദേഹം സ്വാഗതം ചെയ്തു. സ്കൂളുകളിൽ എല്ലാ മതവിഭാഗങ്ങളുടെയും ആഘോഷങ്ങൾ നടത്തുന്നതിനെ സ്വാഗതം ചെയ്തു. നല്ലേപ്പിള്ളി സംഭവുമായി ബന്ധപ്പെട്ട് പോലീസ് നടപടിയെടുക്കട്ടെയെന്നും ബി.ജെ.പി പ്രവർത്തകർ ആരും ഇങ്ങനെയൊരു കാര്യം ചെയ്യുമെന്ന് കരുതുന്നില്ലെന്നുമാണ് മുൻ കേന്ദ്ര മന്ത്രി വി മുരളീധരൻ പ്രതികരിച്ചത്.

എന്നാൽ ക്രിസ്മസ് ആഘോഷം തടഞ്ഞത് ബി.ജെ.പി പ്രവർത്തകരാണ് എന്ന ആരോപണവുമായി ബി.ജെ.പിയിൽ നിന്ന് കോൺഗ്രസിലെത്തിയ സന്ദീപ് വാര്യർ രംഗത്തെത്തി. ബി.ജെ.പിയുടെ ക്രൈസ്തവ സ്നേഹം അഭിനയമാണെന്നും യഥാർത്ഥ ബി.ജെ.പി എന്താണെന്ന് നല്ലേപ്പള്ളിയിലെ സംഭവം കാണിച്ചുതരുന്നുവെന്നുമാണ് സന്ദീപിന്റെ കുറ്റപ്പെടുത്തൽ. സാമുദായിക സൗഹാർദം തകർത്ത് വോട്ടു നേടാനുള്ള ശ്രമം ഏറെക്കാലമായി ബി.ജെ.പി നടത്തുന്നുണ്ട്. വെറുപ്പിന്റെയും വിദ്വേഷത്തിന്റെയും

**വടക്കേ ഇന്ത്യയിലെ സ്കൂളുകളിൽ ക്രിസ്മസ് ആഘോഷങ്ങൾക്ക് വിലക്കേർ പ്പെടുത്തുന്ന രീതിയാണ് വി.എച്ച്.പി നല്ലേപ്പിള്ളി സ്കൂളിൽ അനുവർത്തിച്ചത്. മുനമ്പം സംഭവത്തിന്റെ പേരിൽ ക്രിസ് ത്യാനികൾക്കൊപ്പം ആണെന്ന് ബി.ജെ.പ യിും സംഘപരിവാർ സംഘടനകളും കൊട്ടിഘോഷിക്കുന്നതിനിടയിലാണ് നേ ാർത്ത് ഇന്ത്യൻ മോഡൽ ഭീഷണി കേരള ത്തിലും അരങ്ങേറിയത്. പരമാവധി ക്രി സ്ത്യാനികളെ പാർട്ടിക്കൊപ്പം നിർത്തു ന്നതിന്റെ ഭാഗമായി ക്രിസ്മസ് കാലത്ത് ക്രൈസ്തവ ഭവനങ്ങളിൽ കേക്കുമായി സ്നേഹ സന്ദേശ യാത്ര സംഘടിപ്പിക്കാൻ ബി.ജെ.പി ഒരുങ്ങുന്ന സമയമാണിത്.**



ഉത്തമ ദൃഷ്ടാന്തമാണ് നല്ലേപ്പിള്ളിയിൽ അരങ്ങേറിയത്.

ഒരു വശത്ത് ബി.ജെ.പിക്കാർ ക്രൈസ്തവ ഭവനങ്ങളിലേക്ക് ക്രിസ്മസ് കാർഡും കേക്കുമായി പോകുമ്പോൾ മറുവശത്ത് ക്രൈസ്തവരെ ആക്രമിക്കുകയും അധിക്ഷേപിക്കുകയും ചെയ്യുന്നു. ഇത് ഇരക്കൊപ്പം നിൽക്കുകയും വേട്ടക്കാരനാകുകയും ചെയ്യുന്ന ഇരട്ടത്താപ്പാണ്. ഒരു സ്കൂളിൽ കുട്ടികൾ സംഘടിപ്പിച്ച കരോളിനെ പോലും ആക്രമിക്കാനുള്ള ശ്രമം, കേരളത്തിലെ സാമുദായിക സൗഹാർദം തകർക്കാൻ ലക്ഷ്യമിടുന്നതാണെന്നും സന്ദീപ് ആരോപിച്ചു.

വിശ്വ ഹിന്ദു പരിഷത്തിന്റെയോ സംഘപരിവാറിന്റെയോ ഉത്തരവാദിത്വപ്പെട്ട ആരും പാലക്കാട്ട് കരോൾ തടയാൻ ശ്രമിച്ചിട്ടില്ലെന്ന് ബി.ജെ.പി സംസ്ഥാന അധ്യക്ഷൻ കെ സുരേന്ദ്രൻ പറഞ്ഞു. വിഷയത്തിൽ ഗൂഢാലോചനയും സംശയിക്കുന്നുണ്ട്. ശക്തമായ നടപടി ഈ സംഭവത്തിൽ വേണമെന്നും സുരേന്ദ്രൻ ആവശ്യപ്പെട്ടു. അടുത്തിടെ ബി.ജെ.പി വിട്ടുപോയവർ ഇതിനു പിന്നിൽ ഉണ്ടോയെന്ന് പരിശോധിക്കമെന്നാണ് സന്ദീപ് വാര്യരെ ഉദ്ദേശിച്ച് സുരേന്ദ്രൻ പറഞ്ഞത്.

എന്നാൽ വടക്കേ ഇന്ത്യയിലെ സ്കൂളുകളിൽ ക്രിസ്മസ് ആഘോഷങ്ങൾക്ക് വിലക്കേർപ്പെടുത്തുന്ന രീതിയാണ് വി.എച്ച്.പി നല്ലേപ്പിള്ളി സ്കൂളിൽ അനുവർത്തിച്ചത്. മുനമ്പം സംഭവത്തിന്റെ പേരിൽ ക്രിസ്ത്യാനികൾക്കൊപ്പം ആണെന്ന് ബി.ജെ.പിയും സംഘപരിവാർ സംഘടനകളും കൊട്ടിഘോഷിക്കുന്നതിനിടയിലാണ് നോർത്ത് ഇന്ത്യൻ മോഡൽ ഭീഷണി കേരളത്തിലും അരങ്ങേറിയത്. പരമാവധി ക്രിസ്ത്യാനികളെ പാർട്ടിക്കൊപ്പം നിർത്തുന്നതിന്റെ ഭാഗമായി ക്രിസ്മസ് കാലത്ത് ക്രൈസ്തവ ഭവനങ്ങളിൽ കേക്കുമായി സ്നേഹ സന്ദേശ യാത്ര സംഘടിപ്പിക്കാൻ ബി.ജെ.പി ഒരുങ്ങുന്ന സമയമാണിത്.

ബി.ജെ.പി ഭരിക്കുന്ന മധ്യപ്രദേശിലെ സ്കൂളുകളിൽ ക്രിസ്മസ് ആഘോഷങ്ങൾക്ക് നിയന്ത്രണങ്ങളും വിലക്കുകളും ഏർപ്പെടുത്തി വിദ്യാഭ്യാസ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മധ്യപ്രദേശിലെ ക്രിസ്ത്യൻ മാനേജ്മെന്റ് സ്കൂളുകളെയാണ് ഈ നിയന്ത്രണങ്ങൾ ഏറെയും ബാധിക്കുന്നത്. ക്രിസ്മസ് ആഘോഷങ്ങളുടെ ഭാഗമായി കുട്ടികൾ സാന്താ ക്ലോസ്, കന്യാമറിയം, ജോസഫ്, ആട്ടിടയന്മാർ തുടങ്ങിയ വേഷങ്ങൾ ധരിക്കുന്നതിന് മാതാപിതാക്കളുടെ മുൻകൂർ അനുമതി വാങ്ങണമെന്നാണ് വിദ്യാഭ്യാസ വകുപ്പിന്റേയും ബാലാവകാശ കമ്മിഷന്റെയും ഉത്തരവ്.

ബി.ജെ.പി ഭരിക്കുന്ന ഉത്തർപ്രദേശ്, ഛത്തീസ്ഗഡ്, മധ്യപ്രദേശ്, ഹരിയാന തുടങ്ങിയ സംസ്ഥാനങ്ങളിലാണ് ക്രിസ്ത്യാനികൾക്കും അവരുടെ സ്ഥാപനങ്ങൾക്കുമെതിരെ ഹിന്ദുത്വ ശക്തികളിൽ നിന്ന് അക്രമങ്ങളും വിവേചനങ്ങളും അരങ്ങേറുന്നതായി റിപ്പോർട്ടുകളുണ്ട്. ഛത്തീസ്ഗഡിലെ ഗോത്രവർഗ ക്രൈസ്തവർ താമസിക്കുന്ന ബസ്തർ ജില്ലയിൽ ക്രിസ്മസ് ആഘോഷങ്ങൾ ഒഴിവാക്കാൻ ക്രൈസ്തവർക്ക് മുന്നറിയിപ്പ് നൽകിയ സംഘപരിവാർ സംഘടനകൾ, ക്രൈസ്തവ വിശ്വാസത്തിൽ നിന്ന് ഹിന്ദു വിശ്വാസത്തിലേക്ക് ഗോത്രവർഗക്കാർ മടങ്ങി വരണമെന്ന് ആവശ്യപ്പെട്ടുന്നുമുണ്ട്.

തികച്ചും വർഗീയ വിദ്വേഷം പ്രകടിപ്പിക്കുന്ന ഇത്തരം സംഭവങ്ങൾ നമ്മുടെ മതേതര സങ്കൽപ്പത്തിന് കളങ്കം ചാർത്തുന്നതാണ്. ന്യൂനപക്ഷങ്ങളെയും ബഹുസ്വരതയെയും ബഹുമാനിക്കുന്നതാണ് ഇന്ത്യയിലെ മതേതരത്വം. അതേസമയം മതേതരത്വത്തിന്റെ ഇന്ത്യൻ രൂപത്തെ 'കപട-മതേതരത്വം' എന്നാണ് വിമർശകർ വിശേഷിപ്പിക്കുന്നത്. മതം നോക്കാതെ ഓരോ പൗരനും തുല്യമായ നിയമങ്ങളുള്ള ഒരു ഏകീകൃത സിവിൽ കോഡ് അവതരിപ്പിക്കാനുള്ള ഏതൊരു ശ്രമവും ഭൂരിപക്ഷ ഹിന്ദുക്കളുടെ അജണ്ടകളും ആദർശങ്ങളും അടിച്ചേൽപ്പിക്കാൻ കാരണമാകുമത്രേ.

ഇക്കഴിഞ്ഞ ദിവസം സോഷ്യൽ മീഡിയയിലും മറ്റും കണ്ട ഒരു പരസ്യം തീർത്തും വിദ്വേഷ ജനിപ്പിക്കുന്നതും ഒപ്പം ആശങ്കകൾ ഉയർത്തുന്നതുമായിരുന്നു. മനുഷ്യന്റെ മനസ് എത്രത്തോളം സങ്കുചിതമാകാമെന്നതിന്റെ ഉദാഹരണമായിരുന്നു, ചില താത്പര്യങ്ങളുടെ അടിസ്ഥാനത്തിലുള്ള ആർഷ പുരി പൂജാ പ്രോഡക്ട്സിന്റെ ആ പരസ്യം. ''ഹന്ദു ഭവനങ്ങളിൽ അലങ്കരിക്കപ്പെടേണ്ടത് ക്രിസ്മസ് സ്റ്റാറുകൾ ഉപയോഗിച്ചല്ല. പവിത്രമായ മണ്ഡല കാലത്ത് അയ്യപ്പ സ്വാമിയുടെ ചിത്രം പതിച്ച മകര നക്ഷത്രങ്ങൾ ഉപയോഗിക്കൂ...'' എന്നാണ് അതിലെ മതവിദ്വേഷത്തിന്റെ വിഷം പുരട്ടിയ വാക്കുകൾ.

''ക്രിസ്മസ് സ്റ്റാറുകൾക്കൊപ്പം മകര നക്ഷത്രങ്ങളും ഉപയോഗിക്കൂ...'' എന്നായിരുന്നു പ്രസ്തുത പരസ്യത്തിന്റെ ക്യാച്ച് വേഡ് എങ്കിൽ അത് മത സൗഹാർദത്തിന്റെ സുന്ദരമായ അടയാള വാക്യമാകുമായിരുന്നു. അയ്യപ്പ ദർശനത്തിനുള്ള മണ്ഡല കാലത്തിന്റെയും യേശുക്രിസ്തുവിന്റെ പുണ്യ പിറവി ആഘോഷിക്കുന്ന കിസ്മസിന്റെയും മാസമാണല്ലോ ഡിസംബർ.

ജാതി മത ഭേദമന്യേ മലയാളികൾ സൗഹാർദത്തോടെ ആഘോഷിക്കപ്പെടുന്നതാണ് ഓണവും ക്രിസ്മസുമുൾപ്പെടെയുള്ള ഓരോ ആഘോഷങ്ങളും. എന്നാൽ ലോകം പുരോഗമിച്ച് ക്വാണ്ടം കമ്പ്യൂട്ടിങ്ങിൽ വരെ എത്തിയിട്ടും ചില വ്യക്തികളുടെയും രാഷ്ട്രീയ പാർട്ടികളുടെയും മനസിലുള്ള തീവ്രവും വിഭാഗീയവും ആപൽക്കരവുമായ മതഭ്രാന്ത് മൂത്ത് ഇനിയും ഉറഞ്ഞുതുള്ളും എന്നാണ് നല്ലേപ്പള്ളിയിലെയും തത്തമംഗലത്തെയും ദൗർഭാഗ്യകരമായ സംഭവങ്ങൾ സൂചിപ്പിക്കുന്നത്.

# Got into an accident?
# NEVER TO WORRY



CALL

GLOBAL COLLISION
& BODY WORKS LLC

# 1-845-727-4022

**We will pick up the vehicle and repair it fully to your satisfaction!**

# ഫൊക്കാനാ പെൻസിൽവേനിയ റീജണൽ ഉദ്ഘാടനം ജനുവരി അഞ്ചിന്







**സന്തോഷ് എബ്രഹാം (ഫൊക്കാന മീഡിയ ടീം)**

ഫിലഡൽഫിയ: നോർത്ത് അമേരിക്കൻ പ്രവാസി മലയാളികളുടെ സംഘടനകളുടെ സംഘടനയായ ഫൊക്കാനയുടെ പെൻസിൽവാനിയ റീജണൽ ഉദ്ഘാടനം ജാനുവരി അഞ്ചാം തീയതി ഞായറാഴ്ച 4 30 പി എം മുതൽ ക്രിസ്റ്റോസ് മാർത്തോമാ പള്ളിയുടെ ഓഡിറ്റോറിയത്തിൽ വച്ച് നടക്കുന്നതാണ് എന്ന് റീജണൽ വൈസ് പ്രസിഡന്റ് ഷാജി സാമുവേൽ അറിയിച്ചു .

അംഗ സംഘടനകളായ പി. എം. എ, മാപ്പ്, പമ്പ,ഫിൽമ, എക്സ്റ്റൺ മലയാളി അസോസിയേഷൻ, ഡഇൽമ മലയാളി അസോസിയേഷൻ എന്നീ സംഘടനകളുടെ ഭാരവാഹികളും അംഗങ്ങളുമാണ് ഈ മീറ്റിങ്ങിന് നേതൃത്വം നൽകുന്നത്. റീജണൽ വൈസ് പ്രസിഡണ്ട് ഷാജി സാമുവേലിന്റെ അധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽ ഫൊക്കാന പ്രസിഡണ്ട് സജിമോൻ ആൻറണി ഉദ്ഘടനം നിർവഹിക്കും , മീറ്റിംഗിൽ സെനറ്റർ നിഖിൽ സാവൽ മുഖ്യാതിഥിയായി പങ്കെടുക്കുന്നതും,പെൻസിൽവാനിയ ഗവർണറിന്റെ അഡ്വൈസറി കമ്മീഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ റസിൻ കരുവും, ഫിലാഡൽഫിയ സിറ്റി കൗൺസിലർ ഡോക്ടർ നീന അഹമ്മദും ആശംസകൾ നേരുന്നുതുമാണ്. ഫൊക്കാനാ ജനറൽ സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ, ഫൊക്കാനാ ട്രഷറർ ജോയി ചാക്കപ്പൻ , ഫൊക്കാന അഡിഷണൽ ജോയിന്റ് ട്രഷർ മില്ലി ഫിലിപ്പ് ഫൊക്കാനയുടെ മുതിർന്ന നേതാക്കൾ ഭാരവാഹികൾ എന്നിവർ സംബന്ധിക്കുന്നതാണ്.

എന്നും ഓർമ്മിക്കാനും, ഒർത്തിർക്കനും കഴിയുന്ന മലയാളി മനസുകളെ കണ്ടറിഞ്ഞ അഭിനയ പാടവം തെളിയിച്ച വിവിധ ഡാൻസ് ഗ്രുപ്പുകൾ അണിയിച്ചൊരുക്കുന്ന നർത്തങ്ങൾ , വിവിധ കല വിരുന്നകളും, സംഗീതത്തിൽ മായാ പ്രപഞ്ചം സൃഷ്ട്ടിക്കുന്ന ഗായകർ അവതരിപ്പിക്കുന്ന സംഗീതനിശയും, അവതരണത്തിന്റെ വ്യത്യസ്ഥതയുംകൊണ്ട് ഒട്ടേറെ പുതുമകളാണ് നമക്ക് സമ്മാനിക്കാനിരിക്കുന്നത് .അങ്ങനെ ദൃശ്യമനോഹരമായ കൾച്ചറൽ പ്രോഗ്രാമുകളാണ് ഒരുക്കിയിരിക്കുന്നത് .

ഏവരെയും മീറ്റിങ്ങ് ലേക്ക് ഹാർദ്ദവമായി സ്വാഗതം ചെയ്യുന്നതായി റീജണൽ ഭാരവാഹികൾ അറിയിച്ചു.



FOKANA
Pennsylvania Region
REGIONAL CONVENTION
ഫൊക്കാന പെൻസിൽവാനിയ റീജിണൽ കൺവൻഷൻ
January 5th, 2025 @ 5:00 pm
Christos Marthoma Church
9999 Gantry Rd, Philadelphia, PA - 19115
FOKANA EXECUTIVE 2024-2026
DR. SAJIMON ANTONY
PRESIDENT
SREEKUMAR UNNITHAN
NEWYORK
JOY CHAKKAPPAN
NEW JERSEY
TREASURER
PRAVEEN THOMAS
CHICAGO
EX. VICE PRESIDENT
VIPIN RAJ
WASHINGTON DC
VICE PRESIDENT
MANOJ EDAMANA
CANADA
ASSO. SECRETARY
JOHN KALLOLICKAL
FLORIDA
ASSO. TREASURER
APPUKUTTAN PILLAI
NEWYORK
MILLY PHILIP
FLORIDA
PHILADELPHIA
JOJI THOMAS
BOT CHAIR
REVATHI PILLAI
BOSTON
WOMEN'S FORUM CHAIR
FOKANA COMMITTEE 2024-2026
SHAJI SAMUEL
REGIONAL VICE PRESIDENT
ABHILASH JOHN
REGIONAL COORDINATOR
SUDHEEP NAIR
(NATIONAL COMMITTEE)
AJITH CHANDY
(NATIONAL COMMITTEE)
MILLY PHILIP
GEORGY THOMAS
REGIONAL SECRETARY
SUNNY CHERIYAN
REGIONAL TREASURER
RAJAN SAMUEL
MATHEW CHERIAN
SUDHA KARTHA
ELDOW VARGHESE
MEDIA & PUBLICITY
LIZY THOMAS
BLESSON THOMAS
(NATIONAL YOUTH)
ALICE JOHN
MANJU BINISH
FAITH MARIA ELDOW
(NATIONAL YOUTH)
AMITHA PRAVEEN
SANTHOSH ABRAHAM
GEORGE NADAVAYI
LIBIN PUNNASSERI
ANIL KUMAR KURUP
ZACHARIAS PERIYAPPURAM
ALEX CHERIAN
FR. PHILIP MODAYIL
SREEJITH KOMATH
LAWRENCE THOMAS
SHAMJITH KOTTATH NAIR
JOSE OUSEPH
GUEST SPEAKERS
SENATOR NIKIL SAVAL
RAZIN KARU
EXECUTIVE DIRECTOR, GOVERNOR'S ADVISORY COMMISSION ON AAPI AFFAIRS
DR NINA AHMAD
PHILADELPHIA CITY COUNCILOR
PROGRAMME
1. Neeliyar Bhagavathy - Dance
2. Dancing Divas of Kadavu
3. Thomas Abraham - Song
4. Tanya & Treena Jossy - National Anthem
5. Matha Dance Academy - Dance Performance, Choreographed by Baby Thadavanal
6. Laasya Dance Academy - Dance Performance, Choreographed by Asha Augustin
7. Kadavu Bhangra Team Dance
8. Mohiniyattam - Saroopa Anil
9. Alankrita Dance
10. Mallu Mavericks - Dance
11. Bharatanatyam- Alicia Rechel Thomas.




KELTRON TAX Corp.
we work hard for you and your dollar
Tax Preparation
Financial Planning
Wealth Management
Business Setups
Non-Profit Registration
Accounting & Auditing
IRS Representation
Notary Public
(718) 956 0500
www.KeltronUSA.com
Keltrontax@Keltronusa.com
visit us at
Serving our clients with integrity and excellence for over 25 years!!
Tom George Kolath
President/Founder

# നൂറ് ജീവിത സ്വപ്നങ്ങൾക്ക് സ്വർണ്ണച്ചിറക് നൽകി 'ലൈഫ് ആൻഡ് ലിംബ്സ്'




മാത്യുക്കുട്ടി ഈശോ

ന്യൂയോർക്ക്/പന്തളം: വിധിയുടെ കൂരമ്പേറ്റ് ചലനശേഷി ഇല്ലാതെ ജീവിത യാത്രയിൽ പ്രത്യാശ നഷ്ടപ്പെട്ട നൂറ് ജീവിതങ്ങൾക്ക് ഇനി സ്വപ്ന സാക്ഷാത്കാരത്തിൻറെ സന്തോഷ ദിനങ്ങൾ. അപ്രതീക്ഷിതമായി വിവിധ അപകടങ്ങളിൽപ്പെട്ടും ക്ഷണിക്കപ്പെടാത്ത അതിഥിയായി ജീവിത യാത്രയിൽ പിടിവിടാതെ ശരീരത്തിൽ കടന്നു കൂടിയ രോഗങ്ങളാലും കാലുകൾ നഷ്ടപ്പെട്ട് മുമ്പോട്ടുള്ള ജീവിതം വഴിമുട്ടി നിന്ന നൂറു പേർക്കാണ് കഴിഞ്ഞ ദിവസം സൗജന്യ കൃത്രിമക്കാലുകൾ നൽകി ‘ലൈഫ് ആൻഡ് ലിംബ്സ്‘ എന്ന സ്ഥാപനം ജനഹൃദയങ്ങളെ കീഴടക്കിയത്. പന്തളം കുരമ്പാലയിലുള്ള ഈഡൻ ഗാർഡൻസ് കൺവെൻഷൻ സെന്ററിൽ വച്ച് രാഷ്ട്രീയ-സാമൂഹിക-സാംസ്കാരിക നേതാക്കളുടെ മഹനീയ സാന്നിദ്ധ്യത്തിൽ ഡിസംബർ 21 ശനിയാഴ്ച്ച ഉച്ച കഴിഞ്ഞ് നൂറു പേർ കൃത്രിമ കാലുകൾ വച്ച് തങ്ങളുടെ സ്വപ്ന സാക്ഷാത്ക്കാരത്തിലേക്ക് ചുവട് വച്ചപ്പോൾ ചടങ്ങുകൾക്ക് സാക്ഷ്യം വഹിച്ചവരുടെ ജീവിതത്തിലും സന്തോഷത്തിൻറെ ഹൃദയ സ്പന്ദനം അനുഭവിച്ച നിമിഷങ്ങൾ. ആലപ്പുഴ ജില്ലയിൽ മാവേലിക്കരയിൽ പ്രവർത്തിക്കുന്ന ‘ലൈഫ് ആൻഡ് ലിംബ്സ്‘ എന്ന സ്ഥാപനത്തിന്റെ സാരഥികളായ ന്യൂയോർക്ക് പ്രവാസി ജോൺസൺ സാമുവേലിനും സഹധർമ്മിണി ജോളിക്കും ജീവിത നിർവൃതിയുടെ അനുഗ്രഹീത മുഹൂർത്തങ്ങൾ. ചലനശേഷി തിരികെ ലഭിച്ചവർക്ക് ജീവിത യാത്ര മുമ്പോട്ട് സുഗമം നയിക്കാമെന്ന പ്രത്യാശാ കിരണങ്ങൾ.



ന്യൂയോർക്കിൽ താമസിക്കുന്ന ജോൺസൺ ശാമുവേൽ (റെജി) എന്ന മനുഷ്യ സ്നേഹി കഴിഞ്ഞ ഒരു




പതിറ്റാണ്ടായി കേരളത്തിൽ കാലുകൾ നഷ്ടപ്പെട്ടവരെ പരസഹായം കൂടാതെ നടക്കുവാൻ സഹായകരമായ കൃത്രിമ കാലുകൾ നൽകുന്ന പ്രവർത്തിയിൽ ഏർപ്പെട്ടിരിക്കുകയാണ്. കഴിഞ്ഞ പത്തു വർഷമായി ഇരുന്നൂറിലധികം വ്യക്തികൾക്ക് ചലന ശേഷി നൽകുവാൻ അദ്ദേഹത്തിന് കഴിഞ്ഞു. സ്വന്തം സമ്പാദ്യത്തിൽ നിന്ന് സ്വരൂപിച്ചതും ബന്ധുക്കളുടെയും സുഹൃത്തുക്കളുടെയും സഹായത്താലുമാണ് അത് സാധ്യമാക്കിയത്. അതിനായി 'ലൈഫ് ആൻഡ് ലിംബ്സ്' (Life and Limbs) എന്ന സ്ഥാപനം തൻറെ ജന്മദേശമായ മാവേലിക്കരയിൽ സ്ഥാപിക്കുവാനും അനേകർക്ക് അതിലൂടെ സഹായം നൽകുവാനും നേരിട്ട് പ്രവർത്തിച്ചു വരുന്നു. പത്താമത് വാർഷികം ആഘോഷിച്ച ഈ വർഷം ഡിസംബർ 21 ശനിയാഴ്ച കാലുകൾ നഷ്ട്ടപ്പെട്ട നൂറ് പേർക്കായി നൂറ്റിപ്പതിനഞ്ചു കൃത്രിമക്കാലുകളാണ് നൽകിയത്. പതിനഞ്ചു പേർ ഇരുകാലുകളും നഷ്ട്ടപ്പെട്ടവരായിരുന്നു. ഒരു കൃത്രിമക്കാലിന് $2,000-ൽ അധികം (രണ്ടായിരം ഡോളറിലധികം - ഏകദേശം രണ്ടു ലക്ഷം രൂപ) ചെലവ് വരുന്ന ജർമ്മൻ നിർമ്മിത ഓട്ടോബൂക് എന്ന കമ്പനിയുടെ ഏറ്റവും ഗുണമേന്മയുള്ള കാലുകളാണ് അർഹതപ്പെട്ടവർക്ക് നൽകിയത്. ന്യൂയോർക്കിലുള്ള വിവിധ മനുഷ്യസ്നേഹികളുടെ സഹായത്തോടുകൂടിയാണ് ഇത്തവണ നൂറ് പേർക്ക് കൃത്രിമക്കാലുകൾ നൽകുവാൻ ജോൺസണ് സാധിച്ചത്.

പുതുപ്പള്ളി എം.എൽ.എ. ചാണ്ടി ഉമ്മൻ, റാന്നി മുൻ എം.എൽ.എ. രാജു എബ്രഹാം, മുൻ മജീഷ്യനും ഡിഫറൻറ് ആർട്സ് സെൻറ്റർ സ്ഥാപകനുമായ പ്രൊഫ. ഗോപിനാഥ് മുതുകാട്, കിഡ്നി ഫൗണ്ടേഷൻ ഓഫ് ഇന്ത്യ ചെയർമാൻ ഫാദർ ഡേവിസ് ചിറമേൽ, ഫാദർ ബോബി ജോസ് കുറ്റിക്കാട്ട്, പത്തനംതിട്ട ജില്ലാ പോലീസ് സൂപ്രണ്ട് വി.ജി. വിനോദ് കുമാർ , യു.ഡി.എഫ്. പത്തനംതിട്ട



ജില്ലാ ചെയർമാൻ അഡ്വ. വർഗ്ഗീസ് മാമ്മൻ, അഡ്വ. എം. വി. ജയഡാലി, ഫൊക്കാന മുൻ പ്രസിഡൻറ് പോൾ കറുകപ്പള്ളി, ന്യൂയോർക്ക് ചാരിറ്റി സംഘടന 'എക്കോ' (ECHO)-യുടെ പ്രതിനിധി വർഗ്ഗീസ് എബ്രഹാം (രാജു) തുടങ്ങി സമൂഹത്തിലെ വിവിധ നേതാക്കൾ ചടങ്ങിൽ സന്നിഹിതരായി ആശംസകൾ അർപ്പിച്ചു.

'കഴിഞ്ഞ പത്തു വർഷത്തോളം പലർക്കും പുതുജീവൻ നൽകിക്കൊണ്ട് തുടർന്ന് പോകുന്ന ലൈഫ് ആൻഡ് ലിംബ്സിലെ എല്ലാ അംഗങ്ങൾക്കും എല്ലാവിധ ഭാവുകകങ്ങളും നേരുന്നു. എല്ലാവരുടെയും ദൈവ പ്രതിരൂപമായ ജോൺസൺ സാമുവേൽ സാറിന് എല്ലാവിധ ഭാവുകകങ്ങളും നേരുന്നു. അതുപോലെ ജോളി മാഡത്തിനും എല്ലാവിധ ഐശ്വര്യങ്ങളും നേരുന്നു' കൃത്രിമക്കാൽ ലഭിച്ച ഒരു വ്യക്തി തന്റെ മനസ്സിലെ വികാരം പ്രകടിപ്പിച്ചു.

'അപകടത്തിൽ കാല് നഷ്ടപ്പെട്ട് ജീവിതം മുൻപോട്ടു കൊണ്ടുപോകുവാൻ ബുദ്ധിമുട്ടിയപ്പോൾ അറുപത്താമത്തെ വയസ്സിൽ ജീവിതത്തിൽ നടന്നു കയറുവാൻ സ്വപ്നക്കാലുകൾ നൽകിയ ജോൺസൺ സാമുവേൽ സാറിനും, ജോളി മാഡത്തിനും ലൈഫ് ആൻഡ് ലിംബ് പ്രവർത്തകർക്കും എന്റെ ഹൃദയത്തിന്റെ ഭാഷയിൽ നൂറു നൂറു പുഷ്പങ്ങൾ സമർപ്പിക്കുന്നു. ജോൺസൺ സാറിന്റെ ജീവിതം യേശുവിൻറെ പുനർജ്ജന്മം കൂടെ ആകട്ടെ എന്ന് ഞാൻ ആഗ്രഹിക്കുന്നു ആശംസിക്കുന്നു'. തിരുവനന്തപുരം സിറ്റിയിലെ ഓട്ടോ ഡ്രൈവറായ രാധാകൃഷ്ണപിള്ള തന്റെ പറഞ്ഞറിയിക്കാനാവാത്ത സന്തോഷം വാട്ട്സ്ആപ്പ് വോയിസിലൂടെ ലോകത്തെ അറിയിച്ചു.

അപകടത്തിൽ കാല് നഷ്ടപ്പെട്ട അടിമാലിക്കാരനായ അഭിലാഷും കൃത്രിമക്കാലുകൾ ലഭിച്ചതിന് ശേഷം ലൈഫ് ആൻഡ് ലിംബ് സ്ഥാപകൻ ജോൺസൺ സാമുവേലിനും സഹധർമ്മിണി ജോളിക്കും സഹോദരസ്ഥാപനമായ ഇൻഡോ ലൈറ്റിലെ ടെക്നീഷൻമാർക്കും സ്റ്റാഫ് അംഗങ്ങൾക്കും അവരുടെ സ്നേഹസമൃദ്ധമായ പരിചരണങ്ങൾക്കും നന്ദി പറഞ്ഞു മെസ്സേജുകൾ അയക്കുന്നു. അതുപോലെ കൃത്രിമക്കാലുകൾ ലഭിച്ച് വീണ്ടും ജീവിതത്തിൽ പിച്ചവച്ച് നടക്കുവാൻ സാധിച്ച ധാരാളം പേർ അവരുടെ അനുഭവസാക്ഷ്യവും ഹൃദയഭാഷയിൽ നന്ദിയും കാലുകൾ ലഭിച്ചതിന് ശേഷം പങ്ക് വച്ചു.









നിരവധി ദിവസങ്ങളിൽ കൃത്രിമക്കാലുകൾ വച്ച് നടക്കുവാനുള്ള പരിശീലനം നല്കിയിട്ടാണ് മറ്റൊരു നൂറു പേരുടെ ജീവിത സാഫല്യത്തിന് പൂർത്തീകരണം ആയത്. അതിനായി സ്ഥാപിച്ച ക്ലിനിക്കൽ ലാബ് ആയ ഇൻഡോ ലൈറ്റിലെ സ്റ്റാഫ് അംഗങ്ങളുടെ നിസ്വാർഥമായ സേവനമാണ് ഈ നൂറു പേരുടെ ജീവിത സ്വപ്നങ്ങൾക്ക് പുതിയ ചിറകുകൾ നൽകുവാൻ സാദ്ധ്യമാക്കിയത്. അറുപത് വയസ്സിൽ താഴെയുള്ളവർക്കാണ് ഇത്തരം പരിശീലനം നൽകി കൃത്രിമക്കാലുകളിൽ നടക്കുവാൻ അവസരം ഒരുക്കിയത്. ഇനിയും ഇതുപോലെ നൂറു കണക്കിന് പേരുടെ ജീവിതത്തിലേക്ക് പ്രത്യാശാകിരണങ്ങൾ നൽകുവാൻ ജോൺസൺ സാമുവേലിനും കുടുംബത്തിനും അഭ്യുദയകാംക്ഷികൾക്കും സാദ്ധ്യമാകട്ടെ എന്ന് ആശംസിക്കുന്നു.

# PARK FUNERAL CHAPELS

## Generations of Dignified Personal Service




**Services**

We offer a wide choice of service options, all with the dignity and personal attention you have come to know and trust from Morton Funeral Home/Ridgewood Chapels.

- Filing for Social Security Benefits
- Military & Veterans Arrangements Including Applicable Benefits
- At Need Financing through Family Assistance
- Arrangements for Deaths Occurring Abroad or Shipping Remains out of Town.
- Assistance in Claiming Life Insurance Benefits.
- Human Resources Administration Filing for Death Benefits if Applicable.
- Cost of Cemetery or Crematory, Death Certificates, Clergy & Etc. Additional)



**Park Funeral Chapels, Garden City Park, NY**
**Tel: (516) 747-4300**
**www.parkfuneralchapels.com**

# ഫോമാ 2026 കൺവൻഷൻ ജൂലൈ 30 മുതൽ ആഗസ്റ്റ് 2 വരെ ഹ്യൂസ്റ്റനിൽ




**ഷോളി കുമ്പിളുവേലി**

**ഫോമാ ന്യൂസ് ടീം**

അമേരിക്കയിലെ മലയാളികളുടെ ഏറ്റവും വലിയ കേന്ദ്ര സംഘടനയായ ഫോമയുടെ രണ്ടായിരിത്തിഇരുപത്തിയാറിലെ ഫാമിലി കൺവൻഷൻ 2026 ജൂലൈ 30,31 ആഗസ്ത് 1 , 2 (വ്യാഴം, വെള്ളി, ശനി, ഞായർ ) തീയതികളിൽ ഹ്യൂസ്റ്റനിലെ 'വിൻഡം' ഹോട്ടലിൽ വച്ച് അതിവിപുലമായ രീതിയിൽ നടത്തുന്നതാണെന്നു ഫോമ പ്രസിഡൻറ് ബേബി മണക്കുന്നേൽ, ജനറൽ സെക്രട്ടറി ബൈജു വർഗീസ്, ട്രഷറർ സിജിൽ പാലക്കലോടി, വൈസ് പ്രസിഡൻറ് ഷാലൂ പുന്നൂസ്, ജോയിൻറ് സെക്രട്ടറി പോൾ ജോസ്, ജോയിൻറ് ട്രഷറർ അനുപമ കൃഷ്ണൻ എന്നിവർ അറിയിച്ചു.

ഫോമയുടെ എൺപതിൽപ്പരം അംഗ സംഘടനകളിൽ നിന്നുമായി രണ്ടായിരത്തിഅഞ്ഞൂറോളും പ്രതിനിധികൾ പങ്കെടുക്കുന്ന വിപുലമായ കൺവൻഷനാണ് പ്രതീക്ഷിക്കുന്നത് . അതിനു അനുയോജ്യമായ ഹോട്ടലാണ് 'വിൻഡം' എന്ന് ഫോമാ പ്രസിഡൻറ് ബേബി മണക്കുന്നേൽ പറഞ്ഞു. കൂടാതെ, നാട്ടിൽനിന്നും രാഷ്ട്രീയ സാമൂഹിക സാംസ്കാരിക രംഗത്തെ പ്രമുഖരുടെ സാന്നിധ്യം നാലു ദിവസം നീണ്ടുനിൽക്കുന്ന ഈ കൺവൻഷനിൽ ഉണ്ടായിരിക്കും. വിപുലമായ കലാപരിപാടികൾ കൺവൻഷന്റെ സായാഹ്നങ്ങളെ ഹരം പിടിപ്പിക്കും. അതുപോലെ ഫോമയുടെ പന്ത്രണ്ട് റീജിയനുകളേയും പങ്കെടുപ്പിച്ചുകൊണ്ടുള്ള കലാ മത്സരങ്ങളും ഉണ്ടാകും. ഫോമയുടെ എല്ലാ അംഗ സംഘടനകളുടേയും , അഭ്യുതകാംഷികളുടേയും സഹകരണം ഉണ്ടാകണമെന്നും ബേബി മണക്കുന്നേൽ അഭ്യർത്ഥിച്ചു.

ഫോമയുടെ ഒമ്പതാമത് ഇന്റർനാഷണൽ കോൺവെൻഷനാണ് 2026 ൽ ഹ്യൂസ്റ്റനിൽ വച്ച് നടക്കുന്നത്. ഫോമാ വിമൻസ് ഫോറം, യൂത്ത് വിങ് എന്നിവരുടെ സഹകരണത്തോടെ ഫാമിലിക്കും പ്രത്യേകിച്ചും കുട്ടികൾക്ക് ഹ്രൃദ്യമാകുന്ന പല പരിപാടികളും പ്ലാൻ ചെയ്യുന്നുണ്ടെന്ന് ജനറൽ സെക്രട്ടറി ബൈജു വർഗീസ് പറഞ്ഞു. 2024 വർഷത്തെ കൺവെൻഷനെക്കാൾ ചെലവ് പ്രതീക്ഷിക്കുന്നതായും അതിനനുസരിച്ചുള്ള ബജെറ്റ് ഉണ്ടാക്കുമെന്ന് ട്രഷറർ സിജിൽ പാലക്കലോടി അറിയിച്ചു. എല്ലാവരുടേയും സഹകരണത്തോടെ മികച്ച സ്പോൺസേർസിനെ കണ്ടെത്തുമെന്നും അദ്ദേഹം പറഞ്ഞു.

ഫോമയുടെ ചരിത്രത്തിലെ തന്നെ ഏറ്റം വലിയ ഫാമിലി കൺവെൻഷനാണ് ലക്ഷ്യമിടുന്നതെന്ന് വൈസ് പ്രസിഡൻറ് ഷാലൂ പുന്നൂസ്, ജോയിൻറ് സെക്രട്ടറി പോൾ ജോസ്, ജോയിൻറ് ട്രഷറർ അനുപമ കൃഷ്ണൻ എന്നിവർ പറഞ്ഞു.

അതിനായി എല്ലവരുടേയും സഹകരണം ഉണ്ടാകണമെന്നും അവർ അഭ്യർത്ഥിച്ചു.

# ജോസ് തോമസ്സിന് ഡോ. സർവേപ്പള്ളി രാധാകൃഷ്ണൻ അവാർഡ്




**പി ഡി ജോർജ് നടവയൽ**

ഫിലഡൽഫിയ: ജോസ് തോമസ്സിന് ഡോ. സർവേപ്പള്ളി രാധാകൃഷ്ണൻ അവാർഡ്. വിദ്യാർത്ഥികളുടെ സർവതോമുഖമായ വ്യക്തിത്വ വികാസത്തിന്, പാഠപുസ്തകേതര സർഗ വാസനകളുടെ പരിപോഷണം ലക്ഷ്യമിട്ട്, ജോസ് തോമസ് പങ്കാളിയായ, മാതൃകാപരമായ പ്രവർത്തനങ്ങൾ, എടുത്തുകാട്ടപ്പെടേണ്ടതാണെന്ന്, ട്രൈസ്റ്റേറ്റ് കേരളാ ഫോറത്തിന്റെ, കേരള ദിനോത്സവസമിതിയ്ക്ക് ' ഓർമാ ഇന്റർനാഷണൽ', നൽകിയ മൂല്യ നിർദ്ദേശ പത്രത്തിൽ, വ്യക്തമാക്കിയിരുന്നു. ട്രൈസ്റ്റേറ്റ് കേരളാ ഫോറം, അമേരിക്കൻ മലയാളി അദ്ധ്യാപരെ ആദരിച്ചിരുന്നതിന്റെ തുടർച്ച, എന്ന നിലയിലാണ്, ഇത്തവണ, ഡോ. സർവേപ്പള്ളി രാധാകൃഷ്ണൻ അവാർഡ്, കേരള ദിനോത്സവഭാഗമായി ഏർപ്പെടുത്തിയത്. ഇന്ത്യ സമ്മാനിച്ച ഏറ്റവും പ്രഗത്ഭന്മാരായ രാഷ്ട്രതന്ത്രജ്ഞന്മാരിൽ, തത്വ ചിന്തകൻ എന്ന നിലയിൽ, പൗരസ്ത്യവും പാശ്ചാത്യവുമായ ദാർശനിക ചിന്തകളെ പരസ്പരബന്ധിതമാക്കി ദർശിപ്പിക്കുവാൻ കഴിഞ്ഞ അദ്ധ്യാപക കുലപതിയാണ് ഡോ. എസ് രാധാകൃഷ്ണൻ (5 സെപ്റ്റംബർ 1888 – 17 ഏപ്രിൽ 1975). സംഘടനകൾ നിർദ്ദേശിക്കുന്ന അദ്ധ്യാപകരിൽ നിന്നായിരുന്നു ''ഡോ. സർവേപ്പള്ളി രാധാകൃഷ്ണൻ അവാർഡ് ' ജേതാവിനെ നിർണ്ണയിച്ചത്.

ട്രൈസ്റ്റേറ്റ് കേരളാ ഫോറം ചെയർമാൻ അഭിലാഷ് ജോൺ അവാഡ് സമ്മാനം നിർവഹിച്ചു. ട്രൈസ്റ്റേറ്റ് കേരളാ ഫോറം 'കേരളം ദിനോത്സവം 24' ചെയർമാൻ ജോർജ് നടവയൽ ആമുഖ പ്രസ്താവന നടത്തി. ട്രൈസ്റ്റേറ്റ് കേരളാ ഫോറം ചെയർമാൻ അഭിലാഷ് ജോൺ അദ്ധ്യക്ഷനായി. ജോയിന്റ് സെക്രട്ടറി ജോൺ പണിക്കർ സ്വാഗതവും ജോയിന്റ് ട്രഷറാർ രാജൻ സാമുവേൽ നന്ദിയും പറഞ്ഞു. മുതിർന്ന മാദ്ധ്യമ പ്രവർത്തകൻ വിൻസന്റ് ഇമ്മാനുവേൽ ആശംസകൾ നേർന്നു പ്രസംഗിച്ചു. സെക്രട്ടറി ബിനു മാത്യൂ,

ട്രഷറാർ ഫീലിപ്പോസ് ചെറിയാൻ, ജോർജ് ഓലിക്കൽ, അലക്സ് ബാബു, അൻസു ആലപ്പാട്ട് എന്നിവർ യോഗ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി. ബിസിനസ് പ്രമുഖരായ മണിലാൽ മത്തായി, അറ്റേണി ജോസസഫ് കുന്നേൽ, പമ്പ, കോട്ടയം അസ്സോസ്സിയേഷൻ, ഓർമാ ഇന്റർനാഷനൽ, ഫൊക്കാനാ, ഫോമാ, പിയാനോ, തിരുവല്ലാ അസ്സോസ്സിയേഷൻ, റാന്നീ അസ്സോസ്സിയേഷൻ, ഫിലഡൽഫിയാ മലയാള സാഹിത്യ വേദി, ഫിൽമാ, എന്നിങ്ങനെ വിവിധ സംഘടനകളുടെ ഭാരവാഹികളും പ്രവർത്തകരും സന്നിഹിതരായിരുന്നു.

കഴിഞ്ഞ മൂന്നു വർഷങ്ങളായി രാജ്യാന്തര തലത്തിൽ, ലോകമെമ്പാടുമുള്ള മലയാളി വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച, ''ഓർമാ ഇന്റർനാഷണൽ സ്പീച് കോമ്പറ്റീഷനിൽ'' ഓരോ തവണയും രണ്ടായിരത്തോളം വിദ്യാർത്ഥികൾ പങ്കെടുത്തു എന്നതും, ഭീമമായ തുകകളുള്ള സമ്മാനങ്ങൾ വിദ്യാർത്ഥി പ്രസംഗകർക്ക് നൽകാനായി എന്നതും; ജസ്റ്റീസ് മഹാദേവൻ , മന്ത്രി റോഷി അഗസ്റ്റിൻ, മദ്രാസ് ഹൈക്കോടതി മുൻ ആക്ടിംഗ് ചീഫ് ജസ്റ്റീസ് ഡോ. ജസ്റ്റിസ് കെ. നാരായണക്കുറുപ്പ്, ഭാരത മിസ്സൈൽ വനിത ഡോ. ടെസ്സി തോമസ്, കേന്ദ്ര സാംസ്കാരിക മന്ത്രാലയം ഡയറക്ടർ അനീഷ് പി രാജൻ, സിനിമാ സംവിധായകൻ സിബി മലയിൽ, മുൻ വൈസ് ചാൻസ്ലർ ഡോ. ബാബു സെബാസ്റ്റ്യൻ, മുൻ ഡി ജി പി ഡോ. ബി. സന്ധ്യ, ലോക സഞ്ചാരി സന്തോഷ് ജോർജ് കുളങ്ങര, സിനിമാ കലാകാരി മിയാ ജോർജ്, എന്നിങ്ങനെ ഒട്ടനവധി പ്രഗത്ഭരുടെ സാന്നിദ്ധ്യത്തിൽ അവാർഡ് ദാനങ്ങൾ നടത്തുന്നതിനും ഓർമാ ഇന്റർ നാഷണലിനു കഴിഞ്ഞു. 'ഓർമാ ഇന്റർനാഷണൽ ടാലന്റ് പ്രൊമോഷൻ ഫോറം ചെയർ' എന്ന നിലയിൽ മറ്റു ഭാരവാഹികൾക്കൊപ്പം, ജോസ് തോമസിന്റെ സേവനങ്ങൾ സഹായകമായി. ട്രൈസ്റ്റേറ്റ് കേരളാ ഫോറത്തിന്റെ പ്രവർത്തനങ്ങളിൽ പങ്കാളികളായ 'ഓർമാ ഇന്റർനാഷനലിന്റെ'' ഭാരവാഹികൾ സമർപ്പിച്ച നാമ നിർദ്ദേശ പരാമർശങ്ങൾ ശരിവച്ചാണ്, ആധുനിക ഭാരതത്തിലെ സർവകാല അദ്ധ്യാപകപ്രകാശമായ, ഡോ. സർവേപ്പള്ളി രാധാകൃഷണന്റെ നാമധേയത്തിലുള്ള അവാർഡ്, ജോസ് തോമസ്സിനു നൽകുവാൻ, ട്രൈസ്റ്റേറ്റ് കേരളാ ഫോറം തീരുമാനിച്ചത്.

പെൻസിൽവേനിയയിൽ സ്റ്റഫ്ഫോഡ് ഹൈസ്കൂ ളിൽ ഗണിതശാസ്ത്ര വിഭാഗം അദ്ധ്യാപകനാണ് ജോസ് തോമസ്. മോട്ടിവേറ്റർ എഡ്യൂക്കേറ്ററുമാണ്. സംഘാടകൻ എന്ന നിലയിലും, ഫിലഡൽഫിയയിൽ പ്രവർത്തിച്ചിരുന്ന 'പ്രവാസ്സി തീയറ്റേഴ്സിനു വേണ്ടി' പ്രശസ്ത നാടകകാരൻ ജോയി കടുകമ്മാക്കൽ സംവിധാനം നിർവഹിച്ച്, സാന്ദ്രാ പോൾ, മെർളിൻ അഗസ്റ്റിൻ, ബിനു ഫിലിപ്, ബേബി തടവനാൽ എന്നിവർ മുഖ്യ കഥാപാത്രങ്ങളെ അവതരിപ്പിച്ച ' കുങ്കുമ സന്ധ്യ ' എന്ന നാടകത്തിന്റെ സംഘാടക വിജയത്തിലും, സെന്റ് തോമസ് സീറോ മലബാർ ഫിലഡൽഫിയാ ഫൊറോനാ ചർച്ചിലെ വിവിധ മാസികകളുടെയും സ്മരണികകളുടെയും മുഖ്യ പത്രാധിപർ എന്ന നിലയിലും, ട്രസ്റ്റി എന്ന നിലയിലും, ജോസ് തോമസിന്റെ പ്രവർത്തന മികവ് അദ്ധ്യാപക ലോകത്തിന് മാതൃകയായിട്ടുണ്ട്. പാലാ സെന്റ് തോമസ് കോളജ്, കോട്ടയം മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റി എന്നിവിടങ്ങളിലാണ് ജോസ് തോമസ് പഠനം പൂർത്തിയാക്കിയത്.

യൂ എന്നിൽ അമേരിക്കൻ പ്രതിനിധിയായി ബാലാവകാശ വിഷയം പ്രസംഗിച്ച്, പ്രസിഡന്റ് ജോ ബൈഡൻ, വൈസ് പ്രസിഡന്റ് കമലാ ഹാരിസ്, പെൻസിൽവേനിയാ ഗവർണ്ണർ ടോം വൂൾഫ്, യുനൈറ്റഡ് സ്റ്റേറ്റ് സെനറ്റർ പാറ്റ് റ്റൂമി, കോൺഗ്രസ്സ് വുമൻ മാഡലിൻ ഡീൻ, പെൻസിൽവേനിയാ സ്റ്റേറ്റ് സെനറ്റർ കെയ്റ്റി മ്യൂറ്റ്, ലൂറ്റെനന്റ് ഗവർണർ ജോൺ ഫെട്ടർമെൻ, കോൺഗ്രസ്സ് വുമൻ മാഡലിൻ ഡീൻ, സ്റ്റേറ്റ് റെപ്രെസെന്റേറ്റിവ് മാർട്ടിനാ വൈറ്റ്, ന്യൂ യോർക് സെനറ്റർ കെവിൻ തോമസ്, മുൻ മന്ത്രി ശശി തരൂർ, മന്ത്രി സുരേഷ് ഗോപി, മന്ത്രി റോഷി അഗസ്റ്റിൻ, ജോസ് കെ മാണി എം പി എന്നീ രാഷ്ട്രീയ പ്രമുഖരുടെ നേരിട്ടുള്ള സന്ദർശനാവസരമുൾപ്പെടെ , പ്രശംസാ പത്രങ്ങൾ നേടിയ എയ്മിലിൻ റോസ് തോമസ് , ജോസ് തോമസിന്റെ പുത്രിയാണ്. കുട്ടികളുടെ അവകാശങ്ങൾ സംബന്ധിച്ച ഐക്യരാഷ്ട്രസഭാക്കമ്മിറ്റി 2021 സെപ്റ്റംബർ 17ന് സംഘടിപ്പിച്ച ചർച്ചാസമ്മേളനത്തിൽ, ഹൈസ്കൂൾ വിദ്യാർത്ഥിനയായ എമിലിൻ റോസ് തോമസാണ് ആമുഖ പ്രഭാഷണം നിർവഹിച്ചത്. യൂ എന്നിൽ അമേരിക്കൻ പ്രതിനിധിയായി ബാലാവകാശ പ്രസംഗം മുഴക്കി അമേരിക്കൻ മലയാളി വിദ്യാർത്ഥി നിരയിൽ നിന്ന് ഡിപ്ളോമാറ്റുകളുടെ ശ്രദ്ധ നേടിയ ഉദയതാരമാണ് മലയാളി വിദ്യാർത്ഥിനി എയ്മിലിൻ തോമസ്.

താരതമ്യ മത പഠന ഫാക്കൽറ്റിയിലും താരതമ്യ തത്ത്വചിന്താ ശ്രേണിയിലും ഇരുപതാം നൂറ്റാണ്ടിലെ ഏറ്റവും സ്വാധീനമുള്ള പണ്ഡിതന്മാരിൽ ഒരാളായി ഡോ. രാധാകൃഷ്ണൻ കണക്കാക്കപ്പെടുന്നു. ഡോ. എസ് രാധാകൃഷ്ണൻ, ഇന്ത്യയുടെ രാഷ്ട്രപതിയായപ്പോൾ, വിദ്യാർത്ഥികളും സുഹൃത്തുക്കളും അദ്ദേഹത്തിന്റെ ജന്മദിനം ആഘോഷിക്കാൻ അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചു. തന്റെ ജന്മദിനം ആഘോഷിക്കുന്നതിനുപകരം, സമൂഹത്തിന് അധ്യാപകർ നൽകുന്ന അമൂല്യമായ സംഭാവനകളെ അംഗീകരിക്കുന്നതിനും അഭിനന്ദിക്കുന്നതിനുമായി, സെപ്റ്റംബർ 5 അധ്യാപക ദിനമായി ആചരിച്ചാൽ, അതാണ് നല്ലതെന്ന് ഡോ. എസ് രാധാകൃഷ്ണൻ അഭിപ്രായപ്പെട്ടതനുസരിച്ചാണ് സെപ്റ്റംബർ 5, ഭാരതത്തിൽ അദ്ധ്യാപക ദിനമായി ആഘോഷിക്കുന്നത്. 1954ലെ ഭാരതരത്നാ പുരസ്കാരം ഡോ. എസ് രാധാകൃഷ്ണനു സമ്മാനിച്ച് ഭാരതം അദ്ദേഹത്തിന്റെ സേവനങ്ങളെ ആദരിച്ചു.

ഡോ. സർവേപ്പള്ളി രാധാകൃഷ്നൻ, ഭാരതത്തിന്റെ രണ്ടാമത്തെ രാഷ്ട്രപതിയായിരുന്നു (1962 മുതൽ 1967 വരെ). ഇന്ത്യയുടെ ആദ്യത്തെ വൈസ് പ്രസിഡന്റുമായിരുന്നു (1952 മുതൽ 1962 വരെ). 1949 മുതൽ 1952 വരെ ഇന്ത്യയുടെ രണ്ടാമത്തെ സോവിയറ്റ് യൂണിയൻ അംബാസഡർ എന്ന നിലയിൽ രാഷ്ട്ര തന്ത്രത്തിൽ സാമർത്ഥ്യം തെളിയിച്ചു. 1939 മുതൽ 1948 വരെ ബനാറസ് ഹിന്ദു സർവ്വകലാശാലയുടെ നാലാമത്തെ വൈസ് ചാൻസലറും 1931 മുതൽ 1936 വരെ ആന്ധ്രാ സർവ്വകലാശാലയുടെ രണ്ടാമത്തെ വൈസ് ചാൻസലറുമായിരുന്നു. കൽക്കട്ടാ യൂണിവേഴ്സിറ്റിയിൽ ജോർജ് അഞ്ചാമൻ രാജവിന്റെ പേരിലുള്ള ചിന്താ ശാസ്ത്ര–സന്മാർഗശാസ്ത്ര ഡിപാട്ട്മെന്റിന്റെ ചെയർ ആയി 1921 മുതൽ 1932 വരെ സേനം അനുഷ്ഠിച്ചിരുന്നു. 1936 മുതൽ 1952 വരെ ഓക്സ്ഫോർഡ് സർവകലാശാലയിൽ ഈസ്റ്റേൺ റിലീജിയൻ ആൻഡ് എത്തിക്സിന്റെ സ്പാൽഡിംഗ് ചെയർ ആയും തിളങ്ങിയിരുന്നു. ഏഷ്യൻ മതങ്ങളെയും ധാർമ്മിക വ്യവസ്ഥകളെയും കുറിച്ചുള്ള പഠനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയിലെ പ്രൊഫസർഷിപ്പാണ് സ്പാൽഡിംഗ് ചെയർ ഓഫ് ഈസ്റ്റേൺ റിലീജിയൻസ് ആൻഡ് എത്തിക്സ്. ഏഷ്യൻ മതങ്ങളെയും ധാർമ്മിക വ്യവസ്ഥകളെയും കുറിച്ചുള്ള പഠനത്തിൽ, ലോകത്തെ പ്രമുഖ സ്ഥാനങ്ങളിലൊന്നായാണ് ഈ പ്രൊഫസർഷിപ് കണക്കാക്കപ്പെടുന്നത്.


MUKKUT
MONUMENTS INC.
PHONE (C) 972-342-0041
E-mail: mukkutmonuments@gmail.com
www.mukkutmonuments.com
Edith
Espinoza
Edith Espinoza
12-02-1970
04-17-2016
Joaquin Espinoza
11-16-1962
ST. GREGORIOS OF PARUMALA
MEMORIAL MONUMENT
KURIAN
FAMILY
THEKKEDATH
We Specialize in Custom Creation and Installation of
Cemetery Granites, Bronze Memorials Sculptures,
Large Stone Cross for Churches. We Serve in USA, Canada and India

# നിര്യാതരായി



**ജോൺസൺ വി.ജെ ജോൺസൺ**

ഇലഞ്ഞി (ആലപുരം) കൈപ്പെട്ടിയിൽ, പരേതനായ ഡോ.വി.യു. ജോണിന്റേയും ഇലഞ്ഞി സെന്റ് പീറ്റേഴ്സ് ഹൈസ്കൂൾ അദ്ധ്യാപിക യായിരുന്ന ത്രേസ്യാമ്മയു ടെയും പുത്രൻ ജോൺസൺ വി.ജെ ജോൺസൺ (51) അമേരിക്കയിൽ അന്തരിച്ചു. രാമപുരം പള്ളിവാതുക്കൽ കുടുംബാംഗമായ ഡോ. ഡെറ്റി ജോൺസൺ ഭാര്യ യാണ്. മകൾ Kaitlyn Treasa (Brown University -Rhode Isaland) കോളേജ് വിദ്യാർ ത്ഥിയാണ്. മകൻ Alben Shawn ഹൈസ്കൂൾ വിദ്യാർത്ഥി യാണ. കുറവിലങ്ങാട് പുളിക്കി, ജയ്സൺ തോമസി ന്റെ ഭാര്യ നെജിനി സഹോ ദരിയാണ്. സഹോദരൻ ജി ഷിൻ വി.ജോണും ഭാര്യ രമ്യയും ഫിൻലന്റിൽ ജോ ലിചെയ്യുന്നു. നോർത്ത്ക രോളിനലൂർദ്ദമാതാ പള്ളിസ ജീ വസാന്നിധ്യമായിരുന്നു.



**ബോബിൻ വർഗീസ്**

ന്യുയോർക്ക്: ന്യൂ ഹൈ ഡ് പാർക്കിൽ അന്തരിച്ച ബോബിൻ വർഗീസ് അന്ത രിച്ചു. മെൽവിൽ പോസ്റ്റൽ ഫെസിലിറ്റിയിൽ സൂപ്പർ വൈസറായിരുന്നു. കോട്ടയം പയ്യപ്പാടി പുതുപ്പുറമ്പിൽ പി.റ്റി വർഗീസിന്റേയും പരേ തയായ കുഞ്ഞുമോ ളുടേ യും പുത്രനാണ്. 14 വർഷമാ യി അമേരിക്കയിലെത്തിയി ട്ട്. ഭാര്യ ബ്ലെസി. മക്കൾ: ടെ സ്സ, ആൻഡ്രു. സഹോദരൻ റോബിൻ വർഗീസ് (അബു ദബി).

**പി.സി.മാത്യു**

മുക്കൂട്ടുതറ:പതാലിൽ പി.സി.മാത്യു (മോനിച്ചൻ65) അന്തരിച്ചു. ഭാര്യ: വെച്ചൂച്ചിറ മാണികുളം പരേതയായ ലീലാമ്മ മാത്യു. മക്കൾ: ബിജോ സണ്ണി, ബിജി, ബർ ളി, ജോബി ടോമി, സിജോ മോൻ മാത്യു. മരുമക്കൾ: സണ്ണി ജോസഫ്, ബെർളി ജോൺ, ടോമി ആന്റണി, ടീന സിജോ.



**കെ. കെ. ജോസഫ്**

ഹ്യൂസ്റ്റൺ: കോട്ടയം വടവാതൂർ ചെമ്പോലയിൽ കരിമ്പിൽ കെ. കെ. ജോസ ഫ് (പാപ്പച്ചൻ - 87) അന്തരി ച്ചു. വടവാതൂർ ഐ. പി.സി എബനേസർ സഭയുടെ ആ രംഭം മുതൽ മെമ്പർ ആയി രുന്ന പരേതൻ സൺഡേ സ കൂൾ ടീച്ചർ , സഭ സെക്രട്ടറി, ട്രഷറർ എന്നി നിലകളിൽ നിസ്തുല്യ സേവനം ചെ യ്തതിനു ശേഷം 2003ൽ അമേരിക്കയിലെത്തിയത്. ഭാര്യ: സാറാമ്മ ജോസഫ് (മുണ്ടിയപ്പളളിയിൽ കുന്നേ ൽ).മക്കൾ: അജി - കുഞ്ഞു ഞ്ഞുകുട്ടി (ഫ്ളോറിഡ), ജെസ്സി - ബിനു (ചെന്നൈ), ബിജു - സുബി (ഹ്യൂസ്റ്റൺ) കൊച്ചുമക്കൾ: സ്റ്റാൻലി- ആൻ (ഫ്ളോറിഡ), ജോ ഷുവ, സേറ, ബെഞ്ചമിൻ. സഹോദരങ്ങൾ: പരേതരായ കെ. കെ. കുര്യൻ (ബെഥേൽ കോട്ടയം), ചിന്നമ്മ മാത്യു, സാറാമ്മ കുരുവിള, ദീനാമ്മ തോമസ്.



**തോമസ് എ. വർഗീസ്**

ന്യു യോർക്ക്: കോട്ടയം കങ്ങഴ അലവാകുന്നിൽ വർ ക്കിയുടെയും ശോശാമ്മയു ടെയും മകൻ തോമസ് എ. വർഗീസ് (മോനച്ചൻ -64) ഡിസംബർ 19 ന് ന്യൂയോ ർക്കിൽ അന്തരിച്ചു. ദീർഘ നാളായി ന്യൂഹൈഡ് പാർ ക്ക് നിവാസിയാണ്. ഫ്രാങ്ക് ളിൻ സ്ക്വയർ സെന്റ് ബേസിൽ ഓർത്തഡോക്സ് ഇടവകാംഗമാണ്. ആതുര രംഗത്ത് ദീർഘനാളായി സേവനം അനുഷ്ഠിക്കുമ്പോ ഴും സംഗീതത്തെയും മല യാള ഗാനങ്ങളെയും ഏറെ സ്നേഹിച്ചിരുന്ന മോനച്ചൻ ഒരു നല്ല ഗായകൻ കൂടി ആയിരുന്നു. മോനാച്ചന്റെ പെട്ടെന്നുള്ള വേർപാട് ബന്ധുമിത്രാദികളെ ദുഃഖ ത്തിലാഴ്ത്തി.ഭാര്യ നാൻസി ചങ്ങനാശേരി തുരുത്തി കാറ്റടി കുടുംബാംഗം. മ ക്കൾ: തപസ്യ-നിക്കോളാ സ് റെയിൻ, തുഷാര-ഐ സക്ക് ക്രെയ്റ്റ്സെർ.



**ഫാ. ജോസ് കണ്ടത്തിക്കുടി**

ന്യുയോർക്ക് : അമേരിക്ക യിൽ സീറോ മലബാർ സഭയുടെ വളർച്ചയിൽ മുഖ്യ പങ്കു വഹിച്ചവരിലൊരാളായ ഫാ. ജോസ് കണ്ടത്തിക്കുടി (79) ന്യുയോർക്കിൽ അന്ത രിച്ചു. ചിക്കാഗോ മുതൽ ന്യു യോർക്ക് വരെ വിവിധ പള്ളി കൾക്ക് തുടക്കമിട്ട പ്രിയപ്പെട്ട ജോസച്ചൻ, കാൽ നൂറ്റാണ്ട് നാട്ടിൽ പ്രവർത്തിച്ചശേഷ മാണ് അമേരിക്കയിൽ എ ത്തുന്നത്. മാനന്തവാടി രൂപ തയുടെ ചാൻസലറായിരു ന്നു. 1945 മെയ് 30-ന് കണ്ട ത്തിക്കുടി ജോൺ - ത്രേസ്യ ക്കുട്ടി ദമ്പതികളുടെ മൂത്ത പുത്രനായി ജനിച്ചു. 1962-ൽ തലശേരി മൈനർ സെമി നാരിയിൽ ചേരുകയും, തുട ർന്ന് കോട്ടയം വടവാതൂർ സെമിനാരിയിലും, റോമിലെ അർബൻ യൂണിവേഴ്സി റ്റിയിലും പഠനങ്ങൾ പൂർത്തി യാക്കി 1971 മാർച്ച് 27-നു തിരുപ്പട്ടം സ്വീകരിച്ചു.



**അന്നമ്മ ചാക്കോ**

കല്ലറ :പരേതനായ മണ ക്കാട്ട് ചാക്കോച്ചന്റെ ഭാര്യ അന്നമ്മ ചാക്കോ (93) അ ന്തരിച്ചു. പരേത കൈപ്പുഴ നരിച്ചിറയിൽ കുടുംബാം ഗമാണ്. മകൾ:പരേതയായ ആൻസി വാഴക്കടവിൽ ,മരു മകൻ :ജെയിംസ് വാഴ ക്കടവിൽ (കുമരകം), കൊച്ചു മക്കൾ:ശാലിനി സിജോ വലിയ പറമ്പിൽ (ന്യൂസി ലൻഡ്), ശാരി റ്റോജൻ ഇല വുങ്കൽ (ഉഴവൂർ) സജിത് സൈമൺ വാഴക്കടവിൽ (കാനഡ) സഹോദരങ്ങൾ :പരേതരായ തോമസ് നരി ച്ചിറയിൽ, ജോസഫ് നരി ച്ചിറയിൽ, അച്ചുക്കുട്ടി ഓണ ശ്ശേരിൽ.

**റെജി ജോസഫ്**

ചോഴിയക്കാട്: പരേത നായ ടി.എം.ഉതുപ്പച്ചന്റെയും കുഞ്ഞുമോളുടെയും മകൻ റെജി ജോസഫ് (58) അന്തരിച്ചു.



**സിസ്റ്റർ പക്കോമിയ എസ്.വി.എം**

കോട്ടയം: വിസിറ്റേഷൻ സന്യാസിനീ സമൂഹാംഗമാ യ സിസ്റ്റർ പക്കോമിയ എസ്. വി.എം (79) അന്തരിച്ചു. പരേത സംക്രാന്തി പാറക്കൽ പരേതരായ ചാക്കോ-മറി യാമ്മ ദമ്പതികളുടെ മകളാ ണ്. സഹോദരങ്ങൾ ജോയി, പരേതരായ മാത്യു, ജോസ്, പെണ്ണമ്മ. കോട്ടയം സെൻറ് ആൻസ്, കള്ളാർ, പേരൂർ, കരിംകുന്നം, കുമരകം, കട്ട ച്ചിറ, പീരുമേട്, കൂടല്ലൂർ, കിടങ്ങൂർ, പയ്യാവൂർ, മ്രാല, ഉഴവൂർ, പയസ്മൗണ്ട്, നട്ടാ ശ്ശേരി, തുടങ്ങിയ സ്ഥലങ്ങ ളിൽ ശുശ്രൂഷ ചെയ്തിട്ടുണ്ട്.

**ദേവസ്യ**

മരങ്ങാട്ടുപിള്ളി: ദേവസ്യ (കുഞ്ഞുമോൻ,75) അന്തരി ച്ചു. ഭാര്യ: ചെമ്പ് അമ്പിത്തറ ബ്രിജിത്ത. മക്കൾ: അബി, ആൽബി. മരുമക്കൾ: ബേബി റിന്റു, ആൽബി പാറയിൽ



**ദീപു കുര്യൻ**

എഡ്മന്റൺ: കോലഞ്ചേ രി പെരിങ്ങോൾ കരയിൽ മാരെക്കാട്ട് പരേതരായ ജേ ക്കബ് കുര്യന്റെയും അന്നമ്മ കുര്യന്റെയും മകൻ ദീപു കുര്യൻ (48) കാനഡയിൽ വച്ച് അന്തരിച്ചു. ഫിസിക്കൽ തെറാപ്പിസ്റ്റായി ജോലി ചെ യ്യുകയായിരുന്നു. മൂവാറ്റുപുഴ കാരക്കുന്നം പടിഞ്ഞാറേക്ക രയിൽ സിജി ദീപുവാണ് ഭാര്യ (നേഴ്സ്). മക്കൾ അന്ന ദീപു, ആബേൽ ദീപു. കോ ലഞ്ചേരി കാരമോളയിൽ അജി മത്തായിയുടെ ഭാര്യ ദീപ കുര്യൻ (എം.ഓ.എസ്. സി. നേഴ്സിംഗ് കോളേജ് കോലഞ്ചേരി) ഏക സഹോ ദരിയാണ്.

**ഷാജി**

ചെങ്ങളം സൗത്ത്:പുത്ത ൻപുരക്കൽ ഷാജി (58) അന്തരിച്ചു. ഭാര്യ: ലളിത (വ ണ്ടൻമേട്). മക്കൾ: സലിമോ ൻ, സരിത.



**മർഗരീത്താ ജോസഫ്**

കുറുപ്പന്തറ: പാണ്ടിയാമാ ക്കിൽ പരേതനായ ജോസ ഫിന്റെ ഭാര്യ മർഗരീത്താ ജോസഫ് (78) അന്തരിച്ചു. മക്കൾ: സിബിൾ, ഷീബ, ബിന്ദു,ബിനോയി, ബിബി. മരുമക്കൾ: ജോയി വേങ്ങ ച്ചേരിയിൽ, ബിനോയി പു ത്തൻപുരക്കൽ, തോമസ് തോട്ടപ്ലാക്കിൽ, ജിൻസി കുടിലിൽ, ജിബി ചേരിയിൽ.

**മറിയാമ്മ ജോസഫ്**

കൊല്ലമുള: പരുപനാനി ക്കൽ മറിയാമ്മ ജോസഫ് (79) അന്തരിച്ചു. പൊൻകു ന്നം ഓലിക്കൽ കുടുംബാം ഗമാണ്. ഭർത്താവ്: പരേത നായ ജോസഫ്. മക്കൾ: സജി, സാലു (നാഷനൽ ട്രേഡിങ് മുക്കൂട്ടുതറ), സീന (കുവൈത്ത്). മരുമക്കൾ: സിലി ഏറാട്ടുപറമ്പിൽ (ചെ മ്മലമറ്റം), ജിൽബി ഒഴുക യിൽ (കണമല), ജോസി കൊക്കപ്പുഴ.



**എം.സി ഫിലിപ്പ്**

ചേർപ്പുങ്കൽ: കരോട്ട് നെ ല്ലിപ്പുഴ എം.സി ഫിലിപ്പ് (82) അന്തരിച്ചു. പരേതൻ കുമര കം മൂത്തരശ്ശേരിൽ കുടും ബാംഗമാണ്. ഭാര്യ: മേരി ഫിലിപ്പ്. മക്കൾ: ജാസ്മിൻ, ജാൻസി, മിനി, ക്ലേരിസ്, ജോ ബി, ജേസി (യു.കെ). മരുമ ക്കൾ: സ്റ്റീഫൻ മുളേകുന്നേ ൽ ഉഴവൂർ, മാത്യു മണ്ണൂർ നീറിക്കാട്, മാത്യു ചീക്ക പ്പാറയിൽ ഉഴവൂർ, തോമസ് കുട്ടി ആക്കപ്പറമ്പിൽ ഇരവി മംഗലം, അന്ജു കൊല്ലാം പറമ്പിൽ കടുത്തുരുത്തി.

**എം.സി.മത്തായി**

കുമരകം: കോട്ടയം ചാർ ത്തുശ്ശേരിൽ എം.സി.മത്താ യി (78) അന്തരിച്ചു. ഭാര്യ: ത്രേസ്യാമ്മ. മക്കൾ: ഡെയ് സി, ജോസഫ്, ഡോണി. മരുമക്കൾ: സിറിയക് ജോർജ് മണ്ഡപത്തിൽ, സോണിയ കൊച്ചുനിരവത്ത് (നഴ്സ് കാരിത്താസ് ആശുപത്രി).


pravasi CHANNEL HD
THE ONE AND ONLY
DAILY NEWS BULLETIN
For North American Malayalees!
ഡെയ്‌ലി
ന്യൂസ്
ബുള്ളറ്റിൻ
പ്രവാസി മലയാളികളുടെ
സ്വന്തം ചാനലിൽ മാത്രം!
Watch Pravasi Channel LIVE 24 Hrs
www.pravasichannel.com
Or Watch Anytime via 'VOD' Video on Demand
by Downloading
MediaAppUSA App FREE!
Download on the App Store
ANDROID APP ON Google play
Scan the QR Code for instant download
Available in App Store or Google Store
MediaAppUSA
Call 1-917-900-2123 for Advertisements & News